M.S
714

...ിതാംകൂർ ചര...

(ഒന്നാം ഫാറത്തിലേക്കു്)

...തിരുവിതാംകൂർ ഗവർമ്മെൻറിൽനിന്നു
പ്രസിദ്ധപ്പെടുത്തുന്നതു്.

൧൦൯൩

തിരുവിതാംകൂർ ചരിത്രം

(ഒന്നാം ഫാറത്തിലേക്കു്)

TRAINING SCHOOL
KOTTAYAM
LOWER GRADE

[ഗവ]ൺമെൻറിൽനിന്നു നിയമിച്ച കമ്മിററി
തയാറാക്കിയതു്

പകർപ്പവകാശം ഗവൺമെൻറിനു്

൧൧൨൩

തിരുവനന്തപുരം

സിററിപ്രസ്സിൽ അച്ചടിച്ചത്

൧൮൯൩

പ്രസ്താവന

വിദ്യാഭ്യാസപരിഷ്കരണത്തിനു ഗവണ്മെൻറിൽ നിന്നു് ഏൎപ്പെടുത്തിയ കമ്മിററിയുടെ ഏററവും പ്രധാനമായ ശുപാൎശകൾ രണ്ടാണു്. അവ പ്രാഥമിക വിദ്യാഭ്യാസം നിൎബ്ബന്ധിതമാക്കണമെന്നും ഹൈസ്കൂൾ കഴിയുന്നതുവരെ മാതൃഭാഷയിൽ തന്നെ അദ്ധ്യാപനം നടത്തണമെന്നും ആകുന്നു. ആ ശുപാൎശകൾ നടപ്പിൽ വരുത്താൻ വേണ്ട പരിപാടികൾ വിദ്യാഭ്യാസഡിപ്പാൎട്ടുമെൻറിൽ നിന്നു യഥാകാലം കൈക്കൊള്ളുകയുണ്ടായി. നവീകരിച്ച പാഠപദ്ധതിയനുസരിച്ചു പുതിയ പുസ്തകങ്ങളുടെ ആവശ്യകതയും അപ്പോൾ സ്പഷ്ടമായി. പള്ളിക്കൂടങ്ങളിലേക്കു് ആവശ്യമുള്ള പുസ്തകങ്ങൾ തിരുവിതാംകൂറിലെ മാതൃഭാഷകളായ മലയാളത്തിലും തമിഴിലും ഉണ്ടാക്കുന്നതിലേക്കു് വിദഗ്ദ്ധന്മാരായ അദ്ധ്യാപകന്മാരും മററു വിദ്യാഭ്യാസപ്രവൎത്തകന്മാരും അടങ്ങിയ പല കമ്മിററികളും ഗവണ്മെൻറിൻെറ അനുമതിയോടുകൂടി സംയോജിപ്പിച്ചു. കമ്മിററിക്കാർ രചിക്കുന്ന ഗ്രന്ഥങ്ങളെ പരിശോധിക്കുന്നതിനു പ്രത്യേകിച്ചു് ഒരു പ്രസാധകസമിതിയും (Editorial Board) ഏൎപ്പെടുത്തി. കമ്മിററികളുടെയും പ്രസാധകസമിതിയുടെയും പ്രയത്നത്തിൻെറ സംയുക്തഫലമായിട്ടാണു് ഈ ഗ്രന്ഥങ്ങൾ ഉണ്ടായിട്ടുള്ളതു്.

പള്ളിക്കൂടത്തിലെ എല്ലാ പഠനവിഷയങ്ങൾക്കും മലയാളത്തിലും തമിഴിലും ഈ വിധത്തിൽ ഗ്രന്ഥങ്ങൾ ഉണ്ടായതു് ഈ ഭാഷകൾക്കു പുതുതായ ഒരു മേന്മയ്ക്കു കാരണമാണല്ലോ. ഇക്കാര്യം സാധിച്ചതിൽ ഗവൺമെൻറിനു പ്രത്യേകം ചാരിതാർത്ഥ്യത്തിനു വകയും ഉണ്ടു്. നവീകരിച്ച പാഠപദ്ധതി അനുസരിച്ചു് ഓരോ വിഷയത്തെയും സമർത്ഥമായി പ്രതിപാദിക്കുന്നതിനു കമ്മിററിയിലെ അംഗങ്ങൾ ശ്രദ്ധിച്ചിരിക്കുന്നു. ഭാഷാശുദ്ധിയും രചനാഭംഗിയും ഉണ്ടായിരിക്കാനും പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ടു്. ഈ ഗ്രന്ഥങ്ങൾ പുതിയ വിദ്യാഭ്യാസപദ്ധതിക്കും നമ്മുടെ മാതൃഭാഷകൾക്കും പ്രയോജനകരമായിരിക്കും എന്നു വിശ്വസിക്കുന്നു.

തിരുവനന്തപുരം
1—7—1123.

ഏ. എൻ. തമ്പി
വിദ്യാഭ്യാസഡയറക്ററർ,
അദ്ധ്യക്ഷൻ
പ്രസാധകസമിതി.

പ്രസാധക സമിതി

അദ്ധ്യക്ഷൻ

ശ്രീ. ഏ. നാരായണൻ തമ്പി, ബി. ഏ. (ആക്സൻ),
ബാർ–അററ്–ലാ; ഡിപ്–ഇൻ–എഡ്യൂക്കേഷൻ,
വിദ്യാഭ്യാസ ഡയറക്ടർ.

അംഗങ്ങൾ

൧. ശ്രീ. പി. ശേഷാദ്രി അയ്യർ ബി. എ; എം. എൽ.
സൂപ്രണ്ടു്, പബ്ളിക്കേഷൻ ഡിപ്പാർട്ടുമെൻറു്,
തിരുവിതാംകൂർ യൂണിവേഴ്സിററി.

൨. ശ്രീ. ഡി. ജീവനായകം എം. ഏ; പി. എച്ച്. ഡി.,
പ്രിൻസിപ്പാൽ, ട്രെയിനിംഗ് കാളേജ്,
തിരുവനന്തപുരം.

൩. റാവുസാഹിബ് എം. രാഘവഅയ്യങ്കാർ, തമിഴ്പ്രൊഫസർ
തിരുവിതാംകൂർ യൂനിവേഴ്സിററി.

൪. ശ്രീ. കെ. ഗോദവർമ്മ എം. ഏ; പി. എച്ച്. ഡി.,
മലയാളം പ്രൊഫസർ, യൂണിവേഴ്സിററി
കാളേജ്, തിരുവനന്തപുരം.

൫. ... എൻ. ഗോപാലപിള്ള എം. ഏ., പ്രിൻസിപ്പാൽ,
സംസ്കൃത കാളേജ്, തിരുവനന്തപുരം.

൬. ... കെ. ദാമോദരൻ ബി. ഏ. അസിസ്റ്റൻറു ട്രാൻസ്ലേററർ
സിക്രട്ടറിയേററ്, തിരുവനന്തപുരം.

൭. ശ്രീ. കൈനിക്കര എം. കുമാരപിള്ള എം. എ. എൽ. ററി;
ലക്ചറർ, ട്രെയിനിംഗ് കാളേജ്,
തിരുവനന്തപുരം.

൮. ... പി. എസ്. നടരാജപിള്ള, പേരൂർക്കട,
തിരുവനന്തപുരം.

൯. ... മാത്യു എം. കുഴിവേലി ബി. എ; എൽ. ററി.
യൂണിവേഴ്സിററി പബ്ലിക്കേഷൻ
ഡിപ്പാർട്ടുമെൻറ്, തിരുവനന്തപുരം.

൧൦. ... ശൂരനാട്ട് പി. എൻ. കുഞ്ഞൻ പിള്ള എം. എ.
(സെക്രട്ടറി)

മിഡിൽസ്കൂളിലേക്കു ചരിത്രഗ്രന്ഥനിർമ്മിതിക്കുള്ള കമ്മിററി അംഗങ്ങൾ

൧. ശ്രീ. നാലാങ്കൽ കൃഷ്ണപിള്ള എം. എ; എൽ. ററി.
യൂണിവേഴ്സിററി പ്രിവിയസ് സ്കൂൾ
തിരുവനന്തപുരം.

൨. .... എം. ഗോപാലൻ നായർ എം. എ; എൽ. ററി.
ലക്ചറർ, എൻ. എസ്സ്. എസ്സ്. പ്രിയൂണി
വേഴ്സിററിസ്കൂൾ, ചങ്ങനാശ്ശേരി.

൩. ... എൻ. ഷെയിക് മതാർ ബി. എ; എൽ. ററി.
ടീച്ചർ, എസ്സ്. എൽ. ബി. ഇംഗ്ലീഷ്ഹൈസ്കൂൾ,
നാഗർകോവിൽ.

TRAINING SCHOOL
KOTTAYAM
LOWER GRADE

ഉള്ളടക്കം

ഒന്നാം ഭാഗം

അദ്ധ്യായം		പുറം
൧	കേരളവും വഞ്ചിരാജവംശവും	൧
൨	വേണാട്ടിലെ ചില പ്രസിദ്ധ രാജാക്കന്മാർ	൭
൩	അനിഴം തിരുനാൾ മാർത്താണ്ഡവൎമ്മ മഹാരാജാവു്	൨൧
൪	ധൎമ്മരാജാവു്	൪൨
൫	ബാലരാമവൎമ്മ മഹാരാജാവു്	൬൪
൬	രണ്ടു റാണിമാർ	൮൧
൭	സ്വാതിതിരുനാൾ രാമവൎമ്മ മഹാരാജാവു്	൯൪
൮	ഉത്രം തിരുനാൾ മാൎത്താണ്ഡവൎമ്മ മഹാരാജാവു്	൧൦൨
൯	ആയില്യം തിരുനാൾ രാമവൎമ്മ മഹാരാജാവു്	൧൧൧
൧൦	വിശാഖം തിരുനാൾ രാമവൎമ്മ മഹാരാജാവു്	൧൨൩
൧൧	ശ്രീമൂലം തിരുനാൾ രാമവൎമ്മ മഹാരാജാവു്	൧൩൪
൧൨	ശ്രീചിത്തിരതിരുനാൾ ബാലരാമവൎമ്മ മഹാരാജാവു്	൧൫൦

രണ്ടാം ഭാഗം

പൌരധൎമ്മം

൧	കുടുംബം .	൧൬൫
൨	സ്കൗട്ട് പ്രസ്ഥാനം	൧൭൦
൩	ഗ്രാമങ്ങൾ	൧൭൭
൪	നഗരങ്ങൾ	൧൮൮

കുറിപ്പ്:— ഒന്നാം ഫാറത്തിലേക്കുള്ള പൗരധർമ്മവും ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

കൊച്ചി
കോയമ്പത്തൂർ
പറവൂർ
കുന്നത്തുനാട്
മൂവാററുപുഴ
ദേവികുളം
തൊടുപുഴ
മധുര
കോട്ടയം ഡിവിഷൻ
വൈക്കം
മീനച്ചിൽ
ചേർത്തല
കോട്ടയം
പീരുമേട്
ചങ്ങനാശ്ശേരി
രാമനാഥപുരം
അമ്പലപ്പുഴ
തിരുവല്ലാ
പത്തനംതിട്ട
കാർത്തികപ്പള്ളി
മാവേലിക്കര
കൊല്ലം ഡിവിഷൻ
കുന്നത്തൂർ
കരുനാഗപ്പള്ളി
കൊട്ടാരക്കര
പത്തനാപുരം
ചെങ്കോട്ട
കൊല്ലം
ചിറയിൻകീഴ്
നെടുമങ്ങാട്
തിരുവനന്തപുരം
തിരുവനന്തപുരം ഡിവിഷൻ
നെയ്യാററിങ്കര
കൽക്കുളം
തോവാള
വിളവങ്കോട്
അഗസ്തീശ്വരം
തിരുനെൽവേലി
തിരുവിതാംകൂർ
പടം.
ഡിവിഷനും താലൂക്കുകളും.
സ്കെയിൽ മൈൽസ്
8 6 4 2 0
ഡിവിഷൻ അതിരു്
താലൂക്ക്

തിരുവിതാംകൂർ

തിരുവിതാംകൂർ ചരിത്രം

KOTTAYAM

അദ്ധ്യായം ൧

കേരളവും വഞ്ചിരാജവംശവും

പുരാതന കേരളം

ഇന്ത്യാമഹാരാജ്യത്തിന്റെ പടിഞ്ഞാറേ തീരത്താണു് കേരളം കിടക്കുന്നതു്. ഭൂപടത്തിൽ നിന്നും കേരളത്തിന്റെ അതിരുകൾ കണ്ടുപിടിക്കുക. കേരളത്തിന്റെ വടക്കു ഗോകർണ്ണവും, തെക്കു കന്യാകുമാരിയുമാണു്. ഹിന്ദുക്കൾ ഇവ രണ്ടും പുണ്യസ്ഥലങ്ങളായി ഗണിച്ചുവരുന്നു. വീണ്ടും ഭൂപടം നോക്കുക. പടിഞ്ഞാറേ അതിരു് ഏതാണു്? കിഴക്കേ അതിരു് ഏതാണു് ?

കേരളം പരശുരാമൻ സൃഷ്ടിച്ചതാണെന്നുള്ള കഥ നിങ്ങൾ മുൻപു പഠിച്ചിരിക്കുമല്ലോ. പരശുരാമന്റെ പിതാവായ ജമദഗ്നിമഹർഷിയെ അദ്ദേഹത്തിന്റെ വിരോധികളായ ചില ക്ഷത്രിയന്മാർ വധിച്ചു. അതിനു പ്രതികാരമായി അസംഖ്യം ക്ഷത്രിയവംശങ്ങളെ പരശുരാമൻ നശിപ്പിച്ചു്, ഭൂമി മുഴുവൻ ബ്രാഹ്മണർക്കു ദാനം ചെയ്തു. പിന്നീടു് അദ്ദേഹം സമുദ്രത്തിന്റെ അധിപനായ വരുണനെ പ്രസാദിപ്പിച്ചു. പരശുരാമന്റെ മഴു എറിഞ്ഞാൽ അതു ചെന്നു വീഴുന്ന സ്ഥലത്തുനിന്നും

സമുദ്രം പിൻമാറുമെന്നു് വരുണൻ അദ്ദേഹത്തെ അനുഗ്രഹിച്ചു. കന്യാകുമാരിയിൽനിന്നും അദ്ദേഹം മഴു എറിഞ്ഞു. അതു ചെന്നു വീണതു ഗോകർണ്ണത്താണു്. അതിനാൽ അതിനിടയ്ക്കുള്ള സ്ഥലത്തുനിന്നും സമുദ്രം പിൻമാറി. കേരളത്തിൻെറ ഉത്ഭവത്തെപ്പററിയുള്ള ഐതിഹ്യം ഇതാണു്.

ഈ കഥ ഇന്നു പലരും വിശ്വസിക്കുന്നില്ല. എന്നാൽ പരശുരാമൻ എന്ന ഒരു മഹാത്മാവു് ജീവിച്ചിരുന്നിരിക്കാം. അദ്ദേഹമായിരിക്കാം ആര്യന്മാരെ കേരളത്തിൽ പ്രവേശിപ്പിച്ചതു്. പരശുരാമക്ഷേത്രം, ഭാർഗ്ഗവക്ഷേത്രം എന്ന പേരുകളാൽ കേരളം ഇന്നും അറിയപ്പെടുന്നു. കേരളവുമായി പരശുരാമനു് എന്തെങ്കിലും ബന്ധമില്ലെങ്കിൽ ഇങ്ങനെ വരാൻ തരമില്ലല്ലോ.

പിന്നെ എങ്ങനെയാണു് കേരളം ഉത്ഭവിച്ചതു് ? ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം താഴെ പറയുംപ്രകാരമാണു്. ക്രിസ്തുവിൻെറ അവതാരത്തിനു് വളരെ മുൻപു് കടലായി കിടന്നിരുന്ന കേരളം ഭൂകമ്പം മൂലമോ മററോ പൊങ്ങിവന്നിരിക്കണം. കരയായി കിടന്ന സ്ഥലം കടലായും, കടലായി കിടന്ന സ്ഥലം കരയായും തീർന്നതിനു പല ഉദാഹരണങ്ങളുമുണ്ടു്. ഒരു കാലത്തു് കേരളം സമുദ്രത്തിൽ മുങ്ങിക്കിടന്നു എന്നുള്ളതിനു് ഇവിടത്തെ കായലുകളും താഴ്ന്ന ഭൂമികളും തന്നെ ലക്ഷ്യങ്ങളാണു്. പല കടൽജന്തുക്കളുടെയും ശരീരത്തിൻെറ അവശിഷ്ടങ്ങൾ തിരുവിതാംകൂറിലെ ചില കുന്നുകളിലും മററും കണ്ടിട്ടുണ്ടു്. വർക്കല തുരപ്പു് ഉണ്ടാക്കിയപ്പോഴും ഇങ്ങനെയുള്ള ചില വസ്തുക്കൾ കണ്ടെടുക്ക

പ്പെട്ടു. ഇതിൽ നിന്നെല്ലാം അനുമാനിക്കേണ്ടതു് ഭൂകമ്പത്താലോ മററുവല്ല പ്രകൃതി വ്യത്യാസങ്ങളാലോ സമുദ്രം പിൻവാങ്ങിയതു മൂലം കേരളം ഉണ്ടായി എന്നാണു്. കേരളത്തിൻെറ ഉത്ഭവത്തെപ്പററി ശാസ്ത്രജ്ഞന്മാർ വേറൊരു വാദവും കൊണ്ടുവന്നിട്ടുണ്ടു്. സഹ്യപർവ്വതത്തിൽനിന്നും ഒഴുകുന്ന നദികൾ കൊണ്ടുവന്നിട്ടുള്ള മണലും എക്കലും കൊണ്ടു് സമുദ്രത്തിൽ ഏതാനും ഭാഗം നികന്നാണു് കേരളമുണ്ടായതു്. ഏതായാലും ഇപ്പോൾ ആൾപാർപ്പുള്ള ഏതാനും ഭാഗങ്ങൾ പണ്ടു് സമുദ്രത്തിനടിയിലായിരുന്നിരിക്കണം. ചില ഭാഗങ്ങൾ പണ്ടു മുതൽക്കേ സ്ഥലമായികിടന്നിരിക്കാം.

കേരളത്തിൻെറ പഴക്കം

കേരളം എന്ന പേർ ഈ ഭൂവിഭാഗത്തിനു് എപ്പോൾ എങ്ങനെ കിട്ടി? ഇതു തീർച്ചപ്പെടുത്തുവാൻ നിവൃത്തിയില്ല. കേരവൃക്ഷങ്ങളുടെ സമൃദ്ധി കൊണ്ടായിരിക്കാം ഈ പേർ കിട്ടിയതു്. കേരളത്തിൻെറ ഉത്ഭവത്തെപ്പററി പല വാദങ്ങൾ ഉണ്ടു്. എന്നാൽ പുരാതനകാലം മുതൽക്കേ ഇതു് പ്രസിദ്ധപ്പെട്ട ഒരു രാജ്യമാണു് എന്ന കാര്യത്തിൽ തക്കമില്ല. വളരെ പഴയ കൃതികളായ രാമായണത്തെയും മഹാഭാരതത്തെയും പററി നിങ്ങൾ കേട്ടിട്ടില്ലേ? ആ പ്രാചീനഗ്രന്ഥങ്ങളിൽ കേരളത്തെപ്പററി പറഞ്ഞിട്ടുണ്ടു്. കേരളം വഴിയാണു് ശ്രീരാമൻ സീതയെ തിരഞ്ഞു് ലങ്കയ്ക്കു പോയതു്. പാണ്ഡവന്മാരും കൗരവന്മാരുമായി കുരുക്ഷേത്രത്തിൽ വച്ചു നടന്ന യുദ്ധത്തിൽ കേരളരാജാവിനും പങ്കു് ഉള്ളതായിപുരാണങ്ങൾ പറയുന്നു. ക്രിസ്തുവിനു് ആയിരം വർഷങ്ങൾക്കു

മുൻപ് സോളമൻ എന്നൊരു രാജാവ് ജീവിച്ചിരുന്നതായി ബൈബിളിൽ വിവരിക്കുന്നു. അക്കാലത്തു കേരളം പടിഞ്ഞാറൻദേശങ്ങളുമായി കച്ചവടം നടത്തിയിരുന്നു. അശോകചക്രവത്തിയുടെ ശിലാശാസനങ്ങളിലും കേരളത്തെപ്പററി പ്രസ്താവനകൾ ഉണ്ടു്. പാശ്ചാത്യർ ആനക്കൊമ്പ്, ചന്ദനം, ഏലം, കുരുമുളക് മുതലായ വിശിഷ്ടവസ്തുക്കൾ ഇവിടെനിന്നും ഇറക്കുമതി വളരെ മുൻപേ ചെയ്തിരുന്നു എന്നുള്ളതിനും ചരിത്രരേഖകളുണ്ടു്. ഇങ്ങനെ നോക്കിയാൽ കേരളം അതിപുരാതനവും മഹിമയേറിയതുമായ ഒരു രാജ്യമാണെന്നു് മനസ്സിലാക്കാം.

വഞ്ചിരാജവംശത്തിന്റെ ഉൽപത്തി

ഇന്നു കേരളത്തിൽ പ്രധാനമായ മൂന്നു വിഭാഗങ്ങൾ ഉണ്ടു്. അവ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിവയുമാണു്. ഇതിൽ തിരുവിതാംകൂറും കൊച്ചിയും രണ്ടു രാജവംശങ്ങൾ ഭരിച്ചുവരുന്നു. മലബാർ ഇന്ത്യാഗവർമെൻറിന്റെ കീഴിലാണു്. ഇങ്ങനെ മൂന്നു ഭാഗങ്ങളായി കിടന്നാലും സാംസ്കാരം, ഭാഷ, ആചാരം മുതലായ എല്ലാ സംഗതികളിലും ഇവിടത്തെ ജനങ്ങൾ തുല്യരാണു്.

കേരളം മൂന്നു ഖണ്ഡങ്ങളായി കിടക്കുന്നു എങ്കിലും, ജനസംഖ്യ, സാമ്പത്തികസ്ഥിതി, വിദ്യാഭ്യാസം ഈ വക കാര്യങ്ങളിലെല്ലാം ഒന്നാം സ്ഥാനം നമ്മുടെ രാജ്യമായ തിരുവിതാംകൂറിനാണു്. ശ്രീവാഴുംകോട്ട്, വേണാട്ട്, വഞ്ചിരാജ്യം മുതലായ മററു പേരുകളും നമ്മുടെ രാജ്യത്തിനു് ഉണ്ടു്. ഉന്നതങ്ങളായ പവ്വതങ്ങൾ, പാഞ്ഞൊഴുകുന്ന നദികൾ, പ്രകൃതിദേവിയുടെ

വാൽക്കണ്ണാടിപോലുള്ള കായലുകൾ, പെരുമ്പറകൊട്ടുന്ന സമുദ്രം, പച്ചത്തഴകൾപോലുള്ള കേരവൃക്ഷങ്ങൾ, അസംഖ്യം പുണ്യദേവാലയങ്ങൾ, ഇവയാൽ കമനീയമായി നമ്മുടെ നാട്ടു വിളങ്ങുന്നു. ഇതുപോലെ സസ്യസമ്പന്നവും കോമളവുമായ ഒരു രാജ്യവും അധികം കാണുകയില്ല. തിരുവിതാംകൂറിൻെറ പ്രകൃതിവിലാസങ്ങൾ അസംഖ്യം സന്ദർശകന്മാരെ ഇങ്ങോട്ടു പ്രതിദിനം ആകർഷിക്കുന്നു. കിഴക്കു് സഹ്യപർവതവും, പടിഞ്ഞാറു് സമുദ്രവും നമ്മുടെ രാജ്യത്തെ ശത്രുക്കളിൽനിന്നും രക്ഷിക്കാൻ സഹായിച്ചിട്ടുണ്ടു്. മാത്രമല്ല പ്രത്യേകമായ ഒരു സംസ്കാരം ഇവിടെ വളരുന്നതിനും ഭൂപ്രകൃതി നമ്മെ അനുഗ്രഹിച്ചിട്ടുണ്ടു്.

തിരുവിതാംകൂറിനു് രണ്ടായിരത്തിലധികം സംവത്സരക്കാലത്തെ തുടർച്ചയായ ചരിത്രമുണ്ടു്. പ്രാചീനകാലങ്ങളിൽ തിരുവിതാംകൂറിൽ താമസിച്ചിരുന്നവർ പുലയർ, പറയർ, വേടർ മുതലായ വർഗ്ഗക്കാരായിരുന്നു. വളരെക്കാലം മുൻപേ ഇവിടെ കുടിയേറിപ്പാർത്തവരാണു് നായന്മാരും ഈഴവരും മററും. പിന്നീടാണു് നമ്പൂരിമാർ കേരളത്തിൽ വന്നതു്. ഇതു് ഉദ്ദേശം രണ്ടായിരം വർഷങ്ങൾക്കു മുമ്പാണു്.

പുരാതനകാലത്തു തെക്കെ ഇൻഡ്യയിൽ ആധിപത്യം സ്ഥാപിച്ചു ഭരിച്ചിരുന്നതു് ചോളം, ചേരം, പാണ്ഡ്യം എന്ന മൂന്നു രാജവംശങ്ങളായിരുന്നു. ചേരവംശത്തിൻെറ പാരമ്പര്യമാണു് നമ്മുടെ മഹാരാജവംശം പുലത്തുന്നതു്. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ ഉത്സവകാലത്തും മററും നടത്തുന്ന പൂജകൾ എല്ലാം ഇന്നും

ചേരരാജാവു നടത്തുന്നതായിട്ടാണ് സങ്കല്പം. ഈശ്വര പ്രീതിക്കായി ചെയ്യുന്ന കർമ്മങ്ങളിൽ വാസ്തവത്തിൽ ഇല്ലാത്ത സ്ഥാനമാനങ്ങൾ ചേർക്കുകയില്ല. ദക്ഷിണ ഇൻഡ്യയിലെ പല ചരിത്രരേഖകളിലും തിരുവിതാംകൂർ രാജാക്കന്മാരെ ചേരരാജാക്കന്മാരായിട്ടാണ വിചാരിച്ചിരിക്കുന്നതു്. ചേരവംശം തന്നെയാണ് നമ്മുടെ രാജകുടുംബം എന്നു തെളിയിക്കുന്ന പല ശിലാലിഖിതങ്ങൾ കന്യാകുമാരിക്ഷേത്രത്തിലുണ്ടു്. ഇതിൽനിന്നെല്ലാം നമ്മുടെ രാജകുടുംബം വലുതായ പാരമ്പര്യമഹിമയുള്ള ചേരവംശത്തിൽപ്പെട്ടതാണെന്നു തെളിയുന്നു.

ചോദ്യങ്ങൾ

൧. കേരളത്തിന്റെ ഉൽപത്തിയെപ്പറ്റിയുള്ള ഐതിഹ്യം എന്തു്?

൨. പരശുരാമക്ഷേത്രം, ഭാർഗ്ഗവക്ഷേത്രം ഈ പേരുകൾ കേരളത്തിനു് ഉണ്ടാകാൻ കാരണം എന്തു്?

൩. കേരളത്തിന്റെ ഉത്ഭവത്തെപ്പറ്റി ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം എന്തു്?

൪. തിരുവിതാംകൂറിലെ ആദിമനിവാസികൾ ആരായിരുന്നു?

൫. തിരുവിതാംകൂർ വളരെ പ്രാചീനമായ ഒരു രാജ്യമാണെന്നു് എങ്ങനെ അറിയാം?

൬. നമ്മുടെ രാജകുടുംബം ഏതു വംശത്തിൽപ്പെട്ടതാണ്? അതിനുള്ള തെളിവുകൾ ഏവ?

TRAINING SCHOOL
KOTTAYAM
LOWER GRADE

അദ്ധ്യായം ൨

വേണാട്ടിലെ ചില പ്രസിദ്ധരാജാക്കന്മാർ

പേരുകേട്ട പല രാജാക്കന്മാരും ചേരവംശത്തിൽ ഉണ്ടായിട്ടുണ്ടു്. പഴയ കാലങ്ങളിൽ ചേരവംശരാജ്യം സഹ്യപർവതത്തിനപ്പുറവും ഇപ്പുറവും കിടന്നിരുന്നു. രാജ്യത്തിന്റെ അതിർത്തികൾ പലപ്പോഴും മാറിയിട്ടുണ്ടു്. പെരുഞ്ചോറുദയൻ എന്നൊരു ചേരരാജാവു് മഹാഭാരതയുദ്ധത്തിൽ പങ്കെടുത്തുവത്രേ. അദ്ദേഹം ഇരുകക്ഷികൾക്കും അന്നദാനം ചെയ്തു. മറ്റൊരു പ്രസിദ്ധചേരരാജാവത്രേ ചെങ്കുട്ടുവൻ. അദ്ദേഹം തെക്കേ ഇന്ത്യയിലെ ചക്രവർത്തിയായിരുന്നു. ചെങ്കുട്ടുവന്റെ അധികാരം കന്യാകുമാരി മുതൽ വടക്കു് ഹിമവാൻവരെ വ്യാപിച്ചു. കൊടുങ്ങല്ലൂരിനടുത്തുള്ള തിരുവഞ്ചിക്കുളമായിരുന്നു അദ്ദേഹത്തിന്റെ രാജധാനി. നിങ്ങളിൽ ചിലർ ക്ഷേത്രങ്ങളിൽ 'കൂത്തു്' കണ്ടിരിക്കുമല്ലോ. 'ചാക്യാന്മാർ' എന്നൊരു വർഗ്ഗക്കാർ തന്മയത്വത്തോടെ പുരാണകഥകൾ പറയുന്നതാണു് ഈ കൂത്തു്. ചെങ്കുട്ടുവനു കൂത്തിൽ വലിയ താൽപര്യമായിരുന്നു. ഉദ്ദേശം ആയിരത്തെണ്ണൂറു വർഷങ്ങൾക്കു മുമ്പാണു മഹാനായ ഈ ചേരരാജാവു ജീവിച്ചിരുന്നതു്.

അനന്തരകാലത്തു ചേരരാജാക്കന്മാരുടെ ശക്തി ക്ഷയിച്ചു. ശത്രുക്കൾ അവരുടെ സാമ്രാജ്യം കീഴടക്കി.

പക്ഷേ ചേരവംശത്തിലെ ഒരു ശാഖ കൽക്കുളത്തു് ഉണ്ടായിരുന്നു. ആ വംശം തന്നെയാണു വേണാട്ടുവംശം.

ചേരരാജ്യത്തിന്റെ തെക്കെ അററമായിരുന്നു വേണാട്ടു്. കന്യാകുമാരിമുതൽ കരുനാഗപ്പള്ളിത്താലൂക്കിലുള്ള കന്നേററിവരെയായിരുന്നു അതിന്റെ അതിർത്തി.

വേണാട്ടിലെ ആദ്യത്തെ രാജാവു് മാനവിക്രമൻ ആയിരുന്നു. അദ്ദേഹത്തെ പരശുരാമൻ രാജവായി അഭിഷേകം ചെയ്തു. അദ്ദേഹത്തിനു ശേഷം പ്രസിദ്ധന്മാരായ പല രാജാക്കന്മാരും ഇവിടം ഭരിച്ചിട്ടുണ്ടു്. അതിൽ ചില രാജാക്കന്മാരുടെ കാര്യം മാത്രമേ ഇവിടെ പറയുന്നുള്ളു. കുലശേഖര ആൾവാർ ഇക്കൂട്ടത്തിൽപ്പെടുന്നു. കേരളം മുഴുവനും, പാണ്ഡ്യചോളദേശങ്ങളിലും അദ്ദേഹത്തിന്റെ ശക്തി വ്യാപിച്ചു. ഏകദേശം ൧൫൦൦ വർഷങ്ങൾക്കു മുമ്പാണു് ഈ മഹാൻ ജീവിച്ചിരുന്നതു്. വളരെക്കാലം ഇദ്ദേഹം രാജ്യം ഭരിച്ചു. അനന്തരം ഇദ്ദേഹം ഒരു സന്ന്യാസിയായി.

കുലശേഖര ആൾവാർ ഒരു വലിയ വിഷ്ണു ഭക്തനും കവിയുമായിരുന്നു. വിഷ്ണുഭക്തന്മാരായ വലിയ സിദ്ധന്മാരെയാണു് ആഴ്വാന്മാരെന്നു വിളിക്കുന്നതു്. അവരുടെ ഇടയിൽ കുലശേഖരനു് ഉന്നതമായ ഒരു സ്ഥാനമുണ്ടു്.

കൊല്ലവർഷം ഇപ്പോൾ ൧൧൨൩-ആണല്ലോ. ഇപ്പോൾ ക്രിസ്തുവബ്ദം ൧൯൪൭ ആണു്. പാശ്ചാത്യരാജ്യങ്ങളിലെല്ലാം ക്രിസ്തുവബ്ദമാണു സ്വീകരിച്ചുവരുന്നതു്. ഇംഗ്ലീഷുകാരുടെ വരവോടുകൂടിയാണു്

ത്തു് ഇൻഡ്യയിൽ പ്രചരിച്ചു തുടങ്ങിയതു്. അതിനു മുമ്പു കലിവർഷമാണു് സാധാരണയായി ഉപയോഗിച്ചിരുന്നതു്. കലിവർഷം എത്രയാണെന്നു പഞ്ചാംഗം നോക്കിയാൽ മനസ്സിലാക്കാം. കൊല്ല വർഷം സ്ഥാപിച്ചതു മുൻപു വേണാടു ഭരിച്ചിരുന്ന ഉദയമാർത്താണ്ഡവർമ്മ എന്ന രാജാവാണു്. അദ്ദേഹം താമസിച്ചിരുന്ന കൊല്ലം പട്ടണത്തിൽ അനേകം ജ്യോതിശ്ശാസ്ത്രപണ്ഡിതന്മാരെ വിളിച്ചുവരുത്തി അവരുമായി ആലോചിച്ചു് ഈ പുതിയ ആണ്ടു് ആരംഭിച്ചു. കൊല്ലത്തു വച്ചു് ആരംഭിച്ചതുകൊണ്ടു് ഇതിനെ കൊല്ല വർഷം എന്നു പറയുന്നു. കേരളത്തിലെ ജ്യോതിശ്ശാസ്ത്ര മനുസരിച്ചാണു് ഈ പുതിയ ആണ്ടു തുടങ്ങിയതു്. കലിവർഷസംഖ്യ ഉപയോഗിക്കാൻ വിഷമമായിരുന്നു. ഇക്കാരണങ്ങളാലാണു് ഉദയമാർത്താണ്ഡവർമ്മ ഈ പുതിയ അബ്ദം തുടങ്ങിയതു്. കേരളം മുഴുവനും, അയൽനാടുകളായ മധുരയും തിരുനൽവേലിയും ഈ പുതിയ വത്സര കണക്കു സ്വീകരിച്ചു. അന്നത്തെ തിരുവിതാംകൂർ നാടുവാഴിയുടെ അധികാരവ്യാപ്തിയെ ഈ സംഗതി തെളിയിക്കുന്നു. ആദ്യകാലങ്ങളിൽ കൊല്ലം വേണാടിന്റെ തലസ്ഥാനമായിരുന്നു എന്നും ഓർക്കേണ്ടതാണു്.

രവിവർമ്മകുലശേഖരൻ (൪൭൫-൪൮൮)

വേണാട്ടു രാജവംശത്തിൽ പല ശാഖകൾ ഉണ്ടായിരുന്നു. അവയിൽ അക്കാലത്തു പ്രധാനം കൊല്ലത്തെ ശാഖയായിരുന്നു. ഏകദേശം ൬൦ വർഷങ്ങൾക്കുമുൻപു് ഉമാദേവി എന്നൊരു രാജ്ഞി കൊല്ലം ഭരിച്ചിരുന്നു.

അന്നു രാജവംശത്തിലെ ശാഖകളിലൊന്നിലും പുരുഷന്മാർ ഉണ്ടായിരുന്നില്ല. ജയസിംഹൻ എന്നായിരുന്നു ഈ റാണിയുടെ ഭർത്താവിന്റെ പേരു്. കൊല്ലത്തിനു ജയസിംഹനാട്ട് അല്ലെങ്കിൽ ദേശിംഗനാട്ട് എന്ന നാമധേയം അദ്ദേഹത്തിൽനിന്നുമാണ് ഉണ്ടായതു് എന്നു പറയുന്നു. ജയസിംഹൻ ഒരു വീരനായ യോദ്ധാവും ഭരണതന്ത്രജ്ഞനുമായിരുന്നു.

ഉമാദേവിത്തമ്പുരാട്ടിയുടെയും ജയസിംഹന്റെയും പുത്രനാണ രവിവമ്മകുലശേഖരൻ. ഇദ്ദേഹത്തെ സംഗ്രാമധീരനെന്നും വിളിച്ചുവരുന്നു. ബാല്യത്തിലേ അദ്ദേഹം ഒരു നല്ല യോദ്ധാവായിത്തീർന്നു. രാജ്യഭാരം കൈയ്യേല്ക്കുന്നതിനു മുൻപു തന്നെ അദ്ദേഹം പാണ്ഡ്യരാജാവിനെ തോല്പിച്ചു് ഒരു പാണ്ഡ്യരാജകുമാരിയെ വിവാഹം കഴിച്ചു. രാജാവായതിനു ശേഷം അദ്ദേഹം ദക്ഷിണേൻഡ്യ മുഴുവൻ കീഴടക്കി. അക്കാലത്തു മഹമ്മദീയർ തെക്കേ ഇൻഡ്യയിൽ ശക്തി ഉറപ്പിക്കാൻ ശ്രമിക്കുകയായിരുന്നു. മഹമ്മദീയരുടെ ആക്രമണങ്ങളിൽനിന്നും കൊള്ളകളിൽനിന്നും ഹിന്ദുക്കളെ സംഗ്രാമധീരൻ രക്ഷിച്ചു. എതിരിടാൻ വന്ന സകലരെയും അദ്ദേഹം തോല്പിച്ചു. ഇങ്ങനെ തെക്കേ ഇൻഡ്യയിലൊട്ടുക്കു തന്റെ അധികാരം സ്ഥാപിച്ചശേഷം കാഞ്ചീപുരത്തുവച്ചു് അദ്ദേഹം ദക്ഷിണഭാരതചക്രവർത്തിയായി കിരീടധാരണം ആഘോഷിച്ചു. അദ്ദേഹത്തിന്റെ പ്രതാപമാകുന്ന തീയിൽ ശത്രുക്കൾ ഈയാംപാററ പോലെ വീണു നശിച്ചു.

രണശൂരനും യോദ്ധാവും മാത്രമല്ലായിരുന്നു സംഗ്രാമധീരൻ. അദ്ദേഹം സർവകലാവല്ലഭനും ആയിരുന്നു. തന്മൂലം ദക്ഷിണഭോജൻ എന്നു് അദ്ദേഹത്തെ വിളിക്കാറുണ്ടു്. കവികളെയും പണ്ഡിതന്മാരെയും അദ്ദേഹം ബഹുമാനിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്തു. വിശേഷപ്പെട്ട ഒരു നാടകം സംസ്കൃതത്തിൽ അദ്ദേഹം എഴുതിയിട്ടുണ്ടു്.

സംഗ്രാമധീരൻ ഒരു വലിയ ഹിന്ദുമതഭക്തൻ ആയിരുന്നു. മഹമ്മദീയരുടെ കൈയ്യേററത്തിൽനിന്നും ഹിന്ദുധർമ്മം അദ്ദേഹം രക്ഷിച്ച വിവരം പറഞ്ഞു കഴിഞ്ഞല്ലോ. അദ്ദേഹം ക്ഷേത്രങ്ങൾക്കായി ഒട്ടുവളരെ ധനവും ആഭരണങ്ങളും കൊടുത്തിട്ടുണ്ടു്. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ അദ്ദേഹം നടയ്ക്കുവച്ച സ്വർണ്ണവാർപ്പു് ഇന്നും ഉണ്ടു്. അതിലാണു് ഇന്നും ശ്രീപത്മനാഭനു പാൽപായസം നിവേദിക്കുന്നതു്.

യുദ്ധസാമർത്ഥ്യം, ഭരണനൈപുണ്യം, സാഹിത്യവാസന, ഈശ്വരഭക്തി മുതലായ വിശിഷ്ടഗുണങ്ങളാൽ സംഗ്രാമധീരനു തുല്യനായ ഒരു ചക്രവർത്തി അക്കാലത്തു് ഇല്ലായിരുന്നു. വേണാട്ടുരാജവംശത്തിലെ ഒരു പൊൻവിളക്കായിരുന്നു അദ്ദേഹം. എന്നാൽ അദ്ദേഹത്തിനു ദീർഘായുസ്സില്ലാതെ പോയി. അതു വഞ്ചിരാജ്യത്തിന്റെ ദൗർഭാഗ്യമാണു്. അദ്ദേഹം വളരെ നാൾ ജീവിച്ചിരുന്നെങ്കിൽ എത്രയോ മഹൽകാര്യങ്ങൾ പിന്നെയും ചെയ്യുമായിരുന്നു. മഹാശക്തനായ ആ ചക്രവർത്തിയുടെ നാമം നാം ഒരിക്കലും മറക്കരുതാത്തതാണു്.

വീരരവിവർമ്മ—കണിയാകുളം യുദ്ധം (വൃ൧൦)

സംഗ്രാമധീരൻെറ പിൻഗാമികൾ ദുർബ്ബലന്മാരായിരുന്നു. അതിനാൽ അദ്ദേഹം സ്ഥാപിച്ച സാമ്രാജ്യം ഛിന്നഭിന്നമായിപ്പോയി. കുറേക്കാലം കഴിഞ്ഞപ്പോൾ പരാക്രമശാലികളായ അരചന്മാർ വേണാട്ടിൽ വീണ്ടും ഉണ്ടായി. ഭൂതലവീരന്മാർ എന്നു് അവരെ വിളിക്കുന്നു. അന്നു തെക്കേ ഇന്ത്യയിലെ ആധിപത്യം വഹിച്ചിരുന്നതു സുപ്രസിദ്ധരായ വിജയനഗരരാജാക്കന്മാരായിരുന്നു. രണ്ടു തവണ വിജയനഗരസൈന്യങ്ങൾ വേണാട്ടിനെ ആക്രമിച്ചു. പക്ഷേ അവർ തോററു പിൻവാങ്ങുകയാണുണ്ടായതു്. ദക്ഷിണേന്ത്യ കീഴടക്കിയ വിജയനഗര ചക്രവർത്തിമാർക്കു തിരുവിതാംകൂറിനെ കീഴടക്കാൻ കഴിഞ്ഞില്ല.

വിജയനഗരസാമ്രാജ്യം അധഃപതിച്ചശേഷം മധുരയിലെ അധിപനായ തിരുമലനായ്ക്കനു നമ്മുടെ രാജ്യം പിടിച്ചടക്കിയാൽ കൊള്ളാമെന്നു തോന്നി. അതിലേക്കു രാമപ്പയ്യൻ എന്ന സേനാനായകൻെറ കീഴിൽ ഒരു വലിയ സൈന്യം നാഞ്ചിനാട്ടേക്കയച്ചു. സൈന്യങ്ങൾ നാഞ്ചിനാട്ടിൽ കടന്നു പല വിധമായ അക്രമങ്ങൾ ചെയ്തു. ജനങ്ങൾക്കു പൊറുതിയില്ലാതെയായി.

മധുരപ്പടയെ അമർത്തുവാനായി അന്നത്തെ മഹാരാജാവു പ്രധാനമന്ത്രിയായ ഇരവിക്കുട്ടിപ്പിള്ളയെ തിരഞ്ഞെടുത്തു. അദ്ദേഹം ഒരു മഹാദേശാഭിമാനിയും യോദ്ധാവും മഹാരാജാവിൻെറ വിശേഷമായ പ്രീതിക്കു്

പാത്രവുമായിരുന്നു. മററു ചില മന്ത്രിമാർക്കു ഇതു കാരണം ഇരവിക്കുട്ടിപ്പിള്ളയോടു് അസൂയ ഉണ്ടായി. പക്ഷേ അവർ അതു പുറത്തു കാണിച്ചില്ല. ഒരു വലിയ സൈന്യവുമായി ഇരവിക്കുട്ടിപ്പിള്ള മധുരപ്പടയെ ഓടിക്കാൻ പോയി. നാഞ്ചിനാട്ടുള്ള കണിയാകുളം എന്ന സ്ഥലത്തുവച്ചു ഭയങ്കരമായ ഒരു യുദ്ധം നടന്നു. യുദ്ധത്തിനിടയ്ക്കു് ഇരവിക്കുട്ടിപ്പിള്ളയുടെ കീഴിലുള്ള ചില സേനാനായകന്മാർ അസൂയമൂലം പെട്ടെന്നു ശത്രുപക്ഷത്തു ചേർന്നു. അതു വകവയ്ക്കാതെ തന്റെ നാടിനെയും നാട്ടാരെയും രക്ഷിക്കാൻ പിള്ള വീറോടെ യുദ്ധംചെയ്തു. ഒടുവിൽ ശത്രുക്കളുടെ ചതിപ്രയോഗത്താൽ അദ്ദേഹം ആ യുദ്ധക്കളത്തിൽവച്ചു മരിച്ചു. എന്നിട്ടും രാമപ്പയ്യനു വേണാട്ടു സൈന്യത്തെ ജയിക്കാൻ കഴിഞ്ഞില്ല.

ശത്രുക്കൾ തങ്ങളുടെ പാളയത്തിലേക്കു കൊണ്ടുപോയ ഇരവിക്കുട്ടിയുടെ ശിരസ്സുകൊണ്ടുവരുന്നതിനായി അദ്ദേഹത്തിന്റെ ഭൃത്യനായ കാളിനായർ ധൈര്യസമേതം തിരിച്ചു. അയാൾ ഏകനായി മധുരക്കാരുടെ പാളയത്തിൽ പ്രവേശിച്ചു. മധുരാധിപൻ അയാളുടെ സ്വാമിഭക്തിയും ധൈര്യവും അഭിനന്ദിച്ചുകൊണ്ടു ഇരവിക്കുട്ടിപ്പിള്ളയുടെ തല അയാൾക്കു സമ്മാനിച്ചു. കാളിനായർ ആ ശിരസ്സ് തിരികെകൊണ്ടുവന്നു് ഇരവിക്കുട്ടിപ്പിള്ളയുടെ വീട്ടിൽ സംസ്കരിച്ചു. ശവസംസ്കാരസമയത്തു് മഹാരാജാവു് അവിടെ എഴുന്നള്ളുകയും പിള്ളയുടെ അമ്മയെ ആശ്വസിപ്പിക്കുകയും ചെയ്തു. കാളിനായർക്കു സമ്മാനമായി കാഞ്ചികോട്ടു

എന്നൊരു ദേശം സമ്മാനിച്ചു. മഹാരാജാവു് ഇരവിക്കുട്ടിപ്പിള്ളയുടെ ഓർമ്മയെ നിലനിറുത്തുന്നതിനായി ഒരു ശിലാരൂപം ഉണ്ടാക്കി സ്ഥാപിച്ചതായു് പറയുന്നു. ഈ യുദ്ധത്തെ (കണിയാംകുളം പോരിനെ)പ്പററി അക്കാലത്തെ ഏതോ കവിയുണ്ടാക്കിയ ഒരു പാട്ടു് ഇന്നും തെക്കൻതിരുവിതാംകൂറിൽ പലെടത്തും പാടിവരുന്നു. ദേശാഭിമാനത്തിന്റം ധൈര്യത്തിന്റം രാജഭക്തിക്കും മാതൃകയായി ഇരവിക്കുട്ടിപ്പിള്ളയുടെ നാമധേയം ഓർമ്മിച്ചുപോരുന്നു.

ഉമയമ്മറാണി (൮൫൨—൮൫൯)

കൊ. വ. ൮൫൨-ാമാണ്ടു് ആദിത്യവർമ്മമഹാരാജാവു നാടുനീങ്ങിയപ്പോൾ വേണാട്ടു രാജകുടുംബത്തിൽ രണ്ടുറാണിമാരും രവിവർമ്മരാജകുമാരനും ഉണ്ടായിരുന്നു. അധികം താമസിയാതെ മൂത്തതമ്പുരാട്ടി നാടുനീങ്ങി. രവിവർമ്മയ്ക്കു പ്രായപൂർത്തിയായിട്ടില്ലാത്തതിനാൽ ഉമയമ്മറാണി രാജ്യഭാരം കൈയേററു.

ഈ വ്യവസ്ഥ നെടുമങ്ങാട്ടു മൂപ്പുവാണ വീരകേരളവർമ്മയ്ക്കു രസിച്ചില്ല. ചേരരാജവംശത്തിലെ എല്ലാ ശാഖകളിലുംവെച്ചു മൂത്തപുരുഷൻ താനാകയാൽ വേണാടു ഭരിക്കാനുള്ള അവകാശം തനിക്കാണെന്നു് അദ്ദേഹം വാദിച്ചു. വേണാട്ടുരാജവംശത്തിന്റെശാഖകൾ ദേശിംഗനാടു്, ഇളയെടത്തുസ്വരൂപം (കൊട്ടാരക്കര), പേരകത്താവഴി (നെടുമങ്ങാടു്) തൃപ്പാപ്പൂർ ഇവയായിരുന്നു. വാസ്തവത്തിൽ ആററിങ്ങൽ റാണിമാരുടെ സന്താനങ്ങൾക്കായിരുന്നു വേണാട്ടേ സിംഹാസനാവകാശം.

നെടുമങ്ങാട്ട രാജാവു് ഈ മാമൂലിനെ വകവച്ചില്ല. കൊട്ടാരക്കരെ വാണിരുന്ന ഇളയെടത്തു ശാഖയിലുള്ളവരും നെടുമങ്ങാട്ടു രാജാവിന്റെ പക്ഷത്തു ചേൎന്നു. ഉമയമ്മറാണി ഇവരെ തോല്പിച്ചു. അനന്തരം നടന്ന സന്ധിപ്രകാരം മേലാൽ വേണാട്ടിൽ യാതൊരു അവകാശവും ഞാൻ പുറപ്പെടുവിക്കുകയില്ലെന്നു നെടുമങ്ങാട്ടു രാജാവു സമ്മതിച്ചു.

ഉമയമ്മറാണിയുടെ കാലത്തു നടന്ന മറെറാരു സംഭവം ഒരു മുകിലപ്രമാണിയുടെ ആക്രമണമായിരുന്നു. അയാൾ കൊള്ളക്കാരായ തന്റെ അനുചരന്മാരുമൊത്തു തെക്കൻതിരുവിതാംകൂറിൽ പല അക്രമപ്രവൃത്തികൾ ചെയ്തു. അതിനുശേഷം ശ്രീപത്മനാഭസ്വാമിക്ഷേത്രം കൊള്ളചെയ്താൽ എന്താണ് എന്നായിരുന്നു അയാളുടെ ആലോചന. പല വിശിഷ്ടരത്നങ്ങളും വളരെ ദ്രവ്യവും അവിടെയുണ്ടെന്നു് അയാൾ മനസ്സിലാക്കി. രാജ്യം ഭരിക്കുന്നതോ ഒരു സ്ത്രീ. തന്റെ ഉദ്ദേശം വേഗം സാധിക്കാം എന്നായിരുന്നു അയാളുടെ വിചാരം. പക്ഷെ സംഭവിച്ചതു മറിച്ചായിരുന്നു. മണക്കാട്ടുള്ള (തിരുവനന്തപുരത്തിനടുത്തു്) മഹമ്മദീയർ പോലും അയാൾക്കു് എതിരായിരുന്നു. അതിനാൽ അയാൾ തിരുവനന്തപുരത്തുനിന്നും കിഴക്കോട്ടു തിരിച്ചു. ഈ ആപൽഘട്ടത്തിൽ റാണിക്കു പ്രബലനായ ഒരു ബന്ധുവിനെ കിട്ടി. അതു വടക്കേ മലബാറിൽനിന്നും ആയിടയ്ക്കു വന്നുചേൎന്ന കോട്ടയം കേരളവൎമ്മരാജാവായിരുന്നു. അദ്ദേഹം ഒരു സൈന്യത്തോടുകൂടി- മുകിലനെ അന

ധാവനം ചെയ്തു. തിരുവട്ടാററുവച്ചു മുകിലനും കേരളവൎമ്മയും തമ്മിൽ ഇടഞ്ഞു. മുകിലന്റെ സൈന്യം തോറേറാടുകയും അയാൾ യുദ്ധക്കളത്തിൽവച്ചു മരിക്കയും ചെയ്തു.

ഭരണകാൎയ്യങ്ങളിൽ കേരളവൎമ്മ റാണിക്കു വേണ്ട സഹായങ്ങൾ ചെയ്തുകൊടുത്തു. അദ്ദേഹം നല്ലൊരു ആയുധാഭ്യാസിയും യുദ്ധവീരനും, രാജ്യകാൎയ്യങ്ങളിൽ സമൎത്ഥനുമായിരുന്നു. റാണി അദ്ദേഹത്തെ രാജകുടുംബത്തിലേക്കു ദത്തെടുത്തു. പക്ഷെ സിംഹാസനത്തിന്നു് അവകാശമില്ലെന്നും വ്യവസ്ഥ ചെയ്തിരുന്നു. മുകിലനെ ഓടിച്ചശേഷം ഒരു സ്ഥിരമായ സൈന്യം അദ്ദേഹം ഏൎപ്പെടുത്തി. കേരളവൎമ്മയുടെ ഉപദേശമനുസരിച്ചു് റാണി താമസം പത്മനാഭപുരത്തുനിന്നും തിരുവനന്തപുരത്തേക്കു മാററിയതു്. പത്മനാഭപുരം വേണാട്ടിന്റെ മദ്ധ്യത്തിലല്ലാത്തതിനാലാണു് ഇപ്രകാരം ചെയ്തതു്. തേവാരത്തുകോയിക്കൽ എന്നും വലിയകോയിക്കൽ എന്നും ഉള്ള പേരുകളിൽ തിരുവനന്തപുരത്തു് അദ്ദേഹം രണ്ടു കൊട്ടാരങ്ങൾ പണികഴിപ്പിച്ചു. ആദ്യത്തേതു റാണിക്കും, രണ്ടാമത്തേതു് അദ്ദേഹത്തിനും താമസിക്കുവാൻ വേണ്ടിയായിരുന്നു. തേവാരത്തുകോയിക്കൽ ഇന്നും തിരുവനന്തപുരത്തു കാണാം.

കേരളവൎമ്മ ഒരു നല്ല കവിയുമായിരുന്നു. വാല്മീകിരാമായണം അദ്ദേഹം കിളിപ്പാട്ടായി എഴുതിയിട്ടുണ്ടു്. പേനയും വാളും പ്രയോഗിക്കുന്നതിൽ ഒരുപോലെ സമൎത്ഥനായിരുന്നു അദ്ദേഹം. കുറേനാൾ കഴിഞ്ഞപ്പോൾ

റാണിയുമായി രസമില്ലാതെയായി. ശത്രുക്കൾ ആരോ കൊട്ടാരത്തിനു സമീപം വച്ചു് അദ്ദേഹത്തെ വധിച്ചു.

നല്ല തന്റേടവും ഭരണസാമർത്ഥ്യവും ധൈര്യവുമുള്ള ഒരു രാജ്ഞിയായിരുന്നു ഉമയമ്മറാണി. ഇത്ര വൈഭവമുള്ള റാണിമാർ വളരെ ചുരുക്കമാണു്. അഞ്ചുതെങ്ങിൽ ഇംഗ്ലീഷുകാർക്കു പണ്ടകശാല കെട്ടാൻ സമ്മതം കൊടുത്തതു് ഉമയമ്മറാണിയാണു്. ഇംഗ്ലീഷുകാരുമായി അവർ സൗഹാർദ്ദത്തിൽ കഴിഞ്ഞിരുന്നു. ഉമയമ്മ റാണിയുടെ അഞ്ചു പുത്രന്മാരെ കളിപ്പാൻകുളത്തിൽ മുക്കിക്കൊന്നു എന്നൊരു കള്ളക്കഥ മുൻകാലങ്ങളിൽ പ്രചരിച്ചിരുന്നു. എന്നാൽ ഉമയമ്മറാണിക്കു സന്താനങ്ങൾ ഇല്ലായിരുന്നു എന്നു തെളിയിച്ചിട്ടുണ്ടു്. അതിനാൽ കൊച്ചിയിൽ നിന്നും കോലത്തുനാട്ടിൽ നിന്നും ദത്തെടുക്കുക കൂടി ഉണ്ടായിട്ടുണ്ടു്.

രാജകുമാരനായ രവിവർമ്മയ്ക്കു പ്രായപൂർത്തി ആയപ്പോൾ റാണി രാജ്യഭാരം ഒഴിഞ്ഞു. എങ്കിലും അദ്ദേഹം റാണിയുടെ നയം തന്നെ തുടർന്നു. അക്കാലത്തു മധുരയിൽ നിന്നും ഒരു പട തിരുവിതാംകൂറിനെ ആക്രമിക്കുക ഉണ്ടായി. പക്ഷേ ഇവിടത്തെ സൈന്യം അവരെ തോൽപ്പിച്ചു് ഓടിച്ചു.

രവിവർമ്മ മുപ്പത്തിനാലു വർഷം രാജ്യം ഭരിച്ചു. പിന്നീടു രാജ്യം വാണ ആദിത്യവർമ്മയും രാമവർമ്മയും കോലത്തുനാട്ടിൽ നിന്നും ദത്തെടുത്തവരായിരുന്നു. ഇരുവരും സ്വശക്തിയുള്ളവരായിരുന്നില്ല. ഇവരുടെ അനന്തരവനാണു് പ്രസിദ്ധനായ മാർത്താണ്ഡവർമ്മ.

രാമവർമ്മ മഹാരാജാവിനെ യുവരാജാവായ മാർത്താണ്ഡവർമ്മ രാജ്യഭരണകാര്യങ്ങളിൽ സഹായിച്ചു പോന്നു. രാമവർമ്മ മഹാരാജാവു് ഇംഗ്ലീഷുകാരുമായി ഒരു സഖ്യം മൂലം മുൻപേ ഉണ്ടായിരുന്ന സ്നേഹബന്ധം ഒന്നുകൂടി ഉറപ്പിച്ചു. (൮൯൮) അതനുസരിച്ചു തിരുവിതാംകൂറിനു് ആവശ്യമുള്ള നാണയങ്ങൾ അടിച്ചുകൊടുക്കാമെന്നു് ഈസ്റ്റിൻഡ്യാക്കമ്പനി ഏറ്റു. കൂടുതൽ കച്ചവടസൗകര്യങ്ങൾ കമ്പനിക്കു് മഹാരാജാവും ചെയ്തുകൊടുത്തു.

ഓർമ്മിക്കേണ്ട സംഗതികൾ

പെരുഞ്ചോറുദയൻ	മഹാഭാരതയുദ്ധത്തിൽ പങ്കെടുത്ത ചേരരാജാവു്.
ചെങ്കുട്ടുവൻ	ദക്ഷിണ ഇൻഡ്യയിലും ഉത്തര ഇൻഡ്യയിലും അധികാരം സ്ഥാപിച്ചു.
ഭാനുവിക്രമൻ	വേണാട്ടിലെ ആദ്യരാജാവു്.
കുലശേഖര ആഴ്‌വാർ	വിഷ്ണുഭക്തനായ ചേരരാജാവു്.
ഉദയമാർത്താണ്ഡവർമ്മ	കൊല്ലവർഷം സ്ഥാപിച്ചു.
രവിവർമ്മകുലശേഖരൻ	പാണ്ഡ്യന്മാരെ തോല്പിച്ചു ദക്ഷിണ ഇൻഡ്യാ ചക്രവർത്തിയായി.
ഇരവിക്കുട്ടിപ്പിള്ള	കണിയാകുളം യുദ്ധം.
ഉമയമ്മറാണി	നെടുമങ്ങാടുമായുള്ള യുദ്ധം. മുകിലന്റെ ആക്രമണം; കോട്ടയത്തു തമ്പുരാൻ തോല്പിച്ചു. അഞ്ചുതെങ്ങിൽ പണ്ടകശാല ഉണ്ടാക്കാൻ ഇംഗ്ലീഷു കമ്പനിക്കു സമ്മതം കൊടുത്തു.

രവിവർമ്മ — മധുരപ്പടയുടെ ആക്രമണം.

രാമവർമ്മ — ഇംഗ്ലീഷു കമ്പനിയുമായി സഖ്യത്തിൽ ഏർപ്പെട്ടു. യുവരാജാവായ മാർത്താണ്ഡവർമ്മ രാജ്യകാര്യങ്ങളിൽ പങ്കെടുത്തു.

ചോദ്യങ്ങൾ

൧. കുരുക്ഷേത്രയുദ്ധത്തിൽ പെരുഞ്ചോറുദയന്റെ പങ്ക് എന്തായിരുന്നു?

൨. ദക്ഷിണേന്ത്യ കീഴടക്കിയ ആദ്യത്തെ ചേര രാജാവ് ആരായിരുന്നു? അദ്ദേഹം ഏതു കലയെ പ്രോത്സാഹിപ്പിച്ചു?

൩. വേണാടിന്റെ പഴയകാലത്തെ അതിർത്തി ഏതായിരുന്നു?

൪. പരശുരാമൻ അഭിഷേകം ചെയ്ത വേണാട്ടു രാജാവു ആര്?

൫. കുലശേഖര ആഴ്‌വാർ ആരായിരുന്നു? അദ്ദേഹത്തെ നാം ഇന്നും ഓർമ്മിക്കാൻ കാരണം എന്തു്?

൬. കൊല്ലവർഷം ആര് എപ്പോൾ എന്തിനായി സ്ഥാപിച്ചു? ഏതെല്ലാം രാജ്യങ്ങളിൽ ഈ അബ്ദം ഇപ്പോൾ ഉപയോഗിച്ചുവരുന്നു? കൊല്ലവർഷം എന്നു് ഇതിനെ വിളിക്കുന്നതിനു കാരണമെന്തു്?

൭. സംഗ്രാമധീരൻ ദക്ഷിണമാതൃചക്രവർത്തി ആയതു് എങ്ങനെ? അദ്ദേഹത്തെ ദക്ഷിണ ഭോജൻ എന്നു വിളിക്കുന്നതു് എന്തുകൊണ്ടു്?

൮. കണിയാകുളം യുദ്ധം ആരുടെ കാലത്തു നടന്നു? അതിനു കാരണമെന്തു്? ആ യുദ്ധത്തിൽ തിരുവിതാംകൂർ സേനയെ നയിച്ചതാരായിരുന്നു? അദ്ദേഹത്തിനു് എന്തു സംഭവിച്ചു?

൯. കാളിനായരുടെ സ്വാമിഭക്തിയെ തെളിയിക്കുക.

൰. ഉമയമ്മറാണിയുടെ കാലത്തു നെടുമങ്ങാട്ടുമായി നടന്ന യുദ്ധത്തിനു കാരണമെന്തു്? ആ യുദ്ധം എങ്ങനെ അവസാനിച്ചു?

൰൧. മുകിലൻ ആരായിരുന്നു? അയാൾ തിരുവിതാംകൂർ ആക്രമിച്ചതെന്തിനു്? അയാളെ യുദ്ധത്തിൽ തോല്പിച്ചതു് ആരായിരുന്നു?

൰൨. ഉമയമ്മറാണിക്കു് ഇംഗ്ലീഷു കമ്പനിയുമായുള്ള ബന്ധം എന്തായിരുന്നു?

൰൩. ഉമയമ്മറാണി ദുർബ്ബലയല്ലായിരുന്നു. സമർത്ഥിക്കുക.

൰൪. കോട്ടയം കേരളവർമ്മ ഉമയമ്മറാണിയെ എങ്ങനെയെല്ലാം വിധത്തിൽ സഹായിച്ചു?

൰൫. ഇംഗ്ലീഷുകാരുമായി സഖ്യം മൂലം സ്നേഹബന്ധം ഉറപ്പിച്ച ആദ്യത്തെ തിരുവിതാംകൂർ രാജാവിന്റെ പേരു പറയുക.

TRAINING SCHOOL
KOTTAYAM
LOWER GRADE

അനിഴം തിരുനാൾ മാൎത്താണ്ഡവൎമ്മ

ആധുനിക തിരുവിതാംകൂർ

അദ്ധ്യായം ൩

അനിഴംതിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ്

(൯൦൪—൯൩൩)

രാജ്യത്തിൽ സമാധാനം സ്ഥാപിച്ചതു്

സിംഹാസനാരോഹണം

മാർത്താണ്ഡവർമ്മ മഹാരാജാവു് രാജ്യഭാരം ആരംഭിച്ചപ്പോൾ അദ്ദേഹത്തിനു് ഇരുപത്തിമൂന്നു വയസ്സുപ്രായമേ ഉണ്ടായിരുന്നുള്ളു. അദ്ദേഹം യുവരാജാവായിരുന്നതു മുതൽക്കേ രാജ്യകാര്യങ്ങളിൽ പങ്കെടുത്തിരുന്ന വിവരം ഓർക്കുമല്ലോ. രാജ്യത്തിൽ ശരിയായ സമാധാനം അന്നില്ലായിരുന്നു. പല ശത്രുക്കളെ രാജ്യത്തിനു പുറമേയും അദ്ദേഹത്തിനു് എതിരിടേണ്ടി വന്നു. ഇങ്ങനെ രാജ്യത്തിനകത്തും പുറത്തും പലവിധ വിഷമങ്ങൾ തലപൊക്കിക്കൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അതു്.

മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ആകാരസൗഷ്ഠവം ഒന്നു പ്രത്യേകം തന്നെയായിരുന്നു. വിസ്താരമേറിയ നെററി, നീണ്ടുവളഞ്ഞ മൂക്കു്, വിരിഞ്ഞ മാറിടം, മുട്ടുവരെ എത്തുന്ന കൈകൾ! ലക്ഷണം തികഞ്ഞ ഒരു

ക്ഷത്രിയവീരനായിരുന്നു അവിടന്നു്. രാജഭക്തന്മാരായ പ്രജാലക്ഷത്തിനു് ആനന്ദാമൃതം കൊടുത്തിരുന്ന മുഖം തന്നെ ശത്രുക്കളിൽ ഭയങ്കരത്വം വർഷിച്ചു. ഗാംഭീര്യവും കാരുണ്യവും കളിയാടുന്ന അവിടത്തെ മുഖം കണ്ടാൽ ആരുടെയും ഹൃദയം ഭക്തിബഹുമാനങ്ങൾ കൊണ്ടു നിറഞ്ഞുപോകും.

തമ്പിമാരുടെ അവകാശവാദം

നാടുനീങ്ങിയ രാമവർമ്മ മഹാരാജാവിനു രാമൻതമ്പി എന്നും, ആദിച്ചൻതമ്പി എന്നും രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. ഇവരെ കുഞ്ചുതമ്പിമാർ എന്നു വിളിച്ചുവന്നു. സിംഹാസനത്തിനു് അവകാശികൾ തങ്ങളാണെന്നു് അവർ വാദിച്ചു. തൃശ്ശിനാപ്പള്ളിഗവർണ്ണരുടെ സഹായം അവർ അപേക്ഷിച്ചു. തമ്പിമാരെ സഹായിക്കാൻ അഴകപ്പമുതലിയാർ എന്നൊരു ഉദ്യോഗസ്ഥനെ ഗവർണ്ണർ അയച്ചു. അവർ നാഞ്ചിനാട്ടു പാളയമടിച്ചു. പാണ്ടിയിൽനിന്നും വന്ന സൈന്യവും തിരുവിതാംകൂർ സൈന്യവുമായി ഒന്നുരണ്ടു യുദ്ധങ്ങൾ നടന്നു. ഒടുവിൽ മഹാരാജാവാണു് സിംഹാസനത്തിനു ശരിയായ അവകാശി എന്നു മുതലിയാർക്കു മനസ്സിലായി. മഹാരാജാവിൽനിന്നു ചില സമ്മാനങ്ങളും പററിക്കൊണ്ടു് അയാൾ തിരിച്ചുപോയി.

തമ്പിമാരുടെ കോപവും നൈരാശ്യവും വർദ്ധിച്ചു. മഹാരാജാവു നാഗർകോവിലിൽ എഴുന്നള്ളിയിരുന്ന ഒരു ദിവസം ജ്യേഷ്ഠൻതമ്പി അവിടെ ചെന്നു. കാവല്ക്കാർ

തമ്പിയെ അകത്തു വിട്ടില്ല. ഇശ്ശില്ലിലിൽ തമ്പി അവരുടെ വാളിന്നു ഇരയായി. ഉടൻ അനുജൻതമ്പി അവരുടെ ഇടയിൽക്കൂടി ചാടി മാളികമുകളിൽ എത്തി. മഹാരാജാവു് ഒരു തൂക്കമഞ്ചത്തിൽ ഇരിക്കയായിരുന്നു. തമ്പി വാൾ ഊരി മഹാരാജാവിനെ വെട്ടാൻ ഓങ്ങി. ഈശ്വരാധീനത്താൽ ആ വാൾ തുലാത്തിൽ തട്ടി മഹാരാജാവു രക്ഷപ്പെട്ടു. ഉടൻതന്നെ അവിടുന്നു തൂക്കമഞ്ചത്തിൽനിന്നു ചാടി ആ ദുഷ്ടനെ വധിച്ചു. കുഞ്ചുതമ്പിമാരുടെ അവസാനം ഇതായിരുന്നു.

ഗൂഢാലോചനകൾ

അടുത്തുതന്നെ ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ ഉത്സവം ആരംഭിച്ചു. ആറാട്ടുദിവസം ശ്രീപത്മനാഭസ്വാമിയെ പരിസേവിച്ചുകൊണ്ടു നമ്മുടെ മഹാരാജാക്കന്മാർ ശംഖുംമുഖത്തു കാൽനടയായി എഴുന്നള്ളി സ്നാനം ചെയ്യുന്ന പതിവു് ഇന്നും ഉണ്ടല്ലോ. മാർത്താണ്ഡവർമ്മമഹാരാജാവു് ആറാട്ടിന്നു് എഴുന്നള്ളുമ്പോൾ അദ്ദേഹത്തെ വധിക്കുന്നതിനായി ശത്രുക്കൾ ഗൂഢമായി ആലോചിച്ചു. കായംകുളംരാജാവിന്റെ പ്രേരണയിലായിരുന്നു ഇതു നടന്നതു്. വെങ്ങാനൂർ വഴിയമ്പലത്തിൽവച്ചാണു് ഈ രഹസ്യാലോചനകൾ നടത്തിയതു്. സമർത്ഥന്മാരായ ചാരന്മാർ മുഖാന്തരം മഹാരാജാവിനു വിവരം നേരത്തെ തന്നെ മനസ്സിലായി. ആറാട്ടുദിവസം യാതൊരു കൂസലും കൂടാതെ മഹാരാജാവു കാൽനടയായി കടപ്പുറത്തേക്കു് എഴുന്നള്ളി. തിരുമനസ്സുകൊണ്ടു് കൈയ്യിൽ പ്രകാശിക്കുന്ന ഒരു വാളും അരയിൽ ഒരു കഠാര

യും കരുതിയിരുന്നു. അകമ്പടിയായി പതിവിൽകൂടുതൽ സൈന്യവും ഉണ്ടായിരുന്നു. വഴിയിൽ പലേടത്തും സൈന്യങ്ങളെ നിറുത്താനും ഏർപ്പാടുചെയ്തു. അതിനാൽ ശത്രുക്കൾക്കു് ഒന്നും ചെയ്വാൻ ധൈര്യം ഉണ്ടായില്ല.

പിന്നീടു് ആത്മരക്ഷയ്ക്കും രാജ്യരക്ഷയ്ക്കുമായി മഹാരാജാവു ശത്രുക്കളെ കണ്ടുപിടിച്ചു് വേണ്ട വിചാരണകൾ നടത്തി കഠിനമായി ശിക്ഷിച്ചു. പലർക്കും വധശിക്ഷ നല്കി. മററുചിലരെ നാടുകടത്തി. വേറേ ചിലരുടെ വസ്തുക്കൾ കണ്ടുകെട്ടി. അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരെ ശിക്ഷിച്ചു. സമർത്ഥന്മാരെ ഉദ്യോഗത്തിൽ നിയമിച്ചു. ഇങ്ങനെ മാർത്താണ്ഡവർമ്മ മഹാരാജാവു രാജ്യത്തിൽ സമാധാനം സ്ഥാപിച്ചു.

പ്രധാന യുദ്ധങ്ങൾ

൧. ഡച്ചുകാരുമായുള്ള യുദ്ധം

കാരണങ്ങൾ

മാർത്താണ്ഡവർമ്മയുടെ വർദ്ധിച്ചുവന്ന ശക്തി ഡച്ചുകാർക്കു ഭയമുളവാക്കി. പോരെങ്കിൽ അവിടന്നു് ഇംഗ്ലീഷുകാരുടെ മിത്രവുമായിരുന്നു. അക്കാലത്തു ഡച്ചുകാരും ഇംഗ്ലീഷുകാരും തമ്മിൽ മത്സരം വർദ്ധിച്ചു വരികയായിരുന്നു. മലബാറൊട്ടുക്ക തങ്ങളുടെ ആധിപത്യം സ്ഥാപിക്കാൻ അവർ ആഗ്രഹിച്ചു. ഇതേ ആഗ്രഹം മാർത്താണ്ഡവർമ്മമഹാരാജാവിനും ഉണ്ടായിരുന്നു.

ഇളയെടത്തുസ്വരൂപം എന്നായിരുന്നു അന്നു കൊട്ടാരക്കരയുടെ പേരു്. ഒരു റാണിയായിരുന്നു അന്നു് ആ രാജ്യം ഭരിച്ചിരുന്നതു്. വേണാട്ടുരാജവംശത്തിൻെറ ഒരു താവഴിയായിരുന്നു ഇളയെടത്തുസ്വരൂപം. മാർത്താണ്ഡവമ്മ ഇളയെടത്തുസ്വരൂപം വേണാടിനോടു ചേർത്തു. ഇതു ഡച്ചുകാക്കു തീരെ രസിച്ചില്ല. മഹാരാജാവും ഡച്ചുഗവണ്ണരും തമ്മിൽ ഒരു കൂടിക്കാഴ്ച നടന്നു. കായംകുളം, ഇളയെടത്തുസ്വരൂപം ഇവ ആക്രമിക്കുന്നു പക്ഷം ഒരു വലിയ ഡച്ചുസൈന്യം തിരുവിതാംകൂർ പിടിച്ചടക്കുമെന്നു പറഞ്ഞു് ഡച്ചുഗവണ്ണർ മഹാരാജാവിനെ ഭയപ്പെടുത്താൻ നോക്കി. അപ്പോൾ അവിടന്നു പറഞ്ഞ മറുപടി ഇതായിരുന്നു. "ഓഹോ, വിരോധമില്ല. തിരുവിതാംകൂറിൽ ധാരാളം കാടുകളുണ്ടു്. ഞാൻ അങ്ങോട്ടു പൊയ്ക്കൊള്ളാം." ഏതു കാട്ടിലൊളിച്ചാലും ഡച്ചുകാർ വന്നു പിടികൂടുമെന്നു ഗവണ്ണർ വീണ്ടും ഭീഷണിപ്പെടുത്തി. അപ്പോൾ പുച്ഛരസത്തോടുകൂടി പുഞ്ചിരിതൂകിക്കൊണ്ടു മഹാരാജാവു പറഞ്ഞു "എന്നാൽ ഞാനും ഒരു കാര്യം ചെയ്യും. എൻെറ നാട്ടിൽ ധാരാളം വഞ്ചികളും വാലന്മാരും ഉണ്ടു്. ഞാൻ നിങ്ങളുടെ രാജ്യം ആക്രമിച്ചാലെന്താണെന്നു് ആലോചിച്ചു വരികയാണു്." അനന്തരം യുദ്ധം തുടങ്ങി.

൨. കുളച്ചൽയുദ്ധം—(൯൧൫)

ഡച്ചുസേനയുടെ സഹായത്തോടുകൂടി ഇളയെടത്തു സ്വരൂപത്തിലെ റാണി യുദ്ധം ആരംഭിച്ചു. മാർത്താണ്ഡവമ്മ ഒരു സൈന്യത്തെ അയച്ചു് അവരെ തോല്പിച്ചു.

ജീവരക്ഷാൎത്ഥം റാണി കൊച്ചിയിലേക്കു് ഓടി. ഡച്ചുകാൎക്കു് ഈ തോൽവി വലിയ അവമാനമായി.

അധികം താമസിയാതെ ഒരു വലിയ ഡച്ചുസൈന്യം തെക്കൻതിരുവിതാംകൂറിലുള്ള കുളച്ചൽ വന്നടുത്തു. തേങ്ങാപ്പട്ടണം, ഇരണിയൽ മുതലായ സ്ഥലങ്ങൾ അവർ കൊള്ളചെയ്തു. അപ്പോഴേക്കും മഹാരാജാവു കുളച്ചൽ എത്തി. സേനയെ നയിച്ചതു മഹാരാജാവു തന്നെയായിരുന്നു. തിരുവിതാംകൂർസൈന്യം വീറോടെ പൊരുതു. ഒടുവിൽ ഡച്ചുകാർ തോറേറാടി. അവരിൽ പലരും തടവുകാരായി.

മലബാർ മുഴുവൻ അടക്കണം എന്നായിരുന്നു ഡച്ചുകാരുടെ മോഹം. കുളച്ചൽയുദ്ധത്തിൽ അവൎക്കു നേരിട്ട തോൽവി ഈ സ്വപ്നത്തെ തീരെ തകൎത്തുകളഞ്ഞു. ഈ യുദ്ധത്തിനു ശേഷം ഡച്ചുകാർ വെറും കച്ചവടക്കാരായി കഴിയേണ്ടി വന്നു. കൂടാതെ തിരുവിതാംകൂർ മുഴുവൻ പിടിച്ചടക്കുന്നതിനു് ഈ വിജയം മാൎത്താണ്ഡവൎമ്മയെ സഹായിച്ചു. കൊല്ലം, കായംകുളം തുടങ്ങി പല രാജ്യങ്ങൾക്കും സഹായമായി നിന്നതു ഡച്ചുകാരായിരുന്നു. അവൎക്കു് ഉണ്ടായിരുന്ന വലിയ പിൻതുണ ഇപ്പോൾ ഇല്ലാതായി. തടവുകാരായി പിടിച്ച ഡച്ചുകാരിൽ നിന്നും രണ്ടു വീരപുരുഷന്മാരെ മഹാരാജാവിനു കിട്ടി. അവർ ഡിലനോയിയും ഡൊണാഡിയും ആയിരുന്നു. തിരുവിതാംകൂർ സൈന്യത്തെ യൂറോപ്യൻ രീതിയിലുള്ള യുദ്ധമുറകൾ അവർ പഠിപ്പിച്ചു. കുളച്ചൽ യുദ്ധം തിരുവിതാംകൂർ ചരിത്രത്തിൽ അതിപ്രധാനമായ ഒരു സംഭവമാണെന്നു മേൽകാണിച്ച സംഗതികൾ തെളിയിക്കുന്നു.



കുളച്ചൽ യുദ്ധത്തിലെ ഒരു രംഗം.

മററു യുദ്ധങ്ങൾ

തിരുവിതാംകൂറിന്റെ ഇപ്പോഴത്തെ അതിരുകൾ അറിയാമല്ലോ. മാർത്താണ്ഡവർമ്മ മഹാരാജാവു രാജ്യഭാരം കൈയ്യേററപ്പോൾ രാജ്യം ഇതിൽ തുലോം ചെറുതായിരുന്നു. കന്യാകുമാരിമുതൽ കന്നേററി വരെ മാത്രമേ അന്നു വേണാടിനു വിസ്തൃതിയുണ്ടായിരുന്നുള്ളു. പല യുദ്ധങ്ങളുടെയും ഫലമായിട്ട് മാർത്താണ്ഡവർമ്മ മഹാരാജാവാണ് തിരുവിതാംകൂറിന് ഇന്നത്തെ രൂപം കൊടുത്തതു്.

൧. കൊല്ലവുമായുണ്ടായ യുദ്ധങ്ങൾ

കൊല്ലത്തിന് ദേശിംഗനാട്ട് എന്നും പേര് ഉണ്ടായിരുന്നു. വേണാട്ടുരാജകുടുംബത്തിന്റെ ഒരു ശാഖയായിരുന്നു അതു്. അതിനാൽ ആ താവഴിയിലെ മൂത്ത രാജാവായ ഉണ്ണിക്കേരളവർമ്മ വേണാട്ടു സിംഹാസനത്തിന് അവകാശം പുറപ്പെടുവിച്ചു. അദ്ദേഹം മാർത്താണ്ഡവർമ്മയ്ക്കു് എതിരായി കായംകുളം രാജാവുമായി കൂട്ടുകെട്ടിൽ ഉൾപ്പെടുകയും, കായംകുളം രാജാവിന്റെ സഹോദരനെ ദേശിംഗനാട്ടേക്കു ദത്തെടുക്കുകയും ചെയ്തു. മാർത്താണ്ഡവർമ്മ മഹാരാജാവു് ഒരു സൈന്യത്തെ അയച്ചു കൊല്ലം രാജാവിനെ തോല്പിച്ചു തടവുകാരനാക്കി തിരുവനന്തപുരത്തു കൊണ്ടുവന്നു. എന്നാൽ അദ്ദേഹം തടവു ചാടി രക്ഷപ്പെട്ടു. കായംകുളം രാജാവിനെ സഹായിച്ചു എന്ന കാരണത്താൽ ആയിടയ്ക്കു് മാർത്താണ്ഡവർമ്മ നെടുമങ്ങാട്ടും കൊട്ടാരക്കരയും

കീഴടക്കി. തടവു ചാടി രക്ഷപ്പെട്ട കൊല്ലംരാജാവു കായംകുളം കൊച്ചി എന്നിവിടങ്ങളിലെ രാജാക്കന്മാരുടെയും ഡച്ചുകാരുടെയും സഹായത്തോടെ വീണ്ടും യുദ്ധം തുടങ്ങി. മാർത്താണ്ഡവർമ്മ ദേശിംഗനാട്ടേക്കും കായംകുളത്തേക്കും ഓരോ സൈന്യങ്ങളെ അയച്ചു. കായംകുളം രാജാവു യുദ്ധത്തിൽ മൃതിയടഞ്ഞു. കുറെ വർഷങ്ങൾക്കു ശേഷം കൊല്ലംരാജാവും നാടു നീങ്ങി. അപ്പോൾ കൊല്ലത്തേക്കു ദത്തെടുത്ത രാജാവ് കൊല്ലത്തിനും കായംകുളത്തിനും രാജാവായി. താമസിയാതെ യുദ്ധം അവസാനിപ്പിച്ചു.

൫. കായംകുളവുമായുള്ള യുദ്ധങ്ങൾ

ഡച്ചുകാരെ തിരുവിതാംകൂർ സൈന്യം കുളച്ചൽ വച്ചു തോല്പിച്ചു കാര്യം പ്രസ്താവിച്ചുവല്ലോ. അവർ വീണ്ടും കായംകുളത്തിന്റെ സഹായത്തിനായി ചെന്നു. ഇങ്ങനെയാണ് രണ്ടാമത്തെ കായംകുളം യുദ്ധം ഉണ്ടായത്. മാർത്താണ്ഡവർമ്മ കായംകുളത്തിനെ നിശ്ശേഷം തോല്പിച്ചു. കായംകുളംരാജാവു തിരുവിതാംകൂർ രാജാവുമായി മാന്നാർ എന്ന സ്ഥലത്തുവച്ചു ഒരു സന്ധി ചെയ്തു. ഇതനുസരിച്ചു കായംകുളം രാജാവു തിരുവിതാംകൂറിനു കപ്പം കൊടുക്കാമെന്നു സമ്മതിക്കയും, കൊല്ലം വിട്ടുകൊടുക്കയും ചെയ്തു. ഇങ്ങനെ കൊല്ലം തിരുവിതാംകൂറിനോടു ചേർക്കപ്പെട്ടു.

൬. മാവേലിക്കരഉടമ്പടി

കായംകുളം രാജാവിനു നേരിട്ട ഭീമമായ പരാജയം കണ്ടപ്പോൾ തിരുവിതാംകൂറുമായി ഇഷ്ടമായിരിക്കു

ആണു നല്ലതെന്നു ഡച്ചുകാൎക്കു മനസ്സിലായി. അങ്ങനെ തിരുവിതാംകൂറും ഡച്ചുകാരും തമ്മിൽ മാവേലിക്കരെ വച്ചു ചരിത്രപ്രസിദ്ധമായ ഒരു ഉടമ്പടി നടന്നു. തിരുവിതാംകൂറിന്റെ ശത്രുക്കളുടെ പക്ഷത്തു ചേരുകയില്ലെന്നും, കച്ചവടം കൊണ്ടു തൃപ്തരായിക്കൊള്ളാമെന്നും ഡച്ചുകാർ സമ്മതിച്ചു.

൮. കായംകുളം തിരുവിതാംകൂറിനോടു ചേർത്തതു്

മാന്നാർ സന്ധിയനുസരിച്ചുള്ള കപ്പം കൊടുക്കാതിരുന്നതിനാൽ മാൎത്താണ്ഡവൎമ്മ വീണ്ടും ഒരു സൈന്യം കായംകുളത്തേക്കു് അയച്ചു. കായംകുളംരാജാവു വില പിടിച്ച ആഭരണങ്ങളും മററും മുമ്പേ തന്നെ അയച്ചശേഷം സ്വരാജ്യംവിട്ടു് ഓടിപ്പോയി. ഇങ്ങനെ മൂന്നു യുദ്ധങ്ങൾക്കുശേഷം കായംകുളം തിരുവിതാംകൂറിനോടു ചേർത്തു.

൯. ചെമ്പകശ്ശേരി പിടിച്ചടക്കിയതു്

അമ്പലപ്പുഴരാജ്യത്തെ അന്നു ചെമ്പകശ്ശേരി എന്നു് വിളിച്ചുവന്നു. തിരുവിതാംകൂറിനു് എതിരായി അമ്പലപ്പുഴരാജാവു് കായംകുളംരാജാവിനെ സഹായിച്ചിരുന്നു. അതിനാൽ തിരുവിതാംകൂർ സൈന്യം ചെമ്പകശ്ശേരി രാജാവിനെ തോല്പിച്ചു് ആ രാജ്യവും തിരുവിതാംകൂറിനോടു ചേർത്തു.

൰. തെക്കുംകൂറും വടക്കുംകൂറും കീഴടക്കിയതു്

ഇന്നത്തെ ചെങ്ങന്നൂർ, തിരുവല്ല, ചങ്ങനാശ്ശേരി, കോട്ടയത്തിന്റെ ഏതാനും ഭാഗങ്ങൾ ഇവ തെക്കുംകൂറും, വൈക്കം മൂവാററുപുഴ മുതലായ താലൂക്കുകൾ

വടക്കുംകൂറും ആയിരുന്നു. ആ രാജാക്കന്മാരും തിരുവിതാംകൂറിനെതിരായി കായംകുളത്തിനെ സഹായിച്ചു. ആ കാരണം പറഞ്ഞു് മാർത്താണ്ഡവർമ്മമഹാരാജാവു് രണ്ടു രാജ്യങ്ങളും പിടിച്ചടക്കി.

൭. പുറക്കാട്ടുയുദ്ധം

മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ശക്തി വർദ്ധിച്ചതു കണ്ടപ്പോൾ കൊച്ചിരാജാവിനു് അസൂയ ആയി. തെക്കുംകൂർ, വടക്കുംകൂർ മുതലായ രാജാക്കന്മാരും കൊച്ചിയിൽ അഭയം തേടിയിരിക്കയായിരുന്നു. ഇവരെല്ലാം കൂടിച്ചേർന്നു തിരുവിതാംകൂറിനോടു് ഒരു അറകൈ നോക്കാൻ തീരുമാനിച്ചു. അമ്പലപ്പുഴയ്ക്കടുത്തുള്ള പുറക്കാട്ടു വച്ചു യുദ്ധം നടന്നു. അതിൽ കൊച്ചിരാജാവും കൂട്ടരും പരാജയമടഞ്ഞു. യുവരാജാവായ രാമവർമ്മയും രാമയ്യനും കൊച്ചി സേനയെ പിന്തുടർന്നു. ഒടുവിൽ ഗത്യന്തരമില്ലാതെ കൊച്ചിരാജാവു് തിരുവിതാംകൂറുമായി സന്ധി ചെയ്തു. അതനുസരിച്ചു കരപ്പുറം (ചേർത്തല) തിരുവിതാംകൂറിനു കിട്ടി.

൮. സാമൂതിരിയുമായുള്ള യുദ്ധം

രാജ്യം നഷ്ടപ്പെട്ടുപോയ രാജാക്കന്മാരെ സഹായിക്കാൻ അപ്പോൾ കോഴിക്കോട്ടു സാമൂതിരി മുതിർന്നു. അദ്ദേഹം ആലങ്ങാട്ടു്, പറവൂർ ഈ സ്ഥലങ്ങൾ കൊള്ളയിട്ടു. എന്നാൽ അപ്പോഴേക്കും രാമയ്യന്റെയും ഡി ലനായിയുടെയും കീഴിലുള്ള സൈന്യങ്ങൾ ചെന്നു് അദ്ദേഹത്തെ തോല്പിച്ചോടിച്ചു. സാമൂതിരിയുടെ അക്രമങ്ങളിൽ നിന്നും; രക്ഷ നേടാനായി കൊച്ചി

രാജാവു് തിരുവിതാംകൂറുമായി ശാശ്വതമായ ഒരു സന്ധിയെപ്പറ്റി ആയിടെ ആലോചിക്കയും ചെയ്തു.

൪. ഭരണപരിഷ്കാരങ്ങൾ

പല രാജ്യങ്ങൾ പിടിച്ചടക്കി തിരുവിതാംകൂറിനെ വിപുലപ്പെടുത്തിയശേഷം രാജ്യത്തിന്റെ ക്ഷേമത്തിനും നിലനില്പിനും ആവശ്യമായ പ്രവർത്തനങ്ങളിൽ മഹാരാജാവു് ഏർപ്പെട്ടു. ആഭ്യന്തരകാര്യങ്ങൾ ശരിയായി പരിപാലിക്കുന്നതിന്നു് അദ്ദേഹം പ്രത്യേകം നിഷ്കർഷിച്ചു.

൫. തൃപ്പടിദാനം (൯൨൫ മകരം ൫-ാനു-)

ആദ്യമായി അവിടുന്നു ശ്രീപത്മനാഭസ്വാമി ക്ഷേത്രം പുതുക്കി പണികഴിപ്പിച്ചു. ഇന്നു കാണുന്ന ഒറ്റക്കൽമണ്ഡപം, ശീവേലിപ്പുര, ഗോപുരം ഇതെല്ലാം മാർത്താണ്ഡവർമ്മ മഹാരാജാവായിരുന്നു ഉണ്ടാക്കിച്ചതു്. പന്തീരായിരം സാളഗ്രാമം വരുത്തി ശ്രീപത്മനാഭസ്വാമിയുടെ വിഗ്രഹം വാർപ്പിച്ചു. ക്ഷേത്രത്തിലെ പതിവുകൾ പുതുക്കി. യുദ്ധങ്ങളിൽ താൻ അറിഞ്ഞോ അറിയാതെയോ ചെയ്ത പാപങ്ങൾക്കു പ്രതിവിധിയായി ഭദ്രദീപം, മുറജപം ഇവ ആരംഭിച്ചു. ഇന്നും അതേശേഷമായി ഇതു രണ്ടും നടന്നുവരുന്നു. അതിനും പുറമേ തന്റെ സകല വിജയത്തിനും സഹായമായ ഉടവാൾ ശ്രീപത്മനാഭന്റെ പാദകമലങ്ങളിൽ അർപ്പിച്ചു്, പത്മനാഭദാസനായിട്ടു തിരികെ എടുത്തു. അതിപ്രധാനമായ ഈ കർമ്മത്തിനു തൃപ്പടിദാനം എന്നു

പറയുന്നു. തിരുവിതാംകൂർ മഹാരാജാക്കന്മാർ ശ്രീപത്മനാഭന്റെ പ്രതിനിധികളായിട്ടാണു് ഇന്നും രാജ്യം ഭരിക്കുന്നതു്. ഇങ്ങനെയാണു് നമ്മുടെ മഹാരാജാക്കന്മാർക്കു് ശ്രീപത്മനാഭദാസൻ എന്ന സ്ഥാനം ഉണ്ടായതു്.

൨. ദത്തു്

അന്നു രാജകുടുംബത്തിൽ അംഗങ്ങൾ കുറവായിരുന്നതിനാൽ ദത്തു് ആവശ്യമായി. മാർത്താണ്ഡവർമ്മ മഹാരാജാവു് കോലത്തുനാട്ടിൽ നിന്നും രണ്ടു രാജകുമാരിമാരെ ദത്തെടുത്തു.

൩. മററു പരിഷ്കാരങ്ങൾ

ശത്രുക്കളുടെ ആക്രമണങ്ങളെ തടയാൻ രാജ്യത്തിന്റെ പല ഭാഗങ്ങളിലും മാർത്താണ്ഡവർമ്മ മഹാരാജാവു് പുതിയ കോട്ടകൾ കെട്ടിച്ചു. പഴയ കോട്ടകൾ പുതുക്കി. ഭടന്മാരുടെ സംഖ്യ വർദ്ധിപ്പിച്ചു. ഉദയഗിരിയിലെ ആയുധശാലയിൽ തോക്കും വെടിമരുന്നും ഉണ്ടാക്കാൻ ഏർപ്പാടുകൾ ചെയ്തു. ഡിലനായി പട്ടാളത്തെ പാശ്ചാത്യരീതിയിലുള്ള യുദ്ധക്രമം അഭ്യസിപ്പിച്ചു. രാജ്യരക്ഷയ്ക്കായി മഹാരാജാവു് ഒരു സ്ഥിരസൈന്യവും സ്ഥാപിച്ചു.

മാർത്താണ്ഡവർമ്മ മഹാരാജാവു സിംഹാസനാരോഹണം ചെയ്തപ്പോൾ മുതലെടുപ്പു വളരെ കുറവായിരുന്നു. അദ്ദേഹം പുതിയ ഒരു കച്ചവടവകുപ്പു്



ശ്രീ പത്മനാഭസ്വാമി ക്ഷേത്രം

TRAINING SCHOOL
KOTTAYAM
LOWER GRADE

ഏർപ്പെടുത്തി. ഇതിനു മുളകുമടിശ്ശീല എന്നു പറയുന്നു. കുരുമുളക്, പുകയില, അടയ്ക്ക മുതലായ സാമാനങ്ങളുടെ കുത്തക അന്നു ഗവർമെന്റിനായിരുന്നു. കൃഷിക്കാർ ഇവ ഒരു ക്ലിപ്ത വിലയ്ക്കു സർക്കാരിലേക്കു കൊടുക്കുകയും സർക്കാരിൽനിന്നും അവ മൊത്തമായോ ചില്ലറയായോ വിലയ്ക്കു കൊടുക്കുകയും ചെയ്യുകയായിരുന്നു ആ കുത്തകയേർപ്പാട്. ദളവായുടെ കീഴിലായിരുന്നു മുളകുമടിശ്ശീല വകുപ്പ്. ഈ ഇനത്തിൽ നിന്നും ഗവർമെന്റിലേക്കു വലിയ ആദായം കിട്ടി. ഉപ്പു വിളയിക്കുന്നതിന് അളങ്ങളും, അതിന്റെ വില്പനയ്ക്ക് പണ്ടകശാലകളും ഏർപ്പെടുത്തി. മാർത്താണ്ഡവർമ്മയുടെ കാലത്ത് ഇപ്രകാരമുള്ള പരിപാടികൾ മൂലം മുതലെടുപ്പ് വളരെ വർദ്ധിച്ചു. കൃഷിക്കാരുടെ കാര്യങ്ങളിൽ മഹാരാജാവു വലിയ താൽപര്യം കാണിച്ചു. പൊന്മനയണയും പുത്തനണയും തെക്കൻ തിരുവിതാംകൂറിൽ തിരുമനസ്സിലെ നേരിട്ടുള്ള മേൽനോട്ടത്തിൽ പണി ചെയ്യിച്ചു.

൪. സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിച്ചത്

സാഹിത്യകാരന്മാരെയും കലാകാരന്മാരെയും അവിടന്നു പ്രോത്സാഹിപ്പിച്ചു. അക്കാലത്തെ പ്രസിദ്ധ കവികളായ കുഞ്ചൻനമ്പ്യാരെയും രാമപുരത്തു വാര്യരെയും മഹാരാജാവു രാജധാനിയിൽ വരുത്തി പാർപ്പിച്ചു. കുഞ്ചൻനമ്പ്യാർ ആദ്യം ചെമ്പകശ്ശേരി രാജാവിന്റെ ആശ്രിതനായിരുന്നു. ക്ഷേത്രങ്ങളിലും മററും നാം തുള്ളൽ കണ്ടിരിക്കുമല്ലോ. തുള്ളൽക്കഥകൾക്ക് ഇന്നത്തെ

പദവി നേടിയതു് കുഞ്ചൻനമ്പ്യാരാണു്. അദ്ദേഹത്തിന്റെ തുള്ളൽക്കഥകൾ വായിച്ചാൽ കേരളത്തിലെ അന്നത്തെ ജനങ്ങളുടെ ജീവിതരീതിയും സമുദായസ്ഥിതിയുമെല്ലാം മനസ്സിലാക്കാം. മലയാളത്തിലെ കവികളിൽ ഏററവും ഉന്നതമായ സ്ഥാനമാണു് നമ്പ്യാർക്കു് ഉള്ളതു്. ഇത്ര അനുഗ്രഹീതനായ കവിയെ തിരുമനസ്സിൽനിന്നും വളരെ സമ്മാനിച്ചുപോന്നു.

മലയാളത്തിലെ വഞ്ചിപ്പാട്ടുകളിൽ മുന്നണിയിൽ ശോഭിക്കുന്നതു് രാമപുരത്തുവാര്യരുടെ കുചേലവൃത്തമാണു്. വാര്യർ മാർത്താണ്ഡവർമ്മ മഹാരാജാവിനെപ്പററി കീർത്തിച്ചിട്ടുള്ളതു് എത്രയോ ശരിയാണു്.

"മാർത്താണ്ഡമഹീപതീന്ദ്രൻ വെറുതെയോ ജയിക്കുന്നു!
മാലോകരേ! മന്നരായാലിവണ്ണം വേണ്ടു."

മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ സ്വർഗ്ഗാരോഹണം.

മരിക്കുന്നതിനു് അല്പം മുൻപു മഹാരാജാവു് യുവരാജാവായ രാമവർമ്മയെ അരികിൽ വിളിച്ചു് ചില ഉപദേശങ്ങൾ കൊടുക്കയുണ്ടായി. ശ്രീപത്മനാഭന്റെ മുൻപിൽ വച്ചു് താൻ നിർവഹിച്ച തൃപ്പടിദാനത്തിലും, രാജ്യത്തിലെ മതസ്ഥാപനങ്ങളിലും യാതൊരു മാററവും വരുത്തരുതെന്നായിരുന്നു ഒന്നാമത്തെ ശാസന. രണ്ടാമത്തെ ഉപദേശം ഇംഗ്ലീഷുകാരുമായുള്ള സ്നേഹബന്ധം പുലർത്തണം എന്നായിരുന്നു. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ഈ ഉപദേശങ്ങൾ അദ്ദേഹത്തിന്റെ

TRAINING SCHOOL
KOTTAYAM
LOWER GRADE

രാമയ്യൻ ദളവാ

അനന്തരഗാമികൾ എല്ലാവരും ശിരസാ വഹിച്ചു പോരുന്നു.

൭. രാമയ്യൻദളവാ

മാർത്താണ്ഡവർമ്മ മഹാരാജാവു നാടുനീങ്ങുന്നതിനു് ഏകദേശം രണ്ടു വർഷം മുൻപു് ഒരു ദിവസം മാവേലിക്കര നിന്നും അദ്ദേഹത്തിനു് ഒരു ദുഃഖവർത്തമാനം കിട്ടി. ഒന്നുകൊണ്ടും കുലുങ്ങാത്ത ധീരനായ ആ മഹാരാജാവു് ഈ വർത്തമാനം കേട്ടപ്പോൾ "അയ്യോ, എന്റെ വലത്തു കൈയ് പൊയ്പോയി" എന്നു പറഞ്ഞു കണ്ണീർ പൊഴിച്ചു. രാമയ്യൻദളവായുടെ മരണവൃത്താന്തമായിരുന്നു തിരുമനസ്സിലെ വ്യസനിപ്പിച്ച ആ ദുഃഖവർത്തമാനം. രാമയ്യനെപ്പോലെ സ്വാമിഭക്തി, ധൈര്യം, വിശ്വസ്തത എന്നീ ഗുണങ്ങളുള്ള ഒരു മന്ത്രിയെ ലഭിക്കുക ഏതൊരു രാജാവിനും ഒരു വലിയ ഭാഗ്യമാണു്. യുദ്ധരംഗത്തിലും ആലോചനാമണ്ഡപത്തിലും രാമയ്യനു് ഒരുപോലെ സാമർത്ഥ്യം ഉണ്ടായിരുന്നു.

വള്ളിയൂരിനടുത്തുള്ള ഏർവാടി എന്ന ഗ്രാമത്തിലെ ഒരു സാധുബ്രാഹ്മണകുടുംബത്തിലായിരുന്നു രാമയ്യന്റെ ജനനം. ഏകദേശം ആറു വയസ്സായിരുന്നപ്പോൾ രാമയ്യന്റെ പിതാവു് കുടുംബസമേതം തിരുവിതാംകൂറിലേക്കു താമസം മാററി. കുറേനാൾ തിരുവട്ടാററു് ആയിരുന്നു അദ്ദേഹം പാർത്തിരുന്നതു്. അച്ഛന്റെ മരണശേഷം രാമയ്യൻ തിരുവനന്തപുരത്തു വഞ്ചിയൂർ അത്തിയറപ്പോററിയുടെ കൂടെ കുറേനാൾ ആശ്രിത

വൃത്തിയിൽ കഴിച്ചു. ഒരു ദിവസം രാത്രി മഹാരാജാവു് അമൃതേത്തു കഴിച്ചതു പോററിയുടെ ഇല്ലത്തിൽ ആയിരുന്നു. നിലവിളക്കിലെ ദീപം അല്പം മങ്ങുന്നതു കണ്ടു മഹാരാജാവു് ആ വിളക്കിലൊന്നു നോക്കി. തൽക്ഷണം രാമയ്യൻ കാര്യം മനസ്സിലാക്കി വിളക്കിനു സമീപം ചെന്നു്, അതിൽ കത്തിക്കാതെയിട്ടിരുന്ന ഒരു തിരി എടുത്തു കത്തിച്ചു്, ഇടത്തുകൈയ്യിൽ വച്ചിട്ടു വലത്തുകൈകൊണ്ടു വിളക്കിലെ തിരിയിലുണ്ടായിരുന്ന കരി കളഞ്ഞു ദീപം തെളിച്ചു. അതിനുശേഷം കൈയ്യിൽ കൊളുത്തിവച്ചിരുന്ന തിരി വിളക്കിലിട്ടു് രാമയ്യൻ പൂർവസ്ഥാനത്തു പോയി നിന്നു. തന്റെ ഹിതം നോട്ടത്തിൽ നിന്നു് അറിഞ്ഞു യാതൊരു പരുങ്ങലും കൂടാതെ വേണ്ടും മുൻകരുതലോടെ തിരി നീട്ടിയ രാമയ്യൻ സമർത്ഥനാണെന്നു് മഹാരാജാവിനു തോന്നി. അടുത്ത ദിവസം മുതൽ മഹാരാജാവു രാമയ്യനു കൊട്ടാരത്തിൽ ഒരു ചെറിയ ഉദ്യോഗം കൊടുത്തു. വലിയ വിദ്യാഭ്യാസമൊന്നും രാമയ്യനു് ഇല്ലായിരുന്നു. എന്നാൽ ബുദ്ധിസാമർത്ഥ്യം, കൃത്യനിഷ്ഠ മുതലായവ നിമിത്തം അദ്ദേഹത്തിനു പടിപടിയായി ഉദ്യോഗക്കയററങ്ങൾ കിട്ടി. താണുപിള്ള എന്ന ദളവാ മരിച്ചപ്പോൾ രാമയ്യനെ ദളവായാക്കി. പിന്നീടു മരണംവരെ— ഏകദേശം ൨൦ വർഷത്തോളം — അദ്ദേഹം ദളവാ ആയിരുന്നു.

൨. രാമയ്യന്റെ സേവനങ്ങൾ

സൈനികവിദ്യാഭ്യാസമൊന്നുമില്ലായിരുന്നെങ്കിലും കാര്യങ്ങൾ വേഗം കണ്ടു് മനസ്സിലാക്കുന്നതിനും പഠിക്ക

ന്നതിനും ഉള്ള സാമർത്ഥ്യംമൂലം രാമയ്യൻ ഒരു നല്ല യോദ്ധാവും സേനാനായകനുമായി. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്തെ എല്ലാ യുദ്ധങ്ങളിലും അന്നു—കൊല്ലവും കായംകുളവുമായുള്ള യുദ്ധങ്ങൾ, കുളച്ചൽയുദ്ധം, ചെമ്പകശ്ശേരി തെക്കുംകൂർ വടക്കുംകൂർ ഇവ രാജ്യങ്ങളുമായുള്ള യുദ്ധങ്ങൾ ഇതിലൊക്കെ—രാമയ്യനു വലുതായ പങ്കു് ഉണ്ടായിരുന്നു. പുറക്കാട്ടു യുദ്ധത്തിനുശേഷം, കരപ്പുറം പിടിച്ചുകൊണ്ടു, രാമയ്യനും പട്ടാളവും കൊച്ചിയിലേക്കു പാഞ്ഞുകയറി. മഹാരാജാവു തിരിച്ചു വിളിച്ചില്ലെങ്കിൽ കൊച്ചിയും അദ്ദേഹം പിടിച്ചടക്കുമായിരുന്നു. എപ്പോൾ യുദ്ധംചെയ്യണം, എപ്പോൾ വേണ്ടാ എന്നു് അദ്ദേഹത്തിനറിയാമായിരുന്നു. ചിലപ്പോൾ ശത്രുക്കളെ പണം കൊടുത്തു വശത്താക്കാനും അദ്ദേഹം മടിച്ചിരുന്നില്ല.

യുദ്ധത്തിലെന്നതുപോലെ ഭരണസംബന്ധമായ കാര്യങ്ങളിലും രാമയ്യൻ നിപുണനായിരുന്നു. മാവേലിക്കരെ വച്ചു ഡച്ചുകാരുമായി നടന്ന ഉടമ്പടിയിൽ തിരുവിതാംകൂറിനെ പ്രതിനിധീകരിച്ചതു രാമയ്യനായിരുന്നു. രാജ്യത്തെ മുതലെടുപ്പു വർദ്ധിപ്പിക്കുന്നതിനു പുതിയ മാറ്റങ്ങൾ (മുളകുമടിശ്ശീല, കണ്ടെഴുത്തു്) നടപ്പാക്കിയതിലും രാമയ്യനു പങ്കു് ഉണ്ടു്. ചുരുക്കത്തിൽ തിരുവിതാംകൂർ വലുതാക്കുന്നതിനും, രാജ്യത്തു സമാധാനം സ്ഥാപിക്കുന്നതിനും, പുതിയ പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിനും എല്ലാം മാർത്താണ്ഡവർമ്മ മഹാരാജാവിനെ രാമയ്യൻ വിശ്വാസപൂർവ്വം സേവിച്ചുവെന്നു സ്മരിക്കണം.

൩. രാമയ്യന്റെ മരണം

ഒടുവിൽ രാമയ്യനു മാവേലിക്കരെവെച്ചു ഭയങ്കരമായ മസൂരി രോഗം ബാധിച്ചു. താൻ മരിച്ചുപോകുമെന്നു രാമയ്യനു മനസ്സിലായി. സുഖക്കേടു കലശലാണെന്നറിഞ്ഞു മഹാരാജാവു് ഇളയരാജാവിനെ മാവേലിക്കരെയ്ക്കയച്ചു. രാമയ്യനു വല്ലതും ആഗ്രഹമുണ്ടെങ്കിൽ സാധിച്ചു കൊടുക്കാമെന്നും പറഞ്ഞിരുന്നു. എന്നാൽ അദ്ദേഹത്തിനു് ഒന്നും ചോദിക്കാനുണ്ടായിരുന്നില്ല. മഹാരാജാവിന്റെ ഭൃത്യനായ താൻചെയ്ത യത്നങ്ങളെല്ലാം കേവലം തന്റെ കർത്തവ്യമാണെന്നും, മരിക്കാറായ ഈ അവസരത്തിൽ ഒരു മനസ്താപമുള്ളതു് കൊച്ചിരാജ്യംകൂടി പിടിച്ചടക്കാൻ കഴിഞ്ഞില്ലല്ലോ എന്നുള്ളതാണെന്നും രാമയ്യൻ പറഞ്ഞയച്ചു. ഇങ്ങനെയായിരുന്നു മഹാനായ ഈ ദളവായുടെ അവസാനം.

ചോദ്യങ്ങൾ

൧. പ്രധാനപ്പെട്ട ആളുകൾ

പപ്പുത്തമ്പി
ആടിച്ചൻ തമ്പി } കുഞ്ചുത്തമ്പിമാർ

അഴകപ്പമുതലിയാർ— തമ്പിമാരെ സഹായിക്കാൻ പാണ്ടിയിൽനിന്നും വന്ന ആൾ

ഡിലനോയി— (വലിയകപ്പിത്താൻ) കുളച്ചൽ യുദ്ധത്തിൽ തടവുകാരനായി പിടിച്ച ആൾ

കുഞ്ചൻ നമ്പ്യാർ	}	അന്നത്തെ
രാമപുരത്തു വാര്യർ	}	പ്രധാന കവികൾ

൨. പ്രധാന സംഭവങ്ങൾ:—

൧. ആററിങ്ങൽ ഭരണം നേരിട്ടേറെറടുത്തതു്

൨. കുളച്ചൽ യുദ്ധം—ഇളയെടത്തു സ്വരൂപം തിരുവിതാംകൂറിനോടു ചേർത്തു

൩. മാവേലിക്കര ഉടമ്പടി

൪. കായംകുളം കീഴടക്കിയതു്

൫. ചെമ്പകശ്ശേരി, തെക്കുംകൂർ, വടക്കുംകൂർ ഈ രാജ്യങ്ങൾ കീഴടക്കിയതു്

൬. കരപ്പുറം പിടിച്ചടക്കിയതു് — പുറക്കാട്ടു യുദ്ധം

൭. കൊച്ചിയുമായുള്ള യുദ്ധം

൮. സാമൂതിരിയുമായുള്ള യുദ്ധം

൯. തൃപ്പടിദാനം

൧൦. ആദ്യത്തെ മുറജപം

൩. ചോദ്യങ്ങൾ

൧. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്തു മലബാറിലുണ്ടായിരുന്ന പ്രധാന രാജ്യങ്ങൾ ഏവ?

൨. മാർത്താണ്ഡവർമ്മമഹാരാജാവു് രാജ്യഭാരം കൈകയേററപ്പോൾ നേരിടേണ്ടിവന്ന പ്രധാന വിഷമങ്ങൾ ഏവ?

൩. കേരളത്തിന്റെ ഒരു പടം വരച്ചു് അക്കാലത്തെ പ്രധാന രാജ്യങ്ങൾ അടയാളപ്പെടുത്തുക.

൪. മാർത്താണ്ഡവർമ്മ മഹാരാജാവും ഡച്ചുകാരും തമ്മിൽ നടന്ന യുദ്ധത്തിന്റെ കാരണങ്ങൾ ഏവ?

൫. കുളച്ചൽ യുദ്ധത്തിലെ കക്ഷികൾ ആരെല്ലാം? ആ യുദ്ധത്തിനുശേഷം ഉണ്ടായ ഉടമ്പടി എന്താണു്? കുളച്ചൽ യുദ്ധത്തിന്റെ ഫലങ്ങൾ എഴുതുക.

൬. പുറക്കാട്ടു യുദ്ധത്തിന്റെ പ്രാധാന്യം എന്തു്?

൭. മാർത്താണ്ഡവർമ്മ മഹാരാജാവിനു മുമ്പു വേണാടിന്റെ അതിർത്തി ഏതായിരുന്നു? അദ്ദേഹം കീഴടക്കിയ പ്രധാന രാജ്യങ്ങൾ ഏവ? "ആധുനിക തിരുവിതാംകൂറിന്റെ സ്രഷ്ടാവു്" എന്നു് അദ്ദേഹത്തെ വിളിക്കാൻ കാരണം എന്തു്?

൮. തിരുവിതാംകൂറിനു താഴെപ്പറയുന്ന സ്ഥലങ്ങൾ എങ്ങനെ ലഭിച്ചു?

(൧) കൊട്ടാരക്കര (൨) കായംകുളം (൩) കോട്ടയം (൪) വൈക്കം.

൯. തൃപ്പടിദാനം എന്നാൽ എന്തു്? ഇതു് ആരു് എപ്പോൾ എന്തിനായി നടത്തി? ഇതിന്റെ പ്രാധാന്യം എന്തു്?

൧൦. നമ്മുടെ മഹാരാജാക്കന്മാരെ ശ്രീപത്മനാഭദാസൻ എന്നു് വിളിക്കുന്നതു് എന്തുകൊണ്ടു്?

൧൧. മുതലെടുപ്പു വർദ്ധിപ്പിക്കുന്നതിനു് മാർത്താണ്ഡവർമ്മ മഹാരാജാവു സ്വീകരിച്ച മാർഗ്ഗങ്ങൾ ഏവ?

൧൨. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്തെ പ്രധാന മലയാള കവികൾ ആരെല്ലാം? അവരെപ്പററി ഓരോ ചെറിയ ഖണ്ഡിക എഴുതുക.

൧൩. കുഞ്ചൻ നമ്പ്യാർ എഴുതിയ നാലു തുള്ളൽ കഥകളുടെ പേർ പറയുക.

൧൪. മരണസമയത്തു മാർത്താണ്ഡവർമ്മ മഹാരാജാവു യുവരാജാവിനു നൽകിയ ഉപദേശങ്ങൾ ഏവ?

൧൫. രാമയ്യൻ ദളവായുടെ സേവനം ഏതെല്ലാം വിധത്തിൽ രാജ്യത്തിനു പ്രയോജനപ്പെട്ടു.

അദ്ധ്യായം ൪

ധർമ്മരാജാവ്

(൯൩൩—൯൭൩)

സിംഹാസനാരോഹണം

മാർത്താണ്ഡവർമ്മമഹാരാജാവു നാടുനീങ്ങിയപ്പോൾ അദ്ദേഹത്തിന്നു് അമ്പത്തിമൂന്നു വയസ്സേ പ്രായം ഉണ്ടായിരുന്നുള്ളു. അതിന്നുശേഷം രാജ്യം ഭരിച്ചതു് കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവാണു്. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്തുതന്നെ കാർത്തികതിരുനാൾ ഭരണകാര്യങ്ങളിൽ പങ്കെടുത്തിരുന്നു. പ്രധാന യുദ്ധങ്ങളിലെല്ലാം അദ്ദേഹം ഭാഗഭാക്കായി. രാജാവാകുന്നതിന്നു മുൻപുതന്നെ ഇങ്ങനെ കാർത്തികതിരുനാൾ മഹാരാജാവിന്നു രാജ്യകാര്യങ്ങളിലെല്ലാം പരിചയം ഉണ്ടായി. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ശിക്ഷണത്തിലും, മേൽനോട്ടത്തിലുമാണു് അവിടുന്നു വളർന്നതു്. അതുകൊണ്ടു് അമ്മാവന്റെ ശ്രേഷ്ഠഗുണങ്ങളെല്ലാകെ അനന്തരാവകാശിയായ രാജകുമാരനിലും പ്രതിഫലിച്ചു.

ബാല്യകാലത്തെപ്പററിയുള്ള ചില കഥകൾ.

ബാല്യത്തിൽ ഇദ്ദേഹം ഒരിക്കൽ ശത്രുക്കളുടെ കൈയ്യിൽപ്പെട്ടു. മാതാവായ ആററിങ്ങൽ തമ്പുരാട്ടിയും, പിതാവായ കിളിമാനൂർ കോയിത്തമ്പുരാനുംകൂടെ

ധർമ്മരാജാവു്

ഇദ്ദേഹത്തേയുംകൊണ്ടു് തിരുവല്ലായിൽനിന്നു് ആററിങ്ങലേക്കു പോകയായിരുന്നു. ചെങ്ങന്നൂരിനടുത്തു ബുധനൂർ പാടത്തിൽ എത്തിയപ്പോൾ അവരെ വധിക്കാൻ ശത്രുക്കൾ ഒരുങ്ങിനില്ക്കുന്ന വിവരം കോയിത്തമ്പുരാനു് അറിവായി. കായംകുളം രാജാവിന്റെ ഭൃത്യന്മാരായിരുന്നു അവർ. ധീരനായ അദ്ദേഹം ഉടൻ തന്നെ തമ്പുരാട്ടിയെയും രാജകുമാരന്മാരെയും അടുത്തുള്ള ഒരു ഗ്രാമത്തിലേക്കു് അയച്ചു. പിന്നീടു് അദ്ദേഹം മേനാവിൽ കയറി ശത്രുക്കളുടെ നേർക്കു പുറപ്പെട്ടു. ശത്രുക്കൾ മേനാവിനെ വളഞ്ഞു. കോയിത്തമ്പുരാൻ ശത്രുക്കളോടു ധൈര്യസമേതം യുദ്ധം ചെയ്തു. ശത്രുക്കൾ എണ്ണത്തിൽ വളരെക്കൂടുതലുണ്ടായിരുന്നതു നിമിത്തം അദ്ദേഹം വീരസ്വർഗ്ഗം പ്രാപിച്ചു. ധീരനായ കോയിത്തമ്പുരാൻ ഇങ്ങനെ രാജകുടുംബത്തെ രക്ഷിച്ചു.

യുവരാജാവായിരുന്നപ്പോഴും കാർത്തികതിരുനാൾ പല ആപത്തിലും അകപ്പെട്ടിട്ടുണ്ടു്. ഇദ്ദേഹത്തിനു് ഏകദേശം പതിനെട്ടു വയസ്സു് ഉണ്ടായിരുന്നപ്പോൾ വേണാടു കായംകുളവുമായി യുദ്ധം ചെയ്തു കൊണ്ടിരുന്നു. ശത്രുക്കളുടെ രഹസ്യം അറിയുന്നതിനായി അദ്ദേഹം ഒരു പട്ടാണിയുടെ വേഷം ധരിച്ചു ഹിന്ദുസ്ഥാനിയും സംസാരിച്ചുകൊണ്ടു തിരുവനന്തപുരത്തുനിന്നു തിരിച്ചു. കായംകുളത്തു ചെന്നപ്പോൾ ആരും അദ്ദേഹത്തെ സംശയിച്ചില്ല. അതിനാൽ കോട്ടയ്ക്കകത്തു കടക്കാൻ അദ്ദേഹത്തിനു സാധിച്ചു. കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ തിരുവിതാംകൂറിൽ നിന്നു തന്റെ രാജ

ധാനിയിൽ എത്തോ ചാരൻ വന്നതായി കായംകുളം രാജാവിനു സംശയം ജനിച്ചു. അതിനാൽ തന്റെ അനുവാദം കൂടാതെ ആരെയും കോട്ടയ്ക്കു പുറത്തു വിടരുതെന്നു അദ്ദേഹം കല്പിച്ചു. ദുഷ്ടമൃഗങ്ങളുടെ നടുവിലകപ്പെട്ട കലമാനെപ്പോലെ ആയി രാജകുമാരന്റെ നില. ഒടുവിൽ അദ്ദേഹത്തിനു സമയോചിതമായ ഒരു ബുദ്ധി തോന്നി. കായംകുളം രാജാവിന്റെ തേവാരക്കാരൻ (പുരോഹിതൻ) ഇളങ്ങല്ലൂർ നമ്പൂരി ആയിരുന്നു. രാജകുമാരൻ നമ്പൂരിയെക്കണ്ടു വിവരമെല്ലാം രഹസ്യമായി അറിയിച്ചു. താമസിയാതെ ആ നമ്പൂരി കായംകുളം രാജാവിന്റെ അടുക്കൽ ചെന്നു തന്റെ അമ്മയ്ക്കു സുഖക്കേടു കലശലാണെന്നും അതിനാൽ ഇല്ലത്തേക്കു് അടിയന്തിരമായി പോകാൻ അനുവദിക്കണമെന്നും അറിയിച്ചു. രാജാവു് അതു സമ്മതിച്ചു. അതനുസരിച്ചു നമ്പൂരി ചങ്ങലവട്ടകയും കൊളുത്തിപ്പിടിച്ചു ഒരു ഭൃത്യനോടുകൂടി കോട്ടയ്ക്കു പുറത്തു കടന്നു. ഭൃത്യന്റെ വേഷമെടുത്തതു രാജകുമാരനായിരുന്നു.

പ്രായമായപ്പോൾ രാമവർമ്മ ഇളയതമ്പുരാൻ ഒരു നല്ല സേനാനായകനായി. കായംകുളം യുദ്ധത്തിലും പുറക്കാട്ടു യുദ്ധത്തിലും അദ്ദേഹം തിരുവിതാംകൂർ സേനയെ നയിച്ചു.

മരണം

സിംഹാസനാരോഹണം ചെയ്തപ്പോൾ കാർത്തിക തിരുനാളിനു് മുപ്പത്തിനാലുവയസ്സു പ്രായമുണ്ടായിരുന്നു.

തിരുവിതാംകൂറിന്റെ വളർച്ച

നാല്പതുവൎഷം അദ്ദേഹം രാജ്യം ഭരിച്ചു. ഇത്ര ദീൎഘകാലം രാജ്യം ഭരിച്ച രാജാക്കന്മാർ വഞ്ചിരാജവംശത്തിൽ അധികമില്ല. അദ്ദേഹം എഴുപത്തിനാലു വയസ്സുവരെ ജീവിച്ചിരുന്നു. അതിനാൽ അദ്ദേഹത്തെ കിഴവൻ രാജാവെന്നും വിളിക്കാറുണ്ടു്. എന്നാൽ ധൎമ്മരാജാവു് എന്ന പേരിലാണു് അദ്ദേഹം പരക്കെ അറിയപ്പെടുന്നതു്. അദ്ദേഹം ഈശ്വരഭക്തനും ഔദാൎയ്യവും സത്യസന്ധനും ശാന്തനും ആയിരുന്നു. തിരുമേനി ആശ്രിതന്മാൎക്കു് കല്പവൃക്ഷമായിരുന്നു. ഒരു മാതൃകാ ഹിന്ദുരാജാവായിരുന്നു അദ്ദേഹം. അവിടത്തെ ധൎമ്മപ്രതിപത്തിയും ദാനശീലവും പ്രസിദ്ധമാണു്. ഇക്കാരണങ്ങളാലാണു് ധൎമ്മരാജാവെന്നു് അദ്ദേഹത്തെ ജനങ്ങൾ വിളിക്കുന്നതു്.

തിരുവിതാംകൂർ ഇന്നത്തെ രൂപം പ്രാപിച്ചതു ധൎമ്മരാജാവിന്റെ കാലത്താണു്. അദ്ദേഹമാണു് ആലങ്ങാട്ടു്, പറവൂർ ഈ താലൂക്കുകൾ തിരുവിതാംകൂറിനോടു ചേൎത്തതു്. അതുപോലെതന്നെ കളക്കാട്ടു് കൎണ്ണാറ്റിക്കു് നവാബിനു വിട്ടുകൊടുത്തു് ചെങ്കോട്ടയും കന്യാകുമാരിയും പകരം വാങ്ങിയതും ഇദ്ദേഹത്തിന്റെ കാലത്തായിരുന്നു.

മാൎത്താണ്ഡവൎമ്മ മഹാരാജാവു പല രാജ്യങ്ങളും വെട്ടിപ്പിടിച്ചു. പക്ഷെ ഭരണകൂടത്തെ പൂൎണ്ണമായി സംഘടിപ്പിച്ചതു ധൎമ്മരാജാവത്രെ. മഹാന്മാരായ രണ്ടു ദളവാമാരുടെ സേവനങ്ങൾ അദ്ദേഹത്തിനു ലഭിച്ചു—അയ്യപ്പൻ മാൎത്താണ്ഡപ്പിള്ളയുടേയും, രാജാ

കേശവദാസന്റെയും. ഇതിൽ അയ്യപ്പൻ മാർത്താണ്ഡപ്പിള്ള രാമയ്യന്റെ കാലശേഷം മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്തുതന്നെ ദളവാ ആയിരുന്നു.

തിരുവിതാംകൂർ അന്നു് ഇംഗ്ലീഷുകാരുമായി വളരെ സ്നേഹത്തിൽ വർത്തിച്ചിരുന്നു. ധർമ്മരാജാവു് ഈ സ്നേഹബന്ധത്തെ ഒരു ഉടമ്പടിമൂലം—ശാശ്വതസഖ്യം എന്നാണു് അതിനു പേർ—ദൃഢപ്പെടുത്തി. ധർമ്മരാജാവിന്റെ രാജ്യതന്ത്രജ്ഞത ഈ സംഗതികൊണ്ടു നല്ലവണ്ണം തെളിയുന്നുണ്ടു്.

തിരുവിതാംകൂറിനു ധർമ്മരാജാവിന്റെ കാലത്തു് ഒരു വലിയ ആപത്തു് ഉണ്ടായി. ദൈവാധീനത്താൽ ഈ രാജ്യം അതിൽനിന്നു രക്ഷപ്പെട്ടു. ടിപ്പുവിന്റെ ആക്രമണമായിരുന്നു അതു്. തെക്കേ ഇൻഡ്യയിലെ അന്നത്തെ ഏററവും പ്രബലനായ രാജാവായിരുന്നു ടിപ്പു. ഒരു ചെറിയ രാജ്യമായ തിരുവിതാംകൂർ ആ മൈസൂർ കടുവായെ കാലൊടിച്ചു വിട്ടു എന്നതു് നമുക്കു് എത്രയോ അഭിമാനകരമാണു്.

അമ്മാവനെപ്പോലെ അനന്തരവനും കലാകാരന്മാർക്കു് ആശ്രയകേന്ദ്രം ആയിരുന്നു. ബാല്യം മുതൽ അദ്ദേഹം മലയാളവും സംസ്കൃതവും പഠിച്ചു് ഓരോ സാഹിത്യകൃതികളുടെയും ഗുണദോഷങ്ങൾ ഗ്രഹിച്ചു. ഹിന്തുസ്ഥാനി, പേർഷ്യൻ മുതലായ ഭാഷകളും അദ്ദേഹം ചെറുപ്പത്തിൽ തന്നെ പഠിച്ചു. ഇംഗ്ലീഷും പോർട്ടുഗീസും പ്രായമായ ശേഷമാണു പഠിച്ചതു്. സംസ്കൃതത്തിലും മലയാളത്തിലും അദ്ദേഹം ഗ്രന്ഥ

ങ്ങൾ എഴുതിയിട്ടുണ്ട്. കുഞ്ചൻനമ്പ്യാർ, ധർമ്മരാജാവിന്റെയും ആശ്രിതനായിരുന്നു. രാജസദസ്സിലെ മറെറാരു മഹാകവി ഉണ്ണായിവാര്യരായിരുന്നു. അദ്ദേഹം കൊച്ചിയിൽനിന്നും ഇവിടെ വന്നതാണ്. നമുക്കു കഥകളി വളരെ ഇഷ്ടമാണല്ലോ. നമ്മുടെ ഒരു വലിയ കലാസമ്പത്താണ് അത്. കഥകളിയുടെ വൈശിഷ്ട്യം ഇന്ന് ലോകരെല്ലാം സമ്മതിക്കുന്നു. ആട്ടക്കഥകളിൽ ഏററവും വിശേഷപ്പെട്ടത് നളചരിതമാണ്. നളചരിതത്തിലെ പാട്ടുകൾ ചൊല്ലിക്കേൾക്കാൻ വളരെ സുഖമുള്ളവയാണ്. ധർമ്മരാജാവിനു കഥകളി വലിയ ഇഷ്ടമായിരുന്നു. അദ്ദേഹം ചില നല്ല ആട്ടക്കഥകൾ ഉണ്ടാക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രോത്സാഹനത്തിന്റെ ഫലമായി അക്കാലത്തു കഥകളി വളരെ അഭിവൃദ്ധിപ്പെട്ടു.

ഒരു വലിയ ഹിന്ദുമതഭക്തനായിരുന്നുവെങ്കിലും മററു മതക്കാരോടു ധർമ്മരാജാവു കാരുണ്യപൂർവ്വം പെരുമാറി. നാല്പതു വർഷം വളരെ ശ്രേയസ്സോടെ രാജ്യം ഭരിച്ചശേഷം ഈ പുണ്യശ്ലോകൻ തൊള്ളായിരത്തി എഴുപത്തുമൂന്നാമാണ്ടു ശിവരാത്രി ദിവസം പരലോകപ്രാപ്തനായി.

ധർമ്മരാജാവിന്റെ വിശ്വസ്തസചിവന്മാർ അയ്യപ്പൻ മാർത്താണ്ഡപ്പിള്ളയും, രാജാകേശവദാസനുമായിരുന്നല്ലോ. നമുക്ക് അവരെപ്പററിയും, ധർമ്മരാജാവിന്റെ കാലത്തെ സംഭവങ്ങളെപ്പററിയും പഠിക്കാം.

അയ്യപ്പൻമാർത്താണ്ഡപ്പിള്ള

സാമൂതിരിയുമായുള്ള യുദ്ധം:— മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലശേഷം കൊച്ചിരാജ്യത്തിലെ പല ഭാഗങ്ങളും കോഴിക്കോട്ടു സാമൂതിരി കൈവശപ്പെടുത്തി. കൊച്ചിരാജ്യം മുഴുവൻ തന്നെ അദ്ദേഹം പിടിച്ചടക്കുമെന്ന മട്ടായി. സാമൂതിരിയോടു തനിച്ചു് എതിരിടാൻ കൊച്ചിക്കു ശക്തിയില്ലായിരുന്നു. അതിനാൽ കൊച്ചിയിലെ രാജാവു ശുചീന്ദ്രത്തു വന്നു തിരുവിതാംകൂറുമായി ഒരു ഉടമ്പടി ചെയ്തു. ശുചീന്ദ്രംക്ഷേത്രത്തിൽ വച്ചായിരുന്നു ഇതു നടന്നതു്. ഇതനുസരിച്ചു തിരുവിതാംകൂർ രാജവംശവുമായി എന്നെന്നും സ്നേഹമായിരിക്കാമെന്നും കരപ്പുറം, ആലങ്ങാട്, പറവൂർ ഇവയെ സംബന്ധിച്ചു സകല അവകാശങ്ങളും ഒഴിഞ്ഞിരിക്കുന്നുവെന്നും കൊച്ചി സമ്മതിച്ചു. സാമൂതിരി കൊച്ചിരാജ്യത്തിൽ നിന്നു പിടിച്ചടക്കിയിരുന്ന ഭാഗങ്ങളെ വീണ്ടെടുക്കാൻ വേണ്ട സഹായം ചെയ്യാമെന്നു മഹാരാജാവും ഏററു.

ശുചീന്ദ്രംഉടമ്പടിയനുസരിച്ചു മഹാരാജാവു് അയ്യപ്പൻമാർത്താണ്ഡപ്പിള്ളയുടെയും ഡിലനായിയുടെയും കീഴിൽ ഒരു സൈന്യത്തെ വടക്കോട്ടയച്ചു. സാമൂതിരിയുടെ സൈന്യം തോറേറാടി. ചേലക്കരവച്ചു് അവസാനമായി ആ സൈന്യത്തെ തിരുവിതാംകൂർ സേന തോല്പിച്ചു. സാമൂതിരിക്കു സ്വന്തം രാജ്യം കൂടി നഷ്ടപ്പെടുമോ എന്നു ഭയമായി. അതിനാൽ അദ്ദേഹം സമാധാനത്തിനപേക്ഷിച്ചു. കരുണാനിധിയായ മഹാരാജാവു് അതു സമ്മതിച്ചു. അതിൻപ്രകാരം പത്മനാഭ

പുറത്തു വച്ചു തിരുവിതാംകൂറും സാമൂതിരിയുമായി ഒരു ഉടമ്പടി നടന്നു. തിരുവിതാംകൂറുമായി ഇഷ്ടമായിരുന്നുകൊള്ളാമെന്നും യുദ്ധച്ചെലവുകൾ കൊടുക്കാമെന്നും സാമൂതിരി സമ്മതിച്ചു. മേലാൽ കൊച്ചിയെ ഉപദ്രവിക്കയില്ലെന്നും അദ്ദേഹം ഏററു

തന്റെ രാജ്യങ്ങൾ തിരിച്ചു കിട്ടിയതിലുണ്ടായ സന്തോഷം നിമിത്തം കൊച്ചിരാജാവു് അയ്യപ്പൻ മാർത്താണ്ഡപ്പിള്ളയ്ക്കു സമ്മാനമായി പുത്തൻചിറ എന്ന പ്രദേശം കൊടുത്തു. രാജ്യസ്നേഹിയായ ദളവയാകട്ടെ, ആ പ്രദേശം തിരുവിതാംകൂറിനോടു ചേർത്തതേയുള്ളു. സാമൂതിരിയുമായുണ്ടായ യുദ്ധത്തിന്റെ ഫലമായി ഇങ്ങനെ ഒരു പുതിയ സ്ഥലവും തിരുവിതാംകൂറിനു ലഭിച്ചു.

നെടുംകോട്ട കെട്ടിച്ചതു്

തിരുവിതാംകൂറിനെ വടക്കുനിന്നുമുള്ള ആക്രമണങ്ങളിൽ നിന്നും രക്ഷിക്കുന്നതിനു നിർമ്മിച്ച കോട്ടയാണു നെടുംകോട്ട എന്നു പറയുന്നതു്. മൈസൂറിൽ അന്നു ഹൈദരുടെ ശക്തി വർദ്ധിച്ചുവന്നു. അയ്യപ്പൻമാർത്താണ്ഡപ്പിള്ളയും ഡിലനായിയും ഈ കോട്ടയുണ്ടാക്കുന്നതിൽ മേൽനോട്ടം വഹിച്ചു.

പരിഷ്കാരങ്ങൾ

ആറു വർഷം അയ്യപ്പൻ മാർത്താണ്ഡപ്പിള്ള ദളവയായിരുന്നു. ഈ ചുരുങ്ങിയ കാലത്തെ സേവനങ്ങൾകൊണ്ടു് തിരുവിതാംകൂറിലെ ദളവാമാരിൽ ഉന്നത-

മായ ഒരു സ്ഥാനത്തിന് അദ്ദേഹം അവകാശം നേടി. കുഞ്ചൻനമ്പ്യാരുടെ തുള്ളൽക്കഥകളിൽ പലെടത്തും അദ്ദേഹത്തെപ്പററിയുള്ള പ്രശംസകൾ ഉണ്ട്. അന്ന ഒരു മററു ദളവാമാരുടെ കാര്യമൊന്നും കാണുന്നുമില്ല. മാർത്താണ്ഡപ്പിള്ളയുടെ അസാമാന്യമായ യോഗ്യതകൾക്ക് ഇതു് ഒരു നല്ല തെളിവാണ്. യുദ്ധത്തിലും ഭരണകാര്യങ്ങളിലും അദ്ദേഹം നിപുണനായിരുന്നു. ഭരണസൌകര്യത്തിനായി അദ്ദേഹം രാജ്യത്തെ തെക്കേ മുഖം, വടക്കേ മുഖം, പടിഞ്ഞാറേ മുഖം എന്നു മൂന്നായി ഭാഗിച്ചു. ഓരോ വിഭാഗവും ഓരോ വലിയ സർവാധികാര്യക്കാരുടെ കീഴിൽ ആയിരുന്നു.

മദ്ധ്യതിരുവിതാംകൂറിനെ അദ്ദേഹം പല വിധത്തിലും അഭിവൃദ്ധിപ്പെടുത്തി. കായംകുളം രാജാവിന്റെ വാസസ്ഥലമായിരുന്ന കൃഷ്ണപുരത്തു പുതുതായി ഒരു കോട്ടയുണ്ടാക്കി. കൊല്ലത്തുനിന്നു പുറക്കാട്ടേക്ക് ഒരു പുതിയ റോഡു വെട്ടി. നീണ്ടകരയ്ക്കടുത്തു് ഉപയോഗശൂന്യമായി കിടന്ന വളരെ സ്ഥലങ്ങൾ നികത്തി തെങ്ങിൻതോപ്പുകളാക്കി. ഈ സ്ഥലത്തെ ദളവാപുരം എന്നു വിളിച്ചു വരുന്നു. വക്കലെ പല പ്രകാരത്തിലും നന്നാക്കി ഒരു ചെറിയ പട്ടണത്തിന്റെ സകല ലക്ഷണങ്ങളും അവിടെ ഉണ്ടാക്കി. കൃഷിയും കച്ചവടവും അഭിവൃദ്ധിപ്പെടുത്തുന്നതിനു് അദ്ദേഹം വേണ്ടതു ചെയ്തു.

ഡി ലനായിയുടെ ചരമം—൯൨൫

ഉദയഗിരിക്കോട്ടയ്ക്കകത്തു് ഒരു ശവകുടീരം ഇന്നും കാണാം. അലങ്കാരങ്ങളോ കോലാഹലങ്ങളോ ഒന്നും അവിടെ ഇല്ല. അവിടെയുള്ള നിരാഡംബരമായ

ശവകുടീരത്തിൽ ലാററിൻഭാഷയിൽ ഒരു രേഖ കൊത്തി വച്ചിരിക്കുന്നു. അതിന്റെ സാരം ഇതാണ്. "തിരുവിതാംകൂറിലെ സേനാനായകനും മുപ്പത്തേഴു വഷത്തോളം മഹാരാജാവിനെ വിശ്വസ്തതയോടും ഭക്തിയോടും സേവിച്ചു കായംകുളം മുതൽ കൊച്ചി വരെയുള്ള രാജ്യങ്ങൾ പിടിച്ചടക്കുന്നതിനു നിസ്സ്വാർത്ഥമായി അവിടത്തെ സഹായിച്ച ആളും ആയ യൂസ്റ്റേഷ്യസ് ബെനിഡിക്റ്ററസ് ഡിലനായിയുടെ ഭൗതികാവശിഷ്ടങ്ങൾ ഇവിടെ അടക്കംചെയ്തിരിക്കുന്നു." തിരുവിതാംകൂർ ചരിത്രം അല്പമെങ്കിലും അറിയാവുന്നവർക്കു വികാരമൂകരാകാതെ അവിടം കാണ്മാൻ സാദ്ധ്യമല്ല.

൧. പ്രധാനപ്പെട്ട ചരിത്രപുരുഷന്മാർ
അയ്യപ്പൻമാർത്താണ്ഡപ്പിള്ള—രാമയ്യൻദളവ
ഡിലനായി

൨. പ്രധാന സംഭവങ്ങൾ
ശുചീന്ദ്രം ഉടമ്പടി—കൊച്ചീരാജാവുമായി.
സാമൂതിരിയുമായി യുദ്ധം
പത്മനാഭപുരം ഉടമ്പടി — സാമൂതിരിയുമായി
നെടുംകോട്ട കെട്ടിച്ചത്

൩. ചോദ്യങ്ങൾ
(൧) കിളിമാനൂർ കോയിത്തമ്പുരാൻ ചെയ്ത വീരപ്രവൃത്തി എന്ത്?

(൬.) കായംകുളം കോട്ടയിൽ നിന്നും രാമവർമ്മ യുവരാജാവു രക്ഷപ്രാപിച്ചതെങ്ങനെ?

(൭.) കാർത്തികതിരുനാൾ മഹാരാജാവിനു ധർമ്മരാജാവു് എന്ന പേർ എങ്ങനെ സിദ്ധിച്ചു?

(൮.) സാമൂതിരിയുമായി തിരുവിതാംകൂർ യുദ്ധത്തിൽ ഏർപ്പെട്ടതു് എന്തിനു്? ആ യുദ്ധത്തിൽ തിരുവിതാംകൂർ സേനയെ നയിച്ചതു് ആരായിരുന്നു? ആ യുദ്ധം അവസാനിച്ചപ്പോൾ ഉണ്ടാക്കിയ സന്ധി ഏതു്? അതിലെ വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു?

(൯.) തിരുവിതാംകൂറിനു പുത്തൻചിറ, കന്യാകുമാരി ഇവ എങ്ങനെ കിട്ടി?

(൰.) നെടുംകോട്ട എവിടെയാണു്? ഇതു് ആരു്, എപ്പോൾ എന്തിനായി കെട്ടിച്ചു?

(൧.) അയ്യപ്പൻമാർത്താണ്ഡപ്പിള്ളയുടെ കാലത്തു നടന്ന പ്രധാന പരിഷ്കാരങ്ങൾ ഏവ?

രാജാ കേശവദാസൻ

തെക്കൻതിരുവിതാംകൂറിലുള്ള കുന്നത്തൂർ ഗ്രാമത്തിലാണു കേശവദാസൻ ജനിച്ചതു്. അദ്ദേഹത്തിന്റെ മാതാപിതാക്കന്മാർ വളരെ ദരിദ്രരായിരുന്നു. അമ്മയ്ക്കു പത്മനാഭപുരം കൊട്ടാരത്തിൽ അടിച്ചുതളിയായിരുന്നു ജോലി. കേശവപിള്ള ജനിച്ചതു മേടമാസം പത്താമുദയത്തിനായിരുന്നു. അദ്ദേഹത്തിന്റെ പിതാവു

രാജാ കേശവദാസൻ

മരിക്കുന്നതിനു മുൻപു ഭാര്യയെ വിളിച്ച് ഇങ്ങനെ പറഞ്ഞു. "കേശവന്റെ ജാതകം വളരെ വിശേഷമാണ്. നീ അവനെ ശരിയായി വളർത്തണം." നിർദ്ധനയായ അമ്മയുടെ ശിക്ഷണത്തിൽ കേശവൻ വളർന്നു വന്നു. അഞ്ചാമത്തെ വയസ്സിൽ ഒരു ആശാന്റെ അടുക്കൽ ബാലനെ എഴുത്തിന് ഇരുത്തി. പഠിത്തത്തിൽ കാണിച്ച ജാഗ്രതയും സ്വഭാവവിശേഷവും കണ്ടിട്ട് ആശാൻ കേശവനെ പ്രതിഫലം കൂടാതെ പഠിപ്പിച്ചു. കണക്കിൽ അദ്ദേഹത്തിന് അസാമാന്യമായ വാസന ഉണ്ടായിരുന്നു.

പന്ത്രണ്ടാമത്തെ വയസ്സിൽ കേശവപിള്ള ഉപജീവനമാർഗ്ഗം അന്വേഷിച്ചു തിരുവനന്തപുരത്തേക്കു തിരിച്ചു. വഴിക്കു പൂവാർ എന്ന സ്ഥലത്തുവച്ചു പോക്കു മൂസാ മരയ്ക്കാർ എന്ന മഹമ്മദീയവർത്തകനെ പരിചയമായി. മരയ്ക്കാർ കേശവപിള്ളയെ ഒരു കണക്കെഴുത്തുപിള്ളയായി നിയമിച്ചു. സത്യസന്ധതയും ശേഷിയും നിമിത്തം വളരെ വേഗത്തിൽ കേശവപിള്ള ആ കച്ചവടക്കാരന്റെ സ്നേഹവിശ്വാസങ്ങൾക്കു പാത്രമായി.

പോക്കുമൂസാ മുതലാളി ഒരു ദിവസം ധർമ്മരാജാവിനെ മുഖം കാണിക്കാൻ പോയി. അപ്പോൾ കേശവപിള്ളയും കൂടെ ഉണ്ടായിരുന്നു. മുഖം കാണിച്ചതു ഒരു ദിവസം രാത്രിയിലായിരുന്നു. മഹാരാജാവു വളരെ നേരം ഓരോ കാര്യങ്ങളെപ്പറ്റി പോക്കുമൂസായുമായി സംസാരിച്ചുകൊണ്ടിരുന്നു. ഇതിനിടയിൽ കേശവ

പിള്ള കൊട്ടാരത്തിലെ മുഖപ്പിൽ കിടന്നുറങ്ങിപ്പോയി. കച്ചവടക്കാരൻ വിടചോദിച്ചു തിരിച്ചുപോയപ്പോൾ കേശവപിള്ളയെ വിളിക്കാൻ വിട്ടുപോയി. അടുത്ത പ്രഭാതത്തിൽ മഹാരാജാവു് ഉണൎന്നു പുറത്തേക്കു വന്നപ്പോൾ കണികണ്ടതു കേശവപിള്ളയെ ആയിരുന്നു. അൎദ്ധനഗ്നനായി കിടന്നിരുന്ന ആ ഊരും പേരും ഇല്ലാത്ത പയ്യനെ കണി കണ്ടതുകൊണ്ടു വല്ല ദോഷവും നേരിട്ടേക്കുമെന്നു മഹാരാജാവു ഭയപ്പെട്ടു. ആ യുവാവിനെ പിടിച്ചു തടവിലിടുവാൻ കല്പനയായി. എന്നാൽ അല്പനേരത്തിനുള്ളിൽ വിലപിടിച്ച സാമാനങ്ങളോടുകൂടി ഒരു കപ്പൽ തുറമുഖത്തെത്തിയിരിക്കുന്നു എന്ന സന്തോഷവാൎത്ത മഹാരാജാവിനു കിട്ടി. ഉടൻതന്നെ അദ്ദേഹം കേശവപിള്ളയ്ക്കു കൊട്ടാരത്തിൽ ഒരു ചെറിയ ജോലി കൊടുത്തു.

സ്വഭാവഗുണവും കാൎയ്യശേഷിയും നിമിത്തം കേശവപിള്ളയ്ക്കു് അടിക്കടി ഉദ്യോഗക്കയറ്റങ്ങൾ കിട്ടി. അദ്ദേഹത്തെ കൊട്ടാരം സമ്പ്രതിയായും പിന്നീടു വലിയ സൎവ്വാധികാൎയ്യക്കാരനായും നിയമിച്ചു. ടിപ്പു തിരുവിതാംകൂർ ആക്രമിക്കാൻ തുടങ്ങിയപ്പോൾ മഹാരാജാവു് ആലുവായിൽവച്ചു് ഈശ്വരപ്രീതിക്കായി ഒരു യജ്ഞം നടത്തി. കേശവപിള്ളയ്ക്കായിരുന്നു അതിന്റെ മേൽനോട്ടം. വേണ്ടപോലെ പണം ഇല്ലാതിരുന്നിട്ടും കേശവപിള്ളയുടെ സാമൎത്ഥ്യംകൊണ്ടു് യാതൊരു കുറവും വീഴ്ചയും ഉണ്ടായില്ല. അതിനാൽ മഹാരാജാവിനു കേശവപിള്ളയോടു് മുമ്പേ തന്നെയുണ്ടായിരുന്ന തൃപ്തി

വളരെ വൎദ്ധിച്ചു. ദളവാ ഉദ്യോഗം ഒഴിവു വന്നപ്പോൾ ഉന്നതമായ ആ സ്ഥാനത്തിൽതന്നെ നിയമിച്ചു. കേശവപിള്ള ആയുധമുറകൾ ശീലിച്ചിരുന്നു. കച്ചവടസംബന്ധമായ കാൎയ്യങ്ങളിലും അദ്ദേഹത്തിനു നല്ല നിശ്ചയമുണ്ടായിരുന്നു. അതുകൊണ്ട് ഇംഗ്ലീഷുകാർ, ഡച്ചുകാർ മുതലായവരുമായി എഴുത്തുകുത്തുകൾ ചെയ്യുകയും അവരുമായി അദ്ദേഹം പരിചയപ്പെടുകയും ചെയ്തു. മഹാരാജാവിന്റെ സമ്മതത്തോടുകൂടി ദളവ എന്ന പേർ മാററി, പകരം ദിവാൻ എന്ന പേരു് കേശവപിള്ള സ്വീകരിച്ചു. കേശവപിള്ളയാണ് തിരുവിതാംകൂറിലെ ആദ്യത്തെ ദിവാൻ.

ടിപ്പുവുമായുള്ള യുദ്ധം

കാരണങ്ങൾ

മൈസൂറിലെ അധിപനായിരുന്ന ഹൈദരാലിക്കു തിരുവിതാംകൂർ പിടിച്ചടക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. ഹൈദർ പലതവണ മലബാർ ആക്രമിച്ചു. തിരുവിതാംകൂർ ആക്രമിക്കുന്നതിന് ഹൈദരിനു സമയം കിട്ടിയില്ല. ഹൈദരാലിഖാന്റെ മരണശേഷം മകനായ ടിപ്പു മൈസൂറിലെ സുൽത്താനായി. തിരുവിതാംകൂർ തന്റെ കീഴിൽ വരുത്തണമെന്ന് സുൽത്താനു വലുതായ ആഗ്രഹം ഉണ്ടായി. ടിപ്പുവിന്റെ അധികാരത്തിൻ കീഴിലിരുന്നുകൊള്ളാമെന്നു കൊച്ചി സമ്മതിച്ചു. എന്നാൽ ധൎമ്മരാജാവു് ടിപ്പുവിന്റെ ഭീഷണി വകവച്ചില്ല.

ടിപ്പു മലബാർ ആക്രമിച്ചപ്പോൾ അനേകം രാജാക്കന്മാരും പ്രഭുക്കന്മാരും ധൎമ്മരാജാവിനെ അഭയം

പ്രാപിച്ചു. അവരെ വിട്ടുകൊടുക്കണമെന്നു ടിപ്പു ആവശ്യപ്പെട്ടതു മഹാരാജാവു വകവച്ചില്ല. ഇതും ടിപ്പുവിനു രസിച്ചില്ല.

തിരുവിതാംകൂർ ഇംഗ്ലീഷുകാരുടെ ബന്ധുഭാവത്തിൽ വർത്തിച്ചിരുന്നു. അവരുടെ ബദ്ധശത്രുക്കളായ ഫ്രെഞ്ചുകാരുമായിട്ടായിരുന്നു ടിപ്പുവിന്റെ കൂട്ടുകെട്ട്. ഇംഗ്ലീഷുകാരെ ഇൻഡ്യയിൽനിന്നു തുരത്തണമെന്നു ടിപ്പു ആഗ്രഹിച്ചു. വടക്കെ അതിർത്തിയിൽ മഹാരാജാവ് രണ്ടു കമ്പനി ഇംഗ്ലീഷു പട്ടാളങ്ങളെ കാവലിന് ഏർപ്പെടുത്തി. ഇംഗ്ലീഷുകാരുമായുള്ള തിരുവിതാംകൂറിന്റെ ഈ ബന്ധുത ടിപ്പുവിനു തീരെ രസിച്ചില്ല.

കൊടുങ്ങല്ലൂരും ആയക്കോട്ടയും വടക്കുനിന്നും തിരുവിതാംകൂറിലേക്കുള്ള രണ്ടു വാതിലുകൾ പോലെയായിരുന്നു. അന്ന് ഡച്ചുകാരുടെ കൈവശമായിരുന്നു ആ സ്ഥലങ്ങളും അവിടത്തെ കോട്ടകളും. ടിപ്പു ആ സ്ഥലങ്ങൾ വാങ്ങാൻ ഡച്ചുകാരുമായി ആലോചന നടത്തിവരവെ, കേശവപിള്ള ഗൂഢമായി അവ തിരുവിതാംകൂറിനായി വാങ്ങിച്ചു. ഇതു ടിപ്പുവിന്റെ വിരോധം വർദ്ധിപ്പിച്ചു. അയാളുടെ വാദങ്ങളെല്ലാം മഹാരാജാവു തള്ളിക്കളകയും ചെയ്തു.

ടിപ്പുവിന്റെ ആദ്യത്തെ ആക്രമണം :— ഒരു വലിയ സൈന്യത്തോടുകൂടി ടിപ്പു തിരുവിതാംകൂർ ആക്രമിച്ചു. തിരുവിതാംകൂർ സൈന്യം ആകട്ടെ വളരെ ചെറുതായിരുന്നു. കേശവപിള്ള സേനാ

നായകത്വം വഹിച്ചു. നെടുംകോട്ടയുടെ കിഴക്ക് അടുത്തുള്ള ചില ഭാഗങ്ങൾ ടിപ്പു പിടിച്ചു. തിരുവിതാംകൂർ സൈന്യം ശത്രുസൈന്യത്തെ ലക്ഷ്യമാക്കി വെടിവച്ചു. സുൽത്താന്റെ സൈന്യനിരയിൽ വല്ലാത്ത കുഴപ്പമായി. കിടങ്ങിൽ വീണ് ടിപ്പുവിന്റെ കാലൊടിഞ്ഞു. അദ്ദേഹം ഒരു തരത്തിൽ ജീവനും കൊണ്ടു രക്ഷപ്പെട്ടു. സുൽത്താന്റെ വാൾ, പല്ലക്ക്, മോതിരം, മുദ്ര, ഇവയെല്ലാം തിരുവിതാംകൂർ പട്ടാളക്കാർ കൈവശപ്പെടുത്തി.

നെടുംകോട്ട നശിപ്പിച്ചത്

രോഷത്തോടുകൂടി ടിപ്പു വീണ്ടും വന്ന് നെടുംകോട്ട ആക്രമിച്ചു. അതു നിശ്ശേഷം നശിപ്പിക്കുമെന്നു സുൽത്താൻ ശപഥം ചെയ്തു. സുൽത്താൻ തന്നെ ആദ്യം മൺവെട്ടിയും ഏന്തിക്കൊണ്ടു മുമ്പോട്ടിറങ്ങി. പലരും സുൽത്താനെ അനുകരിച്ചു. നെടുംകോട്ട ഇടിച്ചു നിരത്തി. അനന്തരം മൈസൂർ സൈന്യം തിരുവിതാംകൂറിന്റെ വടക്കൻ പ്രദേശങ്ങളിൽ പാഞ്ഞുകയറി കൊള്ളചെയ്തു. ഇംഗ്ലീഷുകാർ ഈ അവസരങ്ങളിൽ സംശയിച്ചു നിന്നതേ ഉള്ളു. തിരുവിതാംകൂറിനെ അവർ സഹായിച്ചില്ല.

ടിപ്പുവിന്റെ പിൻമാറ്റങ്ങൾ

നെടുംകോട്ട നശിപ്പിച്ച ശേഷം സുൽത്താൻ സൈന്യസമേതം തെക്കോട്ടു യാത്ര തുടർന്ന് ആലുവാ വരെ എത്തി. പെരിയാററിലെ മണൽപ്പുറത്തു പാളയ

മടിച്ചു. അതിന്ന് അല്പം മുകളിൽ കൃഷികാര്യ ങ്ങൾക്കായി വലിയ ഒരു അണയിട്ടു വെള്ളം കെട്ടി നിറുത്തിയിരുന്നു. ബുദ്ധിമാന്മാരായ ചില തിരു വിതാംകൂർ ഭടന്മാർ രഹസ്യമായി ഈ അണ വെട്ടി മുറിച്ചു. വെള്ളം ഇരമ്പിപ്പാഞ്ഞു. ആലുവായിൽ പെട്ടെന്നു വെള്ളപ്പൊക്കമായി. ടിപ്പുവിന്റെ പാള യവും യുദ്ധസാമഗ്രികളുമെല്ലാം കവിഞ്ഞൊഴുകിയ ജല ത്തിനടിയിലായി. സുൽത്താന്റെ അസംഖ്യം ഭട ന്മാർ നശിച്ചു. അയാൾ തന്നെ വളരെ വിഷമിച്ചു രക്ഷപ്പെട്ടു

ഇതിനിടയിൽ ഇംഗ്ലീഷുകാർ ടിപ്പുവുമായി യുദ്ധം പ്രഖ്യാപനം ചെയ്തു. ബ്രിട്ടീഷു സൈന്യം ടിപ്പുവിന്റെ തലസ്ഥാനം പിടിക്കാൻ പുറപ്പെട്ടു. സ്വന്ത രാജ്യം രക്ഷിക്കാൻ ടിപ്പു അങ്ങോട്ടു പോയി. തിരുവിതാംകൂർ സേന ടിപ്പുവിനെ അനുധാവനം ചെയ്തു പല നാശ ങ്ങളും ഉണ്ടാക്കി. യുദ്ധത്തിൽ ജയിക്കുന്നതിന്ന് ഇംഗ്ലീഷു കാരെ തിരുവിതാംകൂർ സൈന്യം വേണ്ടും വണ്ണം സഹായിച്ചു.

യുദ്ധാവസാനം

യുദ്ധം അവസാനിച്ചപ്പോൾ ടിപ്പു പിടിച്ചടക്കിയ കുന്നത്തുനാട്ട്, ആലങ്ങാട്ട്, പറവൂർ എന്നീ മൂന്നു താലൂക്കുകളും തിരുവിതാംകൂറിന്നു തിരിച്ചു കിട്ടി. ടിപ്പു വിന്റെ ആക്രമണകാലത്തു മലബാറിൽ അനേകം രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും വസ്തുവകകളും അധി

കാരങ്ങളും മററം നഷ്ടപ്പെട്ടുപോയി. ഇവ ശരിപ്പെടുത്തുന്നതിന്ന ബ്രിട്ടീഷുകാർ തിരുവിതാംകൂർ മഹാരാജാവിന്റെ സഹായം അപേക്ഷിച്ചു. മഹാരാജാവു് അതനുസരിച്ചു കേശവപിള്ളയെ മലബാറിലേക്കു് അയച്ചു. ഓരോ രാജാവിന്റം ജന്മികളും ഉള്ള ഭൂസ്വത്തു്, അവകാശങ്ങൾ മുതലായവ കേശവപിള്ള അന്വേഷിച്ചു തിട്ടപ്പെടുത്തി. കേശവപിള്ളയുടെ തീരുമാനം എല്ലാപേർക്കും സ്വീകാര്യമായിരുന്നു. അദ്ദേഹത്തിന്റെ ജോലി കണ്ടു തൃപ്തരായി ഇംഗ്ലീഷുകാർ അദ്ദേഹത്തിന്നു് "രാജാ" എന്ന സ്ഥാനം കൊടുത്തു.

ഇംഗ്ലീഷുകാരുമായി ഉടമ്പടി (ശാശ്വതസഖ്യം) ൧൮൦൫

യുദ്ധത്തിന്റെ കരിനിഴലുകൾ നീങ്ങിയപ്പോൾ ഇരുകൂട്ടരുടെയും നന്മയ്ക്കായി തിരുവിതാംകൂറും ഇംഗ്ലീഷുകാരുമായി ഒരു ഉടമ്പടി ഉണ്ടാക്കി. ഇതിനെ ശാശ്വതസഖ്യം എന്നു പറയുന്നു.

ഈ ഉടമ്പടി അനുസരിച്ചു് ഇംഗ്ലീഷുകാർ തിരുവിതാംകൂറിനെ പുറമെനിന്നുള്ള ശത്രുക്കളിൽ നിന്നു രക്ഷിക്കാമെന്നേററു. അതിലേക്കു തിരുവിതാംകൂറിൽ ഒരു ഇംഗ്ലീഷുസൈന്യത്തെ പാർപ്പിച്ചു. അതിന്റെ ചെലവു് തിരുവിതാംകൂർ ആണ്ടുതോറും കമ്പനിക്കു കൊടുത്തുകൊള്ളാമെന്നു സമ്മതിച്ചു. ശാശ്വതസന്ധിയിലെ ഏററവും പ്രധാനമായ വ്യവസ്ഥ ഇതാണു്.

മററാന്നു്, ഇംഗ്ലീഷുകാർ അല്ലാതുള്ള യൂറോപ്യന്മാരോടു തിരുവിതാംകൂർ സഖ്യംചെയ്കയില്ല എന്നുള്ളതാണു്.

ഈ പ്രമാണം തുല്യംചാർത്തിയപ്പോൾ മഹാരാജാവിനു് എഴുപത്തിമൂന്നു വയസ്സു് ഉണ്ടായിരുന്നു. രാജ്യത്തിൻെറയും രാജകുടുംബത്തിൻെറയും രക്ഷയ്ക്കു് ഈ ശാശ്വതസഖ്യം ഉപകരിക്കുമെന്നുള്ള വിശ്വാസം മഹാരാജാവിനു് അന്ത്യഘട്ടത്തിൽ വളരെ സമാധാനം നല്കി.

പരിഷ്കാരങ്ങൾ

നാട്ടിൻെറയും നാട്ടാരുടെയും നന്മയ്ക്കും അഭിവൃദ്ധിക്കുമായി കേശവപിള്ള പല പരിഷ്കാരങ്ങളും ഏർപ്പെടുത്തി. ഒന്നാമതായി കച്ചവടം വർദ്ധിപ്പിക്കാൻ ശ്രമിച്ചു. കുളച്ചൽ, വിഴിഞ്ഞം, പൂന്തുറ ഈ തുറമുഖങ്ങൾ നന്നാക്കി അവിടെയെല്ലാം പണ്ടകശാലകൾ സ്ഥാപിച്ചു. ഇന്നു തിരുവിതാംകൂറിലെ നല്ല തുറമുഖം ആലപ്പുഴയാണു്. കേശവപിള്ളയുടെ കാലത്തിനു മുൻപു് അവിടം വെറും മണൽക്കാടായിരുന്നു. അവിടെ അന്നു വലിയ കച്ചവടക്കാരോ, ആപണവീഥികളോ ഒന്നും തന്നെ ഇല്ലാതെ ശൂന്യമായി കിടന്നിരുന്നു. ഇന്നു ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു വലിയ പട്ടണവും തിരുവിതാംകൂറിലേക്കു വലിയ കച്ചവട കേന്ദ്രവുമാണു് ആലപ്പുഴ. ഈ സ്ഥലത്തിൻെറ മാഹാത്മ്യം കേശവപിള്ള മനസ്സിലാക്കി അവിടെ ഒരു തുറമുഖം പണിചെയ്തു. സിൻഡു്, കച്ച് മുതലായ സ്ഥലങ്ങളിൽ നിന്നും കച്ചവടക്കാരെ വരുത്തി അവിടെ താമസിപ്പിച്ചു. കടൽക്കച്ചവടത്തെ പുഷ്ടിപ്പെടുത്താ-

നായി മൂന്നു കപ്പൽ പണിയിച്ചു. കൃഷിയും കച്ചവടവും അഭിവൃദ്ധിപ്പെടുത്താനായി പല തോടുകളും റോഡുകളും വെട്ടിച്ചു. തിരുവനന്തപുരത്തു ചാലക്കമ്പോളം പുതുക്കി വലുതാക്കിയതും കേശവപിള്ളയത്രേ.

തിരുവിതാംകൂറിൽ നെയ്ത്തുവ്യവസായത്തിന്റെ പ്രധാനകേന്ദ്രം കോട്ടാറാണ്. ഇതിന്റെ അഭ്യുദയത്തിന്റെ കാരണക്കാരനും കേശവപിള്ളയാണ്. അദ്ദേഹം മധുരയിൽ നിന്നും തിരുനെൽവേലിയിൽ നിന്നും സമർത്ഥന്മാരായ നെയ്ത്തുകാരെ വരുത്തി കോട്ടാറിൽ സ്ഥിരമായി പാർപ്പിച്ചു. സ്വർണ്ണനാണയങ്ങളും വെള്ളിനാണയങ്ങളും അടിപ്പിച്ചു പ്രചരിപ്പിക്കയും ചെയ്തു.

പുണ്യശ്ലോകനായ കാർത്തികതിരുനാൾ മഹാരാജാവിനെയും അദ്ദേഹത്തിന്റെ സമർത്ഥനായ മന്ത്രിയായ കേശവദാസനെയും കൃതജ്ഞതയോടെ തിരുവിതാംകൂറുകാർ സ്മരിക്കുന്നു. കേശവദാസനെ വലിയ ദിവാൻജി എന്നു വിളിച്ചു ബഹുമാനിച്ചു വരുന്നു.

പ്രധാനപ്പെട്ട ചരിത്രപുരുഷന്മാർ

൧. ഹൈദരാലി— ടിപ്പുവിന്റെ പിതാവ്— മലബാർ രണ്ടു പ്രാവശ്യം ആക്രമിച്ചു.

൨. ടിപ്പു—മൈസൂർ സുൽത്താൻ— രാമവർമ്മ മഹാരാജാവിന്റെ കാലത്തു തിരുവിതാംകൂർ ആക്രമിച്ചു.

൩. കാൺവാലീസു പ്രഭു—അന്നത്തെ ഗവർണർ ജനറൽ.

൫. രാജാ കേശവദാസ് — ടിപ്പുവിനെതിരായി തിരുവിതാംകൂർ സേനയെ നയിച്ച ദിവാൻ.

പ്രധാനസംഭവങ്ങൾ

൧.	കൊടുങ്ങല്ലൂർ കോട്ടയും ആയക്കോട്ടയും ഡച്ചുകാരുടെ കൈയ്യിൽ നിന്നും വാങ്ങിയതു്	കേശവദാസ്

൨. നെടുംകോട്ട നശിപ്പിച്ചതു്—ടിപ്പു

൩. ടിപ്പുവിൻെറ പലായനം.

൪. മൂന്നാം മൈസൂർ യുദ്ധം — കോൺവാലിസ് പ്രഭു.

൫. ശാശ്വതസഖ്യം—തിരുവിതാംകൂറും ഇംഗ്ലീഷുകാരുമായി.

൬. ആലപ്പുഴ തുറമുഖം സ്ഥാപിച്ചതു് കേശവദാസ്.

ചോദ്യങ്ങൾ

൧. തിരുവിതാംകൂറും ടിപ്പുവുമായിനടന്ന യുദ്ധങ്ങൾക്കു കാരണം എന്തു്?

൨. കേശവപിള്ള കൊടുങ്ങല്ലൂരും ആയക്കോട്ടയും എപ്പോൾ ആരുടെ പക്കൽ നിന്നും എന്തിനായി വാങ്ങിച്ചു?

൩. ടിപ്പുവിനെ തിരുവിതാംകൂർ എങ്ങനെ തോല്പിച്ചു? ടിപ്പുവുമായി നടന്ന യുദ്ധത്തിൻെറ ഫലങ്ങൾ എഴുതുക.

൪. കേശവദാസനു 'രാജാ' സ്ഥാനം ആരു കൊടുത്തു? എന്തിനായി?

൭. തിരുവിതാംകൂർ ശാശ്വതഉടമ്പടിയിൽ ഇംഗ്ലീഷുകാരുമായി എപ്പോൾ എന്തിനായി ചേർന്നു? അതിലെ പ്രധാന വ്യവസ്ഥകൾ ഏവ? തിരുവിതാംകൂറിനു് അതിൽനിന്നു് എന്തു ഗുണം സിദ്ധിച്ചു?

൮. വലിയ ദിവാൻജി ആരാണു്?

൯. കേശവപിള്ള ദിവാൻ തിരുവിതാംകൂറിലെ കച്ചവടവും വ്യവസായവും എങ്ങനെ അഭിവൃദ്ധിപ്പെടുത്തി?

അദ്ധ്യായം ൬

ബാലരാമവർമ്മ മഹാരാജാവു്

(൯൭൩—൯൮൫)

രാജാകേശവദാസനെ ഉദ്യോഗത്തിൽനിന്നു നീക്കിയതു്—അദ്ദേഹത്തിന്റെ അന്ത്യസേവനം

സിംഹാസനാരോഹണം ചെയ്തപ്പോൾ അവിട്ടം തിരുനാൾ ബാലരാമവർമ്മ മഹാരാജാവിനു് ൧൫ വയസ്സു പ്രായമേ ഉണ്ടായിരുന്നുള്ളു. ചെറുപ്പമായിരുന്നതിനാൽ ഭരണകാര്യങ്ങളിൽ അദ്ദേഹത്തിനു പരിചയം പോരായിരുന്നു. അതിനാൽ കാര്യങ്ങൾ എല്ലാം നോക്കിവന്നതു ചില സേവകന്മാരായിരുന്നു. ഇവരിൽ പ്രധാനി ജയന്തൻ ശങ്കരൻ നമ്പൂരി എന്നൊരാളായിരുന്നു. ഈ നമ്പൂരിക്കു ദിവാൻ ആകണമെന്നു് അതിമോഹം ഉണ്ടായി. രാജാകേശവദാസനെപ്പററി അയാൾ പല ഏഷണികളും കള്ളങ്ങളും കെട്ടിച്ചമച്ചു മഹാരാജാവിനെ കേൾപ്പിച്ചു. ശുദ്ധഗതിക്കാരനായ മഹാരാജാവു് അതെല്ലാം അപ്പടി വിശ്വസിച്ചു.

ഇതിനിടയിൽ കരപ്പുറം കൊച്ചിരാജാവിനു വിട്ടുകൊടുത്തിരിക്കുന്നതായി മഹാരാജാവിനെക്കൊണ്ടു് ഒരു തിരുവെഴുത്തു് ഒപ്പിടുവിച്ചു് ജയന്തൻനമ്പൂരി അതു തോട്ടപ്പായി നമ്പൂരി വശം കൊച്ചിരാജാവിനു കൊടുത്തയച്ചു. കേശവപിള്ള ഈ വിവരം എങ്ങനെയോ

അറിഞ്ഞു. മിന്നൽവേഗത്തിൽ അദ്ദേഹം നമ്പൂരിയെ പിന്തുടർന്നു. പരവൂരിനു സമീപംവച്ചു നമ്പൂരിയെ കാണുകയും തിരുവെഴുത്തു കൈയ്യിലാക്കുകയും ചെയ്തു. ഈ വിധത്തിൽ രാജ്യം കൊടുത്തുകളയരുതെന്നു കണ്ണീരോടുകൂടി അപേക്ഷിച്ചുകൊണ്ടു മന്ത്രിസത്തമനായ കേശവദാസൻ ആ പ്രമാണം മഹാരാജാവിന്റെ തൃപ്പാദങ്ങളിൽ സമർപ്പിച്ചു.

ഇതിനുശേഷം ഒരു ദിവസം മൂപ്പിലത്തെ മഹാരാജാവിന്റെ പല്ലക്കിൽ കയറി നമ്പൂരി തെരുവീഥികളിൽക്കൂടി ഒരു ഘോഷയാത്ര നടത്തി. രാജഭക്തന്മാരായ ജനങ്ങൾക്കു ഇതു് അസഹ്യമായിരുന്നു. കേശവദാസൻ നമ്പൂരിയെ പല്ലക്കിൽനിന്നും ഇറക്കി കഠിനമായി താക്കീതുചെയ്തു. അതിനു കിട്ടിയ ഫലമോ? കേശവദാസനെ ജോലിയിൽനിന്നും നീക്കിയിരിക്കുന്നതായി കല്പനയായി. അദ്ദേഹത്തെ അതനുസരിച്ചു സ്വന്തം വീട്ടിൽ ബന്ധനത്തിലാക്കുകയും ചെയ്തു. ഒരു ദിവസം രാവിലെ കേശവദാസൻ മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു. നമ്പൂരിയുടെ പ്രേരണയാൽ ഏതോ ശത്രുക്കൾ അദ്ദേഹത്തെ വിഷംകൊടുത്തു കൊന്നതാണെന്നു വിശ്വസിച്ചുവരുന്നു. ഇങ്ങനെയായിരുന്നു മഹാനായ ആ മന്ത്രിസത്തമന്റെ ശോകമയമായ അവസാനം.

നമ്പൂരിയുടെ ദുർഭരണം

അനന്തരം ശങ്കരൻനമ്പൂരി അടക്കി വാഴാനു തുടങ്ങി. രാജ്യകാര്യങ്ങൾ നടത്തുന്നതിനുവേണ്ട ബുദ്ധിസാമർത്ഥ്യമോ പരിചയമോ അദ്ദേഹത്തിനു ഒട്ടുംതന്നെ

ഇല്ലായിരുന്നു. തക്കല ശങ്കരനാരായണൻചെട്ടി, മാത്തു തരകൻ എന്നീ രണ്ടു പേരായിരുന്നു നമ്പൂരിയുടെ പ്രധാന ഉപദേഷ്ടാക്കൾ. അവരെല്ലാവരും ചേർന്ന് പല കടുംകൈകളെല്ലാം ചെയ്തു. സാധുക്കളെ ഉപദ്രവിച്ചു. കേശവദാസന്റെ വസ്തുവകകൾ കണ്ടുകെട്ടി. ജനങ്ങൾ അന്ന് അനുഭവിച്ച സങ്കടത്തിന് അതിരില്ല.

വേലുത്തമ്പി അധികാരത്തിൽ വന്നത്

വേലുത്തമ്പി ഇരണിയൽ 'തലക്കുളത്ത്'' എന്ന പ്രസിദ്ധമായ നായർപ്രഭുകുടുംബത്തിലെ അംഗമായിരുന്നു. തമ്പിയുടെ പൂർവികന്മാരിൽ പലരും ഉയർന്ന ഉദ്യോഗങ്ങൾ വഹിച്ചിരുന്നു. ധനംകൊണ്ടും പ്രതാപംകൊണ്ടും അന്നത്തെ മികച്ച ഒരു കുടുംബമായിരുന്നു തലക്കുളം. ചെറുപ്പത്തിലേ തമ്പി ആയുധാഭ്യാസത്തിൽ സമർത്ഥനായിരുന്നു. ആയിടയ്ക്കു കൊട്ടാരംവക ചില ആഭരണങ്ങൾ മോഷണംപോയി. നല്ല ബുദ്ധിയും തന്റേടവും ഉണ്ടായിരുന്ന വേലുത്തമ്പി ഈ മോഷണം തെളിയിച്ച് ആഭരണങ്ങൾ മഹാരാജാവിനു വീണ്ടുകൊടുത്തു. സാമർത്ഥ്യവും ശേഷിയുംമൂലം തമ്പിക്ക് ഉദ്യോഗക്കയറ്റങ്ങൾ കിട്ടി. വേലുത്തമ്പി ഇങ്ങനെ ഒരു കാര്യക്കാരായിരുന്നപ്പോഴാണ് (ഇപ്പോഴത്തെ തഹസിൽദാരുദ്യോഗം) കേശവദാസൻ മരിച്ചതും ജയന്തൻശങ്കരൻ നമ്പൂരി ദളവയായതും.

നമ്പൂരി അടക്കിവിചാരമായപ്പോൾ (ദളവയുടെ ജോലി ഏറ്റെടുത്തപ്പോൾ) ഖജനാവിൽ പണം വളരെ

കാരമായിരുന്നു. പണമുണ്ടാക്കാൻ നമ്പൂരിയും കൂട്ടുകാരും ഒരു എളുപ്പവഴികണ്ടു പിടിച്ചു. പ്രജകളിൽ ഓരോരുത്തരും അവരുടെ സ്വത്തിന്റെ കണക്കനുസരിച്ചു് ഓരോ സംഖ്യ കൊടുക്കണമെന്നു് ഒരു പുതിയ നിയമം ഏർപ്പെടുത്തിയതായിരുന്നു അതു്. പണം കൊടുക്കുന്നതിനു മടിച്ചുവരെയും കഴിവില്ലാത്തവരെയും മുക്കാലിയിൽ കെട്ടി അടിക്കുക, തടവിലിടുക മുതലായ കഠിനശിക്ഷകൾക്കു വിധേയരാക്കി. ഇതുകൊണ്ടു ജനങ്ങൾക്കു് ഉണ്ടായ സങ്കടം ഇത്രമാത്രം എന്നു പറയേണ്ടതില്ലല്ലോ. തെക്കൻ തിരുവിതാംകൂറിൽനിന്നു പണം കൊടുക്കാത്തതിനു നമ്പൂരിയുടെ മുമ്പിൽ ഹാജരാക്കപ്പെട്ട കുടിയാനവന്മാരിൽ ഒരാൾ വേലുത്തമ്പിയായിരുന്നു. തമ്പി ൩൦൦൦ പണം കൊടുക്കണമെന്നായിരുന്നു നമ്പൂരിയുടെ തീരുമാനം. മൂന്നുദിവസത്തെ അവധി തമ്പി ചോദിക്കയും, നമ്പൂരി അതു് അനുവദിക്കുകയും ചെയ്തു. സ്വദേശത്തു ചെന്നു തമ്പി നാട്ടുകാരെ വിളിച്ചുകൂട്ടി നമ്പൂരിയുടെ അക്രമങ്ങളെയും അഴിമതികളെയും പററി അവരെ മനസ്സിലാക്കി. ജനങ്ങൾ ക്ഷോഭിച്ചു വശായി. മൂന്നാം പക്കംതന്നെ തമ്പി തിരുവനന്തപുരത്തു ചെന്നു. ൩൦൦൦ പണമല്ല കൊണ്ടുചെന്നതു പിന്നെയോ, ആയുധപാണികളായ അസംഖ്യം ജനങ്ങളെയായിരുന്നു. അവർ തിരുവനന്തപുരത്തു കോട്ടവാതുക്കലെത്തി. ഭീരുവായ നമ്പൂരി അതു കണ്ടു കിടുകിടാ വിറച്ചു. ജനങ്ങളുടെ സങ്കടങ്ങൾ പരിഹരിക്കാമെന്നു മഹാരാജാവു സമ്മതിച്ചു. നമ്പൂരിയെ ജോലിയിൽനിന്നു മാററി നാട്ടുകടത്തണം

എന്നും, അയാളുടെ സഹായികളെ ചെവിചെത്തി തടവിൽ ഇടണമെന്നും, പ്രജകളിൽ ചുമത്തിയിരുന്ന അന്യായമായ കരങ്ങൾ നിറുത്തൽചെയ്യണമെന്നും മഹാരാജാവിനോടു ജനങ്ങൾ ആവശ്യപ്പെട്ടു. മഹാരാജാവു് ഇതെല്ലാം സമ്മതിക്കയും, അതനുസരിച്ചു പ്രവർത്തിക്കയും ചെയ്തു. വേലുത്തമ്പിയെ മുളകുമടിശ്ശീല വിചാരിപ്പായി (കച്ചവടസംബന്ധമായ കാര്യങ്ങളുടെ മേലാപ്പു്) നിയമിക്കയുംചെയ്തു. കുറെനാൾ കഴിഞ്ഞപ്പോൾ ദളവാസ്ഥാനം ഒഴിവുവന്നു. അപ്പോൾ അതിനു് എല്ലാംകൊണ്ടും അനുരൂപനായിരുന്ന വേലുത്തമ്പിയെ ആ സ്ഥാനത്തു നിയമിച്ചു.

വേലുത്തമ്പിയുടെ ഭരണം

വേലുത്തമ്പി എട്ടു വർഷക്കാലം തിരുവിതാംകൂർ ദളവാ ആയിരുന്നു. ഇതിൽ ആദ്യത്തെ അഞ്ചുവർഷക്കാലം അദ്ദേഹത്തിനു കാര്യമായി പലതും ചെയ്വാൻ കഴിഞ്ഞു. പിന്നീടുള്ള കാലം ബ്രിട്ടീഷു റെസിഡെൻറുമായുള്ള വഴക്കുമൂലം കലങ്ങിമറിഞ്ഞതായിരുന്നു. അക്രമങ്ങളും അനീതിയും വേരോടെ നശിപ്പിക്കുക, മുതലെടുപ്പു വർദ്ധിപ്പിക്കുക, രാജ്യത്തിൻെറ പ്രശസ്തി ഉയർത്തുക, ഇങ്ങനെ മൂന്നു സംഗതികളായിരുന്നു തമ്പിയുടെ പ്രധാന ലക്ഷ്യങ്ങൾ.

രാജ്യത്തിൽ നിയമവും സമാധാനവും സ്ഥാപിച്ചതു്

ആദ്യമായി വേലുത്തമ്പി രാജ്യത്തിൽ നിയമവും സമാധാനവും സ്ഥാപിക്കുന്നതിൽ ശ്രദ്ധിച്ചു. കേശവദാസൻെറ മരണശേഷം നാട്ടിൽ കൊള്ളയും കവർച്ചയും

അഴിമതികളും വർദ്ധിച്ചുവന്നു. വേലുത്തമ്പി ഈ സ്ഥിതികളെല്ലാം വളരെ വേഗത്തിൽ മാററി. അദ്ദേഹത്തിന്റെ ശിക്ഷാരീതി വളരെ കട്ടപ്പമായിരുന്നു. മുക്കാലിയിൽ കെട്ടി അടിക്കുക, അവയവങ്ങൾ ഛേദിക്കുക, കഴവിലേററുക, വൃക്ഷങ്ങളിൽ ചേർത്തു് ആണി തറയ്ക്കുക മുതലായ ശിക്ഷകൾ സാധാരണങ്ങളായിരുന്നു. സുഖവും വിശ്രമവും ആഗ്രഹിക്കാതെ തമ്പിതന്നെ രാജ്യമൊട്ടുക്കു സഞ്ചരിച്ചു കള്ളന്മാരെയും അഴിമതിക്കാരെയും ശിക്ഷിച്ചു. വേലുത്തമ്പിയുടെ നീതിനിഷ്ഠയും ശിക്ഷാരീതിയും കാണിക്കുന്നതിനു രണ്ടു് ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ഇരണിയലെ അന്നത്തെ ഒരു കണ്ടെഴുത്തുപിള്ള (പ്രവൃത്തിപ്പിള്ള) യായിരുന്ന മല്ലൻപിള്ള വേലുത്തമ്പിയുടെ അമ്മയെ സന്തോഷിപ്പിക്കാനായി, നല്ല കായ്ഫലമുള്ളതും തമ്പിയുടെ പുരയിടത്തിൽ നിന്നുള്ളതുമായ ഒന്നാം തരത്തിലുള്ള ഒരു തെങ്ങു് മൂന്നാം തരമായി കണ്ടെഴുതി. ഒരു ദിവസം വീട്ടിൽ ചെന്നു. അമ്മയെ വിളിച്ചു പല കാര്യങ്ങളും പറഞ്ഞുകൊണ്ടിരുന്നു. ഒന്നാം തരത്തിൽ പെട്ട ആ തെങ്ങു് മൂന്നാം തരമായി ചേർത്ത കാര്യം എങ്ങനെയോ അദ്ദേഹം അറിഞ്ഞു. ഉടൻതന്നെ അദ്ദേഹം കോപിച്ചു മല്ലൻപിള്ളയെ വിളിച്ചുവരുത്തി. അയാൾക്കു മാപ്പു കൊടുക്കണം എന്നു തമ്പിയുടെ മാതാവു് ആവുന്നതും പറഞ്ഞുനോക്കി. പക്ഷേ ഒരു ഫലവുമുണ്ടായില്ല. മല്ലൻപിള്ളയുടെ വിരലുകൾ മുറിക്കുന്നതിനു തന്നെ തമ്പി ഉത്തരവിട്ടു. ഇതിൽനിന്നും രാജ്യത്തെയോ ജനങ്ങ

ളെയോ വഞ്ചിച്ച് ഒരു കാശുപോലും തമ്പി സമ്പാദി ക്കാൻ ആഗ്രഹിച്ചില്ലെന്നു തെളിയുമല്ലോ.

വേറൊരു കഥ പറയാം. ഒരു ദിവസം ഒരു നമ്പൂരി ഇടവായ്ക്കു സമീപം വച്ചു തന്റെ ഒരു ചെല്ലവും അതി ലുണ്ടായിരുന്ന പണവും മോഷണംപോയതായി തമ്പി യെസങ്കടം അറിയിച്ചു. തമ്പി അപ്പോൾ കുളിക്കാൻ എണ്ണ തേച്ചിരിക്കയായിരുന്നു. കുളിക്കുന്നതിനുപോലും അദ്ദേഹം നിന്നില്ല. ഒരു തോർത്തെടുത്തു എണ്ണ തുടച്ചു കളഞ്ഞശേഷം അദ്ദേഹം ഇടവായ്ക്കു തിരിച്ചു. തമ്പി സ്ഥലത്തുചെന്നു ആളുകളെ വിളിച്ചുവരുത്തി ചോദിച്ചു. ആരും കുററം സമ്മതിച്ചില്ല. ഒരു വൃക്ഷത്തിന്റെ തണ ലിൽ ആയിരുന്നു കച്ചേരി നടത്തിയിരുന്നതു. ആരും കുററം സമ്മതിക്കുന്നില്ലെന്നു കണ്ടപ്പോൾ, അവരെ ഓരോരുത്തരെ പിടിച്ചു മരത്തിൽ തറയ്ക്കാൻ തമ്പി തന്റെ ഭടന്മാരോടു ആജ്ഞാപിച്ചു. രണ്ടുമൂന്നുപേരെ ഇങ്ങനെ തറച്ചുകഴിഞ്ഞപ്പോൾ മോഷ്ടിച്ചവൻ ചെല്ലവും പണവുംകൊണ്ടുവന്നു. ഇത്തരം ശിക്ഷകൾകൊണ്ടു തമ്പിയുടെ കാലത്തു പണം വഴിയിൽ ഇട്ടിരുന്നാൽ പോലും എടുക്കാൻ കള്ളന്മാരില്ലെന്ന നിലയായി. തമ്പിയെ ഭയപ്പെട്ടു സക്കാരുദ്യോഗസ്ഥന്മാർ കൈക്കൂലി യും അക്രമവുമൊക്കെ നിറുത്തി മയ്യാദക്കാരായി കഴിച്ചു.

കണ്ടെഴുത്തു

നിലം പുരയിടങ്ങൾ കണ്ടെഴുതിച്ചു ഉളവ പുതിയ കരം ഏപ്പെടുത്തി. ഉദ്യോഗസ്ഥന്മാർ സ്ഥലത്തു ചെന്നു

വസ്തുവും ആദായവും ശരിക്കു മനസ്സിലാക്കി, ആദായത്തിൻെറ കണക്കനുസരിച്ചു കരം തിട്ടപ്പെടുത്താൻ ആജ്ഞാപിച്ചു. ശരിയായ രീതിയിലുള്ള ആദ്യത്തെ കണ്ടെഴുത്തു് ഇതായിരുന്നു. തമ്പിയുടെ പരിഷ്കാരങ്ങളുടെ ഫലമായി രാജ്യത്തെ മുതലെടുപ്പു വൎദ്ധിച്ചു.

കച്ചവടവും വ്യവസായവും

തലയോലപ്പറമ്പു് (വൈക്കത്തിനടുത്തു്) ചങ്ങനാശ്ശേരി, മാഞ്ഞാലി (വടക്കൻ പറവൂരിനടുത്തു്), ഇരണിയൽ മുതലായ സ്ഥലങ്ങളിൽ വേലുത്തമ്പി ചന്തകൾ പുതുതായി സ്ഥാപിച്ചു. ഇന്നും ഈ ചന്തകൾ അഭിവൃദ്ധിയിലിരിക്കുന്നു. കൊല്ലത്തിൻെറ പ്രാധാന്യം വൎദ്ധിപ്പിക്കുന്നതിനായി കൊല്ലം മുതൽ ചെങ്കോട്ടവരെ ഒരു പുതിയ റോഡു വെട്ടിച്ചു. തമ്പിചെയ്ത പരിഷ്കാരങ്ങളുടെ ഫലമായി രാജ്യത്തിൻെറ കടങ്ങൾ നീങ്ങുകയും പൊതുമരാമത്തുകൾക്കു പണമുണ്ടാകയും ചെയ്തു.

കൊല്ലത്തു് ആനന്ദവല്ലീശ്വരം ക്ഷേത്രവും, ചില ഗവൺമെൻറു കെട്ടിടങ്ങളും ഉണ്ടായതു തമ്പിയുടെ ഉത്സാഹം കൊണ്ടാണു്. ആ നഗരത്തിൻെറ പ്രാധാന്യം വൎദ്ധിപ്പിച്ചതും അദ്ദേഹമാണു്.

നായർ പട്ടാളത്തിൻെറ ക്ഷോഭം

ഇംഗ്ലീഷു കമ്പനിക്കാൎക്കു സൈന്യച്ചെലവുവകയ്ക്കു തിരുവിതാംകൂർ ഒരു വലിയസംഖ്യ കൊടുക്കേണ്ടിയിരുന്നു. അതിനാൽ ചെലവു ചുരുക്കാനായി വേലുത്തമ്പി പട്ടാളക്കാൎക്കു കൊടുത്തുവന്നിരുന്ന പ്രത്യേക

വേതനങ്ങൾ (അലവൻസുകൾ) നിറുത്തലാക്കി. പലരെയും പിരിച്ചുവിടുകയും ചെയ്തു. പിരിച്ചുവിട്ട ഭടന്മാരുടെ നായകന്മാരുമായി തമ്പിയുടെ ശത്രുക്കളും ചേൎന്നു. പിരിച്ചുവിട്ടവർ അക്രമികളോട് ഒത്തുചേൎന്നു ലഹള കൂട്ടി; ജയിലുകൾക്ക് അടിയിൽ തുരങ്കം ഇട്ട് അവർ ജയിൽപ്പുള്ളികളെ പുറത്തുവിട്ടു. ആലപ്പുഴയുണ്ടായിരുന്ന നായർ പട്ടാളവും ലഹളയ്ക്കൊരുങ്ങി. അന്നത്തെ ബ്രിട്ടീഷുറെസിഡെൻറായ മെക്കാളിയുടെ സഹായത്തോടുകൂടി തമ്പി ലഹളകൾ അമർച്ചചെയ്തു. ലഹളക്കാരിൽ പ്രധാനികളെ വധിക്കയും ചെയ്തു.

ഇംഗ്ലീഷുകാരുമായി ഉടമ്പടി (൧൮൦൫)

ധർമ്മരാജാവിൻെറ കാലത്ത് ഇംഗ്ലീഷുകാരും തിരുവിതാംകൂറും തമ്മിൽ ചെയ്ത ശാശ്വതഉടമ്പടിയെപ്പററി പഠിച്ചുവല്ലോ. തിരുവിതാംകൂറിനെ വിദേശശത്രുക്കളിൽനിന്നു രക്ഷിക്കാമെന്ന് ആ ഉടമ്പടി അനുസരിച്ച് കമ്പനിക്കാർ സമ്മതിച്ചിരുന്നു. വേലുത്തമ്പിക്കു പട്ടാളത്തിൻെറ ലഹള അമർച്ച ചെയ്യാൻ ബ്രിട്ടീഷുകാരുടെ സഹായം വേണ്ടിവന്നു. അതിനാൽ രാജ്യത്തിനകത്തു ഗവർമെൻറിനെതിരായ ശക്തികളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള ചുമതലയും തങ്ങൾക്ക് ഉണ്ടെന്നു ഇംഗ്ലീഷുകാർ വാദിച്ചു. ഇതിൻെറ എല്ലാം ഫലമായി ൧൮൦൫-ൽ ശാശ്വതസഖ്യത്തിൽ ചില വ്യത്യാസങ്ങൾ വരുത്തി.

(൧) തിരുവിതാംകൂറിനെ ആഭ്യന്തരശത്രുക്കളിൽ നിന്നു രക്ഷിക്കാമെന്നു കമ്പനി ഏററു.

(൨) കപ്പത്തിന്റെ തുക എട്ടുലക്ഷമായി വർദ്ധിപ്പിച്ചു. കപ്പം മുടക്കം വരുത്തിയാൽ ആ തുക ഈടാക്കുന്നതിനു രാജ്യത്തിന്റെ ഏതെങ്കിലും ഭാഗം നേരിട്ടു ഭരണത്തിനു് എടുക്കാൻ കമ്പനിക്കു് അധികാരമുണ്ടായിരിക്കുന്നതാണു്.

(൩) മഹാരാജാവു് രാജ്യഭരണസംബന്ധമായ എല്ലാ വിഷയങ്ങളിലും ഇംഗ്ലീഷുകാരുടെ ഉപദേശം സ്വീകരിക്കേണ്ടതാണു് എന്നു തീർച്ചയാക്കി.

ഈ ഉടമ്പടിയുടെ ഫലമായി തിരുവിതാംകൂർ ബ്രിട്ടീഷുമേൽക്കോയ്മ സമ്മതിച്ചു. നായർ പട്ടാളത്തെ പിരിച്ചുവിട്ടതുകൊണ്ടു്, തിരുവിതാംകൂറിന്റെ സൈന്യശക്തി വളരെ കുറഞ്ഞു. ഈ പുതിയ ഉടമ്പടി സ്വാതന്ത്ര്യാധികാരത്തെ സാരമായി ബാധിച്ചതിനാൽ, അതു് ഒപ്പിടുന്നതിനു മഹാരാജാവിനു് അത്ര സമ്മതമില്ലായിരുന്നു. എന്നാൽ സന്ദർഭത്തിന്റെ ശക്തികൊണ്ടു മഹാരാജാവിനു് ആ ഉടമ്പടി സമ്മതിക്കേണ്ടി വന്നു.

വേലുത്തമ്പിയുടെ ലഹള

കാരണങ്ങൾ

ദളവാ റെസിഡന്റുമായി ഇടഞ്ഞു. ആദ്യകാലങ്ങളിൽ ദളവയും ബ്രിട്ടീഷുറെസിഡന്റായ കേണൽ

മെക്കാളിയും വലിയ സ്നേഹിതന്മാരായിരുന്നു. ദളവയുടെ ശത്രുക്കളെ നശിപ്പിക്കുന്നതിനു മെക്കാളിയും സഹായിച്ചു. റെസിഡെൻറ് അദ്ദേഹത്തിൻെറ കാര്യശേഷിയെയും സാമർത്ഥ്യത്തെയും പററി പലപ്പോഴും പ്രശംസിച്ചിരുന്നു. പുതിയ ഉടമ്പടിക്കു ശേഷം ഈ ഭാവമെല്ലാം മാറി. ബ്രിട്ടീഷുകാരുമായുള്ള ബന്ധം പ്രബലപ്പെടുത്തുന്നതിനു വേലുത്തമ്പിക്ക് അന്നു വിരോധമില്ലായിരുന്നു. പക്ഷേ, കപ്പം കൂട്ടുന്ന കാര്യത്തിൽ അദ്ദേഹം എതിരായിരുന്നു. പുതിയ ഉടമ്പടിക്കു ശേഷം കടിശ്ശിഖയുൾപ്പെടെ കപ്പം മുഴുവനും കൊടുത്തുതീർക്കുന്നതിനു തമ്പിയെ ഞെരുക്കിത്തുടങ്ങി. പണം കൊടുത്തുതീർക്കാൻ സമയം വേണമെന്നു തമ്പി അപേക്ഷിച്ചു. പക്ഷേ മെക്കാളി അതു സ്വീകരിച്ചില്ല.

റെസിഡെൻറിൻെറ ഒരു ആശ്രിതനായിരുന്നു മാത്തുത്തരകൻ. കരക്കടിശ്ശിഖയ്ക്കായി അയാളുടെ വസ്തുവകകൾ ദളവ കണ്ടുകെട്ടി. ഇതും മെക്കാളിയെ രോഷാകുലനാക്കി. മെക്കാളിക്കു സുബ്ബയ്യൻ എന്നൊരു ദ്വിഭാഷി ഉണ്ടായിരുന്നു. തമ്പിയുടെ പേരിൽ പല നുണകളും പറഞ്ഞു് അയാൾ റെസിഡെൻറിനെ ധരിപ്പിച്ചു് കാര്യങ്ങൾ കൂടുതൽ വഷളാക്കി.

ഇങ്ങനെ മെക്കാളിയും തമ്പിയുമായുള്ള വിരോധം നാൾതോറും വളർന്നു വന്നു. യുദ്ധമല്ലാതെ ഇനി മാർഗ്ഗമില്ലെന്നു തമ്പി നിശ്ചയിച്ചു. പുതിയ ഉടമ്പടി രാജ്യത്തിനു ദോഷമാണെന്നു തമ്പി മനസ്സിലാക്കി. അതിനാൽ തമ്പിയുടെ നിശ്ചയത്തോടു പലരും യോജിച്ചു.

കൊച്ചിയിലെ മന്ത്രിയായ പാലിയത്തച്ചനും മെക്കാളിയുമായി ഒരു ബദ്ധശത്രുവായിരുന്നു. അതിനാൽ അദ്ദേഹവും ഇവരുടെ പക്ഷത്തു ചേർന്നു. ബ്രിട്ടീഷുമേൽക്കോയ്മയെ നശിപ്പിക്കാൻ ഇവരെല്ലാംകൂടി ഒരു അററകൈയ് നോക്കാൻതന്നെ നിശ്ചയിച്ചു.

ലഹള—ൻവ്വർ

റെസിഡെൻറിനെ അപായപ്പെടുത്താനുള്ള ശ്രമം

കൊച്ചിയിലുള്ള റെസിഡെൻസി ആക്രമിക്കയും മെക്കാളിയെ കൊല്ലുകയും ചെയ്യണം. അതിനുശേഷം കൊച്ചിയിലും കൊല്ലത്തും ഉള്ള ബ്രിട്ടീഷുസൈന്യത്തെ തോല്പിച്ചു കീഴടക്കണം. ഇതായിരുന്നു തമ്പിയുടെയും കൂട്ടരുടെയും പരിപാടി. ഇതനുസരിച്ചു പാലിയത്തച്ചനും അനുയായികളുംകൂടി റെസിഡെൻസിയെ വളഞ്ഞു വെടിവച്ചു. ആക്രമണം അവിചാരിതമായിരുന്നതിനാൽ സായിപ്പ് ഒരു നിലവറയിൽ ഒളിച്ചിരുന്നു. അവിടെനിന്നും രഹസ്യമായി ഇറങ്ങിച്ചെന്നു തുറമുഖത്തു കിടന്ന ഒരു കപ്പലിൽ കയറി വളരെ വിഷമിച്ചു രക്ഷപ്പെട്ടു.

കുണ്ടറ വിളംബരം

പാലിയത്തച്ചൻെറ പരാജയം തമ്പിക്കു വലിയ ഇച്ഛാഭംഗമുണ്ടാക്കി. എങ്കിലും അദ്ദേഹം അധൈര്യപ്പെടാതെ കൊല്ലത്തുള്ള കമ്പനി വക പാളയം ആക്രമിച്ചു. പക്ഷേ പിടിച്ചടക്കുവാൻ സാധിച്ചില്ല. കൊല്ലത്തുനിന്നും കുണ്ടറയ്ക്കു പോയി വേലുത്തമ്പി ഒരു

വിളംബരം പ്രസിദ്ധപ്പെടുത്തി. രാജ്യത്തെയും രാജാവിനെയും അമ്പലങ്ങളെയും ആചാരങ്ങളെയും രക്ഷിക്കാൻ ഓരോരുത്തരും വാളെടുക്കണം. ഇംഗ്ലീഷുകാരെ ആട്ടിപ്പായിക്കണം. എന്നെല്ലാമാണ് കുണ്ടറ വിളംബരത്തിന്റെ സാരം. വളരെ പ്രസിദ്ധമാണ് ഈ വിളംബരം. തങ്ങളുടെ മതത്തിനും മതസ്ഥാപനങ്ങൾക്കും രാജ്യത്തിനും നേരിട്ടിരിക്കുന്ന ആപത്തിനെ ഓർത്തു കഴിവുള്ളവരെല്ലാം തമ്പിയുടെ സൈന്യത്തിൽ ചേർന്നു.

കൊല്ലം പാളയത്തെ ആക്രമിച്ചതു്

വേലുത്തമ്പി സകല ശക്തികളും ഉപയോഗിച്ചു കൊല്ലംപാളയം പിടിക്കാൻ ശ്രമിച്ചു. എന്നാൽ അദ്ദേഹത്തിന്റെ ശ്രമങ്ങൾ ഫലിച്ചില്ല. അപ്പോൾ തന്റെ സൈന്യത്തിൽ ഒരു ഭാഗം പാലിയത്തച്ചൻ അയച്ചുകൊടുത്തു. പാലിയത്തച്ചൻ, യുദ്ധത്തിൽ തോററു് ഇംഗ്ലീഷുകാർക്കു കീഴടങ്ങി.

ലഹളയുടെ അവസാനം

പാലിയത്തച്ചൻ കീഴടങ്ങിയതിൽ പിന്നെ കൊച്ചിയിൽനിന്നും, ആരുവാമൊഴി വഴി തെക്കുനിന്നും ഓരോ ബ്രിട്ടീഷുസൈന്യം തമ്പിയെ അമർച്ച ചെയ്യാനായിവന്നു. തിരുവിതാംകൂർ ജനങ്ങൾ ബ്രിട്ടീഷുസൈന്യത്തോടു സഹകരിക്കണം എന്നു് ആവശ്യപ്പെട്ടുകൊണ്ടു മദ്രാസ് ഗവൺമെൻറു് ഒരു വിളംബരവും പ്രസിദ്ധംചെയ്തു. മഹാരാജാവിനോടും തിരുവിതാംകൂർ പ്രജകളോടും തങ്ങൾക്കു

യാതൊരു വിരോധവുമില്ലെന്നും, തമ്പിയെ ശിക്ഷിക്കണമെന്നു തങ്ങൾക്കു് ഉദ്ദേശമുള്ളൂ എന്നും അതിൽ പറഞ്ഞിരുന്നു. വടക്കും തെക്കും നിന്നും വന്ന ബ്രിട്ടീഷു സഹായസേനയെ തടയാൻ തമ്പിക്കു സാധിച്ചില്ല. തന്റെ ശ്രമങ്ങളെല്ലാം വിഫലപ്പെട്ടതായി അദ്ദേഹത്തിനു മനസ്സിലായി. എങ്കിലും നാട്ടിനും തമ്പുരാനും കുഴപ്പം പിണയരുതെന്നു നിശ്ചയിച്ചു്, ആ മഹാപുരുഷൻ ഉടൻതന്നെ തിരുവനന്തപുരത്തു ചെന്നു മഹാരാജാവിനെ മുഖം കാണിച്ചു് ഇപ്രകാരം അറിയിച്ചു. "ഇംഗ്ലീഷുകാർ ചോദിച്ചാൽ തിരുമനസ്സിൽനിന്നു യാതൊന്നും അറിഞ്ഞതില്ലെന്നും, കുററമൊക്കെ അടിയൻ ചെയ്തതാണെന്നും കല്പിച്ചേക്കണം". കണ്ണീരോടും ഗദ്ഗദത്തോടും ഇപ്രകാരം പറഞ്ഞു മഹാരാജാവിന്റെ കാല്ക്കൽ വീണു നമസ്കരിച്ചിട്ടു് ഹതാശനായ ആ മഹാവീരൻ കൊട്ടാരത്തിനോടും രാജധാനിയോടും അവസാനയാത്ര പറഞ്ഞു പിരിഞ്ഞു.

വീരചരമം

ആരുവാമൊഴി വഴി പുറപ്പെട്ട ബ്രിട്ടീഷുസൈന്യം അപ്പോഴേക്കു തിരുവനന്തപുരത്തെത്തി. ഇരുപത്തുനാലുമണിക്കൂറിനുള്ളിൽ തമ്പിയെ പിടിച്ചേല്പിക്കണം എന്നു് അവർ തിരുവിതാംകൂറിനു് ഒരു ശാസനം നല്കി. തമ്പിയെ പിടിച്ചേല്പിക്കുന്നവർക്കു് അമ്പതിനായിരം രൂപ സമ്മാനം കൊടുക്കുന്നതാണെന്നും അറിയിച്ചു. അതനുസരിച്ചു മഹാരാജാവും കല്പനകൊടുത്തു. ബ്രിട്ടീഷു സേനാനായകനെ സംഗതികൾ ധരിപ്പിക്കുവാനും

കുഴപ്പങ്ങൾക്കൊക്കെ കാരണം വേലുത്തമ്പിയാണെന്നു് അറിയിക്കാനും മഹാരാജാവു് ഉമ്മിണിത്തമ്പിയെ അയച്ചു.

വേലുത്തമ്പിയെ പിടിക്കുന്നതിനായി നാനാഭാഗങ്ങളിലേക്കും ആളുകൾ പുറപ്പെട്ടു. വേഷം മാറി കുറെ ദിവസം തമ്പി കഴിച്ചുകൂട്ടി. ഒടുവിൽ തമ്പി കുന്നത്തൂർ താലൂക്കിൽ മണ്ണടി എന്ന ദേശത്തു് ഉണ്ടെന്നു ശത്രുക്കൾ മനസ്സിലാക്കി. തമ്പിയുടെ കൂടെ അദ്ദേഹത്തിന്റെ അനുജനായ പത്മനാഭൻ തമ്പി മാത്രമേ ഉണ്ടായിരുന്നുള്ളു. ശത്രുക്കൾ വളഞ്ഞപ്പോൾ തമ്പി മണ്ണടിയിലുള്ള ഒരു ഗൃഹത്തിലായിരുന്നു. അവർ പിടികൂടുമെന്നായപ്പോൾ വേലുത്തമ്പി തന്റെ കഴുത്തു വെട്ടാൻ അനുജനോടു പറഞ്ഞു. അനുജൻ അതിനു മടിച്ചതു കണ്ടു് തമ്പി തന്റെ കഠാരി തന്നെത്താനെ നെഞ്ചിൽ കുത്തിയിറക്കി. അതുകൊണ്ടും മരിക്കാത്തതിനാൽ പ്രാണവേദനയോടുകൂടി തന്നെ വധിക്കുവാൻ അനുജനോടു പറഞ്ഞു. ഉടൻ പത്മനാഭൻ തമ്പി അപ്രകാരം ചെയ്തു് ജ്യേഷ്ഠന്റെ വേദന അവസാനിപ്പിച്ചു.

ദളവായെ അന്വേഷിച്ചുവന്നവർക്കു കിട്ടിയതു് അദ്ദേഹത്തിന്റെ ശവശരീരമായിരുന്നു. അവർ അതു് എടുത്തു തിരുവനന്തപുരത്തേക്കു കൊണ്ടുപോയി. മെക്കാളിയുടെ ക്ഷാത്രം തമ്പിയുടെ മരണംകൊണ്ടും അടങ്ങിയില്ല. അദ്ദേഹം ആ മൃതശരീരം തിരുവനന്തപുരത്തു കണ്ണൻമൂല എന്ന സ്ഥലത്തു കഴുവിൽ തൂക്കിച്ചു. മെക്കാളിയുടെ ഈ കൃത്യം വളരെ നീചമായിരുന്നുവെന്നു്

അന്നത്തെ ഗവർണ്ണർ ജനറൽ രേഖപ്പെടുത്തിയിട്ടുണ്ട്. ദളവായുടെ വീട് ഇടിച്ചുനിരത്തി അദ്ദേഹത്തിന്റെ വസ്തുവകകൾ സർക്കാരിലേക്കു കണ്ടുകെട്ടി. ബന്ധുക്കളെ എല്ലാം നാടുകടത്തി. പക്ഷേ ഇന്നും വേലുത്തമ്പിയുടെ രാജ്യഭക്തിയും ദേശാഭിമാനവും ധൈര്യവും വീരോചിതമായ ഗുണങ്ങളും തിരുവിതാംകൂറുകാർ കീർത്തിക്കുന്നു. വിദേശീയരുടെ നേരെ ആ മഹാൻ മുഴക്കിയ സിംഹഗർജ്ജനം പില്ക്കാലത്ത് ഇൻഡ്യയിൽ മാറ്റൊലികൊണ്ടു.

൧. പ്രധാനപ്പെട്ട ആളുകൾ

(൧) ജയന്തൻ ശങ്കരൻ നമ്പൂരി—കേശവദാസനു ശേഷമുള്ള ദളവ.

(൨) മാത്തുത്തരകൻ } നമ്പൂരി ദളവായുടെ
(൩) ശങ്കരനാരായണച്ചെട്ടി } പ്രധാന ഉപദേഷ്ടാക്കൾ

(൪) കർണ്ണൽ മെക്കാളി—അന്നത്തെ റെസിഡെൻറ്

(൫) വേലുത്തമ്പി—ബാലരാമവർമ്മ മഹാരാജാവിന്റെ കാലത്തെ പ്രധാന ദളവ

(൬) പാലിയത്തച്ചൻ—കൊച്ചിയിലെ മന്ത്രി

(൭) ഉമ്മിണിത്തമ്പി—വേലുത്തമ്പിക്കു ശേഷമുള്ള ദളവ

൨. പ്രധാനസംഭവങ്ങൾ

(൧) വേലുത്തമ്പി ദളവ ആയത്

(൨) തിരുവിതാംകൂർ പട്ടാളത്തിന്റെ ലഹള

(൩) പുതിയ ഉടമ്പടി

(൪) വേലുത്തമ്പിയുടെ ലഹള

(൫) തമ്പിയുടെ വീരചരമം

(൬) ഉമ്മിണിത്തമ്പി ദളവ ആയി

൩. ചോദ്യങ്ങൾ

(൧) നമ്പൂരിദളവയെ വേലുത്തമ്പി എതിർത്തതു് എന്തിനു്? അദ്ദേഹം ദളവ ആയതു് എങ്ങനെ എന്നു വിവരിക്കുക.

(൨) വേലുത്തമ്പിയുടെ നീതിനിഷ്ഠയെ കാണിക്കുന്നതിനു് ഒരു ഉദാഹരണം എഴുതുക.

(൩) രാജ്യത്തിൽ സമാധാനം സ്ഥാപിക്കുന്നതിനായി തമ്പി കൈക്കൊണ്ട നടപടികൾ ഏവ?

(൪) രാജ്യത്തെ മുതലെടുപ്പു വർദ്ധിപ്പിച്ചതു് എങ്ങനെ?

(൫) തിരുവിതാംകൂർ പട്ടാളം തമ്പിയുടെ കാലത്തു ലഹള ഉണ്ടാക്കിയതിന്റെ കാരണം എന്തു്? ആ ലഹള എങ്ങനെ അമർച്ചചെയ്തു? അതിന്റെ ഫലങ്ങൾ എന്തായിരുന്നു?

(൬) ശാശ്വതഉടമ്പടി എപ്പോൾ എന്തിനായി പുതുക്കി? പുതിയ ഉടമ്പടിയിലെ പ്രധാന വ്യവസ്ഥകളും, അതിന്റെ സ്വഭാവവും വിവരിക്കുക.

(൭) വേലുത്തമ്പിയും മെക്കാളിയും തമ്മിൽ പിണങ്ങിയതിന്റെ കാരണങ്ങൾ ഏവ?

(൮) ഇംഗ്ലീഷുകാർ ആ ലഹള എങ്ങനെ ഒതുക്കി?



റാണി ലക്ഷ്മിഭായി

അദ്ധ്യായം ൩

രണ്ടു റാണിമാർ

൧. റാണി ഗൗരി ലക്ഷ്മീഭായി

(൧൮൧൦—൧൮൧൫)

സിംഹാസനാരോഹണം

ബാലരാമവർമ്മ നാടുനീങ്ങിയപ്പോൾ രാജകുടുംബത്തിൽ രണ്ടു റാണിമാരേ ഉണ്ടായിരുന്നുള്ളു. അവരുടെ പേർ ഗൗരി ലക്ഷ്മീഭായി എന്നും ഗൗരി പാർവ്വതീഭായി എന്നും ആയിരുന്നു. റാണി ലക്ഷ്മീഭായി ആയിരുന്നു മൂത്തതമ്പുരാട്ടി. അതിനാൽ അവർ സിംഹാസനാരോഹണംചെയ്തു. തിരുവിതാംകൂർ രാജവംശത്തിൽ സ്വന്തം അവകാശം മൂലം രാജ്യഭാരംചെയ്ത തമ്പുരാട്ടി റാണി ലക്ഷ്മീഭായി മാത്രം ആകുന്നു. അവിടത്തേക്കു് അന്നു് ഇരുപതു വയസ്സേ പ്രായമുണ്ടായിരുന്നുള്ളു. ബാലരാമവർമ്മയുടെ ശക്തിക്കുറവുമൂലം രാജ്യകാര്യങ്ങൾ മുഴുവൻ കുഴപ്പത്തിലായിരുന്നു. അക്കാലം തിരുവിതാംകൂറിനു് ഒരു ദുർദ്ദശ ആയിരുന്നു. കമ്പനിക്കാർക്കു കൊടുക്കേണ്ട കപ്പം കുടിശ്ശികയായിക്കിടന്നിരുന്നു. മുതലെടുപ്പെങ്കിൽ വളരെ കുറവും. സമർത്ഥന്മാരായ ഉദ്യോഗസ്ഥന്മാരും കുറവായിരുന്നു. ഇങ്ങനെ വിഷമങ്ങൾ നിറഞ്ഞ ഒരു കാലത്താണു് ലക്ഷ്മീഭായിത്തമ്പുരാട്ടി കിരീടം ധരിച്ചതു്.

റാണിക്കു വേറേ ഒരു വിഷമം കൂടി നേരിടേണ്ടി വന്നു. ബാലരാമവർമ്മയുടെ സേവകനായി മാവേലിക്കര രാജകുടുംബത്തിൽപ്പെട്ട കേരളവർമ്മ എന്നൊരു തമ്പുരാൻ ഉണ്ടായിരുന്നു. അദ്ദേഹമാണ് ഇളമുറത്തമ്പുരാനെന്നു ബാലരാമവർമ്മയും പറഞ്ഞിരുന്നു. കിരീടാവകാശം തനിക്കാണെന്നു് ആ തമ്പുരാൻ വാദിച്ചു. അന്നത്തെ റെസിഡെൻറായിരുന്ന മൺറോ റാണിക്കാണു രാജ്യാവകാശമെന്നു വിധിച്ചു. തമ്പുരാൻ ശല്യമുണ്ടാക്കരുതെന്നു നിശ്ചയിച്ചു് ബ്രിട്ടീഷുകാർ അദ്ദേഹത്തെ തിരുവിതാംകൂറിനു വെളിയിൽ അയച്ചു.

കർണ്ണൽ മൺറോ ദിവാനായി

റാണി രാജ്യഭരണം തുടങ്ങിയപ്പോൾ ഉമ്മിണി തമ്പിയായിരുന്നു ദളവ. റാണിക്കു തമ്പിയിൽ വിശ്വാസമോ, അദ്ദേഹത്തെപ്പററി മതിപ്പോ ഉണ്ടായിരുന്നില്ല. അതിനാൽ അദ്ദേഹത്തെ ജോലിയിൽനിന്നു നീക്കം ചെയ്കയും, റെസിഡെണ്ടായിരുന്ന മൺറോയെ തന്നെ ദിവാനായിക്കൂടി നിയമിക്കയും ചെയ്തു.

പ്രധാനപരിഷ്കാരങ്ങൾ

മൺറോ സായിപ്പിനെ ദിവാൻജിയായി നിയമിച്ചപ്പോൾ രാജ്യത്തിലെ ആചാരങ്ങളും, മാമൂലുകളും മാററംചെയ്യരുതെന്നു റാണി അദ്ദേഹത്തെ ധരിപ്പിച്ചു. തിരുവിതാംകൂറിൽ അതിനുമുമ്പുള്ള ദളവാമാർ എല്ലാം ഹിന്ദുക്കളായിരുന്നു. സായിപ്പ് ഒരു ക്രിസ്ത്യാനിയും, വിദേശിയുമായിരുന്നല്ലോ. റാണിയുടെ ആജ്ഞയെ

കണ്ണൽ മൺറൊ

സായിപ്പ് ആദരിച്ചു. മൺറോയുടെ ഉപദേശത്തോടു കൂടി റാണി പല പരിഷ്കാരങ്ങളും നടപ്പാക്കി. അതിൽ ചിലതു് ഇനി പഠിക്കാം.

ഉദ്യോഗസ്ഥന്മാരുടെ അധികാരവിഭജനം

അക്കാലങ്ങളിലുണ്ടായിരുന്ന വലിയ സർവ്വാധി കാര്യക്കാർ, കാര്യക്കാർ മുതലായവർക്ക കരം പിരിക്കു ന്നതിനു പുറമേ കുററക്കാരെ ശിക്ഷിക്കാനും അധികാര മുണ്ടായിരുന്നു. അവരിൽ കാര്യക്കാരന്മാരാണു് ജന ങ്ങളുമായി അടുത്തു പെരുമാറിവന്ന ഉദ്യോഗസ്ഥന്മാർ. അവർ അധികാരം പലപ്പോഴും ദുരുപയോഗപ്പെടുത്തി. സാധുക്കൾക്കു് അതു് ഉപദ്രവമായിത്തീർന്നു. അവർക്കു നീതിന്യായം നടത്തുന്നതിനു് ഉണ്ടായിരുന്ന അധികാരം മുഴുവൻ മൺറോ നിറുത്തൽചെയ്തു. അവരെ കരം പിരിവിനുമാത്രം ചുമതലപ്പെടുത്തി. അവരുടെ പേരു് തഹസീൽദാർ എന്നാക്കി.

നീതിന്യായക്കോടതികൾ

നീതിന്യായം നടത്തുന്നതിനായി അദ്ദേഹം പ്രത്യേകം കച്ചേരികൾ ഉണ്ടാക്കി ഉദ്യോഗസ്ഥന്മാരെയും നിയമിച്ചു. സംസ്ഥാനത്തെ പ്രധാനപ്പെട്ട അഞ്ചു സ്ഥലങ്ങളിൽ ജില്ലാക്കോടതികൾ സ്ഥാപിച്ചു. തിരുവനന്തപുരത്തു് ഒരു അപ്പീൽക്കോടതിയും ഏർപ്പെടുത്തി.

പോലീസ്

തിരുവിതാംകൂറിൽ ആദ്യമായി ഒരു പോലീസു വകുപ്പു് ഏർപ്പെടുത്തിയതു് ഉമ്മിണിത്തമ്പിയായിരുന്നു.

അതിനുമുൻപു പട്ടാളക്കാരായിരുന്നു പോലീസുകാരുടെ ജോലികളും നടത്തിയിരുന്നതു്. മൺറോ പോലീസു വകുപ്പു പരിഷ്കരിച്ചു തൻെറ അധികാരത്തിൽ ആക്കിത്തീർത്തു.

മുതലെടുപ്പു വർദ്ധിപ്പിച്ചു

മൺറോ ദിവാനായപ്പോൾ രാജ്യത്തിലെ മുതലെടുപ്പു വളരെ മോശമായിരുന്നു. ഈ സ്ഥിതി ഭേദപ്പെടുത്തുന്നതിനായി അദ്ദേഹം പല നടപടികളും കൈക്കൊണ്ടു. പല ഉദ്യോഗങ്ങളുടെയും ശമ്പളം അദ്ദേഹം കുറച്ചു. അന്യായമായ പല നികുതികളും നിറുത്തൽചെയ്തു. കുരുമുളകു്, ഉപ്പു്, പുകയില മുതലായ ചരക്കുകൾ കുത്തകസാമാനങ്ങളായി. ചുങ്കം പിരിക്കുന്നതിനായി അതിർത്തിസ്ഥലങ്ങളിൽ കാവൽപ്പുരകൾ സ്ഥാപിച്ചു. ഈ പരിഷ്കാരങ്ങളുടെ ഫലമായി മൂന്നു വർഷത്തിനകം ഗവർമെൻറിൻെറ കടങ്ങൾ മുഴുവൻ തീർന്നുവെന്നു മാത്രമല്ല, നല്ലൊരു തുക മിച്ചം ഉണ്ടാകയും ചെയ്തു.

ദേവസ്വങ്ങൾ സർക്കാർ ഏറ്റെടുത്തു

കളരികളും കോവിലുകളും കേരളത്തിൻെറ എല്ലാ മുക്കിലും മൂലയിലും പണ്ടു് ഉണ്ടായിരുന്നു. കാലക്രമേണ അവ ക്ഷയിക്കാൻ തുടങ്ങി. പല ക്ഷേത്രങ്ങൾക്കും അന്നു നല്ല ഭൂസ്വത്തും മികച്ച വരവും ഉണ്ടായിരുന്നു. ക്ഷേത്രങ്ങൾ മിക്കതും ഊരാണ്മക്കാരുടെ വകയായിരുന്നു. അവർ ക്ഷേത്രങ്ങളിലെ സ്വത്തു സ്വന്തം ആവശ്യ

തിന്നു് ചെലവിട്ടുവന്നു. അതുകാരണം ക്ഷേത്രകാര്യങ്ങൾ ഭംഗിയായി നടന്നിരുന്നില്ല. ക്ഷേത്രങ്ങളിലെ വൻപിച്ച സ്വത്തു മൺറോയുടെ ശ്രദ്ധയെ ആകർഷിച്ചു. ക്ഷേത്രങ്ങൾ ഗവർമ്മെൻറു് ഏറ്റെടുത്താൽ പൂജ, ഉത്സവം മുതലായതു ക്രമമായും ഭംഗിയായും നടത്തുന്നതിനും ഗവർമെൻറിലേക്കു നല്ല ഒരു സംഖ്യ ആദായമായി ലഭിക്കുന്നതിനും സാധിക്കുമെന്നു് അദ്ദേഹം മനസ്സിലാക്കി. അതിനാൽ ൩൪൮ വലിയ ക്ഷേത്രങ്ങളും, ആയിരത്തിൽപരം ചെറിയ ക്ഷേത്രങ്ങളും ഗവർമെൻറു് ഏറ്റെടുത്തു. അമ്പലങ്ങളിലെ പതിവുകൾ പരിഷ്കരിച്ചു. അവയ്ക്കുവേണ്ടുന്ന ചെലവുകൾ തിട്ടപ്പെടുത്തി. ഈ നടപടിയുടെ ഫലമായി അന്നു ഗവർമെൻറിലേക്കു നാലുലക്ഷത്തിൽ കൂടുതൽ രൂപ ആദായം കിട്ടി.

അടിമക്കച്ചവടം നിറുത്തൽ ചെയ്തു

നൂറുവർഷങ്ങൾക്കു മുൻപു യൂറോപ്പിലും അമേരിക്കയിലും മററും അടിമകളെ വിൽക്കുകയും വാങ്ങുകയും പതിവായിരുന്നു. ആരാണു് ഈ അടിമകൾ? മുൻകാലങ്ങളിൽ ധനവാന്മാരായ ആളുകൾ അവരുടെ കീഴിലുള്ള അഗതികളെ തങ്ങളുടെ സ്വന്തം ധനമായി കരുതിവന്നു, ആഫ്രിക്കയിൽ നീഗ്രോ എന്നൊരു വർഗ്ഗക്കാരുണ്ടു്. അവർ വളരെ അപരിഷ്കൃതരാണു്. യൂറോപ്പിലും അമേരിക്കയിലും അധികവും അടിമകളായി വാങ്ങുകയും വില്ക്കുകയും ചെയ്തിരുന്നതു് ഇക്കൂട്ടരെയായിരുന്നു. ഉടമസ്ഥന്മാർക്കു് അടിമകളെ എന്തും ചെയ്യാം. സാധാരണ കൂലിവേലയ്ക്കും മററും ആണു് അടിമകളെ ഉപയോഗി

ച്ചിരുന്നതു്. അവർക്കു കൂലിയൊന്നും കൊടുക്കേണ്ട. ആഹാരത്തിനു വല്ലതും കൊടുത്താൽ മതി. മൃഗങ്ങളെക്കാൾ കഷ്ടമായിട്ടാണു് മിക്കവരും അടിമകളെ കരുതിവന്നതു്. അവരെ കൊന്നാലും ആരും ചോദിക്കാനില്ല. പടിഞ്ഞാറൻ രാജ്യങ്ങളിലേതുപോലെ കർക്കശമായ അടിമ വ്യാപാരം തിരുവിതാംകൂറിൽ ഉണ്ടായിരുന്നില്ല. എങ്കിലും പുലയർ, പറയർ എന്നിവരെ അടിമകളാക്കുന്ന സാമ്പ്രദായം ഇവിടെയും നിലവിലിരുന്നു. ൯൯൭-ൽ ഒരു തിരുവെഴുത്തു വിളംബരം മൂലം റാണി കൃഷിജോലിയിൽ ഉൾപ്പെടാത്ത ആരെയും അടിമകളായി ഇടപാടു ചെയ്യരുതു് എന്നു് ഒരു നിയമം നടപ്പിലാക്കി.

ക്രിസ്തുമത പ്രോത്സാഹനം

മൺറോ വലിയ ക്രിസ്തുമതഭക്തനായിരുന്നു. തിരുവിതാംകൂറിൽ ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിനായി ആയിടയ്ക്കു പല മിഷണറിമാരും വന്നു. മൺറോയുടെ ആഗ്രഹപ്രകാരം റാണി അവർക്കു പല ആനുകൂല്യങ്ങളും ചെയ്തുകൊടുത്തു. തിരുവിതാംകൂർ മഹാരാജാക്കന്മാർ പണ്ടു മുതൽക്കേ അന്യമതക്കാരോടു സ്നേഹപൂർവം പെരുമാറുകയും അവർക്കു വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കയും പതിവായിരുന്നു. ക്രിസ്ത്യാനികളെ മൺറോ ഗവമ്മെൻറുദ്യോഗങ്ങളിൽ നിയമിച്ചു. ഞായറാഴ്ച ദിവസം ക്രിസ്ത്യാനികൾക്കു് ഒഴിവുദിവസമായി പ്രഖ്യാപനംചെയ്തു. പള്ളികൾ പണിയുന്നതിനും സഹായങ്ങൾ ചെയ്തുകൊടുത്തു. മൺറോയുടെ കാലം മുതൽക്കു

തിരുവിതാംകൂറിൽ ക്രിസ്തുമതത്തിനു വളരെ പ്രചാരം സിദ്ധിച്ചു.

മൂന്നുവർഷം ദിവാൻ ഉദ്യോഗം വഹിച്ചശേഷം അദ്ദേഹം ആ ജോലിയിൽനിന്ന് ഒഴിഞ്ഞു. പിന്നീടു കുറേക്കാലംകൂടി ഇവിടത്തെ റസിഡണ്ടുദ്യോഗം വഹിക്കയും റാണിമാർക്കു ഭരണകാര്യങ്ങളിൽ വേണ്ട ഉപദേശങ്ങൾ കൊടുക്കയും ചെയ്തു.

നാലുവർഷം മാത്രമേ രാജ്യം ഭരിക്കുന്നതിനു ലക്ഷ്മീറാണിക്കു ഭാഗ്യം ഉണ്ടായിരുന്നുള്ളു. ഭരണം ഏറെക്കുറെ മൂന്നുവർഷത്തോളം ആയപ്പോൾ റാണി തിരുവയർവാണു് ഒരു പുത്രൻ ഉണ്ടായി. അന്നുമുതൽ ആ രാജകുമാരനായ സ്വാതിതിരുനാളിനുവേണ്ടി റീജൻറായിട്ടാണു് അവിടന്നു രാജ്യം ഭരിച്ചതു്. സ്വാതിതിരുനാൾ കൊച്ചുതമ്പുരാനു് ഒരു വയസ്സായപ്പോൾ റാണി രണ്ടാമതും ഒരു പുത്രനെ പ്രസവിച്ചു. ഉത്രംതിരുനാൾ മാർത്താണ്ഡവർമ്മ എന്ന ആ തമ്പുരാൻ സ്വാതിതിരുനാളിനുശേഷം തിരുവിതാംകൂർ വാണു. കൂടാതെ രുഗ്മിണീഭായി എന്നൊരു പുത്രിയും അവിടത്തേക്കു് ഉണ്ടായിരുന്നു. സന്താനങ്ങളുടെ ഭാവിഭാഗ്യം കണ്ടു് ആനന്ദിക്കാൻ ഇടയാകാതെ റാണി അകാലചരമം അടഞ്ഞു.

പ്രധാനപ്പെട്ട ആളുകൾ :—

ഉമ്മിണിത്തമ്പി—വേലുത്തമ്പിക്കുശേഷം ദളവ.

മാവേലിക്കര കേരളവർമ്മ — സിംഹാസനത്തിനു് അവകാശം പറഞ്ഞ തമ്പുരാൻ.

മൺറോസായിപ്പ്—തിരുവിതാംകൂറിലെ റെസിഡൻറു ദിവാൻ.

പ്രധാന സംഭവങ്ങൾ

ദേവസ്വങ്ങൾ ഗവമ്മെൻറ് ഏറെറടുത്തത്.

അടിമവ്യാപാരം നിറുത്തൽ ചെയ്തത്.

ചോദ്യങ്ങൾ

(൧) സ്വന്തം അവകാശംമൂലം തിരുവിതാംകൂർ ഭരിച്ച റാണി ആരാണ്? അവരുടെ അവകാശത്തെ ആരു് എതിർത്തു? അവകാശതക്കം എങ്ങനെ തീരുമാനിച്ചു.

(൨) ഗവൺമെൻറ് ദേവസ്വങ്ങൾ ഏറെറടുത്തതിൻെറ കാരണങ്ങൾ ഏവ? അതിൻെറ ഫലം എന്തായിരുന്നു.

(൩) അടിമവ്യാപാരം എന്നാൽ എന്തു്? ഇതിൻെറ ദോഷം എന്താണ്? ഇതു് ആരു് എപ്പോൾ നിറുത്തൽ ചെയ്തു?

(൪) ഉദ്യോഗസ്ഥന്മാരുടെ അഴിമതികൾ ഇല്ലാതാക്കുന്നതിനും മുതലെടുപ്പു വർദ്ധിപ്പിക്കുന്നതിനുംവേണ്ടി കണ്ണൽ മൺറോ എന്തെല്ലാം പരിഷ്കാരങ്ങൾ നടപ്പാക്കി.

TRAINING SCHOOL
KOTTAYAM
LOWER GRADE

റാണി പാർവ്വതിഭായി

൨. റാണി ഗൗരി പാർവ്വതിഭായി

(൯൯൦ — ൧൦൦൪)

റാണി ലക്ഷ്മീഭായി നാടുനീങ്ങിയപ്പോൾ രാജ്യഭാരമേററതു് അവിടത്തെ സഹോദരിയായ റാണി പാർവ്വതീഭായി ആയിരുന്നു. രാജകുമാരനായ സ്വാതി തിരുനാളിനു് അപ്പോൾ പതിനൊന്നു മാസം മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. അതിനാൽ പാർവ്വതീഭായി റീജൻറായി രാജ്യഭരണം നടത്തി. റാണിക്കും പ്രായപൂർത്തിയായിരുന്നില്ല. അവിടത്തേക്കു് അപ്പോൾ പതിമൂന്നു വയസ്സേ പ്രായമുണ്ടായിരുന്നുള്ളു. എങ്കിലും അസാമാന്യമായ ബുദ്ധിസാമർത്ഥ്യം ഉണ്ടായിരുന്നതുകൊണ്ടു് തൻെറ സഹോദരിയെപ്പോലെ രാജ്യം ശരിയായി ഭരിക്കുന്നതിനു് അവിടത്തേക്കു കഴിഞ്ഞു. കർണ്ണൽ മൺറോ റെസിഡെൻറായിരുന്നിടത്തോളം കാലം ഭരണകാര്യങ്ങളെല്ലാം അദ്ദേഹത്തിൻെറ ഉപദേശത്തോടുകൂടിത്തന്നെ ചെയ്തു.

പ്രധാന ദിവാൻജിമാർ

റെസിഡെൻറിൻെറ ഉപദേശമനുസരിച്ചായിരുന്നു റാണി ദിവാൻജിമാരെ നിയമിച്ചതു്. സിംഹാസനാരോഹണം ചെയ്തു്, അധികം കഴിയുന്നതിനു മുൻപു പാർവ്വതിറാണി ഹജ്ജൂർക്കോടതിയിലെ ഒരു ജഡ്ജിയായ രാമൻ മേനോനെ ദിവാനായി നിയമിച്ചു. റെസിഡെൻറിനു രാമൻമേനവനോടു നീരസമായിരുന്നു. അതിനാൽ റെസിഡെൻറിൻെറ ഒരു ആശ്രിതനായ റെഡ്ഡി

രായരെ ദിവാൻജിയാക്കി. അദ്ദേഹം അഞ്ചുവൎഷക്കാലം ദിവാനായിരുന്നു. പിന്നീടുള്ള കാലം വെങ്കിട്ടരായരായിരുന്നു ദിവാൻ. ഇവർ രണ്ടുപേരും മഹാരാഷ്ട്രബ്രാഹ്മണരായിരുന്നു.

ക്രിസ്തുമത പ്രചരണം

പാർവ്വതീഭായിയുടെ ഭരണകാലം ഈ രാജ്യത്തിൽ ക്രിസ്ത്യാനികളുടെ ചരിത്രത്തിൽ ഒരു സുവർണ്ണകാലമായിരുന്നു. അവൎക്ക റാണി പല സഹായങ്ങളുംചെയ്തുകൊടുത്തു. പല മിഷണറിമാരും ആളുകളെ ക്രിസ്തുമതത്തിൽ ചേൎക്കുന്നതിനും, ഇംഗ്ലീഷുവിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനും ആയി ഇവിടെ വന്നു. ബാലരാമവൎമ്മ മഹാരാജാവിൻെറ കാലത്തു (൧൮൦൬) തന്നെ ലണ്ടൻ മിഷൻസൊസൈററിയിൽ പെട്ട റവറണ്ടു റിംഗിൾടാബ് തെക്കൻ തിരുവിതാംകൂറിൽ ക്രിസ്തുമതം പ്രചരിപ്പിക്കുവാൻ ശ്രമിച്ചു. പാർവ്വതീഭായിയുടെ കാലത്തു റെവറണ്ടു മീഡ് നാഗർകോവിലിൽ ഒരു സെമ്മിനാരി ഏൎപ്പെടുത്തി. ആ സെമിനാരി ആണ് ഇന്നത്തെ സ്കാട്ടുക്രിസ്ത്യൻ കാളേജായി വളൎന്നതു്. തിരുവിതാംകൂറിൽ ഇംഗ്ലീഷുവിദ്യാഭ്യാസത്തിൻെറ അടിസ്ഥാനമിട്ടതു് റെവറണ്ടുമിഡ് ആണ്. ഇതേ സമയത്തുതന്നെ വടക്കൻ തിരുവിതാംകൂറിൽ സിറിയൻ ക്രിസ്ത്യാനികളുടെ നില നന്നാക്കുന്നതിനും, ഇംഗ്ലീഷുവിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനുമായി ചൎച്ചുമിഷൻ സൊസൈററി (സി. എം. എസ്സ്)ക്കാർ പരിശ്രമിച്ചു. കോട്ടയമായിരുന്നു അവരുടെ പ്രവൎത്തനകേന്ദ്രം. റാണി ഈ മിഷ

ണറിമാരെയെല്ലാം ഉള്ളഴിഞ്ഞു സഹായിച്ചു. നാഗർകോവിലിൽ അവർക്കു് ഒരു മാളിക പണിയുന്നതിനു ധനസഹായം ചെയ്തു. ഗവർമെന്റിൽനിന്നും എൽ. എം. എസ്-കാർക്കു നാഞ്ചിനാട്ടു ധാരാളം സ്ഥലവും വിട്ടുകൊടുത്തു. കോട്ടയത്തു സി. എം. എസ്. കാളേജു പണികഴിപ്പിക്കുന്നതിനും വേണ്ട ധനസഹായം ചെയ്തു. സിറിയൻ ക്രിസ്ത്യാനികളുടെ ഇടയിൽ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനായി കല്ലടയ്ക്കൂട്ടത്തു് എട്ടു ചതുരശ്രമൈൽ സ്ഥലം വിട്ടുകൊടുത്തു. ഇതു കല്ലടയാറ്റിന്റെ പതനസ്ഥലത്തു കിടക്കുന്നു. മൺറോത്തുരുത്തു് എന്നാണു് ഇതിന്റെ പേർ.

രാജ്യത്തിന്റെ അഭിവൃദ്ധി

ജനങ്ങളുടെ ക്ഷേമത്തിനായി റാണി പല പരിഷ്കാരങ്ങളും ചെയ്തു. നമ്മുടെ നാട്ടിൽ ആദ്യമായി കാപ്പികൃഷി തുടങ്ങിയതും അച്ചുകുത്തു നടപ്പാക്കിയതും റാണിയുടെ കാലത്താണു്. ഹിന്ദുക്ഷേത്രങ്ങളിലെ മതസംബന്ധമായ ഉത്സവാദി ചടങ്ങുകൾക്കു ക്രിസ്ത്യാനികൾ ഊഴിയവേലകൾ ചെയ്യണമെന്നുണ്ടായിരുന്ന ഏർപ്പാടു നിറുത്തൽ ചെയ്തു. ആർക്കും സ്വർണ്ണവും വെള്ളിയുംകൊണ്ടുള്ള ആഭരണം ധരിക്കുന്നതിനു് അനുവാദം ലഭിച്ചു. വെങ്കിട്ടറാവു ദിവാൻ കൃഷിക്കാരെ സഹായിക്കുന്നതിനും ഗതാഗതം വർദ്ധിപ്പിക്കുന്നതിനും ആയി രണ്ടു തോടുകൾ വെട്ടിച്ചു. തിരുവനന്തപുരം—കഠിനംകുളം തോടും, പരവൂർ—അഷ്ടമുടിത്തോടുമാണു് അവ. ആയിടയ്ക്കു് ഇടപ്പള്ളി സ്വരൂപവും പന്തളവും തിരുവിതാംകൂറിന്റെ

അധീനതയിൽ അടങ്ങിയതും പ്രസ്താവ്യമാണ്. പ്രാഥമികവിദ്യാഭ്യാസം നാട്ടിൽ സൗജന്യമായി ഏൎപ്പെടുത്തിയതും പാൎവ്വതീഭായിയുടെ കാലത്താണ്. നാട്ടിൻെറ പല ഭാഗങ്ങളിലും റാണി പള്ളിക്കൂടങ്ങൾ ഏൎപ്പെടുത്തി. ഇൻഡ്യയിൽ മററാരിടത്തും അന്ന് ഈ ഏർപ്പാടില്ലായിരുന്നു. രാജകുടുംബം പ്രജകളുടെ വിദ്യാഭ്യാസകാൎയ്യത്തിൽ ശ്രദ്ധിക്കുന്നതിന് ഒരു ഉത്തമോദാഹരണമാണ് ഇത്. കൃഷി, കച്ചവടം, മരാമത്ത് ഇവയും റാണി വേണ്ടപോലെ പ്രോത്സാഹിപ്പിച്ചു. ഇങ്ങനെ നോക്കിയാൽ പാർവ്വതീറാണിയുടെ ഭരണകാലം തിരുവിതാംകൂർ ചരിത്രത്തിൽ പലകാരണങ്ങൾകൊണ്ടും പ്രധാനമായിട്ടുള്ളതാണ്.

റീജൻസിയുടെ അവസാനം

൧൮൨൯-ൽ സ്വാതിതിരുനാൾ മഹാരാജാവിനു പതിനാറു വയസ്സു തികഞ്ഞു. പാർവ്വതീറാണി രാജ്യഭാരം അദ്ദേഹത്തെ ഏൽപ്പിച്ചു. അവിടത്തേക്ക് ഇരുപത്തേഴുവയസ്സേ ഉണ്ടായിരുന്നുള്ളു. സ്വാതിതിരുനാളും ഉത്രം തിരുനാളും റാണിയെ അമ്മയെപ്പോലെ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്തു. രാജകുമാരന്മാരുടെയും പ്രജകളുടെയും ആരാധനാമൂർത്തിയായി അവിടന്ന് ദീർഘകാലം സുഖമായി ജീവിച്ചിരുന്നു.

പ്രധാനപ്പെട്ട ആളുകൾ

റെസ്സിറാവു — തിരുവിതാംകൂറിലെ ആദ്യത്തെ മഹാരാഷ്ട്രദിവാൻ.

റെഡ്ഡിറാവു, വെങ്കിട്ടറാവു—പാർവ്വതി റാണിയുടെ കാലത്തെ പ്രധാനപ്പെട്ട ദിവാൻജിമാർ.

പ്രധാനസംഭവങ്ങൾ

(൧) കാപ്പികൃഷി നടപ്പാക്കി—റെഡ്ഡിറാവു.
(൨) റാണി ക്രിസ്തുമതം പ്രോത്സാഹിപ്പിച്ചു.
(൩) ഇടപ്പള്ളിയും പന്തളവും തിരുവിതാംകൂറിനോടു ചേർത്തു.
(൪) പ്രാഥമികവിദ്യാഭ്യാസം നടപ്പാക്കി.

(൧) പാർവ്വതീഭായി റാണി ആരുടെ പകരമാണു രാജ്യം ഭരിച്ചതു്? എത്രനാൾ?
(൨) രാമൻമേനോനു ദളവാ ഉദ്യോഗം നഷ്ടപ്പെട്ടതെങ്ങനെ?
(൩) തിരുവിതാംകൂറിലെ ആദ്യത്തെ മഹാരാഷ്ട്ര ദിവാൻ ആരായിരുന്നു? അദ്ദേഹത്തെ ദിവാനാക്കുന്നതിനു സഹായിച്ചതു് ആരാണു്?
(൪) പാർവ്വതീഭായി ക്രിസ്തുമതത്തിൻെറ വളർച്ചയെ എങ്ങനെ സഹായിച്ചു?
(൫) റാണിയുടെ കാലത്തു വെട്ടിയ തോടുകൾ ഏവ?
(൬) തിരുവിതാംകൂറിനു റാണിയുടെ കാലത്തു ലഭിച്ച രാജ്യങ്ങൾ ഏവ?

അദ്ധ്യായം ൧

സ്വാതിതിരുനാൾ രാമവർമ്മ മഹാരാജാവ്

(൮൦൪—൮൦൨൨)

ബാല്യവും വിദ്യാഭ്യാസവും

സ്വാതി (ചോതി) തിരുനാൾ, റാണി ലക്ഷ്മീഭായിയുടെ മൂത്തപുത്രനാണെന്നു പറിച്ചുവല്ലോ. ഗർഭത്തിൽ സ്ഥിതിചെയ്യുമ്പോൾതന്നെ സിംഹാസനത്തിനു് അവകാശിയായിരുന്നതിനാൽ അദ്ദേഹത്തെ 'ഗർഭശ്രീമാൻ' എന്നു വിളിച്ചുവരുന്നു. അവിടത്തേക്കു് ഒന്നര വയസ്സായപ്പോൾ മാതാവായ മഹാരാജ്ഞി നാടുനീങ്ങി. അദ്ദേഹത്തെ വാത്സല്യത്തോടെ വളർത്തിയതു് അച്ഛനായ ചങ്ങനാശേരി കോയിത്തമ്പുരാനും, പാർവ്വതീഭായിയും ആയിരുന്നു. ഇവർതന്നെയാണു് അദ്ദേഹത്തിൻ്റെ വിദ്യാഭ്യാസത്തിൻ്റെ മേൽനോട്ടം വഹിച്ചതും. പതിനാറാമത്തെ വയസ്സിൽ രാജ്യഭാരം ഏൽക്കുന്നതിനു മുൻപുതന്നെ, അവിടത്തെ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തിരുന്നു. പതിനാറാമത്തെ വയസ്സിൽ സ്വാതിതിരുനാൾ സിംഹാസനാരോഹണം ചെയ്തു. അപ്പോഴേക്കു് അവിടത്തേക്കു് ഇംഗ്ലീഷ്, സംസ്കൃതം, മലയാളം, തെലുങ്ക്, ഹിന്ദുസ്ഥാനി ഈ ഭാഷകളൊക്കെ നല്ലപൊലെ വശമായി.

ശ്രീ സ്വാതി തിരുനാൾ

പ്രജാക്ഷേമകരങ്ങളായ പരിഷ്കാരങ്ങൾ

സ്വാതിതിരുനാൾ മഹാരാജാവു പതിനെട്ടു വർഷം രാജ്യം ഭരിച്ചു. അവിടത്തെ ഇംഗ്ലീഷു പഠിപ്പിച്ച സുബ്ബറാവുവിനെ ദിവാൻജിയായി നിയമിച്ചു. ഏഴു വർഷത്തോളം സുബ്ബറാവു ദിവാനുദ്യോഗം വഹിച്ചു. പ്രജാക്ഷേമകരങ്ങളായ പല പരിഷ്കാരങ്ങളും അദ്ദേഹം നടപ്പാക്കി.

ആദ്യമായി ചെയ്ത പരിഷ്കാരം കൊല്ലത്തുനിന്നും പബ്ലിക് ആഫീസുകളും ഹജൂർക്കച്ചേരിയും തിരുവനന്തപുരത്തേക്കു മാററിയതാണ്. കാര്യങ്ങൾ കൂടുതൽ എളുപ്പത്തിൽ നടത്തുന്നതിനു ഇതു സഹായിച്ചു.

മൺറോ ഏർപ്പെടുത്തിയ നീതിന്യായക്കോടതികൾ പരിഷ്കരിച്ചു കൂടുതൽ കാര്യക്ഷമമാക്കി. ജില്ലാക്കോടതികൾ വളരെ ചുരുക്കമായിരുന്നു. അതിനാൽ ജനങ്ങളുടെ സൗകര്യത്തിനായി മുൻസിഫ് കോടതികൾ സ്ഥാപിച്ചു. ബ്രിട്ടീഷിൽ നടപ്പുള്ള ചട്ടങ്ങളെ അടിസ്ഥാനപ്പെടുത്തി നിയമങ്ങൾ എഴുതിയുണ്ടാക്കുന്നതിനായി കണ്ടൻമേനോൻ എന്നൊരാളെ ചുമതലപ്പെടുത്തി. അദ്ദേഹം എഴുതിയുണ്ടാക്കിയതാണു തിരുവിതാംകൂറിലെ ആദ്യത്തെ റഗുലേഷൻ. കണ്ടൻമേനവൻ പുരയിടങ്ങളുടെ ഒരു സർവ്വെയും നടത്തിച്ചു. ഇംഗ്ലീഷു വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനു മഹാരാജാവു തിരുവനന്തപുരത്തു സക്കാർവകയായി ഒരു ഇംഗ്ലീഷു പള്ളിക്കൂടം ൧൦൧൦-ൽ സ്ഥാപിച്ചു. ആ സ്കൂൾ വളന്നു വികാസം പ്രാപിച്ചതാണു രാജകീയ മഹാപാഠശാല.

അവിടെ ആദ്യകാലങ്ങളിൽ കുട്ടികളെ ധർമ്മമായി പഠിപ്പിച്ചിരുന്നു. മററു സ്ഥലങ്ങളിലും ഇംഗ്ലീഷുവിദ്യാലയങ്ങൾ ഗവർമ്മെൻറു സ്ഥാപിച്ചു.

സ്വാതിതിരുനാൾ മഹാരാജാവിനു ജ്യോതിഷത്തിൽ പാണ്ഡിത്യമുണ്ടായിരുന്നു. അതിനാൽ നക്ഷത്രങ്ങളെപ്പററിയുള്ള കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി തിരുവനന്തപുരത്തു് ഒരു നക്ഷത്രബംഗ്ലാവു സ്ഥാപിച്ചു. ധർമ്മാശുപത്രി, സർക്കാർ അച്ചുകൂടം ഇവയും അക്കാലത്തു സ്ഥാപിച്ചതാണു്. ഇന്നു തിരുവനന്തപുരത്തു് ഈ സ്ഥാപനങ്ങൾ രണ്ടും വളർച്ചയെ പ്രാപിച്ചിരിക്കുന്നു. ഈ ധർമ്മാശുപത്രിയിൽ നിന്നത്രേ ഇന്നു നമ്മുടെ രാജ്യത്തിലെ ഏററവും വലിയ ഇംഗ്ലീഷ് ആശുപത്രിയായ 'ജനറൽ ഹാസ്പിററൽ' ഉണ്ടായിട്ടുള്ളതു്.

മരാമത്തുകൾക്കായി ഒരു പുതിയ ഡിപ്പാർട്ടുമെൻറു സ്ഥാപിച്ചു. ഇതാണു് എൻജിനീയറിംഗ് ഡിപ്പാർട്ടുമെൻറു്. ഈ ഡിപ്പാർട്ടുമെൻറുമൂലം ആദ്യമായി നടത്തിയതു കരമനപ്പാലത്തിൻെറ പണിയാണു്.

റെസിഡെൻറുമായുള്ള പിണക്കം

സ്വാതിതിരുനാൾ മഹാരാജാവു സുബ്ബറാവുവിനെ ദിവാനായി നിയമിച്ചതു് റെസിഡെണ്ടിനു് ഇഷ്ടമായില്ല. അതിനാൽ രാജ്യത്തിൻെറ സ്ഥിതിനേരിട്ടു മനസ്സിലാക്കാൻ മദിരാശി ഗവർണ്ണരായ ലൂഷിംഗ്ടൺ

തിരുവിതാംകൂർ സന്ദർശിച്ചു. ആദ്യമായി തിരുവിതാംകൂർ സന്ദർശിച്ച മദ്രാസ് ഗവർണ്ണർ ലൂഷിംഗ്ടൺ ആയിരുന്നു. മഹാരാജാവിനെപ്പററി അദ്ദേഹം നല്ല അഭിപ്രായം രേഖപ്പെടുത്തി. പിന്നീടു റെസിഡെൻറായി വന്നതു ജനറൽ കല്ലൻ എന്ന ധീരയോദ്ധാവായിരുന്നു. കല്ലനു കൃഷ്ണരായർ എന്നൊരു ആശ്രിതൻ ഉണ്ടായിരുന്നു. ദിവാൻജിയാകണമെന്നു രായർക്ക് അതിമോഹമുണ്ടായി. എന്നാൽ മഹാരാജാവിനു ഇതു സമ്മതമല്ലായിരുന്നു. കൃഷ്ണരായർ മഹാരാജാവിനെപ്പററി പല ഏഷണികളും പറഞ്ഞു റെസിഡെൻറിനെ കേൾപ്പിച്ചു. ഇങ്ങനെ സ്വാതിതിരുനാളും കല്ലനും ബദ്ധശത്രുക്കളായിത്തീർന്നു. സുബ്ബറാവുവിനു ശേഷം വന്ന ദിവാൻജിമാരുടെ പ്രവൃത്തികളെല്ലാം കല്ലൻ എതിർത്തു.

റെസിഡെൻറുമായുള്ള പിണക്കവും റെസിഡെൻറിനെ താങ്ങിക്കൊണ്ടുള്ള ബ്രിട്ടീഷുഗവർമെൻറിൻെറ തീരുമാനങ്ങളും മഹാരാജാവിനു വളരെ ഹൃദയവേദന ഉണ്ടാക്കി. അദ്ദേഹത്തിനു രാജ്യകാര്യങ്ങളിൽ താൽപര്യം കുറഞ്ഞു. മനസ്സിനു ഉണ്ടായ അസുഖം ശരീരത്തെയും ബാധിച്ചു. ഈശ്വരഭജനം, വ്രതാനുഷ്ഠാനം മുതലായവയിൽ മുഴുകി അദ്ദേഹം ദിവസങ്ങൾ പോക്കി. നാടുനീങ്ങുന്നതിനു മുൻപ് അനുജനായ മാർത്താണ്ഡവർമ്മയെ വിളിച്ച് ജനറൽ കല്ലനുമായി രഞ്ജിച്ചു രാജ്യം ഭരിക്കണമെന്നും, അതിനു തടസ്സം വരാതിരിക്കാൻ കൃഷ്ണരായരെ ദിവാൻജിയാക്കണമെന്നും ഉപദേശിച്ചു. പ്രസിദ്ധനായ ഈ മഹാരാജാവു മുപ്പത്തുനാലാമത്തെ വയസ്സിൽ നാടുനീങ്ങി.

കലാപ്രോത്സാഹനം

ചെറുപ്പത്തിൽ തന്നെ സ്വാതിതിരുനാൾ പല ഭാഷകൾ പഠിക്കയും വലിയ പണ്ഡിതനായിത്തീരുകയും ചെയ്തു. സംഗീതം, കവിത, നൃത്തം, ചിത്രരചന മുതലായവയ്ക്കു സുകുമാരകലകൾ എന്നാണല്ലോ പേരു്. സ്വാതിതിരുനാൾ മഹാരാജാവു് ഈ വക കലകളിലെല്ലാം നിപുണനായിരുന്നു. അദ്ദേഹം അനേകം കീർത്തനങ്ങൾ നിർമ്മിച്ചിട്ടുണ്ടു്. അവയിൽ സംഗീതവും സാഹിത്യവും ഒരുപോലെ യോജിച്ചിരിക്കുന്നു. അവ അധികവും ഈശ്വരസ്തോത്രങ്ങളാണു്. സംഗീതത്തിൽ അവിടത്തേക്കു വലിയ വാസനയുണ്ടായിരുന്നു. തിരുവിതാംകൂറിലെ പ്രധാന ക്ഷേത്രങ്ങളിൽ ഇന്നും അവിടന്നു രചിച്ച ഗാനങ്ങൾ നാഗസ്വരക്കാർ വായിക്കുന്നു. കല്പിച്ചു് ഉണ്ടാക്കിയ വർണ്ണങ്ങളും കീർത്തനങ്ങളും തെക്കേ ഇൻഡ്യയിൽ പലെടങ്ങളിലും പാടിവരുന്നു. (ശ്രീ ചിത്തിരതിരുനാൾ പൊന്നുതമ്പുരാൻ, സ്വാതിതിരുനാൾ മഹാരാജാവിന്റെ സ്മാരകമായി രാജധാനിയിൽ ഒരു സംഗീതവിദ്യാലയം ഇപ്പോൾ സ്ഥാപിച്ചിട്ടുണ്ടു്.) പല ഗ്രന്ഥങ്ങളും അവിടന്നു നിർമ്മിച്ചിട്ടുണ്ടു്. തെലുങ്കുഭാഷയിൽ പല ഗാനങ്ങളും നിർമ്മിച്ച സംഗീതചക്രവർത്തിയെന്നു കീർത്തിനേടിയ ത്യാഗരാജൻ അക്കാലത്തു ജീവിച്ചിരുന്ന ഒരാളും മഹാരാജാവിന്റെ ഒരു മിത്രവും ആയിരുന്നു.

തിരുമനസ്സിലെ സദസ്സിൽ പല വിദ്വാന്മാരും കവികളും ഉണ്ടായിരുന്നു. 'ഓമനത്തിങ്കൾക്കിടാവോ' എന്ന താരാട്ടു കേൾക്കാത്ത മലയാളികൾ കാണുകയില്ല.

സ്വാതിതിരുനാൾ മഹാരാജാവിന്റെ സദസിലെ ഒരു അംഗമായ ഇരയിമ്മൻതമ്പി ഉണ്ടാക്കിയതാണ് അതു്. തമ്പി വേറെയും പല പാട്ടുകളും സ്തുതികളും എഴുതിയിട്ടുണ്ടു്. പ്രസിദ്ധങ്ങളായ പല ആട്ടക്കഥകളുടെ കർത്താവു് എന്ന നിലയിലും ഇരയിമ്മൻ തമ്പിയെ ഓർമ്മിക്കുന്നു. രാജസദസ്സിലെ മറെറാരു പ്രസിദ്ധ കവി ആയിരുന്നു കിളിമാനൂർ വിദ്വാൻ കോയി തമ്പുരാൻ.

കൊത്തുപണി മുതലായ കലകളും മഹാരാജാവിന്റെ രക്ഷാധികാരത്തിൽ തഴച്ചുവളൎന്നു. അവിടത്തേക്കു ഭരതനാട്യത്തിൽ വലിയ പ്രതിപത്തി ഉണ്ടായിരുന്നു. പുരാണകഥകളെ അടിസ്ഥാനമാക്കി പല കൊത്തുപണികളും ക്ഷേത്രങ്ങളിൽ ചെയ്യിച്ചു. മഹാരാജാവു് ഉണ്ടാക്കിച്ച രംഗവിലാസം കൊട്ടാരം അത്യന്തം കലാഭംഗിയുള്ളതാണു്. സ്വർണ്ണരഥവും, ദന്തസിംഹാസനവും സ്വാതിതിരുനാൾ ഉണ്ടാക്കിച്ചവയാണു്. കായികവിദ്യകളിലും അദ്ദേഹം തൽപരനായിരുന്നു. ഹൈദരാബാദിൽനിന്നും മററും അദ്ദേഹം ഫയൽമാൻമാരെ വരുത്തി രാജധാനിയിൽ പാൎപ്പിച്ചു. അതു കൂടാതെ മല്ലന്മാരുടെ ഓരോ മാതിരി അഭ്യാസസാമൎത്ഥ്യങ്ങളെയും പല വൎഗ്ഗത്തിൽപെട്ട ആളുകളെയും കാണുന്നതു് അദ്ദേഹത്തിനു വിനോദമായിരുന്നു. ഞാണിന്മേൽ കളിക്കാർ, ജാലവിദ്യക്കാർ മുതലായവരെ അദ്ദേഹം രാജധാനിയിൽ വരുത്തിത്താമസിപ്പിച്ചു. അറബികൾ, ചീനത്തുകാർ മുതലായ വിദേശികളും

തിരുമനസ്സിലെ അന്ത്യയിച്ച്ു തിരുവനന്തപുരത്തു താമസിച്ചു. അവിടന്നു ദയാശീലനും ദാനശീലനും ഈശ്വരഭക്തനും ആയിരുന്നു. ശ്രീപത്മനാഭസ്വാമിക്കു് അദ്ദേഹം അസംഖ്യം പവൻ കാണിക്കയിട്ടിട്ടുണ്ടു്. ഒരു ദിവസം ഒരു ലക്ഷംരൂപ കാണിക്കയിടുകയുണ്ടായി. തിരുവിതാംകൂർ ചരിത്രത്തിൽ സ്വാതിതിരുനാൾ മഹാരാജാവിന്റെ നാമധേയം പ്രകാശം ചൊരിഞ്ഞുകൊണ്ടു് എന്നും പരിലസിക്കുന്നതാണു്.

൭. പ്രധാനപ്പെട്ട ആളുകൾ

സുബ്ബ റാവു—മഹാരാജാവിന്റെ ഗുരുവും ദിവാൻജിയും.

ലൂഷിംഗ്ടൺ—തിരുവിതാംകൂർ സന്ദർശിച്ച ആദ്യത്തെ മദിരാശി ഗവർണർ.

ജനറൽ കല്ലൻ—മഹാരാജാവുമായി പിണങ്ങിയ റെസിഡെൻറു്.

കൃഷ്ണരായർ—കല്ലന്റെ ആശ്രിതൻ.

ത്യാഗരാജൻ— സ്വാതിതിരുനാളിന്റെ സമകാലീനനായി തെക്കേ ഇൻഡ്യയിൽ ഉണ്ടായിരുന്ന പ്രസിദ്ധ സംഗീതവിദ്വാൻ.

ഇരയിമ്മൻ തമ്പി } അക്കാലത്തെ
വിദ്വാൻകോയിത്തമ്പുരാൻ } കവികൾ

൨. പ്രധാനസംഭവങ്ങൾ

(൧) ഹജൂർക്കച്ചേരി തിരുവനന്തപുരത്തേക്കു മാററി.

(൨) മുൻസിഫ് കോടതികൾ സ്ഥാപിച്ചു.

(൩) തിരുവനന്തപുരത്തു സർക്കാർ ഇംഗ്ലീഷുസ്കൂൾ, ധർമ്മാശുപത്രി, നക്ഷത്രബംഗ്ലാവു് ഇവ പണിചെയ്യിച്ചു.

(൪) മഹാരാജാവും കല്ലനുമായുള്ള പിണക്കം.

൩. ചോദ്യങ്ങൾ

(൧) സ്വാതിതിരുനാൾ മഹാരാജാവു ആരെയാണ് ദിവാൻജിയായി നിയമിച്ചതു്? റെസിഡെൻറിനു് ആ നിയമനം എന്തുകൊണ്ടു് ഇഷ്ടപ്പെട്ടില്ല?

(൨) സ്വാതിതിരുനാൾ മഹാരാജാവിന്റെ കാലത്തു നടപ്പാക്കിയ പ്രധാന പരിഷ്കാരങ്ങൾ ഏവ?

(൩) സ്വാതിതിരുനാളും ജനറൽ കല്ലനുമായി ഉണ്ടായ വഴക്കുകളുടെ കാരണവും ഫലവും എഴുതുക.

(൪) സ്വാതിതിരുനാൾ മഹാരാജാവു് കലകളെ എങ്ങനെ പ്രോത്സാഹിപ്പിച്ചു?

അദ്ധ്യായം ൯

ഉത്രംതിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ്

(൲൨൨–൲൩൫)

വിദ്യാഭ്യാസവും സ്വഭാവവും

സ്വാതിതിരുനാൾ മഹാരാജാവിന്റെ സഹോദരനാണ് ഉത്രംതിരുനാൾ മാർത്താണ്ഡവർമ്മ. ജ്യേഷ്ഠനെപ്പോലെ അദ്ദേഹവും പല ഭാഷകളിലും പണ്ഡിതനായിരുന്നു. ഇംഗ്ലീഷ് ചികിത്സാസമ്പ്രദായങ്ങളും ശസ്ത്രക്രിയയും രസതന്ത്രവും അദ്ദേഹത്തിനു പരിചയമുണ്ടായിരുന്നു. കൊട്ടാരത്തിൽത്തന്നെ ഒരു ചെറിയ ആശുപത്രിയും രസതന്ത്രശാലയും അദ്ദേഹം ഏർപ്പെടുത്തി. കല്ലൻ സായിപ്പിനു മഹാരാജാവിനെ വലിയ സ്നേഹമായിരുന്നു.

ഉത്രംതിരുനാളിന്റെ കാരുണ്യത്തെയും ആശ്രിതവാത്സല്യത്തെയും പററി പല കഥകളും ഉണ്ട്. ഒന്നുരണ്ടെണ്ണം താഴെ ചേർക്കുന്നു. ഒരു ദിവസം അദ്ദേഹം വിലയേറിയ ഏതോ മരുന്ന് ഉണ്ടാക്കിക്കൊണ്ടിരുന്നു. അപ്പോൾ വേലക്കാരിൽ ഒരാൾ ചൂട സഹിക്കവയ്യാതെ സ്ഫടികപാത്രം താഴെ ഇട്ടു. തന്നെ തിരുമേനി ശിക്ഷിച്ചേക്കുമോ എന്ന് അയാൾക്കു വലിയ ഭയമായി. അപ്പോൾ കാരുണ്യമോടെ ഉത്രംതിരുനാൾ പറഞ്ഞത്

ഉത്രാടം തിരുനാൾ

ഇങ്ങനെയാണ്. "പാത്രം ഉടഞ്ഞതു സാരമില്ല. കൈ പൊള്ളുകയോ മററ് അപകടങ്ങൾ ഉണ്ടാകയോ ചെയ്തില്ലല്ലോ. അതു തന്നെ വലിയ ഭാഗ്യം." വേറൊരിക്കൽ കൊട്ടാരത്തിലെ ശേവുകക്കാരായ ചില പിള്ളേർ കളിച്ചുകൊണ്ടിരിക്കയായിരുന്നു. അവരുടെ അടുത്തു കുറേ വെടിമരുന്ന് ഉണ്ടായിരുന്നു. അതു് അവർ അറിഞ്ഞിരുന്നില്ല. അവർ തീ കൊളുത്തിക്കളിക്കയായിരുന്നു. ഒരു തീപ്പൊരി ചെന്നു വെടിമരുന്നിൽ വീണു. വലിയ ശബ്ദത്തോടുകൂടി അതു പൊട്ടി. ബാലന്മാൎക്കു തീപ്പൊള്ളൽ ഉണ്ടായി. മഹാരാജാവു് ഉടൻ അവിടെ എത്തി വേണ്ട പ്രഥമശുശ്രൂഷകൾ ചെയ്തു. ഉടനെ കൊട്ടാരം ഡാക്ടറെയും വരുത്തി. രാജകുടുംബത്തിൽ വല്ലവൎക്കും അപായം പററിയിരിക്കുമെന്നു വിചാരിച്ചു ഡാക്ടർ സായിപ്പ് ഓടിയെത്തി. സ്ഥലത്തെത്തിയപ്പോൾ കാര്യം സാരമില്ലല്ലോ എന്നു സായിപ്പു പറഞ്ഞു. "തീ പൊള്ളിയാൽ ആരെന്നുണ്ടോ? രാജാവും അടിമയും ഒരുപോലെ തന്നെയല്ലേ" എന്നായിരുന്നു തിരുമനസ്സിലെ മറുപടി.

ജ്യേഷ്ഠനെപ്പോലെ സംഗീതത്തിലും സാഹിത്യത്തിലുമെല്ലാം ഉത്രംതിരുനാളിനും വളരെ താൽപര്യമുണ്ടായിരുന്നു. കഥകളിയിലായിരുന്നു അദ്ദേഹത്തിനു വലിയ ഭ്രമം. അദ്ദേഹം ഒന്നാംതരം കഥകളി നടന്മാരെ പരിശീലിപ്പിച്ച് കൊട്ടാരത്തിൽ താമസിപ്പിക്കയും ദിവസംതോറും കഥകളി നടത്തിക്കയും ചെയ്തു. ഈശ്വരപിള്ള വിചാരിപ്പുകാർ ആയിരുന്നു പ്രധാന നടൻ.

കുതിരസവാരി മുതലായ വ്യായാമങ്ങളും ഉത്രംതിരുനാളിനു വലിയ ഇഷ്ടമായിരുന്നു.

സിംഹാസനാരോഹണം

മുപ്പത്തിരണ്ടാമത്തെ വയസ്സിൽ തിരുമനസ്സുകൊണ്ടു രാജ്യഭാരം ഏററു. ജ്യേഷ്ഠന്റെ കാലത്തെ കുഴപ്പങ്ങൾക്കെല്ലാം കാരണം റെസിഡെൻറു കല്ലനുമായുള്ള അസുഖമായിരുന്നുവെന്നു ഉത്രംതിരുനാളിനു അറിയാമായിരുന്നു. റെസിഡെൻറിനെ പ്രീതിപ്പെടുത്തുന്നതിനു അദ്ദേഹത്തിന്റെ ആശ്രിതനായ കൃഷ്ണറാവുവിനെ ദിവാനുദ്യോഗത്തിൽ സ്ഥിരപ്പെടുത്തി. പത്തു വഷത്തോളം കൃഷ്ണറാവു ദിവാൻപദത്തിലിരുന്നു. ഇക്കാലമൊക്കെയും മഹാരാജാവും റെസിഡെൻറും കൃഷ്ണറാവുവും വളരെ ഇഷ്ടമായി എല്ലാ കാർയ്യങ്ങളിലും ഒരു കൈയ്യായിരുന്നു. സ്വാതിതിരുനാളിന്റെ ബലശത്രുവായ റെസിഡെൻറു കല്ലൻ ഉത്രംതിരുനാളിന്റെ ഉത്തമമിത്രമായി പെരുമാറി. മഹാരാജാവിനെ സായിപ്പു എല്ലാ കാർയ്യങ്ങളിലും ആത്മാത്ഥതയോടെ സഹായിച്ചു.

ലണ്ടൻ പ്രദശ്നം

ആയിടയ്ക്കു ലണ്ടൻ പട്ടണത്തിൽവച്ചു വലിയ ഒരു പ്രദശ്നം നടത്തുകയുണ്ടായി. പല രാജ്യങ്ങളിൽ നിന്നും വിലപിടിച്ച അനേകം സാധനങ്ങളും പ്രദശിപ്പിച്ചു. തിരുവിതാംകൂറിൽനിന്നും പല സാമാനങ്ങളും

അയച്ചുകൊടുത്തു. ആ കൂട്ടത്തിൽ മഹാരാജാവിന്റെ സ്വന്തം ഉപയോഗത്തിനായി പണിചെയ്ത ദന്തസിംഹാസനവും ഉണ്ടായിരുന്നു. ഇതിന്റെ കൊത്തുവേല അസംഖ്യം കാഴ്ചക്കാർ പ്രശംസിച്ചു. പ്രദർശനത്തിനു ശേഷം ആ സിംഹാസനം മഹാരാജാവു ബ്രിട്ടീഷു ചക്രവർത്തിനിക്കു സമ്മാനിച്ചു.

അടിമയേർപ്പാടു നിറുത്തൽ ചെയ്തു

അക്കാലത്തു ബ്രിട്ടീഷുസാമ്രാജ്യത്തിലെങ്ങും അടിമയേർപ്പാടു നിറുത്തൽ ചെയ്തു. തിരുവിതാംകൂറും ഇതു് അനുകരിച്ചു. പാർവ്വതീഭായിറാണിയുടെ കാലത്തു് അടിമവ്യാപാരം നിറുത്തിയതായി പഠിച്ചുവല്ലോ. ഉത്രംതിരുനാൾ മഹാരാജാവാണു് അടിമയേർപ്പാടു നിശ്ശേഷം ഇല്ലാതാക്കിയതു്. തിരുമനസ്സിലെ കാലത്തെ ഏററവും വലിയ പരിഷ്കാരം ഇതായിരുന്നു.

ഭരണസൗകര്യത്തിനു ചെയ്ത ഏർപ്പാടുകൾ

ദിവാൻജിയുടെ ജോലി വളരെ കൂടിയിരുന്നു. അതു ലഘൂകരിക്കുന്നതിനായി രാജ്യത്തെ മൂന്നു ഡിവിഷനായി തിരിച്ചു. വടക്കൻ ഡിവിഷനും തെക്കൻഡിവിഷനും പേഷ്കാരന്മാരുടെ കീഴിലാക്കി. ഇടയ്ക്കുള്ള സ്ഥലം ദിവാന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ വച്ചു.

ക്ഷാമം

ഉത്രംതിരുനാൾ മഹാരാജാവു് സിംഹാസനാരോഹണം ചെയ്തു് ആറു വർഷത്തോളം കഴിഞ്ഞപ്പോൾ

നമ്മുടെ രാജ്യത്തു് ഒരു വലിയ ക്ഷാമം ഉണ്ടായി. അതിവൃഷ്ടിയായിരുന്നു അതിന്റെ പ്രധാന കാരണം. തെക്കൻതിരുവിതാംകൂറിലെ കൃഷി അതുമൂലം നശിച്ചു. ആഹാരസാധനങ്ങൾക്കു വലിയ വിഷമമായി. ഗവമ്മെന്റു കരം ഇളവു ചെയ്തുകൊട്ടത്തും അന്യദേശങ്ങളിൽനിന്നു ധാന്യങ്ങൾ ഇറക്കുമതി ചെയ്തും ഖജനാവിൽ പണമില്ലാതായി. ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുടിശ്ശികയാവുകയും ചെയ്തു. ഈ വിഷമസന്ധിയെ തരണം ചെയ്യുന്നതിനു മഹാരാജാവും ദിവാൻജിയും കഴിവുള്ളതെല്ലാം ചെയ്തു.

ഭരണസംബന്ധമായ കുഴപ്പങ്ങൾ

നാട്ടിലുള്ള പല ഉദ്യോഗസ്ഥന്മാർക്കും കൃഷ്ണറാവുവിനോടു വലിയ വിരോധമായിരുന്നു. സ്വല്പമായ വീഴ്ചകൾക്കു പോലും അദ്ദേഹം ഉദ്യോഗസ്ഥന്മാരെ മുക്കാലിയിൽ കെട്ടി അടിപ്പിച്ചു. ദിവാൻജിയെയും റെസിഡെൻറിനെയും എതിർത്തുകൊണ്ടു് പല ലേഖനങ്ങളും മദ്രാസിലെ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തി. കൃഷ്ണറാവു യൂറോപ്യന്മാരെയും മിഷണറിമാരെയും തിരെ വകവച്ചില്ല. നാഗരുകോവിലിലെ ലണ്ടൻമിഷൻ പാതിരിമാർ തിരുവിതാംകൂറിനെപ്പററി പല ഹർജികളും മദ്രാസ് ഗവണ്മെന്റിനു് അയച്ചു. ക്രിസ്തുമതം സ്വീകരിച്ചവരെ ഗവർമെൻറു് ഉപദ്രവിക്കുന്നു എന്നായിരുന്നു പ്രധാന പരാതി. ഉപ്പു്, കുരുമുളകു് മുതലായവ ഗവമ്മെന്റു കുത്തകസാമാനങ്ങളായിരുന്നതുകൊണ്ടും ജനങ്ങൾക്കു വിഷമവും അസംതൃപ്തിയും ഉണ്ടായി. അതിന്റെ

യെല്ലാം ഫലമായി അന്നത്തെ വൈസ്രായി തിരുവിതാംകൂർ ഭരണത്തെ പരിശോധിക്കുന്നതിന്ന് ഒരു കമ്മീററിയെ അയയ്ക്കാൻ നിശ്ചയിച്ചു. രാജ്യത്തിലെ സ്ഥിതിഗതികൾ നന്നാക്കണമെന്നു കാണിച്ചു മഹാരാജാവിന്ന് ഒരു കത്തും അയച്ചു. എന്നാൽ താമസിയാതെ തന്നെ ബ്രിട്ടീഷ് ഇൻഡ്യയിൽ ശിപായിലഹള ഉണ്ടായതിനാൽ തിരുവിതാംകൂറിലെ നടപടികൾ കമ്പനിക്കാർ നിറുത്തിവച്ചു.

മാധവരായർ ദിവാനായി

കൃഷ്ണറാവു പത്തു വർഷത്തോളം ദിവാനായിരുന്നു. അദ്ദേഹത്തിനു ശേഷം ദിവാൻജിയായതു ടി. മാധവരായർ ആയിരുന്നു. തിരുവനന്തപുരത്തു പുത്തൻകച്ചേരിയുടെ മുൻവശത്തുള്ള റോഡിൽ ഇന്നും അദ്ദേഹത്തിൻെറ പ്രതിമ കാണാം.

രംഗരായർ എന്ന ഒരു മഹാരാഷ്ട്രബ്രാഹ്മണൻെറ പുത്രനായിരുന്നു മാധവരായർ. സ്വാതിതിരുനാളിൻെറ കാലത്തു രംഗരായർ ഇവിടെ ദിവാൻപേഷ്കാർ എന്ന ഉദ്യോഗത്തിലിരുന്നിട്ടുണ്ട്. ഉത്രംതിരുനാളിൻെറ കാലത്തു കൊച്ചുതമ്പുരാക്കന്മാരെ ഇംഗ്ലീഷു പഠിപ്പിക്കുന്നതിനായി മാധവരായരെ തിരുവിതാംകൂറിൽ വരുത്തി. കുറേ നാളിനു ശേഷം അദ്ദേഹത്തിനെ തെക്കൻ ഡിവിഷനിലെ പേഷ്കാരായി നിയമിച്ചു. കൃഷ്ണരായർക്കു ശേഷം യുവരാജാവായ ആയില്യം തിരുനാളിൻെറ അഭിപ്രായപ്രകാരം ഉത്രംതിരുനാൾ മഹാരാജാവു് മാധവരായരെ

ദിവാൻജിയായി നിയമിച്ചു. അദ്ദേഹത്തിന് അപ്പോൾ മുപ്പതു വയസ്സേ പ്രായമുണ്ടായിരുന്നുള്ളു.

മാധവരായർ ദിവാൻജിയായപ്പോൾ അദ്ദേഹത്തിനു രണ്ടു പ്രശ്നങ്ങൾ നേരിടേണ്ടിവന്നു. ഒന്നാമതായി രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി നന്നാക്കുക, രണ്ടാമതായി മേൽക്കോയ്മയ്ക്കു തിരുവിതാംകൂറിനെപ്പററിയുണ്ടായിരുന്ന തെററിദ്ധാരണകൾ നീക്കുക. ഈ രണ്ടു കാര്യങ്ങളും വളരെ ചുരുങ്ങിയ കാലത്തിനിടയിൽ സാധിക്കുന്നതിനു മാധവരായർക്കു കഴിഞ്ഞു.

തെക്കൻ തിരുവിതാംകൂറിലെ അസ്വസ്ഥത

തെക്കൻ തിരുവിതാംകൂറിൽ ക്രിസ്ത്യൻ മിഷണറിമാരുടെ പ്രയത്നഫലമായി ക്രിസ്തുമതം പ്രചരിച്ചു. ക്രിസ്തുമതം സ്വീകരിച്ച ചില താഴ്ന്ന ജാതിക്കാരുടെ സ്ത്രീകൾ മററു ജാതിക്കാരുടെ വസ്ത്രധാരണരീതി അനുകരിച്ചു. തന്നിമിത്തം സവർണ്ണഹിന്ദുക്കളും അവരും തമ്മിൽ പല കലഹങ്ങളും ഉണ്ടായി. ദക്ഷിണ തിരുവിതാംകൂർ മുഴുവൻ ഈ ലഹള പടർന്നുപിടിച്ചു. മാധവരായർ അവിടങ്ങളിൽ സഞ്ചരിച്ചു ലഹളകൾ അമർച്ചചെയ്തു. മേലിൽ ഇങ്ങനെയുള്ള വഴക്കുകൾ ഉണ്ടാകാതെയിരിക്കുന്നതിനും ആ കാര്യത്തെപ്പററി മദ്രാസ് ഗവർമെൻറിന്റെ തെററിദ്ധാരണകൾ നീക്കുന്നതിനും ആയി മഹാരാജാവ് ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. അതോടെ ആ പ്രക്ഷോഭണം അവസാനിച്ചു.

൧. പ്രധാനപ്പെട്ട ആളുകൾ

കൃഷ്ണരാവു — ഉത്രം തിരുനാളിന്റെ ദിവാൻജി.

മാധവരാവു—കൃഷ്ണരാവുവിന്റെ പിൻഗാമി

കല്ലൻ—റെസിഡെൻറു്.

൨. പ്രധാനസംഭവങ്ങൾ

(൧) ലണ്ടൻ പ്രദർശനം.

(൨) ക്ഷാമം.

(൩) തിരുവിതാംകൂറിലെ അടിമകൾക്കു സ്വാതന്ത്ര്യം ലഭിച്ചു.

(൪) മാധവരായർ ദിവാൻജിയായതു്.

(൫) തെക്കൻ തിരുവിതാംകൂറിലെ അസ്വാസ്ഥത.

൩. ചോദ്യങ്ങൾ

(൧) ഉത്രംതിരുനാൾ മഹാരാജാവു റെസിഡെൻറു കല്ലന്റെ സ്നേഹം എങ്ങനെ സമ്പാദിച്ചു?

(൨) തിരുവിതാംകൂറിൽ അടിമകൾക്കു പൂർണ്ണസ്വാതന്ത്ര്യം കൊടുത്ത മഹാരാജാവു് ആരാണു് ?

(൩) കൃഷ്ണരാവുവിനെ ഇവിടത്തെ ഉദ്യോഗസ്ഥന്മാർ വെറുക്കാൻ കാരണം എന്തു് ?

(൪) തിരുവിതാംകൂറിനെപ്പററി മദ്രാസ് ഗവർമെൻറിനു് ഉണ്ടായ തെററിദ്ധാരണകൾക്കു കാരണങ്ങൾ ഏവ? അതു് ആരു്, എങ്ങനെ പരിഹരിച്ചു?

(൫) തെക്കൻ തിരുവിതാംകൂറിലെ അസ്വാസ്ഥതയ്ക്കു കാരണം എന്തായിരുന്നു? അതു് എങ്ങനെ അവസാനിച്ചു?

ആയില്യം തിരുനാൾ

അദ്ധ്യായം ൯

ആയില്യംതിരുനാൾ രാമവർമ്മ മഹാരാജാവ്

(൧൮൬൦—൧൮൮൦)

തിരുവിതാംകൂർ മാതൃകാരാജ്യം ആയത്

പ്രാരംഭം

റാണിലക്ഷ്മീഭായിയുടെ പുത്രിയായ രുഗ്മിണീഭായി തമ്പുരാട്ടിയുടെ പുത്രന്മാരാണ് ആയില്യംതിരുനാൾ മഹാരാജാവും വിശാഖം തിരുനാൾ മഹാരാജാവും. അവർ രണ്ടുപേരുടെയും വിദ്യാഭ്യാസകാര്യത്തിൽ ഉത്രം തിരുനാൾ മഹാരാജാവു വളരെ ശ്രദ്ധിച്ചു. അവരെ ഇംഗ്ലീഷു പഠിപ്പിച്ചതു മാധവരായർ ആയിരുന്നു. നാടു നീങ്ങിയ മഹാരാജാവു ഭരണകാര്യങ്ങളിൽ അനന്തരവന്മാരുടെ അഭിപ്രായം ആരായുക പതിവായിരുന്നു. അതിനാൽ സിംഹാസനാരോഹണം ചെയ്തപ്പോൾ തന്നെ ഭരണകാര്യങ്ങൾ ആയില്യം തിരുനാൾ തിരുമനസ്സിലേക്ക് അറിയാമായിരുന്നു. മാധവരായരെ ഉത്രം തിരുനാൾ മഹാരാജാവു ദിവാനായി നിയമിച്ചതുതന്നെ അന്നു യുവരാജാവായിരുന്ന ആയില്യം തിരുനാളിന്റെ അഭിപ്രായമനുസരിച്ചായിരുന്നു.

പത്തൊൻപതു വർഷത്തോളം ആയില്യം തിരുനാൾ രാജ്യം ഭരിച്ചു. സമർത്ഥന്മാരായ രണ്ടു ദിവാജിമാർ

മഹാരാജാവിനെ സേവിച്ചു. മാധവരായരും ശേഷയ്യാശാസ്ത്രിയുമായിരുന്ന അവർ. റെസിഡൻറും മഹാരാജാവിനെ എല്ലാ കാര്യങ്ങളിലും അനുകൂലിച്ചു. ഇക്കാരണങ്ങളെല്ലാംകൊണ്ടു തിരുമനസ്സിലെ ഭരണം എല്ലാ വിധത്തിലും ശ്രേഷ്ഠമായി ഭവിച്ചു. ആയില്യം തിരുനാൾ മഹാരാജാവിൻെറ കാലത്തു് തിരുവിതാംകൂറിനു 'മാതൃകാരാജ്യം' എന്ന പേർ സിദ്ധിക്കയും ചെയ്തു. തിരുവിതാംകൂർ മഹാരാജാക്കന്മാർക്കു് 'മഹാരാജാവു്' എന്ന സ്ഥാനം ബ്രിട്ടീഷുഗവർമെൻറു നല്കിയതും അദ്ദേഹത്തിൻെറ കാലത്തായിരുന്നു.

മാധവറാവു

ആയില്യംതിരുനാൾ മഹാരാജാവിൻെറ കാലത്തു് ആദ്യത്തെ പന്ത്രണ്ടു വർഷം ദിവാൻജിയായിരുന്നതു സർ. ടി. മാധവരായരായിരുന്നു. ഉത്രം തിരുനാളിൻെറ കാലത്തു് ഒടുവിൽ രണ്ടുവർഷത്തോളവും അദ്ദേഹം ദിവാൻജിയായിരുന്നു. തിരുവിതാംകൂറിൽ ഇത്ര ദീർഘകാലം ദിവാൻപദം അലങ്കരിച്ചിരുന്നവർ വളരെ കുറവാണു്. ഭരണകാര്യങ്ങളിൽ നല്ല നിശ്ചയവും സാമർത്ഥ്യവും ഉള്ള ഒരാളായിരുന്നു മാധവറാവു. മഹാരാജാവുമായി ആലോചിച്ചു ജനങ്ങളുടെ ക്ഷേമത്തിനായി അനേകം പരിഷ്കാരങ്ങൾ അദ്ദേഹം നടപ്പാക്കി. മാധവറാവു പരിഷ്കരിക്കാത്ത തുറകൾ ഇല്ലെന്നു തന്നെ പറയാം.

സാമ്പത്തികപരിഷ്കാരങ്ങൾ

കുരുമുളകിൻെറ കുത്തക നിറുത്തി.

സർ ടി മാധവരാവു



ഹജൂർ കച്ചേരി

തിരുവിതാംകൂറിലെ ഒരു പ്രധാനവിളവാണു കുരുമുളകു്. വിദേശികൾക്കു് അതു വലിയ പ്രിയമാണു്. നമ്മുടെ കുരുമുളകു് അധികവും അന്യദേശങ്ങളിലേക്കു് അയയ്ക്കുന്നു. ആയില്യം തിരുനാളിന്റെ കാലം വരെ കുരുമുളകു് ഗവർമെന്റു കുത്തകയായിരുന്നു. അതായതു് കൃഷിക്കാർ കുരുമുളകു മുഴുവനും ഗവൺമെന്റിനെ ഏല്പിക്കണം. ഗവർമെന്റു് ഈ മുളകു വിദേശികൾക്കു വില്ക്കുകയും, വിററു കിട്ടുന്ന വിലയിൽ ഒരു ഭാഗം കൃഷിക്കാർക്കു കൊടുക്കുകയും ചെയ്തിരുന്നു. കൃഷിക്കാരുടെ താൽപര്യത്തിനു് എതിരായിരുന്നു ഈ സമ്പ്രദായം. അതിനാൽ ഒരു രാജകീയവിളംബരം മൂലം കുരുമുളകിന്മേലുള്ള ഗവൺമെന്റിന്റെ കുത്തക മഹാരാജാവു നിറുത്തൽ ചെയ്തു.

പുകയിലക്കുത്തക നിറുത്തൽ ചെയ്തു

മുൻപു സർക്കാരിൽ നിന്നും പുകയില വരുത്തി കച്ചവടക്കാർക്കു കൊടുക്കുകയായിരുന്നു പതിവു്. എന്നാൽ സർക്കാരിൽനിന്നും അയൽ രാജ്യങ്ങളെക്കാൾ കൂടുതൽ വിലയ്ക്കാണു പുകയില വിററിരുന്നതു്. അതിനാൽ കൊച്ചിയിൽ നിന്നും മററും കച്ചവടക്കാർ വ്യാജമായി പുകയില വരുത്തി വിററുവന്നു. ഇതുമൂലം ഗവർമെന്റിനു വലിയ നഷ്ടം ഉണ്ടായി. അതിനാൽ മാധവറാവു പുകയിലക്കുത്തക നിറുത്തൽചെയ്തു. പകരം പുകയിലയിന്മേൽ ഒരു തീരുവ ചുമത്തി. ഈ നടപടിമൂലം ഗവർമെന്റിന്റെ ആദായം വർദ്ധിച്ചു. കച്ചവടക്കാർക്കും ജനങ്ങൾക്കും ഇതു കൂടുതൽ സൗകര്യമായിരുന്നു.

ബ്രിട്ടീഷുഗവർമെൻറുമായി കച്ചവടസംബ ന്ധമായ ഉടമ്പടി (൧൮൬൫)

ആയില്യം തിരുനാളിൻെറ കാലത്തു തിരുവിതാംകൂർ ഗവർമെൻറും ബ്രിട്ടീഷ് ഗവർമെൻറും തമ്മിൽ ചുങ്കം സംബന്ധിച്ചു കാര്യങ്ങളെപ്പററി ഒരു ഉടമ്പടി ഉണ്ടാക്കി. അതാണ പ്രസിദ്ധമായ "ഇൻററ് പോർട്ടൽ കൺവെൻഷൻ." ഈ ഉടമ്പടിയിലെ കരാറുകളിൽ ഏററവും പ്രധാനപ്പെട്ടതു് ബ്രിട്ടീഷ് ഇൻഡ്യയിൽ ചുങ്കം കൊടുത്ത സാമാനത്തിന തിരുവിതാംകൂറിലും, തിരുവിതാംകൂറിൽ ചുങ്കം കൊടുത്ത സാമാനത്തിന ബ്രിട്ടീഷ് ഇൻഡ്യയിലും തീരുവ ചുമത്താൻ പാടില്ല എന്നതാകുന്നു. തിരുവിതാംകൂറിനു് ഈ ഉടമ്പടി നഷ്ടമാണെന്നു മാധവറാവു മനസ്സിലാക്കി കഴിയുന്നതും ഇതിനെ എതിർത്തുനോക്കി. പക്ഷേ, ബ്രിട്ടീഷ് ഗവർമെൻറ് ഉടമ്പടി സ്വീകരിക്കുന്നതിന നിർബന്ധിച്ചു. നഷ്ടപരിഹാരത്തിനായി തിരുവിതാംകൂറിനു് ആണ്ടുതോറും നാല്പതിനായിരം രൂപ കൊടുത്തുകൊള്ളാമെന്നും സമ്മതിച്ചു. അങ്ങനെ ചുങ്കം ഇനത്തിൽ ഒരു വലിയ തുക പ്രതിവർഷം നമ്മുടെ ഗവർമെൻറിന നഷ്ടമായി. ഇൻടർ പോർട്ടൽ കൺവെഷൻ ഇല്ലായിരുന്നെങ്കിൽ ഇറക്കുമതിത്തീരുവയായി അനേകലക്ഷം രൂപാ തിരുവിതാംകൂറിന കിട്ടുമായിരുന്നു.

കൃഷിക്കാരുടെ നില നന്നാക്കിയതു് പണ്ടാരപ്പാട്ടവിളംബരം (൧൮൬൫)

തിരുവിതാംകൂറിൽ അന്നു രണ്ടിനം വസ്തുക്കൾ ഉണ്ടായിരുന്നു—ജന്മിവകയെന്നും പണ്ടാരപ്പാട്ടമെന്നും. ഇതിൽ ജന്മിവക വസ്തുക്കൾ ജന്മിമാരുടെ (വലിയ ഭൂസ്വത്തുടമസ്ഥന്മാർ) വകയും, പണ്ടാരപ്പാട്ടം വസ്തുക്കൾ സക്കാരിൻെറ വകയും ആയിരുന്നു. പണ്ടാരവക വസ്തുക്കളായിരുന്നു അധികവും. അവ വിൽക്കാനോ വാങ്ങാനോ കൃഷിക്കാക്ക് അവകാശമില്ലായിരുന്നു. സക്കാരിനു ഇഷ്ടമുള്ളപ്പോൾ അവരെ വസ്തുവിൽനിന്നും ഒഴിപ്പിക്കാമായിരുന്നു. പണ്ടാരപ്പാട്ടവിളംബരം അനുസരിച്ച് കുടികൾക്കു വസ്തുവിൽ അവകാശം സിദ്ധിച്ചു. അവക്ക് പണ്ടാരപ്പാട്ട വസ്തുക്കൾ വിൽക്കുകയും നന്നാക്കുകയും ചെയ്യാമെന്നും ഗവമ്മെൻറിലേക്കുള്ള കരം കൊടുത്താൽ മതിയെന്നും തീർച്ചപ്പെട്ടു.

ജന്മികുടിയാൻ വിളംബരം (൧൦൪൩)

ഈ വിളംബരത്തിനു മുൻപു ജന്മിമാക്ക് കുടിയാന്മാരെ ഇഷ്ടമുള്ളപ്പോൾ വസ്തുവിൽ നിന്നും ഒഴിപ്പിക്കാമായിരുന്നു. ജന്മികുടിയാൻ വിളംബരം അനുസരിച്ച് കുടിയാന്മാർ ജന്മിമാക്ക് മിച്ചവാരം ശരിയായി കൊടുത്താൽ അവക്ക് ആ വസ്തു അനുഭവിക്കാമെന്നു വരുത്തി. പണ്ടാരപ്പാട്ട വിളംബരംകൊണ്ടു സക്കാർ വക ഭൂമി അനുഭവിക്കുന്നവരുടെ അവശതകൾ നീക്കം ചെയ്തു. അതുപോലെ ജന്മികുടിയാൻ വിളംബരം കൊണ്ടു ജന്മിവക വസ്തുക്കൾ അനുഭവിക്കുന്നവരുടെ

അവകാശങ്ങൾ സംരക്ഷിച്ചു. കൃഷിക്കാർക്ക് ഈ രണ്ടു വിളംബരങ്ങളും വലിയ അനുഗ്രഹങ്ങളായിത്തീൎന്നു. അതിൻെറ ഫലമായി നമ്മുടെ നാട്ടിലെ കൃഷി വളരെ അഭിവൃദ്ധി പ്രാപിച്ചു.

മററു പരിഷ്കാരങ്ങൾ

പൊതുമരാമത്ത്

മഹാരാജാവിൻെറയും ദിവാൻജിയുടെയും ശ്രദ്ധ ഗതാഗതസൗകര്യങ്ങൾ വൎദ്ധിപ്പിക്കുന്ന കാര്യത്തിലും പതിഞ്ഞു. അതിനു മുൻപു വണ്ടികൾക്കും മററും സഞ്ചരിക്കുന്നതിനു കൊള്ളാവുന്ന റോഡുകൾ നമ്മുടെ നാട്ടിൽ വളരെ കുറവായിരുന്നു. പൊതുമരാമത്തു ഡിപ്പാർട്ടുമെൻറു ശരിയായ രീതിയിൽ ആക്കിയതിനാൽ അനേകം റോഡുകളും ഗതാഗതത്തിനും കൃഷിക്കുമായി പല തോടുകളും വെട്ടിക്കയുണ്ടായി. തിരുവനന്തപുരത്ത് ഇന്നു നാം കാണുന്ന ഹജ്ജൂർക്കച്ചേരി ഉണ്ടാക്കിയതും അക്കാലത്താണ്. രാജധാനിയിൽ കാളേജ്, വൎക്കലത്തുരപ്പ്, പുനലൂർപ്പാലം, ആലപ്പുഴയിലെ ദീപസ്തംഭം ഇവയും അക്കാലത്തെ പരിഷ്കാരങ്ങളിൽ ഉൾപ്പെടുന്നു.

വിദ്യാഭ്യാസം

രാജ്യത്തിൻെറ നാനാഭാഗങ്ങളിലും ഇംഗ്ലീഷ്, മലയാളം, തമിൾ എന്നീ ഭാഷകൾക്കു പള്ളിക്കൂടങ്ങൾ ഏൎപ്പെടുത്തി. മലയാളവിദ്യാഭ്യാസത്തിൻെറ അഭ്യുദയത്തെ കൂടി പരിഗണിച്ച് ഒരു ഡയറക്ടരെ നിയമിച്ചു.

പിന്നീട് ഇവിടത്തെ ദിവാനായിത്തീർന്ന ശങ്കര സുബ്ബയ്യർ ആയിരുന്ന ആദ്യത്തെ നാട്ടുഭാഷാ ഡയറക്ടർ. പാഠശാലകളുടെ ഉപയോഗത്തിനായി പുസ്തകങ്ങൾ ഉണ്ടാക്കുന്നതിന് ഒരു ടെക്സ്റ്റ്ബുക്ക കമ്മിററിയും ഏല്പെടുത്തി. ഇതിന്റെയെല്ലാം ഫലമായി ഇവിടത്തെ വിദ്യാഭ്യാസം ശീഘ്രഗതിയിൽ പുരോഗമിച്ചു.

വൈദ്യവകുപ്പ്

മഹാരാജാവിന്റെ ഭരണാരംഭത്തിൽ ഇവിടെ ആറ് ആശുപത്രികളേ ഉണ്ടായിരുന്നുള്ളു. ഏതാനും വർഷങ്ങൾക്കുള്ളിൽ അവയുടെ സംഖ്യ ഇരുപത്തുനാല് ആയി. രാജധാനിക്കടുത്ത് ഊളമ്പാറയിൽ ഒരു ഭ്രാന്താശുപത്രിയും അക്കാലത്താണ് സ്ഥാപിച്ചത്.

മാധവറാവു ഉദ്യോഗം ഒഴിഞ്ഞു

മഹാരാജാവിന്റെ തിരുവുള്ളക്കേടു നിമിത്തം ഒടുവിൽ മാധവറാവു ദിവാനുദ്യോഗം ഒഴിയുന്നതിനിടയായി. പിന്നെ അദ്ദേഹം ഇൻഡോർ, ബറോഡാ എന്നീ രണ്ടു രാജ്യങ്ങളിൽക്കൂടി ദിവാൻജിയായിരുന്നു. ഇൻഡ്യയിലെയും ഇംഗ്ലണ്ടിലെയും പല മഹാന്മാരും മാധവറാവുവിന്റെ സാമർത്ഥ്യത്തെയും കാര്യശേഷിയെയും പററി പ്രശംസിക്കയും അദ്ദേഹത്തിനു പല ബഹുമതികളും നൽകുകയും ചെയ്തിട്ടുണ്ട്. ഇദ്ദേഹം ൬൨-ാമത്തെ വയസ്സിൽ മരിച്ചു. ഇൻഡ്യയിലെ ഒന്നാംകിടയിലുള്ള ഒരു രാജതന്ത്രജ്ഞനായിരുന്നു സർ. ടി. മാധവറാവു.

ശേഷയ്യാ ശാസ്ത്രി

മാധവരാവുവിന്റെ സ്നേഹിതനും സഹപാഠിയുമായ ശേഷയ്യാ ശാസ്ത്രിയാണു പിന്നീടു ദിവാനായതു്. അദ്ദേഹത്തിനു റവന്യൂസംബന്ധമായ കാര്യങ്ങളിൽ നല്ല പഴക്കവും തഴക്കവും ഉണ്ടായിരുന്നു. മാധവരാവു തുടങ്ങിയ പല കാര്യങ്ങളും പൂർണ്ണമാക്കിയതു ശേഷയ്യ ശാസ്ത്രിയായിരുന്നു. അദ്ദേഹം ഇവിടെ അഞ്ചു വർഷം ദിവാനായിരുന്നു. ആ ചുരുങ്ങിയ കാലത്തിനിടയ്ക്കു് അദ്ദേഹം നാട്ടിന്റെ അഭിവൃദ്ധിക്കായി പലതും ചെയ്തു.

സാമ്പത്തിക പരിഷ്കാരങ്ങൾ

രാജ്യത്തിലെ ചെലവു ചുരുക്കി മിച്ചം വരുത്തുന്ന കാര്യത്തിൽ ശാസ്ത്രി ശ്രദ്ധിച്ചു. ഓരോ ആണ്ടേക്കും ആയവ്യയങ്ങളുടെ കണക്കുകൾ (ബഡ്ജററ്) ഉണ്ടാക്കുക എന്ന സമ്പ്രദായം ഏർപ്പെടുത്തിയതു് അദ്ദേഹമാണു്. അതുകൊണ്ടു ഖജനാവിൽ നല്ല മിച്ചമുണ്ടായി.

ഗവർമ്മെന്റു് എഴുത്തുകുത്തുകൾക്കു് ഓല മാററി കടലാസ്സാക്കി. ആദ്യത്തെ ശരിയായുള്ള കാനേഷുമാരി (ജനസംഖ്യക്കണക്കു്) എടുപ്പിച്ചതും ശാസ്ത്രിയാണു്.

മാധവരാവു ആരംഭിച്ച പല മരാമത്തുവേലകളും പൂർത്തിയാക്കിയതു ശേഷയ്യാശാസ്ത്രി ആയിരുന്നു. വർക്കല തുരപ്പിന്റെ പണി മുഴുവനാക്കി. മദിരാശി ഗവർണ്ണരായ നേപ്പിയർ പ്രഭുവിന്റെ സന്ദർശനത്തിന്റെ സ്മാരകമായി തിരുവനന്തപുരത്തു കാഴ്ചബംഗ്ലാവും പൂന്തോട്ടവും സ്ഥാപിച്ചു. വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനു

പ്രൈവററു വിദ്യാലയങ്ങൾക്കു ഗ്രാൻറു നല്കുന്ന ഏർപ്പാട് അദ്ദേഹം തുടങ്ങി.

ശേഷയ്യാശാസ്ത്രികൾ ശേഷം ദിവാൻ പദം കൈയ്യേററതു് ഇണ്ണാട്ടുകാരനായ നാണുപിള്ള ആയിരുന്നു. അദ്ദേഹത്തിൻെറ സേവനം കൊണ്ടും രാജ്യത്തിനു പല നന്മകൾ സിദ്ധിച്ചു.

മരണാവസാനം

മഹാരാജാവിനു് അവസാനത്തെ ആലസ്യം ബാധിച്ചു. മഹാരാജാവും ഇളയ തമ്പുരാനായ വിശാഖം തിരുമേനിയും തമ്മിൽ കുറേ നാളായി അടുപ്പമില്ലാതെ കഴിഞ്ഞുപോന്നു. എന്നാൽ ജ്യേഷ്ഠനു സുഖമില്ലെന്നു് അറിഞ്ഞു് വിശാഖം തിരുനാളിൻെറ വജ്രം പോലെയുള്ള ഹൃദയം അലിഞ്ഞു. ജ്യേഷ്ഠനെ കാണാനുള്ള ആഗ്രഹം വളൎന്നു. പക്ഷേ സമ്മതം ലഭിച്ചില്ല. ഇളയ രാജാവു വീണ്ടും നിർബന്ധിച്ചു. ഒടുവിൽ മഹാരാജാവു് സഹോദരവാത്സല്യത്തിനു് അടിപ്പെട്ടു. വളരെക്കാലം ശത്രുക്കളായിക്കഴിഞ്ഞ ജ്യേഷ്ഠാനുജന്മാർ തമ്മിൽക്കണ്ടപ്പോൾ വികാരഭരിതരായി വിങ്ങിക്കരഞ്ഞുപോയി. ഇരുവരും വിരോധങ്ങളെല്ലാം മറന്നു. അനുജൻ ജ്യേഷ്ഠൻെറ അടുക്കൽനിന്നും മാറാതെ വളരെ സ്നേഹത്തോടെ ശുശ്രൂഷകൾ ചെയ്തു. പക്ഷേ മരണം ആൎക്കും മാററാവുന്നതല്ലല്ലോ. താമസിയാതെ ആയില്യം തിരുനാൾ നാടുനീങ്ങി (൧൦൪൬). തിരുവിതാംകൂറിനു മാതൃകാരാജ്യം എന്ന പേർ സമ്പാദിച്ചുകൊടുത്ത മഹാനായി അവിടത്തെ ഓൎമ്മിച്ചുവരുന്നു.

മലയാളഭാഷയുടെ വളർച്ച

നമ്മുടെ ഭാഷയ്ക്കു് ആയില്യം തിരുനാളിന്റെ കാലത്തു വലിയ വളർച്ച ഉണ്ടായി. ഗദ്യമായി ശാകുന്തളവും മീനകേതനചരിതവും അവിടന്നു് എഴുതി. മഹാപണ്ഡിതന്മാരായിരുന്ന ഇലത്തൂർ രാമസ്വാമിശാസ്ത്രിയും പാച്ചുമൂത്തതും മഹാരാജാവിന്റെ കാരുണ്യത്തിനു പ്രത്യേകം പാത്രമായിരുന്നു.

മലയാള ഭാഷയെ സംബന്ധിച്ചിടത്തോളം അന്നു ജീവിച്ചിരുന്ന ഏറ്റവും വലിയ പണ്ഡിതൻ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ ആയിരുന്നു. അദ്ദേഹത്തിന്റെ ഒരു പ്രസിദ്ധ കൃതിയാണു മയൂരസന്ദേശം. കുഞ്ചൻനമ്പ്യാർക്കു ശേഷം മലയാളഭാഷയെ ഇതുപോലെ അനുഗ്രഹിച്ചിട്ടുള്ള ഒരു മഹാത്മാവു് ഉണ്ടായിട്ടില്ല. കാളിദാസന്റെ ശാകുന്തളം മലയാളത്തിൽ ആദ്യമായി അദ്ദേഹം തർജ്ജമ ചെയ്തു. അതിനാൽ അദ്ദേഹം കേരള കാളിദാസൻ എന്ന പേരിൽ വിഖ്യാതനായിത്തീർന്നു.

൬. പ്രധാനപ്പെട്ട ആളുകൾ

സർ. ടി. മാധവരാവു, ശേഷയ്യാ ശാസ്ത്രി, നാണു പിള്ള — ആയില്യംതിരുനാളിന്റെ കാലത്തെ ദിവാൻജിമാർ.

ശങ്കരസുബ്ബയ്യർ—ആദ്യത്തെ നാട്ടുഭാഷാ വിദ്യാഭ്യാസ ഡയറക്ടർ.

കേരളവർമ്മ വലിയ കോയിത്തമ്പുരാൻ—മയൂരസന്ദേശത്തിന്റെകർത്താവു്, കേരളകാളിദാസൻ.

TRAINING SCHOOL
KOTTAYAM
LOWER GRADE

കേരളവമ്മ വലിയ കോയിത്തമ്പുരാൻ

ഏ. പ്രധാനസംഭവങ്ങൾ

(൧) കുരുമുളകിന്റെയും പുകയിലയുടെയും കുത്തക നിറുത്തൽ ചെയ്തു.

(൨) ഇന്റർപോർട്ടൽ കൺവെൻഷൻ

(൩) പണ്ടാരപ്പാട്ടം വിളംബരം

(൪) ജന്മികുടിയാൻ വിളംബരം

(൫) നേപ്പിയർ പ്രഭുവിന്റെ സന്ദർശനം; കാഴ്ച ബംഗ്ലാവും തോട്ടവും ഏർപ്പെടുത്തി.

(൬) ആദ്യത്തെ ശരിയായ കാനേഷുമാരി

ഐ. ചോദ്യങ്ങൾ

(൧) മാധവറാവുവിനു മുൻപ് ആരായിരുന്നു ദിവാൻജി? അപ്പോൾ ഉണ്ടായിരുന്ന കുഴപ്പങ്ങൾ എന്തെല്ലാം? മാധവറാവു അവ എങ്ങനെ പരിഹരിച്ചു?

(൨) കൃഷിക്കാരുടെ രക്ഷയ്ക്കായി ആയില്യം തിരുനാൾ പുറപ്പെടുവിച്ച വിളംബരങ്ങൾ ഏവ? ആ വിളംബരങ്ങൾ കൃഷിക്കാർക്ക് എങ്ങനെ ഗുണകരമായി?

(൩) ഇന്റർ പോർട്ടൽ കച്ചവടഉടമ്പടിയിലെ കക്ഷികൾ ആരെല്ലാം? അതിലെ പ്രധാന വ്യവസ്ഥ എന്ത്? തിരുവിതാംകൂറിന് അതു ഗുണകരമായിരുന്നോ?

(൪) താഴെപ്പറഞ്ഞിരിക്കുന്നവ ആരു പണികഴിപ്പിച്ചു? ആലപ്പുഴ ദീപസ്തംഭം, ഹജൂർക്കച്ചേരി.

(൭) തിരുവിതാംകൂറിനു മാതൃകാരാജ്യം എന്ന പേരു് ആരുടെ കാലത്തു കിട്ടി ?

(൮) ഓലയ്ക്കു പകരം സർക്കാർ എഴുത്തുകുത്തുകൾക്കു് ആരുടെ കാലത്താണു് ആദ്യമായി കടലാസു് ഉപയോഗിച്ചുതുടങ്ങിയതു്?

(൯) ശേഷയ്യാ ശാസ്ത്രി നടപ്പാക്കിയ മൂന്നു പ്രധാന പരിഷ്കാരങ്ങൾ എഴുതുക.

(൰) വക്കലത്തുരപ്പിന്റെയും പുനലൂർ പാലത്തിന്റെയും പണി ആരു് ആരംഭിച്ചു ? ആരു പൂർത്തിയാക്കി?

(൰൧) കേരളകാളിദാസൻ ആരു് ? അദ്ദേഹത്തിന്റെ ഒരു പ്രധാന കൃതിയുടെ പേരു് എഴുതുക.

TRAINING SCHOOL
KOTTAYAM

വിശാഖം തിരുനാൾ

അദ്ധ്യായം ൧൦ം

വിശാഖംതിരുനാൾ രാമവർമ്മ മഹാരാജാവ്

(൧൮൩൭—൧൮൮൫)

ബാല്യവും വിദ്യാഭ്യാസവും

നമ്മുടെ നാട്ടിൽ പാവങ്ങളുടെ മുഖ്യമായ ആഹാര സാധനം മരിച്ചീനിയാണല്ലോ. ഈ അടുത്ത കാലത്തു് ഉണ്ടായ ലോകമഹായുദ്ധംമൂലം ആഹാരസാധനങ്ങൾക്കു വലിയ ക്ഷാമമുണ്ടായി. പല രാജ്യങ്ങളിലും പട്ടിണിമൂലം അസംഖ്യം ജനങ്ങൾ മരിച്ചു. നമ്മുടെ രാജ്യത്തു സാധുക്കളായ പലൎക്കും അപ്പോഴും മരിച്ചീനി അഥവാ കപ്പ വലിയ ഒരു അനുഗ്രഹമായി ഭവിച്ചു. നമ്മുടെ രാജ്യത്തു മരച്ചീനിക്കൃഷി നടപ്പാക്കിയ മഹാനായ ഒരു മഹാരാജാവിനെപ്പററിയാണു് ഈ അധ്യായത്തിൽ പറയുന്നതു്.

ആയില്യം തിരുനാളിൻെറ സഹോദരനായിരുന്നു വിശാഖം തിരുനാൾ മഹാരാജാവു്. അവിടുന്നു ജനിച്ചു രണ്ടു മാസത്തിനകം മാതാവു നാടുനീങ്ങി. വിശാഖംതിരുനാൾ ജനിച്ചപ്പോൾ തന്നെ അശക്തനായിരുന്നു. മാതാവിൻെറ അകാലചരമം അദ്ദേഹത്തെ കുറേക്കൂടി അശക്തനാക്കി. എന്നാൽ അവിടത്തെ ശരീരശക്തിയുടെ കുറവിനെ ബുദ്ധിശക്തിയുടെ കൂടുതൽ പരിഹരിച്ചോ എന്നു തോന്നിപ്പോകും.

ബാല്യകാലത്തിൽ ഒരു ഭൃത്യയുടെ ശ്രദ്ധക്കുറവു മൂലം വിശാഖംതിരുനാൾ രാജകുമാരൻ താഴെ വീഴാനിടയായി. അവിടത്തെ ചുണ്ടുകൾ മുറിഞ്ഞു രക്തം വന്നു. ഉടൻതന്നെ വലിയതമ്പുരാൻ രാജകുമാരന്മാരെ കാണ്മാൻ എഴുന്നള്ളി. ഭൃത്യയ്ക്കു വലിയ പരിഭ്രമവും വ്യസനവും ആയി. ഉടനെ കരുണാനിധിയായ രാജകുമാരൻ പറഞ്ഞു—"നീ ഒട്ടും ഭയപ്പെടേണ്ട, അമ്മാവൻ നിന്നെ ശിക്ഷിക്കാതെ ഞാൻ രക്ഷിച്ചുകൊള്ളാം." മഹാരാജാവു വന്നപ്പോൾ രാജകുമാരൻ ചുണ്ടു നല്ലപോലെ മറച്ചു വാപൊത്തിനിന്നു് മുറിവു കാണിക്കാതെ കഴിച്ചുകൂട്ടി. ഈ സംഗതിയിൽ കാണിച്ച സാമർത്ഥ്യവും കാരുണ്യവും അവിടത്തേക്കു് അഭിമാനഹേതുവായിത്തീർന്നു.

ബാല്യംമുതല്ക്കേ രാജകുമാരൻ വിദ്യാഭ്യാസത്തിൽ വളരെ ശ്രദ്ധയും താൽപര്യവും കാണിച്ചു. ഗുരുക്കന്മാർക്കു് അദ്ദേഹത്തോടു വലിയ വാത്സല്യമായിരുന്നു. ഒൻപതു വയസ്സായപ്പോഴേക്കും മലയാളത്തിലും സംസ്കൃതത്തിലും നല്ല അറിവു സമ്പാദിച്ചു. ഇംഗ്ലീഷു പഠിക്കാൻ തുടങ്ങിയതു് ഒൻപതാമത്തെ വയസ്സിലായിരുന്നു. അദ്ദേഹത്തെ ഇംഗ്ലീഷു പഠിപ്പിച്ചതു രാജാ സർ. ടി. മാധവരായരായിരുന്നു. നാലഞ്ചു വർഷംകൊണ്ടു് അവിടുന്നു് ആ ഭാഷയിൽ അസാമാന്യമായ നൈപുണ്യം സമ്പാദിച്ചു. അതുകൊണ്ടു തൃപ്തനാകാതെ കൊച്ചുതമ്പുരാൻ തന്നെത്താനേ പഠിച്ചുതുടങ്ങി. ഇംഗ്ലീഷു ഗദ്യരചനയിൽ അദ്ദേഹം കാണിച്ച പാടവം പല ഇംഗ്ലീഷു

കാരെയും അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ഒരിക്കൽ അദ്ദേഹം മദ്രാസിൽ ഒരു പത്രത്തിലേക്ക് ഒരു ഇംഗ്ലീഷ് ലേഖനം അയച്ചു. "ജ്ഞാന സമ്പാദനത്തിനു രാജപാതയില്ല" എന്ന കുറിപ്പോടുകൂടി പത്രാധിപർ ലേഖനം ഉപേക്ഷിച്ചു. രാജകുമാരൻ അതു കൊണ്ട് ഒട്ടും അധൈര്യപ്പെട്ടില്ല. അധികം കാലതാമസം കൂടാതെ ആ പത്രത്തിലേക്കു തന്നെ അദ്ദേഹം വേറേ ഒരു ലേഖനം അയച്ചു. "ഇത്ര സ്തുത്യർഹമായ ഒരു ലേഖനം എഴുതാൻ അവിടത്തെ പ്രേരിപ്പിച്ചതു ഞാനാണെന്നുള്ളതു് എനിക്കു് അഹങ്കാരഹേതുവായിരിക്കുന്നു" എന്നു് ആ പത്രാധിപർ പറഞ്ഞു് ലേഖനം പ്രസിദ്ധപ്പെടുത്തി.

ഇളയ രാജാവായിരുന്നപ്പോൾത്തന്നെ രാജ്യസ്ഥിതി നല്ലവണ്ണം പഠിച്ചു. സർ. ടി. മാധവറാവുവും ആയില്യം അട്ടപ്പവും ഭരണകാര്യങ്ങൾ മനസ്സിലാക്കുന്നതിനു് അദ്ദേഹത്തെ സഹായിച്ചു. തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലും അദ്ദേഹം സഞ്ചരിച്ചിട്ടുണ്ട്. തിരുവിതാംകൂറിനു വെളിയിലുള്ള പല സ്ഥലങ്ങളും അദ്ദേഹത്തിനു പരിചിതമായിരുന്നു. അവിടത്തേക്കു വലിയ ഒരു ഗ്രന്ഥശാല ഉണ്ടായിരുന്നു. അതിലുള്ള ഒരു പുസ്തകമെങ്കിലും അവിടത്തെ തൃക്കൈ കൊണ്ടുള്ള പെൻസിലടയാളവും അഭിപ്രായവും ഇല്ലാതെ കാണുന്നില്ല. ഇതിൽനിന്നു പുസ്തകങ്ങൾ വായിക്കുന്നതിനും അദ്ദേഹത്തിനു് ഉണ്ടായിരുന്ന താൽപര്യം മനസ്സിലാക്കാമല്ലോ. പ്രകൃതിശാസ്ത്രത്തിലും അദ്ദേഹത്തിനു വലിയ അഭിരുചി ഉണ്ടായിരുന്നു. പല മാതിരി പാറകളും

മററു വിശേഷവസ്തുക്കളും അദ്ദേഹം ശേഖരിച്ചു സൂക്ഷിച്ചു. അവിടന്നു് എഴുന്നള്ളിയിരുന്ന തിരുവനന്തപുരത്തു വടക്കേ കൊട്ടാരത്തിലേ തോട്ടത്തിൽ പുതിയ സമ്പ്രദായത്തിലുള്ള കൃഷികൾ പലതും ചെയ്യിച്ചിരുന്നു. സംഗീതം, സാഹിത്യം, ചിത്രമെഴുത്തു് മുതലായ കലകളിലും അദ്ദേഹം കൗതുകം പ്രദർശിപ്പിച്ചു. പ്രസിദ്ധനായ കിളിമാനൂർ രവിവർമ്മ കോയിത്തമ്പുരാനെ ചിത്രമെഴുത്തിൽ ആദ്യം പ്രോത്സാഹിപ്പിച്ചതു് അദ്ദേഹമായിരുന്നു. ആയില്യം തിരുനാൾ തടവിൽ പാർപ്പിച്ചിരുന്ന കേരളവർമ്മ വലിയകോയിത്തമ്പുരാനെ രാജ്യഭാരം കൈയ്യേററ ഉടൻതന്നെ വിശാഖം തിരുനാൾ മോചിപ്പിച്ചു. അക്കാലത്തു് ഉണ്ടായിരുന്ന വിദ്വാന്മാരൊക്കെ തിരുമനസ്സിലെ പ്രീതിക്കും പ്രോത്സാഹനത്തിനും പാത്രമായിരുന്നു.

പല വിധമായ അറിവും പരിചയവും പൂർത്തിയായതിനു ശേഷമാണു് അവിടന്നു നാടു വാഴാൻ തുടങ്ങിയതു്. അഞ്ചു വർഷം രാജ്യം ഭരിക്കുന്നതിനേ അദ്ദേഹത്തിനു സാധിച്ചുള്ളു. പക്ഷേ, ആ ചുരുങ്ങിയ കാലത്തിനുള്ളിൽ എന്തെല്ലാം സംഗതികൾ നടപ്പാക്കിയെന്നു പരിശോധിച്ചാൽ അദ്ദേഹത്തിന്റെ മഹത്വം മനസ്സിലാക്കാം.

വിശാഖം തിരുനാൾ രാജ്യഭാരം കൈയ്യേററ ശേഷം ദിവാൻ നാണുപിള്ളയെ പെൻഷൻ കൊടുത്തു പിരിച്ചു. അനന്തരം നിയമിച്ച രാമയ്യങ്കാർ തിരുമന

സ്സിലെ ഒരു സ്നേഹിതനായിരുന്നു. സർ. ടി. മാധവറാവുവിന്റെയും ശേഷയ്യാശാസ്ത്രിയുടെയും സഹപാഠിയായിരുന്ന രാമയ്യങ്കാർ. അദ്ദേഹം അപ്പോൾ മദ്രാസ് സർവ്വീസിലായിരുന്നു. അയ്യങ്കാരുടെ കാര്യശേഷിയെപ്പററി അന്നത്തെ മദ്രാസ് ഗവർണ്ണർ പ്രശംസിച്ചിട്ടുണ്ട്. ഇങ്ങനെ സമർത്ഥനായ ഒരാളെ ദിവാൻജിയായി നിയമിച്ചശേഷം ഭരണയന്ത്രത്തെ ഉടച്ചു വാർക്കണമെന്നു മഹാരാജാവു തീർച്ചപ്പെടുത്തി.

പോലീസ് പരിഷ്കാരം

അതേവരെ പോലീസ് ഭരണം ഡിവിഷൻ പേഷ്കാരുടെ കീഴിലായിരുന്നു. നീതിന്യായഉദ്യോഗസ്ഥന്മാരുടെ കീഴിൽ പോലീസു ഡിപ്പാർട്ടുമെന്റ് ഇരുന്നതു നിമിത്തം പല അഴിമതികൾക്കും ഇടയായി. അതിനാൽ ൧൦൫൬-ലെ പോലീസ് റഗുലേഷൻ അനുസരിച്ചു് പോലീസുകാരെ മജിസ്ട്രേട്ടന്മാരുടെ കീഴിൽ നിന്നും വിടർത്തി. പോലീസ് ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറാക്കി. പഠിത്തവും സ്വഭാവയോഗ്യതയും ഉള്ളവരെ പോലീസുവകുപ്പിൽ ഉദ്യോഗസ്ഥന്മാരായി നിയമിച്ചു. മദ്രാസ് പോലീസിന്റെ മാതൃകയിൽ ഇവിടത്തെ പോലീസിനെ പരിഷ്കരിച്ചു. കളവും അഴിമതികളും നാട്ടിൽ കുറഞ്ഞു.

ജയിൽഭരണം

ജയിൽപ്പുള്ളികൾ യഥാശക്തി ജയിലിൽ വച്ചു് ജോലി ചെയ്യണമെന്നുള്ള ഏപ്പാടു് ഈ മഹാരാജാവു

വച്ചതാണു്. ഇതിലേക്കായി ജയിലിൽ അച്ചടിശാലയും നെയ്ത്തുശാലയും സ്ഥാപിച്ചു. ഇതുമൂലം ജയിൽപ്പുള്ളികളുടെ സ്വഭാവത്തിനു തന്നെ മാററം വന്നു. ജയിൽ വിട്ടു പോകുമ്പോൾ എന്തെങ്കിലും തൊഴിൽ ചെയ്യുന്നതിനും ഇതു് അവരെ സഹായിച്ചു. സദർകോർട്ടു് വീണ്ടും ഹൈക്കോർട്ടാക്കി. നിലവിലിരുന്ന നിയമങ്ങൾ ക്രോഡീകരിച്ചു പ്രസിദ്ധപ്പെടുത്തുകയും പുതുതായി പലതും നടപ്പാക്കുകയും ചെയ്തു.

പോസ്ററാഫീസുകൾ

തിരുവിതാംകൂറിലെ മിക്ക പ്രധാനസ്ഥലങ്ങളിലും പോസ്റ്റാഫീസുകൾ സ്ഥാപിച്ചു. തിരുവിതാംകൂറിനു ബ്രിട്ടീഷ്ഇൻഡ്യയുമായി ഇടപെടുന്നതിനു ഇതുമൂലം സൗകര്യം വർദ്ധിച്ചു. ഇതുകൂടാതെ രാജ്യത്തിൽ കൂടുതൽ അഞ്ചലാഫീസുകൾ സ്ഥാപിക്കുകയും അഞ്ചൽവകുപ്പു നന്നാക്കുകയും ചെയ്തു.

വിദ്യാഭ്യാസപരിഷ്കാരം

ശാസ്ത്രീയമായ കാര്യങ്ങളിൽ മഹാരാജാവിനു വലിയ അഭിരുചി ഉണ്ടായിരുന്നു. തിരുവനന്തപുരത്തുള്ള കാളേജിൽ ഊർജ്ജതന്ത്രവും രസതന്ത്രവും പഠിപ്പിക്കുന്നതിനു് ഏർപ്പാടുചെയ്തു. മലയാളം സ്കൂൾ അദ്ധ്യാപകന്മാരെ പരിശീലിപ്പിക്കുന്നതിനായി തിരുവനന്തപുരത്തു് ഒരു 'നോർമൽ' സ്കൂൾ സ്ഥാപിച്ചു. സഹായധനം നൽകിയും മററു പ്രകാരത്തിലും പ്രാഥമികവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിച്ചു.

കൃഷിസംബന്ധമായ കാര്യങ്ങളിലും വിശാഖം തിരുനാൾ മഹാരാജാവു വളരെ ശ്രദ്ധ പതിപ്പിച്ചു. അന്നു തിരുവിതാംകൂറിൽ വ്യവസായവും തീരെ ഉയന്നിട്ടില്ലായിരുന്നു. അതിനാൽ കൃഷിയുടെയും വ്യവസായത്തിന്റെയും അഭിവൃദ്ധിക്കായി തിരുമനസ്സുകൊണ്ടു പലതും ചെയ്തു. കന്നുകാലിപ്രദശനങ്ങൾ മുതലായവ ഇവിടെ ആദ്യം തുടങ്ങിയതു് അദ്ദേഹമാണു്. കൃഷിക്കാരുടെ നന്മയ്ക്കായി പല ചുങ്കങ്ങളും തീരുവകളും നിറുത്തൽ ചെയ്തു. ദക്ഷിണതിരുവിതാംകൂറിലെ പാണ്ടിയൻ അണയുടെയും പുത്തൻ അണയുടെയും കേടുപാടുകൾ പോക്കി.

സർവെയും കണ്ടെഴുത്തും

വിശാഖം തിരുനാളിന്റെ കാലത്തു് ആരംഭിച്ച പരിപാടികളിൽ ഏററവും പ്രധാനപ്പെട്ടതു് സർവ്വെയും കണ്ടെഴുത്തും ആണു്. ഇവയ്ക്കു മഹാരാജാവിനെ പ്രേരിപ്പിച്ചതു കരം കൂട്ടണമെന്ന ആഗ്രഹം അല്ലായിരുന്നു. കണ്ടെഴുത്തിന്റെ ഉദ്ദേശം വസ്തുക്കൾ തരം തിരിക്കാനും, അതു് അനുസരിച്ചു ന്യായമായ കരം ചുമത്തുന്നതിനുമാണു്. വസ്തുക്കളുടെ അതിരു തിരിക്കുന്നതിനാണു സർവ്വേ. ഈ പദ്ധതി പൂത്തിയാക്കുന്നതിനു് ഇരുപത്തഞ്ചുവഷം വേണ്ടിവന്നു. ഇതു പൂത്തിയായതു് അടുത്ത ഭരണകാലത്തായിരുന്നു. ഇതിന്റെ ഫലമായി നമ്മുടെ രാജ്യത്തുള്ള നിലംപുരയിടങ്ങളെല്ലാം ശരിയായി അളന്നു തിട്ടപ്പെടുത്തി. വസ്തുവിന്റെ ഉടമസ്ഥാവകാശങ്ങൾ തീർച്ചപ്പെടുത്തി. വസ്തു ഉടമസ്ഥന്മാർ സക്കാരിലേക്കു് അടയ്ക്കേണ്ടുന്ന കരവും കണക്കു

പ്പെടുത്തി. ഈ കണ്ടെഴുത്തുകാലത്തു ചുമത്തിയ കരം മേൽ ഒരു കണ്ടെഴുത്തു് ഉണ്ടാകുന്ന കാലംവരെ നിലനില്ക്കേണ്ടതാണെന്നും നിശ്ചയിച്ചു. കൃഷിക്കാൎക്കും വസ്തു ഉടമസ്ഥന്മാൎക്കും ഈ പരിഷ്കാരം വലിയ അനുഗ്രഹമായിരുന്നു.

ഭരണാവസാനം

തിരുവിതാംകൂറിലെ ജനങ്ങൾക്കു വിശാഖം തിരുനാൾ മഹാരാജാവിന്റെ ഭരണത്തിൽ ദീർഘകാലം കഴിയാൻ ഭാഗ്യമുണ്ടായില്ല. ൧൦൬൦ മിഥുനമാസത്തിൽ അദ്ദേഹത്തെ അന്ത്യരോഗം ബാധിച്ചു. രണ്ടാഴ്ചയോളം അദ്ദേഹം കിടപ്പിലായിരുന്നു. പിന്നീടു തിരുവിതാംകൂറിനെ ദുഃഖസമുദ്രത്തിൽ ആഴ്ത്തിക്കൊണ്ടു് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

വിശാഖം തിരുനാൾ മഹാരാജാവിനെപ്പോലെ സ്വഭാവഗുണവും വ്യക്തിവൈശിഷ്ട്യവും തികഞ്ഞ രാജാക്കന്മാർ വളരെ ചുരുക്കമാണു്. പല സർവകലാശാലകളും അദ്ദേഹത്തിനു ബഹുമതികൾ നല്കി. യുവരാജാവായിരുന്നപ്പോഴേ അദ്ദേഹത്തെ വൈസ്രായിയുടെ കാര്യനിർവാഹക സംഘത്തിൽ ഒരു അംഗമാകുന്നതിനു ക്ഷണിച്ചു. പക്ഷേ അസൗകര്യങ്ങളാൽ ആ ഉന്നതപദം അദ്ദേഹം സ്വീകരിക്കയുണ്ടായില്ല. മദ്രാസ് അതീനിയം, ഇൻഡ്യൻ സ്റ്റേറ്റ്സ്മാൻ എന്നീ പത്രങ്ങളിൽ അദ്ദേഹം എഴുതിയ ലേഖനങ്ങൾ പല മഹാന്മാരുടെയും ശ്രദ്ധയെ ആകർഷിച്ചിരുന്നു. ഇങ്ങനെ

നോക്കിയാൽ ഒരു രാജാവെന്നപോലെ തന്നെ സംസ്കാര സമ്പന്നനായ ഒരു വ്യക്തി എന്ന നിലയിലും വിശാഖം തിരുനാൾ മഹാനായിരുന്നു.

തിരുവിതാംകൂറിൽ മാത്രമല്ല ഇൻഡ്യ ഒട്ടുക്ക് ഈ മഹാരാജാവിൻെറ ബുദ്ധിശക്തിയും പരിശ്രമശീലവും പ്രസിദ്ധമായിരുന്നു. ഉദ്യോഗസ്ഥന്മാരെക്കൊണ്ടു ശരിയായി ജോലിചെയ്യിക്കുന്നതിൽ അദ്ദേഹം നിഷ്കർഷിച്ചു. യോഗ്യന്മാരായ ഉദ്യോഗസ്ഥന്മാരെ പ്രോത്സാഹിപ്പിച്ചു. കൈക്കൂലി മുതലായ അഴിമതികൾ നിറുത്തലാക്കി. തിരുമനസ്സിലെ സത്യനിഷ്ഠ സർക്കാർ ജീവനക്കാരെ സത്യവാന്മാരാക്കിത്തീർത്തു. ശുപാർശയും മററുംകൊണ്ടു് അന്നു കാര്യസാദ്ധ്യമില്ലായിരുന്നു. മഹാരാജാവിൻെറ പേരു കേട്ടാൽ അക്കാലത്തു് ദുഷ്ടന്മാർ നടുങ്ങും.

അദ്ദേഹം രാവും പകലും മുഷിഞ്ഞിരുന്നു ജോലി ചെയ്തു. ഹജൂരിൽ നിന്നും വരുന്ന കടലാസുകെട്ടുകൾ അന്നന്നു രാത്രിതന്നെ നോക്കി പിറേറ ദിവസം രാവിലെ ദിവാൻജിക്കു് അയച്ചുവന്നു. ഇതെല്ലാം ചെയ്തു തീർത്തിട്ടാണു തിരുമനസ്സുകൊണ്ടു രാവിലെ സവാരി ചെയ്തു വന്നതു്. തിരിച്ചെഴുന്നള്ളി പള്ളിനീരാട്ടും അമൃതേത്തും കഴിഞ്ഞു പതിനൊന്നു മണിയോടുകൂടി ജോലിയിൽ പ്രവേശിക്കും. ഇതായിരുന്നു അവിടത്തെ ദിനചര്യ.

മതസംബന്ധമായ കാര്യങ്ങളിലും തിരുമനസ്സിലേക്കു വലിയ നിഷ്ഠ ഉണ്ടായിരുന്നു. ഇൻഡ്യയിലെ പ്രസിദ്ധങ്ങളായ പല ക്ഷേത്രങ്ങളും സന്ദർശിച്ചു് അദ്ദേഹം

ആരാധന നടത്തി. മനസ്സില്ലാമനസ്സോടെ മതകർമ്മങ്ങൾ ചെയ്യുന്നതിനെക്കാൾ ഭേദം ചെയ്യാതിരിക്കയാണെന്നു് അദ്ദേഹം പലപ്പോഴും പറയാറുണ്ടായിരുന്നു. ഹിന്ദുധർമ്മമനുസരിച്ചുള്ള കർമ്മങ്ങളും നിഷ്ഠകളും അദ്ദേഹം ശ്രദ്ധയോടും വിശ്വാസത്തോടും അനുഷ്ഠിച്ചുവന്നു. വാർദ്ധക്യത്തിൽ സന്ന്യാസം സ്വീകരിക്കണമെന്നു് അദ്ദേഹം ആഗ്രഹിച്ചിരുന്നു. എന്നാൽ അതിനു ഭാഗ്യമുണ്ടാകുന്നതിനു മുൻപേ അവിടന്നു നാടുനീങ്ങി. വിശാഖം തിരുനാൾ മഹാരാജാവിൻെറ കീർത്തി തിരുവിതാംകൂർ ചരിത്രത്തിൽ എക്കാലത്തും പ്രശോഭിക്കുന്നതാണു്.

൧. പ്രധാനപ്പെട്ട വ്യക്തി

രാമയ്യങ്കാർ — വിശാഖം തിരുനാളിൻെറ കാലത്തെ ദിവാൻജി.

൨. പ്രധാന സംഭവങ്ങൾ

(൧) പോലീസു ഡിപ്പാർട്ടുമെൻറു് ഏർപ്പെടുത്തി.
(൨) സദർകോർട്ടു് ഹൈക്കോടതിയാക്കി.
(൩) ശരിയായ ആദ്യത്തെ സർവെയും സെററിൽമെൻറും ആരംഭിച്ചു.

൩. ചോദ്യങ്ങൾ

(൧) വിശാഖം തിരുനാളിൻെറ പ്രധാന മന്ത്രി ആരു് ആയിരുന്നു?

(൨) തിരുമനസ്സിലെ കാരുണ്യത്തെ വെളിവാക്കുന്ന ഒരു സംഭവം എഴുതുക.

(൩) വിശാഖം തിരുനാളിന്റെ ജ്ഞാനസമ്പാദനത്തിലുള്ള ആസക്തിയെപ്പററി ചുരുക്കി എഴുതുക.

(൪) കേരളവർമ്മ വലിയ കോയിത്തമ്പുരാനെ ആരാണു തടവിൽ പാർപ്പിച്ചതു്? ആരാണു വിട്ടയച്ചതു്?

(൫) താഴെ ചേർക്കുന്ന വകുപ്പുകളിൽ വിശാഖം തിരുനാളിന്റെ കാലത്തു് എന്തെല്ലാം പരിഷ്കാരങ്ങൾ വരുത്തി? (൧) പോലീസ് (൨) വിദ്യാഭ്യാസം (൩) ജയിൽ.

(൬) കൃഷിക്കാരെ തിരുമേനി എങ്ങനെയെല്ലാം സഹായിച്ചു?

(൭) സർവെയും കണ്ടെഴുത്തും എന്നാൽ എന്തു്? ഇതു് ആരംഭിച്ചതു് എന്തിനു്? കൃഷിക്കാർക്കു് ഇതുമൂലം എന്തു ഗുണമുണ്ടായി?

(൮) പ്രജകൾക്കു വേണ്ടി ജീവിച്ചിരുന്ന മഹാരാജാവു് എന്നു വിശാഖം തിരുനാളിനെ വിളിക്കാനുള്ള കാരണങ്ങൾ എന്തെല്ലാം?

അദ്ധ്യായം ൧൧

ശ്രീമൂലം തിരുനാൾ രാമവർമ്മ മഹാരാജാവ്

(൧൮൫൭—൧൯൨൪)

ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ മാതാവ് ആയില്യം തിരുനാൾ, വിശാഖം തിരുനാൾ എന്നീ മഹാരാജാക്കന്മാരുടെ ഏക സഹോദരിയായ ലക്ഷ്മീ ബായിത്തമ്പുരാട്ടി ആയിരുന്നു. അവിടത്തെ പിതാവ് ചങ്ങനാശ്ശേരി രാജരാജവർമ്മ കോയിത്തമ്പുരാനാണ്. തിരുവയർ ഒഴിഞ്ഞു് ഒരു മാസം ആകുന്നതിനു മുൻപു ലക്ഷ്മീബായിത്തമ്പുരാട്ടി കാലധർമ്മം പ്രാപിച്ചു. മാതുലന്മാർക്കു ശ്രീമൂലം തിരുനാൾ കൊച്ചുതമ്പുരാന്റെ പേരിൽ വലിയ വാത്സല്യം ഉണ്ടായിരുന്നു. കുമാരൻ ആയിരുന്നപ്പോൾ തന്നെ അവിടത്തെ ബുദ്ധിശക്തി എല്ലാവരെയും അത്ഭുതപ്പെടുത്തി. രാജകുമാരന്റെ വിദ്യാഭ്യാസത്തിൽ മാതുലന്മാർ വളരെ ശ്രദ്ധ പതിപ്പിച്ചു. കുതിരസവാരി മുതലായ കായിക വിനോദങ്ങളിലും രാജകുമാരൻ സാമർത്ഥ്യം കാണിച്ചു. വിശാഖം തിരുനാളിനു മൂപ്പു കിട്ടിയപ്പോൾ ശ്രീമൂലം തിരുനാൾ ഇളയരാജാവ് ആയി. അതിന്റെ ലക്ഷ്യമായി മഹാരാജാവ് തൃക്കൈകൊണ്ടു തന്നെ ഒരു കിന്നരിത്തൊപ്പി ഭാഗിനേയന്റെ ശിരസ്സിൽ അണിയിച്ചു. ൨൮-ാമത്തെ വയസ്സിൽ തിരുമനസ്സിൽനിന്നും രാജ്യഭാരം ഏററു.

TRAINING SCHOOL
KOTTAYAM
LOW

ശ്രീമൂലം തിരുനാൾ

൩൯ വർഷത്തോളം തിരുമനസ്സുകൊണ്ടു തിരുവിതാംകൂർ ഭരിച്ചു. ധർമ്മരാജാവു കഴിഞ്ഞാൽ ഇത്ര ദീർഘകാലം വഞ്ചിരാജ്യസിംഹാസനം അലങ്കരിച്ച മഹാരാജാക്കന്മാർ ഇല്ല. ഒൻപതു പേർ അദ്ദേഹത്തിൻെറ കാലത്തു ദിവാൻജിമാരായിരുന്നിട്ടുണ്ടു്. രാമയ്യങ്കാർ, രാമറാവു, എസ്. ശങ്കരസുബ്ബയ്യർ, കെ. കൃഷ്ണസ്വാമി റാവു, വി. പി. മാധവറാവു, എസ്. ഗോപാലാചാരി, പി. രാജഗോപാലാചാരി, എം. കൃഷ്ണൻ നായർ, രാഘവയ്യാ ഇവരായിരുന്നു ദിവാൻജിമാരായി അന്നു രാജ്യസേവ ചെയ്തതു്. വിശാഖം തിരുനാളിൻെറ കാലത്തെ ദിവാൻജിയായ രാമയ്യങ്കാർ തന്നെ ശ്രീമൂലം തിരുനാൾ രാജ്യഭാരം കൈയ്യേററു് ഒന്നരവർഷം കഴിയും വരെ ദിവാൻജിയായി തുടർന്നു.

തിരുമനസ്സിലെ കാലത്തു കൃഷി, വ്യവസായം, വിദ്യാഭ്യാസം, ഗതാഗതസൗകര്യം മുതലായ കാര്യങ്ങളിൽ ഉണ്ടായ പുരോഗതിയെപ്പററി പഠിക്കാം.

കൃഷി

വിശാഖം തിരുനാൾ മഹാരാജാവു തിരുമനസ്സിൽ നിന്നും സമാരംഭിച്ച സർവ്വേയും കണ്ടെഴുത്തും പൂർത്തിയായതു ശ്രീമൂലം തിരുമനസ്സിലെ കാലത്തു് ആയിരുന്നു. കൃഷിയുടെ അഭിവൃദ്ധിക്കായി അവിടത്തെ കാലത്തു പല കാര്യങ്ങളും ചെയ്തു ഉണ്ടായിട്ടുണ്ടു്. ആയില്യം തിരുനാൾ മഹാരാജാവിൻെറ കാലത്തു കൃഷിക്കാരുടെ ഗുണത്തിനു വേണ്ടി പ്രസിദ്ധപ്പെടുത്തിയ രണ്ടു വിളംബരങ്ങളെപ്പററി പഠിച്ചുവല്ലോ. ഇവിടത്തെ

കൃഷിക്കാർക്കു പിന്നീട്ടും അവശതകൾ അവശേഷിച്ചു. അവയെല്ലാം തീർന്നതു് ശ്രീമൂലം തിരുനാളിന്റെ കാലത്തായിരുന്നു. ഇതുകൂടാതെ മലമ്പ്രദേശങ്ങളിൽ റബ്ബർ, കുരുമുളകു്, തേയില, ഏലം മുതലായവ കൃഷി ചെയ്യുന്നതിനായി കൃഷിക്കാർക്കു സ്ഥലങ്ങൾ പതിച്ചുകൊടുത്തു. പല യൂറോപ്യൻ കമ്പനികളും ഇവിടെ സ്ഥാപിതമായി. അവയിൽ പ്രസിദ്ധപ്പെട്ട ഒരു കമ്പനിയാണു കണ്ണൻ ദേവൻ കമ്പനി. അവർക്കു കണ്ണൻദേവൻ മലകൾ മുഴുവൻ തേയിലകൃഷിക്കു പാട്ടത്തിനു കൊടുത്തു. കമ്പനിക്കാരുടെ പണവും പ്രയത്നവുംകൊണ്ടു് ആ സ്ഥലം ഇന്നു വളരെ ആദായപ്രദമായിട്ടുണ്ടു്. രാമയ്യങ്കാർ ദിവാന്റെ കാലത്താണു് ഈ ഉടമ്പടി നടന്നതു്.

പ്രധാനമായ മറെറാരു വ്യവസ്ഥയാണു് പെരിയാർ പാട്ടം. പെരിയാറിന്റെ ഉത്ഭവസ്ഥാനത്തിനു് അല്പം കീഴായി വലിയ ഒരു സ്ഥലം ബ്രിട്ടീഷുഗവമ്മെൻറിനു പാട്ടത്തിനു കൊടുത്തു. മധുര ജില്ലയിൽ കൃഷിക്കു വെള്ളം കൊണ്ടുപോകാൻ വേണ്ടിയാണു് ഈ ഉടമ്പടി ഉണ്ടാക്കിയതു്. പെരിയാററിലെ അണക്കെട്ടിലെ വെള്ളംകൊണ്ടു മധുരജില്ലയിൽ വളരെ അധികം സ്ഥലം നല്ല കൃഷിഭൂമിയായിത്തീന്നിരിക്കുന്നു.

മലമ്പ്രദേശങ്ങൾ പതിച്ചുകൊടുത്തതുപോലെ കായൽ നികത്തി നിലങ്ങൾ പതിച്ചുകൊടുത്തും കൃഷിക്കു പ്രോത്സാഹനം ചെയ്തു. തന്മൂലം നെൽവിളവു് വളരെ വർദ്ധിക്കാനിടയായി.

ദക്ഷിണതിരുവിതാംകൂറിലെ നെൽകൃഷി വൎദ്ധിപ്പിക്കാനായി നടപ്പാക്കിയ ഒരു വലിയ പദ്ധതിയാണു് കോതയാററണ. അതു തുടങ്ങിയതു ദിവാൻ ശങ്കരസുബ്ബയ്യരുടെ കാലത്താണു്. കോതയാററിൽ പേച്ചിപ്പാറ എന്ന സ്ഥലത്തു് അണ കെട്ടി വെള്ളം നിറുത്തുകയും അവിടെനിന്നു തോടുകൾ വഴി നാഞ്ചിനാട്ടേക്കു കൊണ്ടുപോവുകയും ചെയ്തു. ഈ അണകൊണ്ടു തെക്കൻ തിരുവിതാംകൂറിൽ വളരെ സ്ഥലങ്ങൾ നെൽകൃഷിക്കു് ഉപയോഗിക്കാൻ കഴിഞ്ഞു. ഈ ജലസേചനപദ്ധതി തെക്കൻ തിരുവിതാംകൂറിനു് വലിയ അനുഗ്രഹമായി.

കൃഷിക്കാരുടെ അവശതകൾ പരിഹരിക്കുന്നതിനായി തിരുമനസ്സുകൊണ്ടു രണ്ടു വലിയ പരിഷ്കാരങ്ങൾ നടപ്പാക്കി. ഇതിൽ ആദ്യത്തേതു വിരുത്തി ഏൎപ്പാടു നിറുത്തുന്നതിനെപ്പററിയാണു്. ഇതും ശങ്കരസുബ്ബയ്യർ ദിവാനായിരുന്ന കാലത്താണു്. പല കൃത്യങ്ങൾക്കായി സൎക്കാരിൽനിന്നു കൊടുത്ത വസ്തുക്കൾ അനുഭവിച്ചുവന്നവരാണു വിരുത്തിക്കാർ. അവർ ഗവൺമെൻറു് ആവശ്യപ്പെടുമ്പോൾ സാധനസാമഗ്രികൾ കൊടുക്കേണ്ടതായും ദേഹപ്രയത്നം ചെയ്യേണ്ടതായും ഇരുന്നു. അവൎക്കു പല വിഷമമേറിയ ബാദ്ധ്യതകളും ഉണ്ടായിരുന്നു. ശങ്കരസുബ്ബയ്യർ വിരുത്തിക്കാരുടെ പല സങ്കടങ്ങളും പരിഹരിച്ചു. എന്നാൽ വിരുത്തി ഏൎപ്പാടു നിശ്ശേഷം നിറുത്തൽ ചെയ്തതു് ൧൮൯൬-ൽ ആണു്.

നെൽക്കരം നിറുത്തൽ ചെയ്തതാണു രണ്ടാമത്തെ വലിയ പരിഷ്കാരം. അതിനു മുൻപു കൃഷിക്കാർ സർക്കാരിലേക്കു കരം നെല്ലായി കൊടുക്കണമെന്നായിരുന്നു ഏർപ്പാടു്. നെൽക്കരം പിരിച്ചുവന്ന ഉദ്യോഗസ്ഥന്മാർ ജനങ്ങളെ പല വിധത്തിൽ ഉപദ്രവിച്ചു. അളന്നു വാങ്ങാൻ ഉപയോഗിച്ചിരുന്ന പറയും ചങ്ങഴിയും എല്ലാം കണക്കിൽ കൂടിയിരുന്നതിനാൽ കൃഷിക്കാർ കൂടുതൽ നെല്ലു കൊടുക്കേണ്ടിവന്നു. അളവുകാർക്കു കൈക്കൂലി കൊടുക്കാത്തവർക്കു പല പ്രകാരത്തിൽ കഷ്ടനഷ്ടങ്ങൾ ഉണ്ടായിരുന്നു. ദിവാൻ വി. പി. മാധവരാവുവിന്റെ കാലത്തു നെൽക്കരം നിറുത്തി. നെല്ലിനുള്ള വില പണമായി കൊടുത്താൽ മതി എന്നാക്കി. ഈ പരിഷ്കാരം കൃഷക്കു വലിയ ആഹ്ളാദം ഉളവാക്കി.

കൃഷിസംബന്ധമായ ഗവേഷണങ്ങൾക്കായി സർ. പി. രാജഗോപാലാചാരി ദിവാന്റെ കാലത്തു് ഒരു കൃഷിഡിപ്പാർട്ടുമെന്റു പുതുതായി ആരംഭിച്ചു. പാശ്ചാത്യരാജ്യങ്ങളിൽ ചെന്നു് ഉന്നത ബിരുദം നേടിയ ഡാക്ടർ കുഞ്ഞൻ പിള്ളയെ ആയിരുന്നു ആദ്യത്തെ കൃഷിഡയറക്ടർ ആയി നിയമിച്ചതു്. ചുരുക്കത്തിൽ ശ്രീമൂലം തിരുനാളിന്റെ കാലത്തു കൃഷിക്കും കൃഷിക്കാർക്കും വലുതായ അഭിവൃദ്ധി ഉണ്ടായി.

വിദ്യാഭ്യാസം.

ഉപരിവിദ്യാഭ്യാസത്തിനു് ഈ ഭരണകാലത്തു പല കാളേജുകളും സ്ഥാപിക്കയുണ്ടായി. സംസ്കൃത

വിദ്യാഭ്യാസത്തെ പോഷിപ്പിക്കുന്നതിനായി രാജധാനിയിൽ സംസ്കൃതകാളേജ് ഏൎപ്പെടുത്തി. അതേവരെ പ്രത്യേകമായി നമ്മുടെ രാജ്യത്തു ലാകാളേജ് ഇല്ലായിരുന്നു. ആ പോരായ്മ നികത്തി തിരുവനന്തപുരത്തു് ഒരു ലാകാളേജ് സ്ഥാപിച്ചതും അവിടത്തെ കാലത്തത്രേ. ഇതുപോലെ തന്നെ സ്ത്രീകൾക്കു് ഉൽകൃഷ്ടവിദ്യാഭ്യാസം നൽകുന്നതിനു വേണ്ടി രാജധാനിയിൽ ഒരു രണ്ടാംഗ്രേഡ് കാളേജും ഏൎപ്പെടുത്തി. തിരുവനന്തപുരത്തു് ആധുനികരീതിയിൽ ഒരു പബ്ലിക് ലൈബ്രറി സ്ഥാപിച്ചതും ജനങ്ങൾക്കു വിജ്ഞാനസമ്പത്തു വർദ്ധിപ്പിക്കുന്നതിനു വഴി തെളിച്ചു.

ശങ്കരസുബ്ബയ്യരും സർ. പി. രാജഗോപാലാചാരിയും ദിവാൻജിമാരായിരുന്ന കാലത്തു പ്രൈമറി വിദ്യാഭ്യാസവും സെക്കൻഡറി വിദ്യാഭ്യാസവും പ്രചരിപ്പിക്കുന്നതിനു പല നടപടികളും കൈക്കൊണ്ടു. ശങ്കരസുബ്ബയ്യർ ആദ്യം നാട്ടുഭാഷാവിദ്യാഭ്യാസഡയറക്റ്റർ ആയിരുന്നുവല്ലോ. അദ്ദേഹം ദിവാൻജിയായ ശേഷം ഇംഗ്ലീഷുപള്ളിക്കൂടങ്ങളും മലയാളം പള്ളിക്കൂടങ്ങളും വിദ്യാഭ്യാസസെക്രട്ടറിയുടെ അധികാരത്തിലാക്കി. ആദ്യത്തെ വിദ്യാഭ്യാസസെക്രട്ടറി വിദ്യാഭ്യാസം സംബന്ധിച്ചു് ക്രോഡീകരിച്ച നിയമാവലിയത്രേ പ്രസിദ്ധമായ മിച്ചൽ കോഡ്. അദ്ധ്യാപകന്മാരെ പരിശീലിപ്പിക്കുന്നതിനായി തിരുവനന്തപുരത്തു് ഒരു നോർമൽസ്കൂൾ സ്ഥാപിച്ചതും അക്കാലത്തു് ആയി

ടുന്നു. കുറവരായ ബാലന്മാർക്ക് സന്മാർഗ്ഗവിദ്യാഭ്യാസം നല്കുന്നതിനു തിരുവനന്തപുരത്തു് ഒരു ദുർഗ്ഗുണപരിഹാര പാഠശാല സ്ഥാപിച്ചതും സ്മരണീയമാണു്. പല പ്രൈമറിസ്കൂളുകളും ഇംഗ്ലീഷുസ്കൂളുകളും പുതുതായി ഏർപ്പെടുത്തി. സമർത്ഥന്മാരായ അദ്ധ്യാപകന്മാരെ നല്ല ശമ്പളം കൊടുത്തു നിയമിച്ചു. സ്കൂൾകെട്ടിടങ്ങൾ നന്നാക്കി. പ്രാഥമികവിദ്യാഭ്യാസം പരിപൂർണ്ണമായും സൗജന്യമാക്കി.

സാമ്പത്തിക പരിഷ്കാരങ്ങൾ

രാജ്യത്തിലെ പൊതുമുതൽ വർദ്ധിപ്പിക്കുന്ന കാര്യത്തിലും ശ്രീമൂലം തിരുനാൾ വളരെ ശ്രദ്ധിച്ചു. കൃഷി സംബന്ധമായി ചെയ്ത പരിഷ്കാരങ്ങളെപ്പററി പഠിച്ചുവല്ലോ. കണ്ടെഴുത്തു പൂർത്തിയാക്കുക, വിരുത്തി, കുത്തകപ്പാട്ടം മുതലായ ഇനങ്ങളിൽ കൃഷിക്കാർക്കു് ഉണ്ടായിരുന്ന അവശതകൾ പരിഹരിക്കുക, കായൽ കൃഷി ആരംഭിക്കുക മുതലായ പരിഷ്കാരങ്ങളുടെ ഫലമായി ഭൂനികുതി വർദ്ധിച്ചു.

ഇന്നു നാം ഉപയോഗിക്കുന്ന രീതിയിലുള്ള ചെമ്പു ചക്രങ്ങളും നടപ്പാക്കിയതു ശ്രീമൂലം തിരുനാളിൻെറ കാലത്താണു്. അതിനു മുൻപു വെള്ളിച്ചക്രമാണു് നടപ്പിലിരുന്നതു്. അക്കൗണ്ടാഫീസ് ആധുനികരീതിയിൽ പരിഷ്കരിച്ചതും തിരുമനസ്സിലെ കാലത്താണു്. ശ്രീമൂലം തിരുനാളിൻെറ കാലത്തിനു മുൻപു ഭൂനികുതിയും

(റെവന്യൂ) ദേവസ്വവും ഒരേ ഭരണശാഖ ആയിരുന്നു. സവർണ്ണഹിന്ദുക്കൾക്കു മാത്രമേ ആ തുറയിൽ ഉദ്യോഗം വഹിക്കാൻ സാധിച്ചിരുന്നുള്ളു. ൧൦൯൭-ാമാണ്ടു രാഘവയ്യാ ദിവാൻജി ദേവസ്വവും ഭൂനികുതിയും രണ്ടു ഡിപ്പാർട്ടുമെൻറുകളായി വേർതിരിച്ചു. അതിനു ശേഷം അവർണ്ണഹിന്ദുക്കൾക്കും അഹിന്ദുക്കൾക്കും റെവന്യൂ വകുപ്പിൽ ഉദ്യോഗം വഹിക്കാമെന്നായി. ആദായനികുതി ആദ്യമായി ഇവിടെ നടപ്പിൽവരുത്തിയതും രാഘവയ്യാ ദിവാൻജിയാണു്. ഇവയ്ക്കു പുറമേ സർക്കാർ ജീവരക്ഷാഭോഗപദ്ധതി (State Life Insurance), ആലപ്പുഴയിൽ വ്യവസായവിദ്യാലയം, സഹകരണസംഘം, എക്കണോമിക് ഡെവലപ്പ്മെൻറ ബോർഡ് ഇവ സ്ഥാപിച്ചതും ഈ ഭരണകാലത്തെ പരിഷ്കാരങ്ങളായി ഓർമ്മിക്കണം. അഞ്ചൽ, രജിസ്ട്രേഷൻ ഈ ഡിപ്പാർട്ടുമെൻറുകൾ കൂടുതൽ കാര്യക്ഷമമാക്കി. സർവ്വേ ഡിപ്പാർട്ടുമെൻറും പരിഷ്കരിച്ചു.

പൊതുമരാമത്തു്

സഞ്ചാരസൗകര്യത്തിനു വേണ്ടി ഈ ഭരണകാലത്തു ചെയ്തിട്ടുള്ള കാര്യങ്ങൾ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. അന്നാണു് ആദ്യമായി ഇവിടെ തീവണ്ടി നടപ്പിലാക്കിയതു്. ചെങ്കോട്ടയിൽനിന്നും ആദ്യം കൊല്ലംവരെ തീവണ്ടി ഏർപ്പെടുത്തി. അന്നത്തെ ദിവാൻജി കൃഷ്ണസ്വാമിറാവു ആയിരുന്നു. സർ. എം. കൃഷ്ണൻനായർ ഈ തീവണ്ടിപ്പാത തിരുവനന്തപുരം വരെ നീട്ടി. തീവണ്ടി നടപ്പാക്കിയതു് കച്ചവടത്തിനും ഗതാഗതത്തിനും എത്ര

ജനങ്ങളുടെ അഭിപ്രായം മനസ്സിലാക്കുന്നതിനും ആയിരുന്നു.

൫൦ രൂപാ കരം തീരുവയുള്ളവൎക്കു് അന്നു സമ്മതിദാനാവകാശം (വോട്ടവകാശം) ഉണ്ടായിരുന്നുള്ളു. സാമാജികന്മാരുടെ സംഖ്യ ൱ ആക്കി. അതിൽ ഭൂരിപക്ഷവും അനുദ്യോഗസ്ഥന്മാർ ആയിരുന്നു. രാജ്യക്ഷേമത്തിനു് ഉതകുന്ന കാര്യങ്ങൾ തുറന്നു പറയുവാൻ അംഗങ്ങൾക്കു് അധികാരം നല്കി. ദിവാൻജി തന്നെ ആയിരുന്നു സഭാദ്ധ്യക്ഷൻ. സർ. എം. കൃഷ്ണൻ നായരുടെ കാലത്തു പ്രജാസഭ വീണ്ടും പരിഷ്കരിച്ചു. അന്നു സ്ത്രീകൾക്കും സമ്മതിദാനാവകാശം നല്കി. അംഗങ്ങളുടെ സംഖ്യ ൭൦ ആക്കി. ഇരുപത്തഞ്ചു രൂപയോ അതിൽ കൂടുതലോ ഭൂനികുതി കൊടുക്കുന്നവൎക്കു സമ്മതിദാനാവകാശം ലഭിച്ചു. രാജ്യത്തിലെ വരവുചെലവു സംബന്ധിച്ച ബഡ്ജറ്റിനെപ്പററി ചൎച്ച ചെയ്യുന്നതിനു പ്രതിനിധികൾക്കു് അനുവാദം കിട്ടി. രാഘവയ്യായുടെ കാലത്തു് അംഗങ്ങളുടെ സംഖ്യ ൱ ആക്കി. ന്യൂനപക്ഷപ്രതിനിധികളായി ചിലരെ ഗവമ്മെൻറിൽനിന്നും നേരിട്ടു നിയമിച്ചു. അഞ്ചു രൂപയോ അതിനു മേലോ കരം തീരുവയുള്ളവൎക്കെല്ലാം സമ്മതിദാനാവകാശം സിദ്ധിച്ചു. സക്കാരിൻെറ വരവുചെലവുകളെപ്പററി ചൎച്ചചെയ്യുന്നതിനും ചോദ്യങ്ങളും ഉപചോദ്യങ്ങളും ചോദിക്കുന്നതിനും സഭയ്ക്കു് അധികാരം കൊടുത്തു. ഇങ്ങനെ ശ്രീമൂലം തിരുനാൾ പടിപടിയായി പ്രജായത്തഭരണത്തിനു കളമൊരുക്കി.

ശ്രീമൂലം തിരുനാളിന്റെ വ്യക്തിമാഹാത്മ്യം

തിരുമനസ്സിലെ നീതിനിഷ്ഠ, രാജ്യക്ഷേമതല്പരത ഇവയെല്ലാം സുപ്രസിദ്ധമാണു്. അവിടന്നു് നിയമത്തെ അക്ഷരം പ്രതി ആദരിക്കയും പരിപാലിക്കയും ചെയ്തു. കുലദൈവമായ ശ്രീപത്മനാഭസ്വാമിയിൽ അദ്ദേഹത്തിനു് അടിയുറച്ച ഭക്തിയും വിശ്വാസവുമുണ്ടായിരുന്നു. ഭക്തശിരോമണിയായ തിരുമനസ്സുകൊണ്ടു് ക്ലേശഭാരം എല്ലാം ശ്രീപത്മനാഭങ്കൽ സമർപ്പിച്ച ജാഗ്രതയോടെ രാജ്യഭാരം വഹിച്ചു. ഒന്നാം ലോകമഹായുദ്ധം അദ്ദേഹത്തിന്റെ കാലത്താണു പൊട്ടിപ്പുറപ്പെട്ടതു്. പ്രജകൾക്കു യുദ്ധം മൂലം നേരിട്ട വിഷമതകൾക്കു് അവിടന്നു വേണ്ട നിവാരണങ്ങൾ ചെയ്തുകൊടുത്തു.

ആഡംബരത്തിനു വേണ്ടി പണം ചെലവിടുന്നതിൽ തിരുമനസ്സിൽ നിന്നു വിമുഖനായിരുന്നു. പക്ഷേ രാജ്യകാര്യങ്ങൾക്കു വേണ്ടി ഉദാരമായി അദ്ദേഹം ധനം വ്യയം ചെയ്തു. സുഖഭോഗങ്ങളിൽ അദ്ദേഹത്തിനു് അശേഷം ഭ്രമമില്ലായിരുന്നു.

ഇൻഡ്യയിലെ മുഖ്യസ്ഥലങ്ങളെല്ലാം അവിടന്നു സന്ദർശിച്ചിട്ടുണ്ടു്. ഡെൽഹിയിൽ വച്ചു് ൧൯൧൧-ൽ നടത്തിയ ചക്രവർത്തിയുടെ കിരീടധാരണദർബാറിൽ അവിടന്നു സംബന്ധിച്ചു. അവിടത്തെ ഷഷ്ട്യബ്ദപൂർത്തി മഹോത്സവം അത്യാഹ്ലാദപൂർവം ജനങ്ങൾ കൊണ്ടാടി. ധർമ്മരാജാവിനു ശേഷം അവിടത്തേക്കു മാത്രമേ ഈ സൗഭാഗ്യം ഉണ്ടായിട്ടുള്ളൂ.

മനുഷ്യരുടെ ജീവിതം സുഖദുഃഖസമ്മിശ്രമാണല്ലോ. ശ്രീമൂലം തിരുനാളിന്റെ ജീവിതവും ഇതിനു വ്യത്യസ്തമായിരുന്നില്ല. തിരുമനസ്സുകൊണ്ടു രാജ്യഭാരം ഏററ കാലത്തു രാജകുടുംബത്തിൽ അംഗങ്ങൾ കുറവില്ലായിരുന്നു. എന്നാൽ അനന്തരാവകാശികളായിരുന്ന ആ തിരുമേനിമാക്കു് ആക്കും തന്നെ ദീർഘായുർയോഗം ഇല്ലാതെ പോയി. ഇതു കണ്ടു വ്യസനിക്കാൻ മഹാരാജാവിനു ദുർവ്വിധി ഉണ്ടായി. രാജവംശം നിലനിത്തുവാനായി മാവേലിക്കര കൊട്ടാരത്തിൽ നിന്നു ശ്രീസേതുലക്ഷ്മീഭായിത്തമ്പുരാട്ടിയെയും ശ്രീസേതു പാർവ്വതീഭായിത്തമ്പുരാട്ടിയെയും ദത്തെടുത്തു. ഭക്തവത്സലനായ ശ്രീപത്മനാഭന്റെ അനുഗ്രഹത്താൽ, ആ ദത്തിൽനിന്നും രാജകുടുംബത്തിൽ സന്താനസമൃദ്ധിയുണ്ടായിക്കാണ്മാൻ തിരുമനസ്സിലേക്കു വാർദ്ധക്യകാലത്തു ഭാഗ്യം ലഭിച്ചു.

ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ കാലം തിരുവിതാംകൂർ ചരിത്രത്തിൽ സർവ്വഥാ സ്മരണീയമാണു്. വിദ്യാഭ്യാസത്തിൽ തിരുവിതാംകൂർ ഇൻഡ്യയിൽ ഒന്നാം സ്ഥാനം സമ്പാദിച്ചു. ഇവിടത്തെ മുതലെടുപ്പിൽ വലിയൊരു ഭാഗം വിദ്യാഭ്യാസത്തിനു ചെലവഴിച്ചു. രാജ്യഭരണവിഷയങ്ങളിൽ ജനപ്രതിനിധികൾക്കു കൂടുതൽ പങ്കു കിട്ടി. നിയമത്തിനു വഴങ്ങിയും പ്രജകളുടെ ക്ഷേമത്തെ മാത്രം ലാക്കാക്കിയും ഭരണം നടത്തിയതുകൊണ്ടു നാട്ടിൽ സംതൃപ്തിയും ഐശ്വര്യവും വർദ്ധിച്ചു. അവിടത്തെ ഭരണകാലത്തു തിരുവിതാംകൂറിനു് ഉണ്ടായ മേന്മ എത്രയെന്നു് പരിഗണിക്കാവുന്നതല്ല.

൧൦൯൯-ാമാണ്ടു കർക്കടകമാസത്തിൽ ഒരു ഭയങ്കരമായ വെള്ളപ്പൊക്കം ഉണ്ടായി. കാറും കോളും നിറഞ്ഞ ആ അന്തരീക്ഷത്തെ വിട്ട്, അവിടത്തെ ആത്മാവ് ശ്രീപത്മനാഭന്റെ തൃപ്പാദങ്ങളിൽ വിലയം പ്രാപിച്ചു. തിരുവിതാംകൂർ ചരിത്രത്തിലെ ഒരു യുഗം അവിടത്തെ ഭരണത്തോടുകൂടി സമാപ്തമായി. രാജർഷിയെന്ന അഭിധാനത്തിന് അവിടന്ന് എല്ലാംകൊണ്ടും അർഹനാണ്.

പ്രധാന വ്യക്തികൾ

രാമറാവു—നിയമസഭ സ്ഥാപിച്ചു.

ശങ്കരസുബ്ബയ്യർ — കോതയാർ പദ്ധതി തുടങ്ങി.

കൃഷ്ണസ്വാമി റാവു—കൊല്ലം — ചെങ്കോട്ട റെയിൽവേ ഏർപ്പെടുത്തി.

കഴ്സൻ പ്രഭു —— തിരുവിതാംകൂർ സന്ദർശിച്ച ആദ്യത്തെ വൈസ്രായി.

വി. പി. മാധവ റാവു — നെല്ലറം നിറുത്തി - അക്കൗണ്ടാഫീസു പരിഷ്കരിച്ചു- ശ്രീമൂലം പ്രജാസഭ സ്ഥാപിച്ചു.

സർ പി. രാജഗോപാലാചാരി—പ്രൈമറി വിദ്യാഭ്യാസം സൗജന്യമാക്കി.

സർ എം. കൃഷ്ണൻ നായർ — നിയമസഭ പരിഷ്കരിച്ചു — കൊല്ലം തിരുവനന്തപുരം റയിൽവേ ഏർപ്പെടുത്തി.

൨൭. രാഘവയ്യാ—ദേവസ്വം വിഭജനം—നിയമസഭാപരിഷ്കാരം.

പ്രധാന സംഭവങ്ങൾ

(൧) നിയമസഭാസ്ഥാപനം.

(൨) കോതയാർ പദ്ധതി ആരംഭിച്ചതു്.

(൩) ചെങ്കോട്ടയിൽ നിന്നു കൊല്ലത്തേക്കു റയിൽവേ നീട്ടിയതു്.

(൪) ശ്രീമൂലം പ്രജാസഭ സ്ഥാപിച്ചതു്.

(൫) നെല്ലുകരം നിറുത്തൽ ചെയ്തതു്.

ചോദ്യങ്ങൾ

(൧) തിരുവിതാംകൂറിൽ ആദ്യമായി നിയമസഭ സ്ഥാപിച്ച ദിവാൻജി ആരു് ?

(൨) കോതയാർ പദ്ധതി എന്നാൽ എന്തു് ? അതു് ആരു നടപ്പിൽ വരുത്തി ?

(൩) കുറിപ്പെഴുതുക:—

കണ്ണൻദേവൻ ഉടമ്പടി; പെരിയാർ പാട്ടം.

(൪) വിരുത്തിയേർപ്പാടു് എന്നാൽ എന്തു് ? അതിന്റെ ദോഷങ്ങൾ എന്തെല്ലാം? അതു് എപ്പോൾ നിറുത്തി ?

(൫) തിരുവിതാംകൂറിൽ റയിൽവേ ഏർപ്പെടുത്തിയതു് ആരാണു് ?

(൬൩) വി. പി. മാധവ റാവുവിന്റെ പ്രധാന പരിഷ്കാരങ്ങൾ ഏവ?

(൬) സർ പി. രാജഗോപാലാചാരിയുടെ വിദ്യാഭ്യാസപരിഷ്കാരങ്ങൾ വിവരിക്കുക.

(൬൭) ഒന്നാം മഹായുദ്ധകാലത്തു തിരുവിതാംകൂറിലെ ദിവാൻജി ആരു് ആയിരുന്നു?

(൬൮) ദേവസ്വം വിഭജനം എന്നാൽ എന്തു്? ഇതു് ആരു്, എന്തിനായി ചെയ്തു?

(൬൯) ശ്രീമൂലം തിരുനാളിന്റെ കാലത്തു പ്രജകൾക്കു ഭരണകാര്യത്തിൽ എന്തെല്ലാം അവകാശങ്ങൾ കൊടുത്തു?

(൭൦) കൃഷിക്കാരുടെ നന്മയ്ക്കായി ശ്രീമൂലം തിരുനാളിന്റെ കാലത്തു നടപ്പാക്കിയ പദ്ധതികളും പരിഷ്കാരങ്ങളും ഏവ?

(൭൧) ശ്രീമൂലം തിരുനാളിന്റെ കാലത്തു വിദ്യാഭ്യാസത്തിനു് ഉണ്ടായ അഭിവൃദ്ധി സംക്ഷിപ്തമായി എഴുതുക?

(൭൨) രാജർഷി എന്നു ശ്രീമൂലം തിരുനാളിനെ വിളിക്കുന്നതു് എന്തുകൊണ്ടു്?

അദ്ധ്യായം ൧൨

ശ്രീ ചിത്തിരതിരുനാൾ ബാലരാമവർമ്മ മഹാരാജാവു്

൧. ബാല്യവും വിദ്യാഭ്യാസവും

ഇന്നു നമ്മുടെ രാജ്യം ഭരിച്ചരുളുന്നതു ശ്രീചിത്തിര തിരുനാൾ പൊന്നുതമ്പുരാൻ ആണല്ലോ. ൧൦൮൮ തുലാമാസം ൨൨-ാംതീയതിയാണു് അവിടുന്നു തിരുവവതാരം ചെയ്തതു്. ഭാരതീയർ അതിവിശിഷ്ടമെന്നു വിശ്വസിച്ചു വരുന്ന ദീപാളി മഹോത്സവദിവസമായിരുന്നു അതു്.

മാവേലിക്കര കൊട്ടാരത്തിൽനിന്നും ശ്രീമൂലം തിരുനാൾ രണ്ടു രാജകുമാരിമാരെ ദത്തെടുത്തെന്നു പറഞ്ഞിട്ടുണ്ടല്ലോ. അവരിൽ ഇളയ മഹാറാണി ശ്രീസേതു പാർവ്വതീബായി തിരുമനസ്സാണു് അവിടത്തെ മാതാവു്.

പിന്തുടർച്ചയ്ക്കു രാജകുടുംബത്തിൽ പുരുഷന്മാരായി ആരുമില്ലല്ലോ എന്നു വിചാരിച്ചു് ശ്രീമൂലം തിരുനാൾ മഹാരാജാവു വളരെ വ്യസനിച്ചു. രാജകുടുംബത്തിനും രാജ്യത്തിനും ശ്രീചിത്തിരതിരുനാൾ തിരുമനസ്സിലെ ജനനം വലുതായ ആനന്ദം ഉളവാക്കി.

ശ്രീമൂലം തിരുനാൾ മഹാരാജാവു് കൊച്ചുതമ്പുരാന്റെ വിദ്യാഭ്യാസത്തിൽ വളരെ ശ്രദ്ധിച്ചു. പ്രശസ്ത പണ്ഡിതന്മാരെ തിരുമനസ്സിലെ ശിക്ഷണത്തിനു നിയോഗിച്ചു. അവിടത്തെ സ്വഭാവത്തിനു രൂപം

TRAINING SCHOOL
KOTTAYAM
GRADE



ശ്രീ ചിത്തിരതിരുനാൾ

കൊട്ടുക്കുന്നതിൽ സംസ്കാരസമ്പന്നയായ അമ്മ മഹാറാണിയും വളരെശ്രദ്ധ പതിപ്പിച്ചു. വളരെ ചെറുപ്പത്തിൽ തന്നെ അവിടത്തേക്കു് നല്ല പാണ്ഡിത്യം സിദ്ധിച്ചു. ഭരണകാര്യങ്ങൾ നേരിട്ടു കണ്ടു മനസ്സിലാക്കാനായി തിരുമനസ്സുകൊണ്ടു് മൈസൂറിൽ എഴുന്നള്ളി താമസിക്കയുമുണ്ടായി. ഒരു വർഷത്തോളം അവിടെ താമസിച്ചു വിലയേറിയ പല കാര്യങ്ങളും മനസ്സിലാക്കി. അതിനു ശേഷം ഇൻഡ്യയിലെ പല പ്രധാന സ്ഥലങ്ങളും തിരുമനസ്സുകൊണ്ടു സന്ദർശിച്ചു. ഓരോ സ്ഥലത്തുവച്ചും പല മഹാന്മാരുമായി പരിചയം സമ്പാദിച്ചു. തിരുവിതാംകൂറിൽ തിരിച്ചെഴുന്നള്ളിയ ശേഷം തിരുമേനി ഇവിടെയുള്ള പ്രധാനപ്പെട്ട സ്ഥാപനങ്ങളും ആഫീസുകളും വ്യവസായശാലകളും സന്ദർശിച്ചു് അവയുടെ പ്രവർത്തനവും മനസ്സിലാക്കി. കിരീടധാരണത്തിനു മുൻപേ തന്നെ ഇങ്ങനെ രാജ്യത്തിനകത്തും പുറത്തും സഞ്ചരിച്ചു് പല കാര്യങ്ങളും നേരിട്ടുമനസ്സിലാക്കുന്നതിനു തിരുമനസ്സിലേക്കു സാധിച്ചതു പിന്നീടു രാജ്യത്തിനു് അനുഗ്രഹമായി. പുതുതായി പല പരിഷ്കാരങ്ങളും ഇവിടെ ഏർപ്പെടുത്തുന്നതിനു് ഈ പ്രായോഗികപരിജ്ഞാനം അവിടത്തെ അത്യധികം സഹായിച്ചു.

റിജൻസി ഭരണം (൧൧൦൦-൧൧൦൭)

ശ്രീമൂലം തിരുനാൾ മഹാരാജാവു് നാടുനീങ്ങിയ അവസരത്തിൽ ശ്രീചിത്തിരതിരുനാൾ കൊച്ചുതിരുമേനിക്കു് ൧൨ വയസ്സേ പ്രായം ഉണ്ടായിരുന്നുള്ളു.

അതിനാൽ അവിടത്തേക്കു പ്രായപൂത്തിയാകുന്നതുവരെ ഉദ്ദേശം ഏഴു വഷത്തോളം ആററുങ്ങൽ മൂത്ത തമ്പുരാനായ ശ്രീസേതു ലക്ഷ്മീഭായി മഹാറാണി റീജൻറായി രാജ്യഭരണം നിവ്വഹിച്ചു. രാഘവയ്യാ തന്നെ ഒരു കൊല്ലത്തോളം ദിവാൻജിയായി തുടർന്നു. അനന്തരം ദിവാൻജിയായി നിയമിച്ചതു് എം. ഇ. വാട്സിനെ ആയിരുന്നു. അദ്ദേഹം പല നന്മകളും രാജ്യത്തിനു ചെയ്തു. വിദ്യാഭ്യാസം, ഗതാഗതസൗകര്യങ്ങൾ ഇവ പരിഷ്കരിച്ചു. മററു പുതിയ പദ്ധതികളും വാട്സ് ആരംഭിച്ചു. നീണ്ടകരപ്പാലം, പള്ളിവാസൽ ഹൈഡ്രോഎലക്ട്രിക് പദ്ധതി, തിരുവനന്തപുരത്തു ശുദ്ധജലവിതരണം; വിദ്യുച്ഛക്തി, ചാക്കയിൽ നിന്നും രാജധാനിയിൽ തമ്പാനൂർ വരെ റയിൽവേ നീട്ടൽ ഇവയെല്ലാം അദ്ദേഹത്തിൻെറ സമാരംഭങ്ങളായിരുന്നു. രാജധാനിയിൽ സ്ത്രീകൾക്കായുള്ള കാളേജ് ഒന്നാം ഗ്രേഡായി (ബി. ഏ. ക്ലാസ്സ് ഏർപ്പെടുത്തി) ഉയർത്തിയതും, സ്കൗട്ടുപ്രസ്ഥാനം തുടങ്ങിയതും വാട്സിൻെറ കാലത്തെ രണ്ടു മററു വലിയ സംഗതികളാണു്.

മൂന്നു കൊല്ലത്തിൽ പരം വാട്സ് ദിവാൻജിയായിരുന്നു. അദ്ദേഹത്തിൻെറ അനന്തരഗാമി ദിവാൻബഹദൂർ വി. എസ്. സുബ്രഹ്മണ്യയ്യർ ആയിരുന്നു. അദ്ദേഹം തിരുവിതാംകൂറുകാരനാണെന്നുള്ള കാര്യവും പ്രസ്താവ്യമാണു്. വാട്സിൻെറ കാലത്തു് ആരംഭിച്ച പല പദ്ധതികളും അദ്ദേഹം പൂത്തിയാക്കി. അക്കാലത്തായിരുന്നു ഇൻഡ്യാ വൈസ്രായി ഇർവ്വിൻ പ്രഭു തിരുവിതാംകൂർ സന്ദർശിച്ചതു്.

ദേവപ്രീതിക്കായി ചില ക്ഷേത്രങ്ങളിൽ മൃഗങ്ങളെ ബലികഴിച്ചിരുന്ന സമ്പ്രദായം റീജൻസിഭരണകാലത്തു നിറുത്തലാക്കി. ചേർത്തലെ ഭഗവതിക്ഷേത്രത്തിൽ മീനമാസത്തിൽ പൂരം ഉത്സവത്തിനു് അശ്ലീലമായ പാട്ടുകൾ പാടുക പതിവിലിരുന്നു. ആ ആചാരം കാലോചിതമല്ലാതെ പരിണമിച്ചതിനാൽ റീജൻറു തിരുമനസ്സിൽനിന്നു് ആ പതിവും നിറുത്തലാക്കി. ചില ക്ഷേത്രങ്ങളിൽ നിലവിലിരുന്ന ദേവദാസി സമ്പ്രദായം ഇല്ലാതാക്കിയതു് അവിടത്തെ മറെറാരു പരിഷ്കാരമാണു്. ഇതിനും പുറമേ റീജൻസിക്കാലത്തു സ്ത്രീകൾക്കു നിയമസഭയിൽ പ്രവേശനം നല്കി. രാജ്യസേവനത്തിനു സ്ത്രീകൾക്കു കൂടുതലായി അവസരം ലഭിച്ചു. ൧൧൦൭ തുലാം ൨൮-ാംനു റീജൻസി അവസാനിക്കയും ശ്രീചിത്തിരതിരുനാൾ മഹാരാജാവു ഭരണം തുടങ്ങുകയും ചെയ്തു.

നിയമസഭാപരിഷ്കാരം

വി. എസ്. സുബ്രഹ്മണ്യയ്യർക്കു ശേഷം ടി. ആസ്റ്റിൻ ദിവാൻജി ആയി. അദ്ദേഹത്തിൻെറ കാലത്തു നടന്ന ഏററവും പ്രധാനമായ കാര്യം നിയമസഭാപരിഷ്കാരമായിരുന്നു. അക്കാലത്തു ജനപ്രതിനിധിസഭകളായി ശ്രീമൂലം പ്രജാസഭയും നിയമസഭയും ഉണ്ടായിരുന്നു. ൧൧൦൮-ലെ തിരുവെഴുത്തു വിളംബരപ്രകാരം ഈ സഭകളെ ഉടച്ചു വാർത്തു് രണ്ടു മണ്ഡലങ്ങളുള്ള ഒരു നിയമസഭ സ്ഥാപിച്ചു. അവയ്ക്കു ശ്രീമൂലം അസംബ്ലി എന്നും ശ്രീചിത്തിര സ്റ്റേററു് കൗൺസിൽ എന്നും

പേരു നല്കി. അസംബ്ളിയിലെ അംഗങ്ങൾ ൭൨ ആക്കി അതിൽ അറുപത്തിരണ്ടു പേരും അനുദ്യോഗസ്ഥന്മാരാണ്. ദിവാൻജിയാണു സഭാധ്യക്ഷൻ. അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ അംഗങ്ങൾ തിരഞ്ഞെടുക്കുന്ന ഡെപ്യൂട്ടി പ്രസിഡെൻറാണു സഭാനടപടികൾ നടത്തുന്നതു്. വോട്ടവകാശം വളരെ വിപുലപ്പെടുത്തി. കൗൺസിലിൽ അംഗങ്ങൾ മുപ്പത്തേഴ് എന്നും ക്ളിപ്തപ്പെടുത്തി. അതിൽ ൨൧ പേർ അനുദ്യോഗസ്ഥന്മാരാണ്. കൗൺസിലിലേക്ക് അംഗങ്ങളായി തിരഞ്ഞെടുക്കുന്നവർക്കു കൂടുതൽ യോഗ്യതകൾ ആവശ്യമുണ്ടു്. ശ്രീമൂലം അസംബ്ലിയിൽ പാസാക്കപ്പെടുന്ന ബിൽ കൗൺസിലിലും പാസാക്കി, മഹാരാജാവു തിരുമനസ്സുകൊണ്ടു തുല്യം ചാർത്തിയാൽ നിയമമാകും എന്നായിരുന്നു വ്യവസ്ഥ.

അസംബ്ളിക്കും കൗൺസിലിനും കൂടുതലായി പല അധികാരങ്ങളും നല്കി. ബില്ലുകൾ പാസാക്കുക, വരവുചെലവുകൾ, ഭരണകാര്യങ്ങൾ മുതലായ സംഗതികളെപ്പററി ചോദ്യങ്ങൾ ചോദിക്കുക, പ്രമേയങ്ങൾ അവതരിപ്പിക്കുക, ബഡ്ജററ് പാസാക്കുക, ഭരണകാര്യങ്ങളെ വിമർശിക്കുക മുതലായ അധികാരങ്ങൾ ഉപരിമണ്ഡലത്തിനും അധോമണ്ഡലത്തിനും ഉണ്ടു്. സഭകളുടെ കാലാവധി നാലു വർഷമാണ്.

ആസ്റ്റിനുശേഷം സർ എം. ഹാബീബുള്ള ദിവാൻജിയായി. ക്രിസ്ത്യാനികൾ, മഹമ്മദീയർ, ഈഴവർ ഇവരുടെ നിവേദനഫലമായി നിയമസഭയിലെ

വോട്ടവകാശം ഇദ്ദേഹം പരിഷ്കരിച്ചു. ഈഴവർക്കും ലാററിൻ ക്രിസ്ത്യാനികൾക്കും മുസ്ലീങ്ങൾക്കും നിയമസഭയിൽ പ്രത്യേകം സ്ഥാനങ്ങൾ അനുവദിക്കയും ചെയ്തു.

എല്ലാ ജാതിക്കാരുടെയും ന്യായമായ അവകാശങ്ങൾ പരിഗണിച്ച് ഉദ്യോഗത്തിൽ വേണ്ടത്ര പ്രാതിനിധ്യം കൊടുക്കാൻ പബ്ലിക് സർവീസുകമ്മീഷണർ എന്നൊരു ഉദ്യോഗസ്ഥനെ നിയമിച്ചതും ഹബീബുള്ളയുടെ കാലത്താണ്. മറെറാരു പരിഷ്കാരം സാംസ്ഥാനിക സൈന്യത്തിൽ എല്ലാ ജാതിക്കാർക്കും പ്രവേശനം അനുവദിച്ചതാണ്. അതുവരെ നായന്മാർക്കു മാത്രമേ പട്ടാളത്തിൽ പ്രവേശനം ഉണ്ടായിരുന്നുള്ളു. ചിത്രപുരം കോളനിയുടെ സ്ഥാപനം, നേരിയമംഗലം പാലം പണി പൂർത്തിയാക്കുക മുതലായവ ഇദ്ദേഹത്തിന്റെ കാലത്തെ മററു പ്രധാന സംഗതികളാണ്. അദ്ദേഹത്തിനു 'നവാബ്' എന്ന ബഹുമതി തിരുമനസ്സിൽനിന്നു കല്പിച്ചു നല്കി.

സർ. എം. ഹബീബുള്ളയ്ക്കു ശേഷം സർ. സി. പി. രാമസ്വാമി അയ്യരെ ദിവാൻജിയായി നിയമിച്ചു. ൧൧൧൨ മുതൽ ൧൧൨൨ വരെ അദ്ദേഹം ആ പദത്തിൽ തുടർന്നു. അദ്ദേഹത്തിനു തിരുമനസ്സുകൊണ്ടു സചിവോത്തമ എന്ന ബിരുദവും നല്കി. സർ. സി. പി. ദിവാൻജിയായിരുന്ന കാലത്തു പല പരിഷ്കാരങ്ങളും നടപ്പിൽ വരുത്തി.

ക്ഷേത്രപ്രവേശനവിളംബരം

വളരെക്കാലമായി ഈ രാജ്യത്തിൽ അയിത്തം നില നിന്നിരുന്നു. ഹിന്ദുക്കളുടെ ഇടയിൽ അവർണ്ണരായി ഗണിക്കപ്പെട്ട പല ജാതിക്കാരെയും തീണ്ടലും തൊടീലും കല്പിച്ച്, അകററി നിറുത്തിയിരുന്നു. സവർണ്ണരുടെ ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനു് അവർക്കു് അനുവാദമില്ലായിരുന്നു. ഈ ദുരിതസ്ഥിതി മാററി ഹിന്ദുമതത്തിൻെറ കളങ്കം മാച്ചുകളഞ്ഞതു ശ്രീചിത്തിരതിരുനാൾ പൊന്നുതമ്പുരാൻെറ കാരുണ്യം മാത്രമാണു്. ൧൧൧൨ തുലാം ൨൭-ാനു- തിരുമനസ്സിലെ ഇരുപത്തുനാലാമത്തെ ആട്ടത്തിരുനാൾ ദിനത്തിൽ ക്ഷേത്രപ്രവേശന വിളംബരം പ്രഖ്യാപനം ചെയ്തു. ഈ വിളംബരം അനുസരിച്ചു സകല ഹിന്ദുക്കൾക്കും ക്ഷേത്രങ്ങളിൽ ചെന്നു് ആരാധന നടത്തുന്നതിനു സ്വാതന്ത്ര്യം ലഭിച്ചു. തീണ്ടൽ, തൊടീൽ മുതലായ അനാചാരങ്ങൾ നമ്മുടെ നാട്ടിൽനിന്നു് ഓടി ഒളിച്ചു. ഈ വിളംബരം ശ്രീചിത്തിരതിരുനാൾ പൊന്നുതമ്പുരാനെ ലോകപ്രസിദ്ധനാക്കി. ഇൻഡ്യയ്ക്കു് അവിടന്നു് ഈ വിഷയത്തിൽ മാതൃകയായി നിന്നു പ്രചോദനം നല്കി.

തിരുവിതാംകൂർ സർവ്വകലാശാലാസ്ഥാപനം

തിരുവിതാംകൂറിലെ കാളേജുകൾ മുൻപു മദിരാശി സർവ്വകലാശാലയുടെ നിയന്ത്രണത്തിലായിരുന്നു.

TRAINI[illegible]
KOTTAYAM
LOWER GRADE



കവടിയാർ കൊട്ടാരം

നമ്മുടെ നാട്ടിലെ സ്ഥിതിഗതികൾക്കും ജനങ്ങളുടെ അഭിരുചിക്കും വാസനയ്ക്കും ചേർന്നതായിരിക്കണമല്ലോ നമ്മുടെ വിദ്യാഭ്യാസം. ഈ ഉദ്ദേശത്തോടുകൂടി ൧൧൧൨-ൽ തിരുമനസ്സുകൊണ്ടു് തിരുവിതാംകൂറിൽ ഒരു പ്രത്യേക സർവ്വകലാശാല സ്ഥാപിച്ചു. ശാസ്ത്രീയമായ ഗവേഷണങ്ങളും പഠനവും പ്രോത്സാഹിപ്പിക്കുന്നതിനും നമ്മുടെ സംസ്കാരവും കലകളും വികസിപ്പിക്കുന്നതിനും കായികവിദ്യാഭ്യാസം പ്രബലപ്പെടുത്തുന്നതിനും നമ്മുടെ സർവ്വകലാശാലയിൽ വ്യവസ്ഥയുണ്ടു്.

പൊതുമരാമത്തുകൾ

പള്ളിവാസൽ വിദ്യുച്ഛക്തിപദ്ധതി പൂർത്തിയാക്കിയതു് ഈ ഭരണകാലത്താണു്. ആ പദ്ധതികൊണ്ടു തിരുവിതാംകൂറിൽ പ്രധാനപ്പെട്ട സ്ഥലങ്ങളിലെല്ലാം വൈദ്യുതദീപങ്ങൾ സ്ഥാപിച്ചു. കൃഷി, വ്യവസായം ഇവയും വിദ്യുച്ഛക്തിമൂലം കൂടുതൽ പുരോഗമിച്ചു. തിരുവനന്തപുരം കന്യാകുമാരി റോഡിൽ കോൺക്രീററ് ഇടുക, കവടിയാർ അവന്യൂറോഡു് ഉദ്ഘാടനം ചെയ്യുക, കാഴ്ചബംഗ്ലാവിനടുത്തുള്ള പുതിയ പബ്ളിക്ക് ആഫീസുകൾ സ്ഥാപിക്കുക, ആലുവായിൽ മാർത്താണ്ഡവർമ്മ പാലം കെട്ടുക, നാഗർകോവിൽ, ആലപ്പുഴ, ചെങ്കോട്ട ഈ പട്ടണങ്ങളിൽ ശുദ്ധജലവിതരണപദ്ധതി തുടങ്ങുക മുതലായ പൊതുമരാമത്തുവേലകളും പ്രത്യേകം ഓർമ്മിക്കേണ്ടതാണു്. തിരുവനന്തപുരത്തെ ജനസംഖ്യ ഒരു ലക്ഷത്തിൽ കൂടിയതുകൊണ്ടു് ആ പട്ടണം ഒരു നഗരമായിത്തീർന്നു. വലിയ

പട്ടണങ്ങളിലെപ്പോലെ അവിടെയും നഗരഭരണം കോർപ്പ്റേഷൻ മുഖാന്തരമാക്കി. നഗരജീവിതം കൂടുതൽ സുഖപ്രദമാക്കാൻ പല നടപടികളും ഇന്നും കൈക്കൊണ്ടുവരുന്നു.

സുഖസൗകര്യങ്ങൾ വർദ്ധിപ്പിച്ചത്

ജനങ്ങളുടെ സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൽ ഗവർമ്മെണ്ടിൽനിന്നു പ്രത്യേകം ശ്രദ്ധ പതിപ്പിച്ചു. പലെടങ്ങളിലും ഗവർമ്മെൻറു വക ട്രാൻസ്പോർട്ടു വണ്ടികൾ നടപ്പാക്കി. ഇതു ഗതാഗതസൗകര്യം വളരെ വർദ്ധിപ്പിച്ചു. തിരുവനന്തപുരത്തു് ഒരു വിമാനത്താവളം ഉണ്ടാക്കി, അവിടെ നിന്നു വിമാനസഞ്ചാരത്തിനു സൗകര്യവും ഏർപ്പെടുത്തി. ട്രങ്ക്ടെലിഫോൺ സ്ഥാപിച്ചു. ഇതിൻെറ ഫലമായി ഇൻഡ്യയുടെ മററു ഭാഗങ്ങളുമായി അതിവേഗം വാർത്താവിനിമയം സാദ്ധ്യമായി. തിരുവനന്തപുരത്തിനടുത്തു ഗവർമെൻറു വക ഒരു പ്രക്ഷേപണശാലയും (Broadcasting Station) സ്ഥാപിച്ചു. അവിടെ നിന്നു് ഇപ്പോൾ പ്രതിദിനം പ്രക്ഷേപണം നടത്തുന്നുണ്ടു്.

വ്യവസായപുരോഗമനം

തിരുവിതാംകൂറിനെ ഒരു നല്ല വ്യവസായ കേന്ദ്രമാക്കാൻ ഈ ഭരണകാലത്തു പല പരിപാടികളും ഏർപ്പെടുത്തി. പള്ളിവാസൽ പദ്ധതിയുടെ ഉദ്ഘാടനത്തോടു കൂടി ആലുവാ ഒരു വലിയ വ്യവസായ കേന്ദ്രമായി. അവിടെ ശ്രീചിത്രാമിൽസ്, അലൂമിനിയം കമ്പനി, ഗ്ലാസ്ഫാക്ടറി, ഫെർട്ടിലൈ-

സേഷ്സ്കമ്പനി മുതലായി പലതും ഗവമെന്മൻറിൻെറ പ്രേരണയോടും സഹായത്തോടും കൂടി നടന്നുവരുന്നു. കുണ്ടറ കളിമൺഫാക്ററി, തിരുവനന്തപുരത്തു റബ്ബർ ഫാക്ററി, തക്കല പഞ്ചസാരഫാക്ററി, പ്ളൈവുഡ്ഫാക്ററി മുതലായി പല വ്യവസായശാലകളും അഭിവൃദ്ധിയിലിരിക്കുന്നു.

അഗതികൾക്കു് സഹായം

മഹാരാജാവു തിരുമനസ്സിലെ ദീനാനുകമ്പ പ്രസിദ്ധമാണു്. പാവങ്ങളുടെ സങ്കടങ്ങൾ പോക്കാൻ അവിടന്നു ശ്രീചിത്രാ അനാഥമന്ദിരം സ്ഥാപിച്ചു. സചിവോത്തമനും ഇക്കാര്യത്തിൽ വളരെ ശ്രദ്ധിച്ചു. പിന്നോക്ക സമുദായക്കാർക്കും പല സഹായങ്ങൾ ചെയ്തുകൊടുത്തു. തൊഴിൽ തക്കങ്ങളെ തീരുമാനിക്കാൻ ഒരു ഡിപ്പാർട്ടുമെൻറു സ്ഥാപിച്ചു. ലേബർകമ്മീഷണർ എന്നൊരു ഉദ്യോഗസ്ഥനാണു് അതിൻെറ മേലധികാരി.

ഉച്ചപ്പട്ടിണിക്കാരായ വിദ്യാർത്ഥികൾക്കും സാധുക്കൾക്കും ആഹാരം നല്കുന്നതിനായി വഞ്ചി പൂവർ ഫണ്ടു് എന്നൊരു ധനനിക്ഷേപവും അതിനു് ഒരു സ്ഥാപനവും ഉണ്ടെന്നുള്ള വസ്തുതയും പ്രസ്താവ്യമാണു്.

കലാപ്രോത്സാഹനം

സംഗീതം, സാഹിത്യം മുതലായ സുകുമാരകലകളിൽ തിരുമനസ്സിലേക്കും അമ്മമഹാറാണിക്കും വലിയ താത്പര്യമാണു്. അതിൻെറ ഫലമായി പല സ്ഥാപനങ്ങളും ഉണ്ടായിട്ടുണ്ടു്. സ്വാതിതിരുനാൾസംഗീതകലാലയവും ശ്രീചിത്രാആർട്ട്സ്ഗ്യാലറിയും ഇത്തരം

സ്ഥാപനങ്ങളിൽ പ്രധാനപ്പെട്ടവയാണ്. പ്രസിദ്ധന്മാരായ പാശ്ചാത്യപൗരസ്ത്യചിത്രകാരന്മാരുടെ വിശിഷ്ട ചിത്രങ്ങൾ ആർട്ട്സ്ഗ്യാലറിയിൽ സംഭരിച്ചിട്ടുണ്ട്. വിശിഷ്ടങ്ങളായ പല കലാവസ്തുക്കളും രംഗവിലാസം കൊട്ടാരത്തിലും പ്രദർശിപ്പിക്കപ്പെട്ടിരിക്കുന്നു.

പ്രായപൂർത്തിവോട്ടവകാശവും നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസവും

വഞ്ചിരാജ്യം ഇന്ന് ഒരു നൂതനദശത്തിലേക്കു കാൽഊന്നിയിരിക്കയാണ്. ഇവിടെ ഇപ്പോൾ നിർബന്ധിത പ്രാഥമികവിദ്യാഭ്യാസം നടപ്പിലാക്കിയിരിക്കുന്നു. എഴുതാനും വായിക്കാനും അറിഞ്ഞുകൂടാത്തവർ ഭാവിയിൽ നമ്മുടെ നാട്ടിൽ കാണുകയില്ല. ഈ ഭരണകാലത്തു ഗവമ്മെൻറു ഏൎപ്പെടുത്തിയ വലിയ ഒരു പരിഷ്കാരമാണ് ഇതു്. വിദ്യാഭ്യാസ സംബന്ധമായ വേറെയും പല പരിഷ്കാരങ്ങൾ കർമ്മകുശലനും ഊർജ്ജസ്വലനുമായ വിദ്യാഭ്യാസ ഡയറക്ടർ ശ്രീ. എ. എൻ. തമ്പിയുടെ വിദഗ്ദ്ധനേതൃത്വത്തിൽ നടന്നുവരുന്നു.

ഇതുപോലെ പ്രധാനമായ വേറൊരു പരിഷ്കാരവും ഈയിടെ നടപ്പിൽ ആക്കിട്ടുണ്ട്. നിയമസഭയിലേക്കു പ്രതിനിധികളെ തിരഞ്ഞെടുത്തയയ്ക്കാനുള്ള അവകാശം പ്രായപൂർത്തി വന്നവക്കെല്ലാം തിരുമനസ്സിൽ നിന്നു കല്പിച്ചനുവദിച്ചു. ഈ പരിഷ്കാരം അനുസരിച്ചാണ് പ്രതിനിധിസഭയ്ക്കു അംഗങ്ങളെ തെരഞ്ഞെടുക്കുന്നതു്. അതോടൊപ്പം തിരുമനസ്സിൽനിന്നു ജനപ്രതിനിധികൾക്കു ഉത്തരവാദഭരണത്തിനുള്ള അധികാരം കല്പിച്ച് അനുവദിക്കയും ചെയ്തു

ഉത്തരവാദഭരണം

കഴിഞ്ഞ നൂററമ്പതിൽ പരം വർഷങ്ങളോളം ഇൻഡ്യയെ ഭരിച്ചിരുന്നതു് ബ്രിട്ടീഷുകാരായിരുന്നു. ൧൧൨൨-ാമാണ്ടു് അവസാനത്തിൽ (൧൯൪൭ ആഗസ്റ്റ് ൧൫-ാംനു) ബ്രിട്ടീഷുകാർ ഇൻഡ്യയുടെ ഭരണം ഇൻഡ്യക്കാരെ ഏല്പിച്ചു. ഇൻഡ്യക്കാർക്കു് അധികാരം കൈമാററം ചെയ്തപ്പോൾ തിരുവിതാംകൂറിൽ ബ്രിട്ടീഷുകാർക്കു് ഉണ്ടായിരുന്ന മേൽക്കോയ്മയും അവസാനിച്ചു. അങ്ങനെ ൧൧൨൩-ാമാണ്ടു ചിങ്ങമാസം ആദ്യം ഇൻഡ്യ സ്വാതന്ത്ര്യമായി. എങ്കിലും ഇൻഡ്യ രണ്ടു ഭാഗമായിത്തീർന്നു. മഹമ്മദീയർ അധികമായുള്ള പഞ്ചാബു്, സിൻഡു്, കിഴക്കേ ബംഗാൾ മുതലായ ഭാഗങ്ങൾ ചേർന്നു പാക്കിസ്ഥാനും, മററുഭാഗങ്ങൾ ചേർന്നു് ഇൻഡ്യൻ യൂണിയനും ഉത്ഭവിച്ചു. തിരുവിതാംകൂർ ഇൻഡ്യൻ യൂണിയനിൽ അംഗമായി ചേരുകയും ചെയ്തു.

൧൧൨൩-ാമാണ്ടു ചിങ്ങമാസത്തിൽ സർ. സി. പി. രാമസ്വാമി അയ്യർ ദിവാൻപദം വെടിഞ്ഞു. അനന്തരം രാജ്യസേവാപ്രവീണ പി. ജി. നാരായണൻ ഉണ്ണിത്താൻ അവർകളെ മഹാരാജാവു തിരുമനസ്സുകൊണ്ടു അഫിഷ്യേററിംഗ് ദിവാൻജിയായി നിയമിച്ചു. എക്സൈസ് കമ്മീഷണർ, അഡ്മിനിസ്ട്രേററീവ് സെക്രട്ടറി മുതലായ ചുമതലയേറിയ ഉദ്യോഗങ്ങളിൽ ഇരുന്നു് ശ്രീ. ഉണ്ണിത്താൻ ഭരണകാര്യങ്ങളിൽ പരിചയവും ജനങ്ങളുടെ പ്രീതിബഹുമാനങ്ങളും നേടിയിരുന്നു.

തിരുവിതാംകൂറിലെ സ്ഥിതിഗതികൾ വളരെ കുഴങ്ങിക്കിടന്നിരുന്ന അവസരത്തിൽ ആണ് ശ്രീ. ഉണ്ണിത്താൻ ദിവാൻപദം സ്വീകരിച്ചതു്. കഴിഞ്ഞ പത്തു പതിനൊന്നു കൊല്ലമായി സ്റ്റേററുകാൺഗ്രസ്സ് എന്ന ഒരു രാഷ്ട്രീയകക്ഷി മഹാരാജാവു തിരുമനസ്സിലെ കീഴിൽ ഉത്തരവാദഭരണം ഏൎപ്പെടുത്താനായി പ്രക്ഷോഭണം നടത്തുകയായിരുന്നു. ജനങ്ങൾ തിരഞ്ഞെടുക്കുന്ന പ്രതിനിധികളിൽ ഭൂരിപക്ഷം കിട്ടുന്ന കക്ഷിയിൽ നിന്നുള്ള മന്ത്രിമാരായിരിക്കണം ഭരണം നടത്തേണ്ടതു് എന്നായിരുന്നു അവരുടെ ലക്ഷ്യം. ശ്രീ. പട്ടം താണുപിള്ളയായിരുന്നു ആരംഭകാലം മുതല്ക്കേ സ്റ്റേററുകാൺഗ്രസ്സിനെ നയിച്ചതു്. സ്റ്റേററുകാൺഗ്രസ്സും ഗവൎമ്മെൻറും തമ്മിൽ പല സംഘട്ടനങ്ങളും നടന്നു. ശ്രീ. ഉണ്ണിത്താൻ കാൎയ്യങ്ങളുടെ ഗൗരവം മനസ്സിലാക്കി സ്റ്റേററുകാൺഗ്രസ്സും ഗവൎമ്മെൻറും തമ്മിൽ ഒരു ഒത്തുതീൎപ്പു് ഉണ്ടാക്കി.

മഹാരാജാവു തിരുമനസ്സുകൊണ്ടു് ജനങ്ങളുടെ ഇംഗിതം മനസ്സിലാക്കി ഉത്തരവാദഭരണം കല്പിച്ചു് അനുവദിച്ചു. ൧൧൨൩ ചിങ്ങത്തിൽ വിളംബരം പ്രസിദ്ധപ്പെടുത്തി. നമ്മുടെ ചരിത്രത്തിലെ ഏററവും പ്രധാനപ്പെട്ട ഒരു സംഭവമാണു് ഇതു്. ജനസംഖ്യയത്തിൽ എല്ലാ വിഭാഗങ്ങളുടെയും കൃതജ്ഞത ഈ പരിഷ്കാരം മൂലം പൊന്നുതമ്പുരാൻ സമ്പാദിച്ചു. ഈ വിളംബരത്തെ തുടൎന്നു പ്രായപൂൎത്തി വോട്ടവകാശം അനുസരിച്ചുള്ള തിരഞ്ഞെടുപ്പു നടത്തി. അതിൽ സ്റ്റേററ്കോൺഗ്രസ് കക്ഷിക്കു വമ്പിച്ച ഭൂരിപക്ഷം

കിട്ടി. അതിനാൽ ഉത്തരവാദഭരണം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭമായി ഒരു ഇടക്കാലഗവർമ്മെൻറ് ഏർപ്പെടുത്തുകയുണ്ടായി. സ്റ്റേറ്റ് കോൺഗ്രസ്സ് പ്രസിഡൻറായ ശ്രീ. പട്ടംതാണുപിള്ളയെ പ്രധാനമന്ത്രിയായി കല്പിച്ചു നിയമിച്ചു. അദ്ദേഹം നേതാവായുള്ള ഒരു മന്ത്രിസഭയാണ് ഇപ്പോൾ ഭരണം നടത്തുന്നതു്. ശ്രീ. ടി. എം. വർഗീസ്, ശ്രീ. സി. കേശവൻ, ശ്രീ. ജി. രാമചന്ദ്രൻ, ശ്രീ. എ. അച്യുതൻ, ശ്രീ കെ. എം. കോര എന്ന അഞ്ചു മന്ത്രിമാർകൂടെ ഈ സഭയിലുണ്ടു്.

പ്രതിനിധിസഭ ഭരണഘടനാനിർമ്മാണത്തിൽ ഉദ്യുക്തമായിരിക്കുന്ന കാലമാണ് ഇതു്. ഈ സഭയുടെ അദ്ധ്യക്ഷനായി തെരഞ്ഞെടുത്തിട്ടുള്ളതു് ശ്രീ. എ. ജെ. ജോൺ അവർകളെയാണ്.

പ്രജാവത്സലനായ പൊന്നുതിരുമേനി ദീർഘകാലം ആയുരാരോഗ്യസുഖങ്ങളോടെ നമ്മുടെ രാജ്യം ഭരിക്കുമാറാകട്ടെ. സ്വതന്ത്രഭാരതത്തിൽ തിരുവിതാംകൂറിനു സമുന്നതമായ സ്ഥാനം സിദ്ധിക്കത്തക്കവണ്ണം ഇവിടത്തെ ജനകീയ പ്രസ്ഥാനം പുരോഗമിക്കട്ടെ.

ഓർമ്മിക്കേണ്ട സംഗതികൾ

ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സിലെ സ്ഥാനാരോഹണം.
ഭരിമണ്ഡല നിയമസഭ ഏർപ്പെടുത്തിയതു്.
നേരിയമംഗലം പാലം കെട്ടിച്ചതു്.
സാംസ്ഥാനികസൈന്യം പരിഷ്കരിച്ചതു്.
ക്ഷേത്രപ്രവേശനവിളംബരം.
തിരുവിതാംകൂർ സർവ്വകലാശാലാസ്ഥാപനം.
ഉത്തരവാദഭരണവിളംബരം.

ചോദ്യങ്ങൾ

(൧) ശ്രീചിത്തിരതിരുനാൾ തിരുമനസ്സിലെ ബാല്യത്തെയും വിദ്യാഭ്യാസത്തെയും കുറിച്ചു് ഒരു ഖണ്ഡിക എഴുതുക.

(൨) റീജെൻസി കാലത്തു് ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ ഏവ?

(൩) തിരുവിതാംകൂറിൽ ദ്വിമണ്ഡല നിയമസഭ ആരു് ഏർപ്പെടുത്തി? നിയമസഭയുടെ അധികാരങ്ങൾ എന്തെല്ലാം? അസംബ്ലിയിലേക്കും കൗൺസിലിലേക്കും ഉള്ള വോട്ടവകാശ വ്യവസ്ഥ എന്തു്?

(൪) ഹാബീബുള്ളയുടെ കാലത്തു നടന്ന രണ്ടു പ്രധാന പരിഷ്കാരങ്ങൾ എഴുതുക.

(൫) ക്ഷേത്രപ്രവേശനവിളംബരം എപ്പോൾ നടപ്പാക്കി? അതിന്റെ ഉദ്ദേശമെന്തു്?

(൬) ഈ ഭരണകാലത്തു് ആരംഭിച്ച ചില പ്രധാന വ്യവസായങ്ങളുടെ പേരു് എഴുതുക.

(൭) തിരുവിതാംകൂർ സർവ്വകലാശാല എപ്പോൾ എന്തിനായി സ്ഥാപിച്ചു?

(൮) ജനങ്ങളുടെ സുഖസൗകര്യങ്ങൾ, വിദ്യാഭ്യാസം, കലകൾ ഇവയ്ക്കുവേണ്ടി ശ്രീചിത്തിരതിരുനാൾ മഹാരാജാവു് തിരുമനസ്സുകൊണ്ടു ചെയ്തിട്ടുള്ള സഹായങ്ങൾ ഏവ?

TRAINING SCHOOL
KOTTAYAM
LOWER GRADE

രണ്ടാംഭാഗം

പൗരധർമ്മം

അദ്ധ്യായം ൧

കുടുംബം

നാം എവിടെയാണു താമസിക്കുന്നതു്? ആരോടു കൂടിയാണു്? മിക്കവരും അപ്പനമ്മമാരുടെകൂടെ വീട്ടിലായിരിക്കും. ചിലർ ബന്ധുക്കളും ഒരുമിച്ചു് ആയിരിക്കും. "വീടു്" എന്നു കേൾക്കുമ്പോൾ ആർക്കാണു സന്തോഷം ഉണ്ടാകാത്തതു്? അന്യദേശങ്ങളിൽ കഴിച്ചുകൂട്ടുന്നവർക്കു് വീട്ടിലേക്കു് പോകുമ്പോൾ അത്യന്തം ഉത്സാഹവും ആനന്ദവും ഉണ്ടാകും.

വീടു് എന്നു കേൾക്കുമ്പോൾ ഒരു കെട്ടിടം മാത്രമല്ല, അപ്പനമ്മമാർ, സഹോദരങ്ങൾ, ബന്ധുക്കൾ ഇവരെയും നാം ഓർക്കുന്നു.

മാതാപിതാക്കന്മാരോടു നമുക്കു വലുതായ കടപ്പാടു് ഉണ്ടു്. ചെറുപ്പത്തിൽ നമ്മുടെ ആവശ്യങ്ങളെല്ലാം അവർ നിവർത്തിച്ചുതരുന്നു. ജീവിതത്തിനു് ആവശ്യമായ പല പാഠങ്ങളും മാതാപിതാക്കന്മാരിൽ നിന്നാണു നമുക്കു ലഭിക്കുന്നതു്. ഇതിനാലത്രേ "തൊട്ടിലാട്ടുന്ന കൈയ് തന്നെ—വിശ്വപതിയെ ഭരിപ്പതും:" എന്നു പറഞ്ഞിട്ടുള്ളതു്.

കുടുംബജീവിതത്തിൽനിന്നും നമുക്കു പല ഗുണങ്ങളും സിദ്ധിക്കുന്നു. പൗരജീവിതത്തിനുള്ള പ്രാരംഭപാഠങ്ങൾ കുടുംബത്തിൽ നിന്നാണു ലഭിക്കുന്നതു്. കുടുംബത്തിലെ അംഗങ്ങൾ നമുക്കായി അവരുടെ സുഖങ്ങൾ വെടിയുന്നു. പല ത്യാഗങ്ങളും അവർ അനുഷ്ഠിക്കുന്നു. ചില മാതാപിതാക്കന്മാർ എന്തു വിഷമിച്ചാണു സന്താനങ്ങളെ പഠിപ്പിക്കുന്നതു്. അതിനാൽ മാതാപിതാക്കളോടു നമുക്കു തീർക്കാൻ വയ്യാത്ത കടപ്പാടു് ഉണ്ടു്.

കുടുംബസംഘടന വളരെ പ്രാധാന്യമുള്ളതാണു്. സ്നേഹം, സേവനം, ത്യാഗം മുതലായവയെപ്പററി നാം ആദ്യം മനസ്സിലാക്കുന്നതു കുടുംബജീവിതത്തിൽനിന്നു് ആണു്. പരസ്പരബന്ധം, സഹകരണം, അനുകമ്പ, സഹിഷ്ണുത മുതലായി പൗരജീവിതത്തിൻെറ വിജയത്തിനു് ആവശ്യമുള്ള പലതും പഠിക്കുന്ന വലിയ ഒരു വിദ്യാലയമാണു് കുടുംബം. കുടുംബത്തിൽ പല അംഗങ്ങൾ ഉണ്ടു്. അവരെല്ലാം തമ്മിൽ ബന്ധമുള്ളവരാണു്. അവർ അന്യോന്യം സഹായിക്കയും സഹകരിക്കയും ചെയ്യില്ലെങ്കിൽ കുടുംബത്തിലെ സംഗതികൾ ശരിയായി നടക്കുകയില്ല. ഏതെങ്കിലും ഒരു അംഗത്തിനു് ആപത്തു നേരിട്ടാൽ മററുള്ളവർ സഹായിക്കുന്നു. അനുകമ്പ കാണിക്കുന്നു. ഇഷ്ടമില്ലാത്ത അഭിപ്രായങ്ങളെയും നാം ബഹുമാനിക്കുന്നു.

അനുസരണയും മററുള്ളവരുടെ അവകാശങ്ങളിൽ ബഹുമാനവും കുടുംബജീവിതത്തിൽ എന്നതുപോലെ

പൌരജീവിതത്തിലും വേണ്ടതാണ്. നാം അപ്പനമ്മമാരെയും നമ്മെക്കാൾ മൂത്തവരെയും അനുസരിക്കണം. അല്ലെങ്കിൽ രാജ്യത്തിന് അഭിവൃദ്ധിയുണ്ടാകയില്ല. കുടുംബത്തിലെ അംഗങ്ങൾ കേവലം സ്വാതന്ത്രന്മാർ ആയിരിക്കരുത്. നമ്മുടെ ജീവിതം അന്യക്ക് ഉപദ്രവമാകരുത്. അതു് അധമ്മമാണ്. ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങളും ഒരുമിച്ചു ശ്രമിച്ചാലേ ആ കുടുംബത്തിന്റെ സ്ഥിതി നന്നാവുകയുള്ളു. കുടുംബാംഗങ്ങൾ തമ്മിൽ മത്സരവും വിരോധവും തുടങ്ങിയാൽ കുടുംബം അധോഗതിയെ പ്രാപിക്കും. ഇതിനെ തെളിയിക്കുന്ന ഒരു കഥ പറയാം.

ഒരിക്കൽ വയറും മററു് അവയവങ്ങളും തമ്മിൽ ഒരു കേസ്സു് ഉണ്ടായി. ഭക്ഷണമെല്ലാം വയററിലാണല്ലോ ചെന്നുചേരുന്നതു്. മററു് അവയവങ്ങളാണു് ജോലി ചെയ്യുന്നതു്. ഇതായിരുന്നു അവയവങ്ങളുടെ പരാതി. ഒടുവിൽ മററു് അവയവങ്ങൾ ഒരു തീരുമാനംചെയ്തു. പണിമുടക്കണമെന്നായിരുന്നു അതു്. കൈകൾ രണ്ടു ദിവസത്തേക്കു ഭക്ഷണം സമ്പാദിച്ചു വായിലാക്കി കൊടുത്തില്ല. അപ്പോൾ വായ്ക്കും നാക്കിനും പല്ലിനും ജോലിയില്ലാതായി. ഇങ്ങനെ രണ്ടു മൂന്നു ദിവസം കഴിഞ്ഞപ്പോൾ എല്ലാ അവയവങ്ങളും ക്ഷീണിച്ചു തളന്നു. തങ്ങളുടെ വിഡ്ഢിത്തം മനസ്സിലായി. പഴയ പരിപാടി എല്ലാ അവയവങ്ങളും തുടന്നു. പ്രത്യക്ഷമായിട്ടല്ലെങ്കിലും ഉദരവും ശരീരത്തിന്റെ പൊതു രക്ഷയ്ക്കുവേണ്ടിത്തന്നെയാണു പ്രവത്തിക്കുന്നതു് എന്നു

മനസ്സിലായി. അപ്പോൾ ഉദരത്തിനെതിരായി മററുള്ള അവയവങ്ങളുടെ പണിമുടക്കു തീൎന്നു. ഇതിൽനിന്നു പരസ്പരസഹായത്തിൻെറയും സഹകരണത്തിൻെറയും പ്രാധാന്യം മനസ്സിലാക്കാം. കുടുംബജീവിതത്തിലും വേണ്ടുന്ന മുഖ്യഗുണങ്ങളാണു് ഇവ.

കുടുംബത്തിലെ നായിക അമ്മയും നായകൻ അച്ഛനുമാണു്. ആഹാരകാൎയ്യങ്ങൾ ശരിപ്പെടുത്തുക, ശുചിത്വം പാലിക്കുക, രോഗം വരുമ്പോൾ ശുശ്രൂഷിക്കുക മുതലായവയെല്ലാം അമ്മ ചെയ്യുന്നു. അമ്മയെ സ്നേഹിക്കയും അമ്മയുടെ വാക്കുകൾ അനുസരിക്കയും ചെയ്യേണ്ടതാണെങ്കിൽ മാത്രമേ നമുക്കു നന്മ വരൂ. അതുപോലെ അച്ഛനും നമ്മൾക്കായി രാപകൽ കഷ്ടപ്പെട്ടു വീട്ടു ചെലവുകൾക്കു് ആവശ്യമുള്ള പണം സമ്പാദിക്കുന്നു. വീട്ടിലേക്കു വേണ്ട കാൎയ്യങ്ങൾ അന്വേഷിക്കുന്നു. അതിനാൽ അച്ഛനമ്മമാരോടു നാം അളവില്ലാതെ കടപ്പെട്ടിരിക്കുന്നു. ലോകത്തിൽ മഹാന്മാരായവർ എല്ലാം അച്ഛനമ്മമാരുടെ അനുഗ്രഹപാത്രങ്ങളാണു്. അച്ഛൻെറ സത്യം രക്ഷിക്കാൻ ശ്രീരാമൻ പതിനാലു വൎഷം വനവാസം ചെയ്തു. മഹാനായ ശിവാജി അമ്മയെ ദൈവത്തെപ്പോലെ പൂജിച്ചിരുന്നു. ഇങ്ങനെ എത്രയോ കഥകൾ ഉണ്ടു്.

മാതാപിതാക്കന്മാരെ സ്നേഹിക്കയും ബഹുമാനിക്കയും അനുസരിക്കയും ചെയ്യണമെന്നു് എല്ലാ മതങ്ങളും പഠിപ്പിക്കുന്നു. നമ്മുടെ ഏററവും വലിയ ഒരു കൎത്തവ്യമാണു് അതു്. അമ്മാവൻ, ജ്യേഷ്ഠൻ, പ്രായം കൂടിയ

മററു ബന്ധുക്കൾ ഇവരും ഗുരുജനങ്ങളാണു്. അവരെയും നാം ആദരിക്കണം.

ചോദ്യങ്ങൾ

(൧) കുടുംബം എന്നാൽ എന്തു്?

(൨) കുടുംബത്തെ സ്നേഹിക്കുന്നതിനുള്ള കാരണങ്ങൾ പറയുക.

(൩) കുടുംബജീവിതത്തിൽ നിന്നും പൗരജീവിതത്തിനു് ആവശ്യമുള്ള എന്തെല്ലാം ഗുണങ്ങൾ സിദ്ധിക്കുന്നു?

(൪) കുടുംബകലഹം കൊണ്ടുള്ള ദോഷങ്ങൾ വിവരിക്കുക.

(൫) മാതാപിതാക്കന്മാരെ അനുസരിക്കണമെന്നു കാണിക്കുന്ന ഒരു കഥ എഴുതുക.

അദ്ധ്യായം ൨

സ്കൗട്ട് പ്രസ്ഥാനം

ഉത്ഭവം

മിക്ക പരിഷ്കൃതരാജ്യങ്ങളിലെയും വിദ്യാലയങ്ങളിൽ പ്രചാരത്തിലിരിക്കുന്ന ഒരു ഏർപ്പാടാണ് സ്കൗട്ട് പ്രസ്ഥാനം. സ്വാശ്രയശീലം, പരസ്പരസഹായസന്നദ്ധത, സേവനതാൽപര്യം ഇവയെല്ലാം പൗരജീവിതത്തിന് ആവശ്യമാണ്. സ്കൗട്ടുപ്രസ്ഥാനത്തിൽനിന്ന് ഈ ഗുണങ്ങളെല്ലാം സിദ്ധിക്കുന്നു.

ഉത്സാഹവും പ്രസരിപ്പും കുട്ടികൾക്കു സഹജമായുള്ള ഗുണങ്ങളാണ്. എന്തെങ്കിലും പ്രവൃത്തി ചെയ്യുന്നതിന് അവർ ഉൽസുകരാണ്. ആ ഉത്സാഹം സഹകരണത്തിനും പരോപകാരത്തിനും ഉതകും വണ്ണം തിരിച്ചുവിടണം. പല നല്ല കാര്യങ്ങളും കളികളിൽ നിന്നും ചങ്ങാതിമാരിൽ നിന്നും പഠിക്കാനുണ്ട്. തന്നെത്താൻ കാര്യങ്ങൾ ചെയ്യുന്നതാണു സ്വാശ്രയശീലം. സ്വാശ്രയം ശീലിക്കുന്നതോടൊപ്പം പരോപകാരത്തിനും ദൃഷ്ടി വയ്ക്കണം. നിങ്ങൾക്ക് ഒരു നോട്ടുബുക്കു കുത്തിക്കെട്ടണമെന്നിരിക്കട്ടെ. അതു തന്നെത്താൻ ചെയ്യാവുന്നതാണല്ലോ. എന്നാൽ വേറൊരാൾക്ക് ഒരു ചുമടു പിടിച്ചുകൊടുക്കണമെന്നു വന്നാൽ അതും സന്തോഷത്തോടെ ചെയ്തുകൊടുക്കണം.

ബേഡൻ പൗവൽ എന്ന ഒരു ഇംഗ്ലീഷ്കാരൻെറ ശ്രമം കൊണ്ടാണ് സ്കൗട്ട് പ്രസ്ഥാനം ആരംഭിച്ചതു്. ഇതു് ൧൯൦൭-ൽ ആയിരുന്നു. അദ്ദേഹം മരിച്ചിട്ടു് ഇപ്പോൾ അധികം കാലമായില്ല. ആദ്യം പരീക്ഷണാത്ഥമായിട്ടാണ് ഈ പ്രസ്ഥാനം തുടങ്ങിയതു്. പല വഗ്ഗങ്ങളിലെ കുട്ടികളെ ഇതിൽ ചേത്തു. അനാവശ്യമായ കാര്യങ്ങളിൽ കുട്ടികളുടെ ശ്രദ്ധ ചെല്ലാതിരിക്കുന്നതിനും, ഉത്തമസേവനങ്ങളിൽ അഭിരുചി ഉണ്ടാകുന്നതിനുമായിട്ടാണ് ഈ പ്രസ്ഥാനം തുടങ്ങിയതു്.

സ്കൗട്ട് സംഘടന

നമ്മുടെ രാജ്യത്തിലെ മിക്ക വിദ്യാലയങ്ങളിലും ഇന്നു സ്കൗട്ട് പദ്ധതി നടപ്പിലുണ്ടു്. അതിൻെറ സംഘടനയെപ്പററി അറിയേണ്ടതാണ്. അഞ്ചോ ആറോ കുട്ടികൾ അടങ്ങിയ സംഘടനയ്ക്കു് ഒരു യൂനിററ (സംഘം) എന്നു പറയുന്നു. ഓരോ യൂനിററിനെയും സാധാരണയായി 'പെട്രോൾ' എന്നു വിളിക്കുന്നു. ഓരോ പെട്രോളിനും ഓരോ നായകൻ ഉണ്ടു്. മൂന്നോ നാലോ പെട്രോളും അവയുടെ നായകന്മാരും ചേന്നതാണ് സ്കൗട്ടുയൂഥം. ഓരോ പെട്രോളിലെയും അംഗങ്ങൾക്ക പ്രായത്തിലും അഭിരുചികളിലും പൊരുത്തം കാണണം.

ബാലികമാക്കും സ്കൗട്ട് പ്രസ്ഥാനത്തിൽ സ്ഥാനമുണ്ടു്. 'ഗേൾഗൈഡ്സ്' എന്നാണ് അവരെ പറയുക. സ്കൗട്ട്സംഘടനയുടെ വിജയത്തിനു സാമത്ഥ്യവും

സൽസ്വഭാവവും ഉള്ള നായകന്മാർ ആവശ്യമാണ്. ഓരോ സംഘവും കളിസ്ഥലങ്ങളിലാണ് ഒന്നിച്ചു കൂടുക. ഇതു സാധാരണയായി ക്ലാസ് സമയം കഴിഞ്ഞാണ്. സ്കൗട്ടുപ്രസ്ഥാനത്തിൽ ഉന്മേഷകരമായ പല കളികളും വിനോദങ്ങളും ഉണ്ട്. അവക്കു പ്രത്യേകം തരത്തിലുള്ള വേഷവും ഉണ്ട്. സ്കൗട്ടുകളുടെ കവാത്തുകളും വ്യായാമങ്ങളും അവരെ ശക്തന്മാരും ആരോഗ്യമുള്ളവരും ആക്കിത്തീർക്കുന്നു.

സ്കൗട്ടിന്റെ പ്രതിജ്ഞ

ഒരാൾ സ്കൗട്ടായി ചേരുമ്പോൾ ഈശ്വരനോടും രാജാവിനോടും രാജ്യത്തിനോടും ഉള്ള കർത്തവ്യം ശരിയായി നിർവഹിക്കാമെന്നു സത്യം ചെയ്യുന്നു. സമസൃഷ്ടങ്ങളെ സേവിക്കാമെന്നുള്ളതും പ്രതിജ്ഞയിൽ ഉൾപ്പെടുന്നു. സേവനമാണു സ്കൗട്ടിന്റെ ലക്ഷ്യം. മാന്യത (Honour) ആണ് ധനം. ഒരു സ്കൗട്ടിന്റെ പ്രധാന ലക്ഷണം നിയമങ്ങളോടുള്ള ആദരവാണ്. രാജാവ്, മാതാപിതാക്കന്മാർ, ഗുരുജനങ്ങൾ ഇവരോട് അനുസരണ ഉള്ളവനായിരിക്കണം സ്കൗട്ട്. അനുസരണ സ്കൗട്ടിന്റെ ജീവനു തുല്യമാണ്. വീട്ടിലും വിദ്യാലയത്തിലും നാട്ടിലും സ്കൗട്ട് അനുസരണ പാലിക്കും.

സ്കൗട്ടുകളുടെ കർത്തവ്യങ്ങൾ

സന്മാർഗ്ഗനിയമങ്ങൾ പാലിക്കാൻ സ്കൗട്ടു ബാദ്ധ്യസ്ഥനാണ്. കള്ളമോ ചീത്തവാക്കുകളോ പറയാൻ

പാടില്ല. പെരുമാററത്തിൽ വിനയവും വണക്കവും ഉള്ളവനായിരിക്കണം. ആർക്കും അയാളെ വിശ്വസിക്കാം. അയാൾ ദയയും സ്നേഹവും ഉള്ളവനായിരിക്കും. ആപത്തിൽ അന്യരെ സഹായിക്കും. കുട്ടികൾ, സ്ത്രീകൾ, വൃദ്ധന്മാർ, രോഗികൾ ഇവരെ അയാൾ കഴിവനുസരിച്ചു സഹായിക്കും. ബസ്സിലോ തീവണ്ടിയിലോ ഇരിപ്പിടം കിട്ടാതെ ഒരു വൃദ്ധനോ സ്ത്രീയോ വിഷമിക്കുന്നതു കണ്ടാൽ സ്കൗട്ടു താൻ ഇരിക്കുന്ന സ്ഥലം അവർക്കായി ഒഴിഞ്ഞുകൊടുക്കും.

സ്കൗട്ട് ശരീരവും മനസ്സും ശുദ്ധമായിരിക്കാൻ ശ്രമിക്കണം. ചീത്ത കാര്യങ്ങൾ വിചാരിക്കയോ പറയുകയോ ചെയ്യുകയോ അരുത്. അയാൾ ഒരിക്കലും നിരാശനായിരിക്കരുത്. ഏതു വിധമായ ആപത്തിലും അയാൾ ധൈര്യമുള്ളവനായിരിക്കണം. മിതവ്യയശീലവും ഉത്സാഹവും സ്കൗട്ടിനു വേണ്ട ഗുണങ്ങളാണ്. അതുപോലെ തന്നെ ജാതി, മതം, വർഗ്ഗം മുതലായ വ്യത്യാസങ്ങളൊന്നും യഥാർത്ഥ സ്കൗട്ടു വകവയ്ക്കയില്ല. ധനികനും ദരിദ്രനും തമ്മിലും സ്കൗട്ടിനു ഭേദമില്ല. സമസൃഷ്ടങ്ങളെല്ലാം അയാൾക്ക് ഒരുപോലെയാണ്.

അയൽക്കാർക്കു നന്മ ചെയ്‌വാനും സഹായിക്കാനും ഉള്ള ആഗ്രഹവും ഒരുക്കവും ഈ പ്രസ്ഥാനത്തിന്റെ മഹനീയാദർശങ്ങളാണ്. ആൾക്കൂട്ടത്തിൽ പെട്ട് ഒരു കുട്ടി മാതാപിതാക്കന്മാരിൽ നിന്നു പിരിഞ്ഞുപോയി എന്നു വിചാരിക്കുക. ഒരു സ്കൗട്ട് അവിടെ ഉണ്ടെങ്കിൽ

ആ കുട്ടിയെ കണ്ടു പിടിച്ച് മാതാപിതാക്കന്മാരെ ഏല്പിക്കാൻ ശ്രമിക്കുന്നു. അതിനു വേണ്ടി എന്തു ബുദ്ധിമുട്ടുകൾ നേരിടുന്നതിനും അയാൾക്കു മടിയില്ല.

സ്കൗട്ടുപ്രസ്ഥാനം തൊഴിലുകളിൽ പ്രത്യേകം പരിശീലനം നൽകുന്നില്ല. എങ്കിലും തൊഴിലിന്റെ ശ്രേഷ്ഠതയെ സ്കൗട്ടുകൾ മനസ്സിലാക്കുന്നുണ്ട്. ഒരു സ്കൗട്ട് സമയം എത്രയും വിലയേറിയതാണെന്നു ഗ്രഹിച്ചിരിക്കും. കൊള്ളരുതാത്ത വിനോദങ്ങളിൽ സ്കൗട്ടു പങ്കെടുക്കുകയില്ല. അന്യർക്കു വേണ്ടിയുള്ള സേവനമാണ് അവന്റെ വ്രതം.

തിരുവിതാംകൂറിലെ സ്കൗട്ടു പ്രസ്ഥാനം

ഇന്നു നാടു വാഴുന്ന ശ്രീചിത്തിരതിരുനാൾ മഹാരാജാവിന്റെ കാലത്താണ് ഇവിടത്തെ സ്കൗട്ടു പ്രസ്ഥാനത്തിനു ജീവൻ ഉണ്ടായതു്. അവിടുന്നു തിരുവിതാംകൂർ സ്കൗട്ടു പ്രസ്ഥാനത്തിന്റെ രക്ഷാധികാരിയാണ്. രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും തിരുനാൾ വാരത്തിൽ സ്കൗട്ടുകൾ രാജധാനിയിൽ എത്തി റാലി നടത്തുന്നു. അങ്ങനെ അവർ തിരുമനസ്സിലെ നേർക്കുള്ള ബഹുമാനങ്ങൾ പ്രകടിപ്പിക്കുന്നു. സ്കൗട്ടു പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുന്നതിലും തിരുമനസ്സുകൊണ്ടു പ്രത്യേകം ഔത്സുക്യം പ്രദർശിപ്പിച്ചു വരുന്നു. ഇപ്പോൾ ഇവിടത്തെ ചീഫ് സ്കൗട്ട് ഇളയരാജാവു തിരുമനസ്സുകൊണ്ടാണ്. ഗേൾ ഗൈഡ് പ്രസ്ഥാനത്തിന്റെ

ഉൽക്കർഷത്തിനു കാർത്തികതിരുനാൾ തമ്പുരാട്ടിയും വളരെ സഹായിച്ചിട്ടുണ്ട്. ഇവിടത്തെ സ്കൗട്ട സംഘത്തിന്റെ മുദ്രാവാക്യം "ധർമ്മം ചര" എന്നാണു്. കൊടിയടയാളം ശംഖും ആണു്.

നിങ്ങൾ ഒരു സ്കൗട്ടോ കബ്ബോ ആണോ? നിങ്ങളുടെ സ്കൂളിൽ സ്കൗട്ട സംഘടനയുണ്ടോ? ഉണ്ടെങ്കിൽ അതിൽ അംഗമായാൽ പല ഗുണങ്ങളും നിങ്ങൾക്കു് ഉണ്ടാകാൻ ഇടയുണ്ടു്. അതു നിങ്ങളുടെ സ്വഭാവത്തെ നന്നാക്കുന്നു. പഠിത്തത്തെ സഹായിക്കുന്നു. ശരീരശക്തിയെ പോഷിപ്പിക്കുന്നു. ഇങ്ങനെ വിദ്യാലയജീവിതത്തെ സ്കൗട്ടസംഘടന ഭാസുരമാക്കുന്നു. മാത്രമല്ല ഭാവിപൗരന്മാരാകുന്നതിനുള്ള പരിശീലനവും സ്കൗട്ടപ്രസ്ഥാനത്തിൽ നിന്നു സിദ്ധിക്കുന്നു. പൊതുനന്മയ്ക്കായി സ്വാർത്ഥത്തെ പുറന്തള്ളാൻ സ്കൗട്ടപ്രസ്ഥാനം പഠിപ്പിക്കുന്നു. ഇങ്ങനെ പല വിധത്തിലും മഹനീയമാണു് സ്കൗട്ട പ്രസ്ഥാനം.

ചോദ്യങ്ങൾ

(൧) സ്കൗട്ടപ്രസ്ഥാനം തുടങ്ങിയതു് ആരാണു്?

(൨) സ്കൗട്ട്സംഘടനയെപ്പററി ചുരുക്കി എഴുതുക.

(൩) സ്കൗട്ടിന്റെ പ്രധാന പ്രതിജ്ഞകൾ ഏവ?

(൮) സ്കൗട്ടിന്റെ പ്രധാന കൎത്തവ്യങ്ങൾ എന്തെല്ലാം?

(൯) തിരുവിതാംകൂർ സ്കൗട്ടസംഘത്തിന്റെ മുദ്രാവാക്യം, കൊടിയടയാളം ഇവ എന്താണു് ?

(൰) സ്കൗട്ട് സംഘടന പൗരജീവിതത്തെ എങ്ങനെ സഹായിക്കുന്നു ?

TRAINING ... KOTTAYAM ... LOWER

അദ്ധ്യായം ൩

ഗ്രാമങ്ങൾ

നമ്മിൽ ചിലർ ഗ്രാമങ്ങളിലും മററു ചിലർ നഗരങ്ങളിലും ആണല്ലോ താമസിക്കുന്നതു്. നഗരങ്ങളിൽ താമസിക്കുന്ന കുട്ടികളും ഗ്രാമങ്ങൾ കണ്ടിരിക്കും. ബ്രാഹ്മണർ തൊട്ടുതൊട്ടു ഗൃഹങ്ങൾ നിർമ്മിച്ചു താമസിക്കുന്ന സ്ഥലത്തിനും ഗ്രാമമെന്നു പറയുന്നു. തിരുവനന്തപുരത്തു കരമന ഗ്രാമം, വലിയചാല ഗ്രാമം മുതലായി അത്തരം പല ബ്രാഹ്മണഗ്രാമങ്ങൾ ഉണ്ടു്. എന്നാൽ ഇവിടെ ആ അർത്ഥത്തിൽ അല്ല ഗ്രാമം എന്ന വാക്കു് ഉപയോഗിക്കുന്നതു്. നാട്ടുംപുറങ്ങളും കുടിയിടകളുമാണു നമ്മുടെ നാട്ടിലെ പ്രധാനപ്പെട്ട ഗ്രാമസ്ഥലങ്ങൾ. പട്ടണത്തിലെ മോടികളും തിക്കും തിരക്കും കച്ചവടവും ഒന്നും ഗ്രാമത്തിൽ കാണുകയില്ല. നഗരത്തിൽനിന്നും വളരെ വ്യത്യസ്തമായ കാഴ്ചകളാണു് ഗ്രാമങ്ങളിൽ സാധാരണ കാണുന്നതു്. പട്ടണങ്ങളിലെപ്പോലെ വൻപിച്ച കെട്ടിടങ്ങൾ ഗ്രാമത്തിൽ ചുരുക്കമായിരിക്കും. വഴിയിൽ വണ്ടികളും ബഹളവും വളരെ കുറയും. വയലുകളും കൃഷിസ്ഥലങ്ങളും ധാരാളം ഉണ്ടായിരിക്കും. ആൾപാർപ്പു കുറവായതുകൊണ്ടു ശുദ്ധവായുവും സൂര്യപ്രകാശവും സുലഭമാണു്. പലെടത്തും അങ്ങിങ്ങായി പുഴകളും തോടുകളും അമ്പലങ്ങളും പള്ളികളും മററും കാണും. പട്ടണങ്ങളിലെപ്പോലെ പരിഷ്കാരമോടി

കൾ കാണുകയില്ല. എന്നാൽ ഗ്രാമങ്ങൾക്കു പ്രത്യേകമായ ചില ഭംഗികളുണ്ടു്. പാടങ്ങളും പറമ്പുകളും തോടുകളും ഇടവഴികളും കാവുകളും അമ്പലങ്ങളുമെല്ലാം ഗ്രാമങ്ങളുടെ സൗന്ദര്യത്തെ വർദ്ധിപ്പിക്കുന്നു.

തിരുവിതാംകൂറിൽ പട്ടണങ്ങൾ ഒഴികെ ആൾ പാർപ്പുള്ള ഭാഗങ്ങൾ മിക്കവാറും ഗ്രാമങ്ങളാണു്. ഇൻഡ്യയുടെ ഇതരഭാഗങ്ങളിലെ ഗ്രാമങ്ങളിൽ വീടുകൾ മിക്കവാറും തൊട്ടുതൊട്ടിരിക്കും. ഗ്രാമങ്ങൾക്കു ചുററും ആൾ പാർപ്പില്ലാത്ത വിസ്തൃതമായ കൃഷിസ്ഥലങ്ങളും മററുമാണു്. നമ്മുടെ ഗ്രാമങ്ങളിലാകട്ടെ, മിക്കവാറും വീടുകൾ അകലെയകലെ ഓരോ പ്രത്യേകം പുരയിടത്തിലാണു്. വീടുകളും കൃഷിസ്ഥലങ്ങളും ഇടകലർന്നാണു കാണുന്നതു്. വയലുകൾ മാത്രമേ ഗ്രാമത്തിനു വെളിയിൽ കിടക്കുന്നുള്ളു.

പല കുടുംബങ്ങൾ പാർക്കുന്ന ഒരു പ്രദേശത്തെ കര എന്നാണു പറയുന്നതു്. ഓരോ കരയും പഴയ കാലത്തു സ്വയംപര്യാപ്തമായിരുന്നു. അതായതു് നെല്ലു്, വസ്ത്രം, കൃഷിക്കോപ്പുകൾ മുതലായി ഓരോ കരക്കാരുടെയും ആവശ്യങ്ങൾ അതതു കരകളിലെ തൊഴിൽ കൊണ്ടു നിറവേററി വന്നു. അന്യാശ്രയം കൂടാതെ സുഖമായി കഴിയാൻ അങ്ങനെ അവർക്കു സാധിച്ചിരുന്നു. ഓരോ കരയിലെയും വ്യവഹാരകാര്യങ്ങളും മിക്കവാറും അതതു കരകളിലെ ജനങ്ങൾതന്നെ തീരുമാനിച്ചുവന്നു. കരക്കൂട്ടങ്ങൾ എന്ന സ്ഥാപനങ്ങൾ ആയിരുന്നു ആ സംഗതികൾ നടത്തിവന്നതു്. നീതി

നടത്തുക, തർക്കങ്ങൾ പറഞ്ഞുതീർക്കുക മുതലായ കാര്യങ്ങൾ കരനാഥന്മാർ അടങ്ങിയ കരക്കൂട്ടങ്ങൾ യോജിച്ചു ചെയ്തുവന്നു. ഇങ്ങനെ കരയിലെ കുടുംബങ്ങൾ പരസ്പരം സഹായിച്ചും വിശ്വസിച്ചും സമാധാനമായി കഴിഞ്ഞുകൂടി. പണ്ടു സ്വരക്ഷയ്ക്കു് ആയുധാഭ്യാസം നിർബ്ബന്ധമായിരുന്നതിനാൽ അന്നു കളരികളിൽ പയററു പഠിക്കുകയും പതിവായിരുന്നു. അതിലേക്കു് എല്ലാ കരകളിലും കളരികളും നടത്തിപ്പോന്നു.

ആധുനികപരിഷ്കാരത്തിന്റെ പ്രവാഹത്തോടുകൂടി ഗ്രാമജീവിതം ശിഥിലമായി. കളരിയും കരക്കൂട്ടവുമെല്ലാം നാമാവശേഷമായി. കരയിലെ ജനങ്ങൾക്കു തമ്മിൽ മത്സരബുദ്ധിയുണ്ടായി. കിട്ടുന്നതുകൊണ്ടു തൃപ്തിപ്പെടുക എന്നതു മാറി. സഹകരണബുദ്ധി നശിച്ചു. പാരമ്പര്യമായ തൊഴിലുകളിൽ തൃപ്തിയില്ലാതെ ഓരോരുത്തരും ലാഭകരമായ മററു തൊഴിലുകൾ തേടിത്തുടങ്ങി. പല കരകളിലെ ജനങ്ങൾക്കു തമ്മിൽ ഇടപെടുന്നതിനും കൂടുതൽ സൗകര്യം ലഭിച്ചു. പരിഷ്കാരത്തിൽ ഭ്രമിച്ചും പണം സമ്പാദിക്കുന്നതിനും മററുമായി ആളുകൾ നഗരങ്ങളിലേക്കു പാഞ്ഞു. നഗരങ്ങളാകട്ടെ കച്ചവടം, വ്യവസായം മുതലായവയുടെ സങ്കേതങ്ങളായി കൂടുതൽ ജനങ്ങളെ ആകർഷിക്കയും ചെയ്തു.

തിരുവിതാംകൂറിൽ വളരെ അധികം പേരും ജീവിക്കുന്നതു ഗ്രാമങ്ങളിലാണു്. നമ്മുടെ രാജ്യം

അഭിവൃദ്ധി പ്രാപിക്കണമെങ്കിൽ ഗ്രാമങ്ങൾ നന്നാകണം. പഴയ കാലങ്ങളെക്കാൾ ഇപ്പോൾ ഗ്രാമങ്ങളിലും ജീവിതസൗകൎയ്യങ്ങൾ വളരെ വൎദ്ധിച്ചിട്ടുണ്ട്. ഇന്നു ഗ്രാമങ്ങളിലേക്കു ഗതാഗതത്തിനു പണ്ടത്തെപ്പോലെ വിഷമമില്ല. വാഹനസൗകൎയ്യവും വൎദ്ധിച്ചിട്ടുണ്ട്. കാൎഷികോല്പന്നങ്ങൾ അന്യസ്ഥലത്തു കൊണ്ടുപോയി വില്ക്കാനും ഇന്നു കഴിയും. എങ്കിലും സുഖകരമായ ജീവിതത്തിന് ഉതകണമെങ്കിൽ നമ്മുടെ ഗ്രാമങ്ങൾ ഇനിയും വളരെ അഭിവൃദ്ധിപ്പെടണം. പള്ളിക്കൂടങ്ങളും റോഡുകളും വൈദ്യശാലകളും കടകളും എല്ലാ കരകളിലും ഉണ്ടായാലേ മതിയാവൂ.

ഇനിയും ഗ്രാമഭരണത്തിനുള്ള ഇപ്പോഴത്തെ വ്യവസ്ഥകൾ പരിശോധിക്കാം. ഏതാനും കരകൾ—ചെറിയ ഗ്രാമങ്ങൾ—ചേൎന്നുള്ളതാണു പ്രവൃത്തി പകുതി. ഓരോ പ്രവൃത്തിയിലും ഓരോ പാൎവത്യകാർ അല്ലെങ്കിൽ അധികാരി എന്ന ഉദ്യോഗസ്ഥൻ ഉണ്ട്. നമ്മുടെ രാജ്യത്തിൽ ഭരണം സംബന്ധിച്ച ഏററവും ചെറിയ വിഭാഗം പകുതിയാണ്. തിരുവിതാംകൂറിലെ മുപ്പതു താലൂക്കുകളിലായി നാനൂററിമുപ്പതിൽ പരം പകുതികളുണ്ട് ഗവൎമ്മെൻറിനു കുടികൾ കൊടുക്കാനുള്ള കരം പിരിക്കുകയാണു പാൎവത്യകാരുടെ പ്രധാന ജോലി. പാൎവത്യകാൎക്കു് ഒരു കച്ചേരിയുണ്ട്. ആ കച്ചേരിക്കു പകുതിക്കച്ചേരി (പ്രവൃത്തിക്കച്ചേരി) എന്നു പറയുന്നു. പകുതിക്കച്ചേരിയിൽ പാൎവത്യകാരെ സഹായിക്കാൻ ഒന്നോ രണ്ടോ പിള്ളമാരും മാസപ്പടിക്കാരും (ശിപായിമാരും) ഉണ്ട്.

നിലം പുരയിടം മുതലായവ അനുഭവിക്കുന്ന ആളുകൾ ആദായത്തിൽ ഒരു ചെറിയ ഓഹരി ഗവർമെൻറിലേക്കു കൊടുക്കണം. അതാണു് ഭൂനികുതി അല്ലെങ്കിൽ കരം. ഓരോ വസ്തുവിനും ഇന്ന സംഖ്യ കരം കൊടുക്കണം എന്നു സർക്കാരിൽനിന്നു നിശ്ചയിച്ചിട്ടുണ്ടു്. കരം ആണ്ടിൽ സാധാരണ രണ്ടു ഗഡുക്കളിലായിട്ടാണു് കൊടുക്കേണ്ടതു്. കരം പകുതിക്കച്ചേരിയിൽ കൊണ്ടു ചെന്നു പാർവത്യകാരുടെ കൈയ്‌വശം കൊടുത്തു രസീതു വാങ്ങേണ്ടതു വസ്തുഉടമസ്ഥന്മാരുടെ കടമയാണു്. കരം ശരിയായി കൊടുത്തില്ലെങ്കിൽ വസ്തു അനുഭവക്കാരൻെറ വീട്ടിലുള്ള സാമാനങ്ങൾ എടുത്തു വിറ്റോ വസ്തു ലേലത്തിൽ വിറ്റോ കരം ഈടാക്കുന്നു.

കരം വകയിൽ പിരിയുന്ന പണം പാർവത്യകാർ അപ്പോഴപ്പോൾ തഹസീൽദാരെ ഏൽപ്പിക്കണം. പാർവത്യകാരുടെ അടുത്ത മേലധികാരിയാണു് തഹസീൽദാർ. അദ്ദേഹം അനേകം പകുതികൾ ചേർന്ന താലൂക്കിൻെറ ഭരണത്തിൻെറ ചുമതല വഹിക്കുന്നു. കരം കൊടുക്കുന്ന പണം ഗവർമെൻറു ജനങ്ങളുടെ ഗുണത്തിനുതന്നെ ചെലവഴിക്കുന്നു. അതിനാൽ വിഴ്ച വരുത്താതെ കരം കൊടുക്കേണ്ടതാണു്.

ഒരു കുട്ടി ജനിക്കയോ ഒരാൾ മരിക്കയോ ചെയ്താൽ ആ വിവരം വീട്ടുകാർ പാർവത്യകാരെ ഉടനേ അറിയിക്കണമെന്നും ചട്ടമുണ്ടു്. അദ്ദേഹം ഈ വിവരങ്ങൾ ഒരു ബുക്കിൽ എഴുതി സൂക്ഷിക്കുന്നു. അതു

പോലെതന്നെ വിവാഹകാര്യവും പ്രവൃത്തിയാരെ അറിയിക്കണം.

ഭരണകാര്യത്തിൽ ഗ്രാമവാസികൾക്കു പങ്കു കൊടുക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ ഏർപ്പെടുത്തിയിട്ടുണ്ടു്. തിരുവിതാംകൂറിൽ ഇതു സ്ഥാപിച്ചിട്ടു് ഇരുപതോളം വർഷമായി. പക്ഷേ എല്ലാ ഗ്രാമങ്ങളിലും ഈ ഏർപ്പാടു വ്യാപിച്ചിട്ടില്ല. ഗ്രാമത്തിലെ പ്രമാണികൾ ചേർന്നുള്ള ഒരു സഭയാണു പഞ്ചായത്തു്. സാമാന്യേന അഞ്ചു് അംഗങ്ങളാണു് ഇതിൽ ഉള്ളതു്. ഗവർമെൻറിനോടു സഹകരിച്ചു് ഗ്രാമങ്ങളെ അഭിവൃദ്ധിപ്പെടുത്തുകയാണു് ഈ സ്ഥാപനത്തിൻെറ ഉദ്ദേശം.

ഗതാഗതമാർഗ്ഗങ്ങൾ ഉണ്ടാക്കുക, വഴികളിൽ വിളക്കുകൾ കത്തിക്കുക, ഗ്രാമത്തെ ശുചിയായി സൂക്ഷിക്കുക, പൊതുജനാരോഗ്യത്തിനും രോഗനിവാരണത്തിനും വേണ്ട ഏർപ്പാടുകൾ ചെയ്യുക, കൃഷിയെയും കുടിൽവ്യവസായത്തെയും പ്രോത്സാഹിപ്പിക്കുക, എന്നിവയെല്ലാം പഞ്ചായത്തുകളുടെ ചുമതലയാണു്. ഗ്രാമത്തിലുള്ള ചില്ലറ തർക്കങ്ങളും വഴക്കുകളും തീരുമാനിക്കാനും ഗ്രാമത്തിൻെറ ആവശ്യത്തിനു വേണ്ടി ലഘുവായ നികുതി പിരിക്കാനും പഞ്ചായത്തിനു് അധികാരം ഉണ്ടു്.

ഗ്രാമവാസികളിൽ ഏറിയകൂറും കൃഷിക്കാരാണു്. രാജ്യവാസികൾക്കു് ആവശ്യമുള്ള ആഹാരസാധനങ്ങൾ സമ്പാദിക്കുന്നതു ഗ്രാമങ്ങളിൽ നിന്നാണു്. ഗ്രാമങ്ങളിൽ

നിന്നാണു ഭൂനികുതിയിൽ ഒരു പ്രധാന ഭാഗം ഗവർമെൻറിനു ലഭിക്കുന്നതും. അതിനാൽ ഗ്രാമങ്ങളിലെ ജീവിതനിലവാരത്തെ ഉയർത്തുന്നതിനുള്ള വഴികൾ എന്തെല്ലാമാണെന്നു ആരായണം. ഗ്രാമജീവിതം ഏതെല്ലാം വിധത്തിൽ നന്നാക്കാം? ഗ്രാമോദ്ധാരണ പരിപാടികൾ എന്തെല്ലാം? ഈ വക കാര്യങ്ങൾ നാം മനസ്സിലാക്കേണ്ടതാണു്. ഗ്രാമങ്ങളെ നഗരങ്ങളാക്കി മാററാനല്ല ശ്രമിക്കേണ്ടതു്. പക്ഷേ, നഗരത്തിൽ താമസിക്കുന്നവക്കു കിട്ടുന്ന സുഖസൗകര്യങ്ങൾ ഗ്രാമവാസികൾക്കും ഏറെക്കുറെ സിദ്ധിക്കണം. അതിനുള്ള പരിപാടികളാണു് ഉണ്ടാകേണ്ടതു്.

ഗ്രാമത്തിലുള്ള ജനങ്ങൾക്കു ധനകാര്യങ്ങളിൽ സൗകര്യമുണ്ടാക്കാൻ പരസ്പരസഹായസംഘങ്ങൾ ആവശ്യമാണു്. പട്ടണങ്ങളിൽ പണം കടം വാങ്ങാൻ ധാരാളം ബാങ്കുകൾ ഉണ്ടു്. ഗ്രാമങ്ങളിൽ അത്തരം സ്ഥാപനങ്ങൾ അപൂവ്വമാണു്. പരസ്പരസഹായസംഘങ്ങൾ ഉണ്ടായാൽ ചുരുങ്ങിയ പലിശയ്ക്കു ഗ്രാമവാസികൾക്കു പണം കടം വാങ്ങാം. ഗ്രാമത്തിലെ ഉൽപന്നങ്ങൾ ശരിയായ വിലയ്ക്കു വില്ക്കുന്നതിനും ഇത്തരം സംഘങ്ങൾ പ്രയോജനപ്പെടും. ഇതുപോലെ വളങ്ങൾ, കൃഷിക്കുള്ള ആയുധങ്ങൾ മുതലായവ ശേഖരിക്കുന്നതിനും വില്ക്കുന്നതിനുമുള്ള സംഘങ്ങൾ, കന്നുകാലി സംരക്ഷണത്തിനുള്ള പദ്ധതികൾ, എന്നിങ്ങനെ പല മാതിരി പരിപാടികളും ഗ്രാമപഞ്ചായത്തിൻെറ ആഭിമുഖ്യത്തിലോ നിയന്ത്രണത്തിലോ നടത്താവുന്നതാണു്.

വായനശാലകൾക്കു ഗ്രാമങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനു വളരെ കഴിവുകൾ ഉണ്ടു്. ഗ്രാമീണർ പട്ടണവാസികളെക്കാൾ വിജ്ഞാനസമ്പത്തിൽ വളരെ പിന്നോക്കമാണു്. വിദ്യാഭ്യാസമില്ലാത്തവരും ഗ്രാമങ്ങളിൽ ധാരാളമുണ്ടു്. ശാസ്ത്രത്തിലും രാജ്യകാര്യത്തിലും മററും ഉണ്ടായിക്കൊണ്ടിരിക്കുന്ന മാററങ്ങൾ അവരെ മനസ്സിലാക്കുന്നതിനു ഗ്രാമങ്ങളിൽ വായനശാലകൾ ഉണ്ടായിരിക്കണം. തൊഴിൽ സംബന്ധിച്ച കാര്യങ്ങളെപ്പററി അറിവു നേടാൻ മാതൃഭാഷയിൽ ഗ്രന്ഥങ്ങളും ഇപ്രകാരമുള്ള വായനശാലകളിൽ വേണ്ടതാണു്. ഗ്രാമീണക്കു തൊഴിൽ സംബന്ധിച്ച വിജ്ഞാനം സിദ്ധിക്കാനും ഇതു സഹായകമായിരിക്കും. അതുപോലെ തന്നെ, ഗ്രന്ഥപാരായണത്തിനു സൗകര്യം ഇല്ലെങ്കിൽ അല്പമായി മാത്രം എഴുത്തുവശമുള്ളവർ വീണ്ടും അനക്ഷരതത്തിൽ അടിയുന്നതിനും ഇടയുണ്ടു്.

നമ്മുടെ രാജ്യത്തു് ഇപ്പോൾ അനേകം ഗ്രാമീണഗ്രന്ഥശാലകളും വായനശാലകളുമുണ്ടു്. എങ്കിലും ഗ്രന്ഥശാലകൾ ഇനിയും ധാരാളമായി ഉണ്ടാകേണ്ടിയിരിക്കുന്നു. ഗ്രാമീണവായനശാലകളിൽ പുസ്തകങ്ങൾക്കു പുറമേ പത്രങ്ങൾ, വാരികകൾ, മാസികകൾ ഇവയും ആവശ്യമാണു്. നമ്മുടെ രാജ്യത്തിലും അന്യരാജ്യങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളെപ്പററി അറിവു് ഏതൊരു പൗരനും നല്ലേതാണു്. ഇക്കാര്യം പത്രങ്ങൾ നിവ്വഹിക്കുന്നു. പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിലും പത്രങ്ങൾക്കു വലിയ പങ്കു് ഉണ്ടു്.

വയോജന വിദ്യാഭ്യാസവും വളരെ ആവശ്യമായ കാര്യമാണ്. പ്രായമായ പലരും അക്ഷരാഭ്യാസം കൂടാതെ ഗ്രാമങ്ങളിൽ ഉണ്ട്. അവക്കും അക്ഷര വിദ്യ കൊടുക്കേണ്ടതാണ്. അതിനായി നിശാപാഠ ശാലകളോ ഞായറാഴ്ചക്ലാസ്സുകളോ നടത്തുന്നതു കൊള്ളാം. വിദ്യാഭ്യാസം സിദ്ധിച്ച യുവാക്കന്മാർ ഇതിലേക്ക് ഇറങ്ങേണ്ടതാണ്. ഇപ്പോൾ നമ്മുടെ രാജ്യത്തിൽ നിർബ്ബന്ധിത പ്രാഥമിക വിദ്യാഭ്യാസം നടപ്പിൽ വരുത്തിയിരിക്കുന്നു. അതിന്റെ ഫലമായി നമ്മുടെ രാജ്യത്തിൽ ഏതാനും കാലത്തിനുള്ളിൽ എഴുത്തും വായനയും അറിയാത്തവർ കാണുകയില്ല. ഗ്രാമങ്ങൾക്ക് ഇതു് ഒരു അനുഗ്രഹമാണ്.

ആരോഗ്യം, ശുചിത്വം മുതലായ കാര്യങ്ങളിലും ഗ്രാമീണക്ക് അറിവു നൽകേണ്ടതായുണ്ട്. മായാദീപ പ്രദർശനങ്ങളും പ്രസംഗങ്ങളും ഇതിലേക്ക് ഉപകരിക്കും. ഇന്നു മിക്ക ഗ്രാമങ്ങളിലും അഞ്ചലാഫീസുകൾ ഉണ്ട്. എഴുത്തുകൾ അയയ്ക്കുന്നതിനും രാജ്യത്തിന്റെ മററുഭാഗ ങ്ങളുമായി അടുപ്പത്തിൽ ഇരിക്കുന്നതിനും അഞ്ചലാഫീ സുകൾ വേണ്ടതാണ്. മിക്ക അഞ്ചലാഫീസുകളിലും 'സേവിംഗ്സ് ബാങ്ക്' ഏപ്പാടുകളും ഉണ്ട്. മിച്ചമുള്ള പണം അവിടെ നിക്ഷേപിക്കാം. ഗ്രാമീണരുടെ ഇടയിൽ മിതവ്യയശീലം ഉണ്ടാകാൻ ഇതു പ്രയോജനപ്പെടും. വിജ്ഞാനത്തിനും വിനോദത്തിനും ഇടകൊടുക്കുന്ന സിനിമ, റേഡിയോ മുതലായവയും ഗ്രാമങ്ങളിൽ സ്ഥാപിക്കുന്നതു കാലോചിതമായ ഒരു പരിപാടി യാണ്.

ഏതൊരു രാജ്യത്തിൻെറ പുരോഗമനത്തിനും ഗ്രാമങ്ങളുടെ ഉൽക്കർഷം മുൻനിറുത്തണം. നമ്മുടെ രാജ്യത്തിലും ഗ്രാമോദ്ധാരണത്തിൽ വേണ്ട ശ്രദ്ധ ചെയ്യുന്നുണ്ടു്. ഇപ്പോൾ പുതുതായി പല ഗ്രാമോദ്ധാരണകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടു്. ഓരോ ഗ്രാമത്തിലും അഞ്ചലാഫീസ്, ആശുപത്രി, വിദ്യാലയം, വായനശാല, പരസ്പരസഹായസംഘങ്ങൾ, തൊഴിൽശാലകൾ ഇവയൊക്കെ വേണ്ടതാണു്.

ഗ്രാമീണരുടെ അജ്ഞത പൗരാവകാശബോധത്തിനു തടസ്സമാണു്. ആരോഗ്യസംരക്ഷണം, ശുചിത്വം, ശിശുപരിശീലനം മുതലായവയെപ്പററി ഗ്രാമങ്ങളിലെ സ്ത്രീകൾക്കു വേണ്ട ജ്ഞാനം നൽകേണ്ടതും അവരുടെ നിരക്ഷരത്വം നീക്കേണ്ടതും നമ്മുടെ കടമയാണു്. പഠിപ്പും പണവും ഉള്ളവർ ഗ്രാമങ്ങൾ ഉപേക്ഷിക്കാതെ അവിടെയുള്ള അന്ധാചാരങ്ങളും ദാരിദ്ര്യവും നീക്കാൻ ശ്രമിക്കണം. 'ഗ്രാമങ്ങളിലേക്കു തിരിച്ചുപോവുക' എന്ന മൊഴി ഇന്നു് എവിടെയും മുഴങ്ങുന്നു. ഗ്രാമങ്ങളുടെ ഉയർച്ചയാണു് ഇനി നമുക്കു മുഖ്യമായി കാംക്ഷിക്കാനുള്ളതു്.

ചോദ്യങ്ങൾ

(൧) തിരുവിതാംകൂറിലെ ഭരണത്തിൽ പകുതികൾക്കുള്ള സ്ഥാനം എന്തു്?

(൨) പ്രാചീനകാലത്തെ ഗ്രാമസംഘടനയെപ്പററി (നാട്ടുകൂട്ടത്തെപ്പററി) ഒരു ഖണ്ഡിക എഴുതുക.

(൩) ഇക്കാലത്തെ ഗ്രാമ ജീവിതത്തെപ്പററി ചുരുക്കിയെഴുതുക.

(൪) ഗ്രാമപഞ്ചായത്ത് എന്തെന്നു വിവരിച്ച് അതുകൊണ്ടുള്ള ഗുണങ്ങൾ വ്യക്തമാക്കുക.

(൫) ഗ്രാമീണരുടെ അജ്ഞതയെ നീക്കാനുള്ള ഉപായങ്ങൾ പറയുക.

(൬) ഗ്രാമോദ്ധാരണത്തിനുള്ള മാർഗ്ഗങ്ങൾ ഏവ?.

അദ്ധ്യായം ൪

നഗരങ്ങൾ

ഗ്രാമങ്ങളെപ്പററി പറഞ്ഞുകഴിഞ്ഞു. ഇനി നഗരങ്ങളെപ്പററി പഠിക്കാം.

ഗ്രാമവും നഗരവും തമ്മിലുള്ള പ്രധാനവ്യത്യാസം ജനസംഖ്യയെ സംബന്ധിച്ചുള്ളതാണ്. പട്ടണങ്ങളിൽ ഗ്രാമങ്ങളിലെക്കാൾ വളരെ അധികം ആളുകൾ തിങ്ങിപ്പാർക്കുന്നു. ഒരു ലക്ഷത്തിൽ കൂടുതൽ ജനങ്ങൾ പാക്കുന്ന പട്ടണത്തെയാണു നഗരമെന്നു പറയുന്നതു്. നമ്മുടെ രാജ്യത്തിൽ നഗരം എന്ന പേരിനു് അർഹതയുള്ളതായി തിരുവനന്തപുരം മാത്രമേ ഉള്ളൂ. ജനസംഖ്യ കുറവുള്ള ചെറിയ പട്ടണങ്ങൾ പലതുമുണ്ടു്. നാഗർകോവിൽ, കൊല്ലം, കായംകുളം, ആലപ്പുഴ, കോട്ടയം, ആലുവാ മുതലായ പട്ടണങ്ങൾ അത്തരത്തിൽപ്പെടുന്നു. പട്ടണം നഗരം എന്ന പേരുകൾ വലിയ അർത്ഥവ്യത്യാസം കൂടാതെയും പറയാറുണ്ടു്.

പട്ടണങ്ങളിൽ സുഖസൗകര്യങ്ങൾ വളരെ കൂടുതലുണ്ടു്. വിദ്യാഭ്യാസവും പരിഷ്കാരവും ഗ്രാമങ്ങളിലുള്ളതിൽ വളരെ കൂടുതലാണു്. വിസ്താരമുള്ളതും ആകർഷകവും ആയ പാതകൾ, നല്ല പീടികകൾ, ഉയർന്നതരം വിദ്യാലയങ്ങൾ, നീതിന്യായക്കോടതികൾ, വ്യവസായശാലകൾ, ആശുപത്രികൾ, നാടകശാലകൾ, സിനിമാശാലകൾ മുതലായവ പട്ടണങ്ങളിൽ ധാരാളമാണു്. തൊഴിലാളികൾക്കും കൂലിവേലക്കാർക്കും പട്ടണത്തിൽ കൂടുതൽ ജീവിതസൗകര്യവും ഉണ്ടു്.

ലോകത്തിലെ വലിയ പട്ടണങ്ങൾ അധികവും സമുദ്രത്തിൻെറയോ കായലുകളുടെയോ നദികളുടെയോ തീരത്താണു്. ഉദാഹരണമായി ലണ്ഡൻ, കൽക്കട്ട ഇവ യഥാക്രമം തെംസ് നദി, ഗംഗാനദി ഇവയുടെ സമീപത്തും, ബാംബെ, മദ്രാസ്, തിരുവനന്തപുരം ഇവ സമുദ്രതീരത്തും, കൊല്ലം, കായംകുളം ഇവ കായലോരത്തും സ്ഥിതിചെയ്യുന്നു. അവയുടെ സ്ഥാനം ഗതാഗതത്തിനും കച്ചവടത്തിനും സൗകര്യം നൽകുന്നു. മതസംബന്ധമായും രാഷ്ട്രീയമായും പ്രധാന്യമുള്ള സ്ഥലങ്ങളും നഗരങ്ങളായിത്തീരും. ഡെൽഹി, മധുര, റോം മുതലായവ ഇതിനു് ഉദാഹരണമാണു്.

ഗ്രാമങ്ങളിൽ പഞ്ചായത്തു് ഉള്ളതുപോലെ നഗരങ്ങളിൽ നഗരസഭ എന്നൊരു സ്വയംഭരണസ്ഥാപനം ഉണ്ടു്. തിരുവിതാംകൂറിൽ ഇപ്പോൾ മിക്ക പട്ടണങ്ങളിലും ഇത്തരം സഭ ഉണ്ടു്. സ്വയംഭരണസിദ്ധാന്തം അനുസരിച്ചാണു് അവയുടെ ഭരണം നടത്തുന്നതു്. ഗവൺമെൻറു് അവയുടെ മേൽനോട്ടം വഹിക്കുന്നതേയുള്ളു. അതും നഗരങ്ങളുടെ നന്മയ്ക്കായിട്ടു മാത്രമാണു്.

ശ്രീമൂലം തിരുനാൾ മഹാരാജാവിൻെറ കാലത്തു് —൧൦൮൫—ൽ ആണു് നഗരസഭകൾ ആദ്യമായി ഇവിടെ നടപ്പാക്കിയതു്. അതിനുശേഷം ഇവിടത്തെ നഗരസഭകൾക്കു വളരെ അധികാരങ്ങൾ ലഭിച്ചു. ഇപ്പോൾ നഗരസഭ ഒരു ജനകീയസ്ഥാപനമാണു്. ആകെയുള്ള അംഗങ്ങളിൽ പകുതിയെങ്കിലും ജനങ്ങൾ

തിരഞ്ഞെടുക്കുന്നവരായിരിക്കണം. സർക്കാർ ഉദ്യോഗസ്ഥന്മാരായ അംഗങ്ങളുടെ എണ്ണം നാലിൽ ഒരു ഭാഗത്തിൽ കവിയാൻ പാടില്ല.

തിരുവനന്തപുരം ഒരു നഗരമായിത്തീൎന്നതോടെ അവിടെ ഒരു 'കാപ്പ്റേഷൻ' ഏപ്പെടുത്തിയിട്ടുണ്ട്. നഗരത്തിലെ പൊതുക്കാൎയ്യങ്ങൾ നോക്കുന്നതു് ഈ കാപ്പ്റേഷനാണ്. മററു പട്ടണങ്ങളിലെ സഭകളെ 'മുനിസിപ്പൽ കൗൺസിലുകൾ' എന്നു പറയുന്നു. മുനിസിപ്പാലിററിയിലേക്കു കരം കൊടുക്കുന്നവൎക്കെല്ലാം സഭയിലേക്കു് അംഗങ്ങളെ തിരഞ്ഞെടുക്കാൻ അവകാശമുണ്ടു്. തിരഞ്ഞെടുപ്പിൻെറ സൗകൎയ്യത്തിനായി പട്ടണത്തെ പല വാർഡുകളായി വിഭജിച്ചിരിക്കുന്നു. ഓരോ വാർഡിലും നിന്നു് അംഗത്തെ തിരഞ്ഞെടുത്തയയ്ക്കാം. നഗരസഭയുടെ അദ്ധ്യക്ഷനെ ഇവർ തിരഞ്ഞെടുക്കുന്നു. ഗവർമെൻറിൽ നിന്നു മുനിസിപ്പൽ കമ്മീഷണർമാരെയും നിയമിക്കുന്നുണ്ടു്. ന്യൂനപക്ഷസമുദായങ്ങൾക്കു പ്രാതിനിധ്യം കൊടുക്കാൻ ഗവൎമ്മെൻറിൽ നിന്നു് അംഗങ്ങളെ നാമിനേററു ചെയ്യാറും ഉണ്ടു്.

നഗരഭരണപരമായി സഭകൾക്കു പൂർണ്ണാധികാരമുണ്ടു്. ഗവൎമ്മെൻറു് അനുവദിക്കുന്ന നിരക്കനുസരിച്ച നഗരസഭയ്ക്കു നികുതി പിരിക്കാം. നഗരവാസികളുടെ സുഖസൗകൎയ്യങ്ങൾക്കു വേണ്ടി അതിനെ ചിലവു ചെയ്യുകയും വേണം. നഗരസംരക്ഷണത്തിനും ഗതാഗതസൗകൎയ്യത്തിനും ജലവിതരണത്തിനും പ്രാഥമികവിദ്യാ

ഭ്യാസത്തിനും വേണ്ടി — ചുരുക്കിപ്പറഞ്ഞാൽ നഗരവാസികളുടെ പൊതുവായ ആവശ്യങ്ങൾക്കെല്ലാം തന്നെ, ധനം ചെലവഴിക്കാൻ നഗരസഭയ്ക്കു സ്വാതന്ത്ര്യം ഉണ്ടു്. മുനിസിപ്പൽ ഭരണം അതൃപ്തികരമെന്നു കണ്ടാൽ ഗവമ്മെന്റിനു് അവിടെ ഇടപെടാം. പൊതുനിരത്തുകൾ വൃത്തിയാക്കി ഇടുക, വിളക്കു വയ്ക്കുക, സാംക്രമികരോഗങ്ങൾ തടയുക, ജനനമരണക്കണക്കുകൾ വയ്ക്കുക, ശുദ്ധജലവിതരണം നടപ്പാക്കുക മുതലായി നഗരത്തെ സംബന്ധിക്കുന്ന പൊതുവായ കാര്യങ്ങൾ മിക്കതും ഈ നഗരസഭകൾ നിർവ്വഹിക്കുന്നു.

ഓരോ താലൂക്കിലെയും പ്രധാന സ്ഥാനമാണു താലൂക്കിന്റെ ഭരണകേന്ദ്രം. അവിടെ താലൂക്കു കച്ചേരിയും തഹസീൽദാരും ഉണ്ടു്. മിക്കവാറും ഓരോ താലൂക്കുകളുടെ കേന്ദ്രസ്ഥാനത്തും മജിസ്ട്രേട്ടു കച്ചേരി, സക്കാർ ആശുപത്രി, പൊലീസ് സ്റ്റേഷൻ ഇവയും കാണും. പലെടത്തും ചന്തകളും കമ്പോളങ്ങളും ഉണ്ടു്. ചുററുപാടുമുള്ള പ്രദേശങ്ങളിൽ നിന്നു സാമാനങ്ങൾ വില്ക്കാനും വാങ്ങാനുമായി അവിടങ്ങളിൽ ജനങ്ങൾകൂടുന്നു. നഗരസഭയുടെ കീഴിലാണു ചന്തകൾ. ഗ്രാമീണജനതയും പട്ടണവാസികളും തമ്മിൽ സമ്പക്കം പാലിക്കാൻ ചന്തകൾ സഹായിക്കുന്നു.

പട്ടണങ്ങളിൽ പ്രത്യേകിച്ചു ഭിക്ഷക്കാരുടെ കാര്യം ഒരു പ്രശ്നമായിത്തീൎന്നിട്ടുണ്ടു്. ഇവരിൽ പലരും വേല ചെയ്യാൻ ശേഷിയുള്ളവരാണു്. അതിനു തുനിയാതെ

അവരും പിച്ചതെണ്ടി നടക്കുന്നു. മററു ചിലർ ജീവ സന്ധാരണത്തിനു നിവൃത്തിയില്ലാത്തവരാണ്. അംഗഭംഗം വന്നവർ, രോഗികൾ മുതലായി പലരെയും അവരുടെ കൂട്ടത്തിൽ കാണാം. പട്ടണങ്ങളിൽ അവർ ഇങ്ങനെ അലഞ്ഞുതിരിയുന്നതു സാധാരണമാണ്. അതിനു പരിഹാരമായി ചില നഗരങ്ങളിൽ യാചക കേന്ദ്രം ഏർപ്പെടുത്തിയിട്ടുണ്ട്. അനാഥരും ജോലി ചെയ്യാൻ നിവൃത്തിയില്ലാത്തവരുമായ പാവങ്ങളെ അവിടെ താമസിപ്പിച്ച് അവർക്കു ഭക്ഷണവും വസ്ത്രവും സൗജന്യമായി നൽകുന്നു. തിരുവനന്തപുരത്തെ ശ്രീ ചിത്രാ അഗതിമന്ദിരം തുടങ്ങിയുള്ള സ്ഥാപനങ്ങൾ ഇപ്രകാരമുള്ളതാണ്.

നഗരങ്ങളെ പരിഷ്കൃതവും മോഹനവും ആക്കുന്നതിന് ഇന്ന് എല്ലാ ഗവൺമെൻറുകളും ഉത്സാഹിക്കുന്നു. പൊതുനിരത്തുകൾ വിശാലമാക്കുക, റോഡുകൾ ഉറപ്പിച്ചു സിമൻറോ കീലോ ഇടുക, വൃത്തികെട്ട കെട്ടിടങ്ങൾ പൊളിച്ചുനീക്കുക, ഉദ്യാനങ്ങൾ പണിയുക മുതലായ പരിപാടികൾ നഗരസംവിധാനത്തിൽ ഉൾപ്പെടുന്നു. നമ്മുടെ രാജധാനിയും ഇത്തരം പരിപാടികൾ കൊണ്ട് ആകർഷകമായിത്തീർന്നിട്ടുണ്ട്. മനോമോഹനമായ കവടിയാർകുന്നുകൊട്ടാരം, പട്ടാളസങ്കേതം, ഹജൂർകച്ചേരി, ഹൈക്കോടതി, കലാലയങ്ങൾ, കാഴ്ചബംഗ്ലാവ്, റെയിൽവേസ്റ്റേഷൻ, വിസ്തൃതമായ രാജപാത ഇവയെല്ലാം രാജധാനിയുടെ ഭംഗി വർദ്ധിപ്പിക്കുന്നു. ശംഖുമുഖത്തുള്ള വിമാനത്താവളവും വലിയ

തുറ എന്ന തുറമുഖവും രാജധാനിയുടെ പ്രാധാന്യത്തെ കൂട്ടുന്നു. ഇതുപോലെ തന്നെ മററു പട്ടണങ്ങളിലും ഇപ്പോൾ സുഖസൗകര്യങ്ങൾ വർദ്ധിച്ചുവരുന്നു. വിദ്യുച്ഛക്തിയുടെ പ്രചാരത്തോടെ പല പട്ടണങ്ങളിലും ഇപ്പോൾ വൈദ്യുതദീപമുണ്ട്. തിരുവനന്തപുരത്തും മററുമുള്ള ശുദ്ധജലവിതരണവും പ്രത്യേകം പ്രസ്താവം അർഹിക്കുന്നു.

ചോദ്യങ്ങൾ

(൧) നിങ്ങൾ നഗരവാസമോ ഗ്രാമവാസമോ ഏതാണ് ഇഷ്ടപ്പെടുന്നത്? കാരണങ്ങൾ എഴുതുക.

(൨) പട്ടണങ്ങൾക്കും ഗ്രാമങ്ങൾക്കും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?

(൩) നഗരത്തിൽ താമസിക്കുന്നതുകൊണ്ടുള്ള ഗുണങ്ങളും ദോഷങ്ങളും നിർദ്ദേശിക്കുക.

(൪) നഗരസഭകളുടെ ഉദ്ദേശവും ഭരണഘടനയും വിവരിക്കുക.

(൫) യാചകകേന്ദ്രങ്ങൾ കൊണ്ടുള്ള ഗുണങ്ങൾ എന്ത്?

(൬) നഗരസംവിധാനത്തെപ്പററി ചുരുക്കി എഴുതുക.

TRAINING SCHOOL
KOTTAYAM
LOWER GRADE